ജ്യോതിഷബ്രഹ്മരഹസ്യം



എം. നീലകണ്ഠപ്പിള്ളജ്യോത്സ്യൻ.

വില ൧ രൂ. ൮ ണ.

ശ്രീ ഗണേശായ നമഃ

ജ്യോതിഷഭ്രമരഹസ്യം



പ്രശ്നവും ജാതകവും സാധാരണക്കാർതന്നെ നോക്കാൻ
ഉപയുക്തമായ ഒരു വിശിഷ്ടഗ്രന്ഥം.



ഗ്രന്ഥകർത്താ,

ഗ്രം. നീലകണ്ഠപ്പിള്ളജ്യോത്സ്യർ,

ഇരുമ്പകത്ത് കിഴക്കേവീട്ടു്,

ചിറയിൻകീഴു്.

പ്രകാശകർ,

ശ്രീരാമവിലാസം പ്രസിദ്ധീകരണശാല, കൊല്ലം.

സംഭാവന.

എന്റെ അച്ഛന്റെ ജ്യേഷ്ഠനായ ശ്രീ. മേലു
വീട്ടിൽ നാരായണമേനോന്റെ—ഉജ്ജ്വല ശാന്തസ്വഭാവിക
ത്തിന്റെ പാദാരവിന്ദങ്ങൾക്ക്.

വിനീതൻ

തെറമ്പിൽ ശങ്കുണ്ണിമേനോൻ എം. എ.

മൂന്നാം പതിപ്പ് കാപ്പി—2000

ശ്രീരാമവിലാസം പ്രസ്സ്,

കൊല്ലം.

1126.

മുഖവുര

സകല ശാസ്ത്രഗ്രന്ഥങ്ങളുടെയും നിർമ്മാതാക്കൾ ത്രികാലദർശികളും ആത്മജ്ഞാനികളും പണ്ഡിതശിരോമണികളുമായ ഋഷീശ്വരന്മാരാണ്. സംസ്കൃതഭാഷയിൽ നിർമ്മിതങ്ങളും പണ്ഡിതന്മാർക്കുകൂടി വിഷമിപ്പിക്കത്തക്കവിധം ഗഹനങ്ങളും അതിവിസ്തൃതങ്ങളുമായ അത്തരം ശാസ്ത്രഗ്രന്ഥങ്ങളുടെ സാമാന്യസ്വഭാവമെങ്കിലും ഗ്രഹിക്കുന്നതിന് സാധാരണന്മാർക്ക് സാധിക്കുന്നില്ല. അക്കൂട്ടത്തിലൊന്നാണ് ജ്യോതിശ്ശാസ്ത്രം. മറ്റു ശാസ്ത്രങ്ങളെ അപേക്ഷിച്ച് ഇതു് എത്രയോ മാഹാത്മ്യമേറിയതാകുന്നു. ഈ ശാസ്ത്രത്തിന് ഗണിതം, സംഹിത, ഹോര എന്നു മൂന്നു സ്കന്ധങ്ങളും, ജാതകം, ഗോളം, നിമിത്തം, പ്രശ്നം, മുഹൂർത്തം, ഗണിതം എന്നിങ്ങനെ ആറു് അംഗങ്ങളുമുണ്ട്. ഇതിനുപുറമേ ഫലം, ക്രിയാമാർഗ്ഗം ഇങ്ങനെ രണ്ടു വിഭാഗങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. മുൻപറഞ്ഞ സ്കന്ധങ്ങളിൽ ഗണിതം പ്രമാണഭാഗവും, സംഹിത, ഹോര രണ്ടും ഫലഭാഗവുമാകുന്നു. മറ്റൊരു വിഭാഗമനുസരിച്ച് ജ്യോതിശ്ശാസ്ത്രം യുക്തിഭാഗം, ഫലഭാഗം ഇങ്ങനെ രണ്ടുവഴിയായിത്തിരിയുന്നു. ഫലഭാഗത്തിൽ പല അവാന്തരഭേദങ്ങളുള്ളതിൽ ജാതകം, പ്രശ്നം ഇവ രണ്ടും നമുക്കത്യന്താപേക്ഷിതമാകുന്നു. ജനനസമയത്തെ സൂക്ഷ്മമായറിഞ്ഞു് അപ്പോഴത്തെ ഗ്രഹസ്ഥിതികളെ ആധാരമാക്കി ഒരുവന്റെ ആയുഷ്കാലത്തിലു

ള്ള ശുഭാശുഭങ്ങളെ വിവരിക്കുന്നതാണു് ജാതകശാസ്ത്രം. ദൈവജ്ഞന്റെ ചില പ്രത്യേകപരീക്ഷകർമ്മംമൂലം ദൃശ്യമാകുന്ന ഗ്രഹസ്ഥിതിഭേദങ്ങളെ ആധാരമാക്കി പ്രഷ്ടാവിന്റെ ശുഭാശുഭഫലങ്ങളെ നിർണ്ണയിക്കുന്നതു് പ്രശ്നവുമാകുന്നു. അതിനാൽ പ്രശ്നജാതകങ്ങൾ മനുഷ്യർക്കു സർവ്വദാ പ്രയോജനകരങ്ങളാകുന്നു. ഇത്ര മഹത്തായിരിക്കുന്ന ഈ ശാസ്ത്രത്തെ പൊതുജനങ്ങൾക്കു് ഉപകരിക്കത്തക്കവിധത്തിൽ ക്രമീകരിച്ചും, ലഘുപ്പെടുത്തിയും "ജ്യോതിഷപ്രശ്നരഹസ്യം" എന്ന നാമധേയത്തിൽ ഇതാ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.



എന്നു് ഗ്രന്ഥകർത്താ,

വിജ്ഞാപനം

ജ്യോതിശ്ശാസ്ത്രസംബന്ധമായി അനേകം ഗ്രന്ഥങ്ങൾ ഇന്നു നാട്ടിലിരിക്കുന്നുണ്ടു്. എന്നാൽ ഒരു ഗ്രന്ഥംകൊണ്ടുമാത്രം പൊതുജനങ്ങൾക്കു പൊതുവേ ഒരു ജ്ഞാനം സിദ്ധിക്കുന്നില്ല. അതിന്റെ നിവാരണത്തിനുവേണ്ടി പല ഗ്രന്ഥങ്ങളിലുംനിന്നു് ആവശ്യോചിതം സാരഭാഗങ്ങളെ തെരഞ്ഞെടുത്തു് പ്രശ്നവും ജാതകവും അവരവർതന്നെ ജ്യോത്സ്യന്റെ സഹായംകൂടാതെ ചിന്തിച്ചറിയത്തക്ക രീതിയിൽ അവിടവിടെ വിവരണങ്ങളും കുറിപ്പുകളും ചേർത്തു് ഉദാഹരണങ്ങൾ കൊടുത്തു് ഈ ഗ്രന്ഥം എഴുതിത്തീർത്തിട്ടുള്ളതാകുന്നു. പുറമെ സ്ത്രീജാതകവും, തുടർന്നു പൊരുത്തവിഷയങ്ങളും, ഋതുനില, പുത്രനില, പ്രസവാദിലക്ഷണഫലങ്ങൾ, സുമുഹൂർത്തങ്ങൾ ഇതുകളും വിശദമായി കാണിച്ചിട്ടുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ ഈ ഒരു ഗ്രന്ഥംകൊണ്ടുമാത്രം ആവശ്യം അറിഞ്ഞിരിക്കേണ്ട അനേകസംഗതികൾ മനസ്സിലാക്കാൻ കഴിയുന്നതാണു്. മാത്രമല്ല, പ്രമാണത്തിനും യുക്തിക്കും അനുഭവത്തിനും യോജിക്കുമെന്നുള്ളതിനും പക്ഷാന്തരമില്ല. അതിനാൽ ഒരു കുടുംബജ്യോത്സ്യന്റെ സ്ഥാനം ഈ ഗ്രന്ഥത്തിനുണ്ടാകുമെന്നുള്ള സംഗതി മഹത്തുക്കളെ അറിയിച്ചുകൊള്ളുന്നു.

എന്നു്,

ജ്യോത്സ്യൻ എം. നീലകണ്ഠപ്പിള്ള,

ചിറയിൻകീഴ്.

വിഷയാനുക്രമണിക.

അദ്ധ്യായം 10.

അദ്ധ്യായം 11.

ജ്യോതിഷബ്രഹ്മരഹസ്യം

ഒന്നാം അദ്ധ്യായം.

ഹരിഃ ശ്രീ ഗണപതയേ നമഃ

യസ്യോദയേ ജഗദിദം പ്രതിബോധമേതി
മദ്ധ്യസ്ഥിതേ പ്രസരതി പ്രകൃതിക്രിയാസു
അസ്തംഗതേ സ്വപിതി ചോച്ഛ്വസിതൈകമാത്രം
ഭാനുസ്സ ഏഷ ജയതി പ്രകടപ്രഭാവഃ

രാശിചക്രവിവരണം.

മേടം മുതൽ മീനംവരെ പന്ത്രണ്ടു രാശികളും അശ്വതിമുതൽ രേവതിവരെ ൨൭ നക്ഷത്രങ്ങളും ഉൾപ്പെട്ടതാകുന്നു രാശിചക്രം.

നക്ഷത്രങ്ങൾ.

൧.	അശ്വതി	൰	മകം	൰൯.	മൂലം
൨.	ഭരണി	൰൧.	പൂരം	൨൰.	പൂരാടം
൩.	കാൎത്തിക	൰൨.	ഉത്രം	൨൰൧.	ഉത്രാടം
൪.	രോഹിണി	൰൩.	അത്തം	൨൰൨.	തിരുവോണം
൫.	മകയിരം	൰൪.	ചിത്തിര	൨൰൩.	അവിട്ടം
൬.	തിരുവാതിര	൰൫.	ചോതി	൨൰൪.	ചതയം
൭.	പുണർതം	൰൬.	വിശാഖം	൨൰൫.	പൂരുരുട്ടാതി
൮	പൂയം	൰൭.	അനിഴം	൨൰൬.	ഉത്രട്ടാതി
൯.	ആയില്യം	൰൮.	കേട്ട	൨൰൭.	രേവതി.

നക്ഷത്രനാമങ്ങൾ.

അശ്വതിയ്ക്കു്—തുരഗം ദസ്രം അശ്വയുക്
ഭരണിയ്ക്കു്—യമം കൃതാന്തം ഭരണി യാമ്യം
കാർത്തികയ്ക്കു്—ഹുതാശനം അഗ്നി ബഹുളാ കൃത്തികാ
രോഹിണിയ്ക്കു്—വിധി വിരിഞ്ചം ശകടം രോഹിണി
മകയിരത്തിനു—സൗമ്യം ചന്ദ്രം ആഗ്രഹായണി ഉഡുപം മൃഗശിരസ്സ്.
തിരുവാതിരയ്ക്കു്—താരകം രൗദ്രം ആർദ്രാ
പുണർതത്തിനു—ആദിത്യം പുനർവസു സുജനനി.
പൂയത്തിനു—തിഷ്യം പുഷ്യം അമരേഡ്യം.
ആയില്യത്തിനു—ആശ്ലേഷം അഹി ഭുജംഗം.
മകത്തിനു—പിതാ മഘം.
പൂരത്തിനു—ഫൽഗുനി ഭാഗ്യം.
ഉത്രത്തിനു—ആര്യ്യമ്ണം ഉത്തരാഖ്യംഭഗം ഉത്തരഫൽഗുനി
അത്തത്തിനു—ഭാനു ഹസ്തം അരുണം അർക്കം.
ചിത്തിരയ്ക്കു്—ത്വഷ്ടാവ് ചിത്ര സുരവല്കി.
ചോതിയ്ക്കു്—സ്വാതി മരുത്തു് പ്രാണം സമീരണം വായു സമീരം ചോതിക.
വിശാഖത്തിനു—വിശാഖ ദ്വിദൈവതം ഇന്ദ്രാഗ്നിത്രുപ്പം.
അനിഴത്തിനു—അനുരാധ മൈത്രം
കേട്ടയ്ക്കു്—കലിശതാംഗ ശതമഖം സ്വാരസ്വാമി ജ്യേഷ്ഠ.
മൂലത്തിനു—നൈരൃതം മൂലം അശ്രുമുഖ.
പൂരാടത്തിനു—പയസ്സ് പൂർവ്വാഷാഢം സലിലം ജലം തോയം.
ഉത്രാടത്തിനു—ഉത്തരാഷാഢം വിശ്വം അഭിജിത്തു്.
തിരുവോണത്തിനു—ശ്രോണ വിഷ്ണു ഹരി ശ്രുതി ശ്രവണം.
അവിട്ടത്തിനു—ശ്രവിഷ്ഠ വസു.
ചതയത്തിനു—പ്രചേതസ്സ് ശതതാരക വരുണം.
പൂരുരുട്ടാതിയ്ക്കു്—അജൈകപാദം അജപാത്തു പൂർവ്വപ്രോഷ്ഠപദം

ഉത്രട്ടാതിയ്ക്കു — അഹിർബ്ബുധ്നി ബുധ്നി ഉത്തരപ്രോഷ്ഠപദം.

രേവതിയ്ക്കു — പൂഷാവ് രേവതി പൌഷ്ണവും അന്ത്യവും.

ഗണ്ഡാന്തനക്ഷത്രങ്ങൾ.

അശ്വതി മകം മൂലം ഈ നാളുകളുടെ ആദ്യത്തെ ൫ നാഴികയും, ആയില്യം കേട്ട രേവതി ഈ നാളുകളുടെ അവസാനം ൫ നാഴികയും ഗണ്ഡാന്തമാകുന്നു.

ഗണ്ഡാന്തഫലം.

ഗണ്ഡാന്തജസ്യ തതോ മൃത്യുഃ പിതൃമാതൃകുലാന്തകഃ
യദി ജീവതി ദീർഘായുർന്നീരോഗീ ശ്രീപതിർഭവേൽ.

അശ്വതിയുടെ ഒന്നാംപാദത്തിൽ ജനിച്ചാൽ ൧൬ വയസ്സും മകത്തിന്റെ ഒന്നാംപാദത്തിൽ ജനിച്ചാൽ ൮ വയസ്സും ഇരട്ടയുടെ ൪-ാംപാദത്തിൽജനിച്ചാൽ ൫ വയസ്സും ചിത്തിരയുടെമൂന്നാംപാദത്തിലും മൂലത്തിന്റെ ഒന്നാംപാദത്തിലും ജനിച്ചാൽ ൪ വയസ്സും ആയില്യത്തിന്റെ നാലാം പാദത്തിൽ ജനിച്ചാൽ ൨ വയസ്സും രേവതിയുടെ നാലാം പാദത്തിൽ ജനിച്ചാൽ ൫ വയസ്സും ഉത്രത്തിന്റെ ഒന്നാംപാദത്തിൽ ജനിച്ചാൽ ൨ വയസ്സും പൂയത്തിന്റെ രണ്ടുംമൂന്നും പാദങ്ങളിലായാൽ ൩ മാസവും ജീവിച്ചിരിക്കും. പൂരാടത്തിന്റെ രണ്ടാംപാദത്തിൽ ജനിച്ചാൽ ഒൻപതാംമാസത്തിൽ അച്ഛൻ മരിക്കും. അത്തത്തിന്റെ ഒന്നാംപാദത്തിൽ ജനിച്ചാൽ അച്ഛൻ ൧൦-ാംവർഷത്തിൽ മരിക്കും. ഈ പറഞ്ഞകാലത്തിനകം ഗണ്ഡഫലം അനുഭവിക്കും. മൂലത്തിന്റെ ആദ്യം ൩൪ നാഴികയായ അഭുക്തം എന്ന സന്ധിയിൽ ജനിച്ചാൽ അച്ഛൻ ഉടനെ മരിക്കും. ആ കുട്ടി ജീവിച്ചിരിക്കുകയാണെങ്കിൽ വംശകർത്താവായും ധനവാനായും സേനാനായകനായും ഭവിക്കും. അഭുക്തമൂലത്തിൽ ജനിച്ചാൽ പിതാവിനും ബാലനും ദോഷമാണെന്നും അറിയേണ്ടതാകുന്നു.

തട്ടുള്ള നക്ഷത്രങ്ങൾ

അശ്വതി, മകം, മൂലം, കാർത്തിക, ഉത്രം, ഉത്രാടം, പൂയം, പൂരാടം, ചിത്തിര ഇവകളിൽ ആദ്യത്തെ ൧൫ നാഴികയും അത്തം, ഭരണി ഈ നാളുകളിൽ ൩൦ നാഴിക കഴിഞ്ഞതിനശേഷമുള്ള ൧൫ നാഴികയും, ആയില്യം, കേട്ട, രേവതി ഈ നാളുകളിൽ ൪൫ നാഴിക കഴിഞ്ഞതിനശേഷമുള്ള ൧൫ നാഴികയും തട്ടുണ്ട്. രാത്രി ജനനമാണെങ്കിൽ മാതാവിനും പകൽ ജനനമാണെങ്കിൽ പിതാവിനും സന്ധിയാണെങ്കിൽ കുട്ടിക്കും ദോഷത്തെ ചെയ്യും.

ഇനി ദോഷസന്ധികളെ പറയുന്നു:—

അശ്വതിക്കു	വർഷം	൧൯	പൂരാടത്തിനു	വർഷം	൮
മകത്തിനു	ടി	൨	ചിത്തിരയ്ക്കു	മാസം	൬
മൂലത്തിനു	ടി	൮	അത്തത്തിനു	വർഷം	൧൦
കാർത്തികയ്ക്കു	ടി	൮	ഭരണിയ്ക്കു	മാസം	൯
ഉത്രത്തിനു	മാസം	൯	ഉത്രാടത്തിനു	മാസം	൧
പൂയത്തിനു	മാസം	൭	ആയില്യം, കേട്ട, രേവതി	മാസം	൨.

ഇതു നീക്കി മാതുലൻ സഹോദരൻ ബന്ധു ഇവർക്കും ദോഷത്തെ ചിന്തിയ്ക്കുക.

സ്ത്രീകൾ ജനിച്ചാലുള്ള നക്ഷത്രദോഷങ്ങൾ

ഞായറാഴ്ചയും രേവതിയും തിങ്കളാഴ്ചയും ചിത്തിരയും ചൊവ്വാഴ്ചയും ഉത്രാടവും ബുധനാഴ്ചയും അവിട്ടവും വ്യാഴാഴ്ചയും തൃക്കേട്ടയും വെള്ളിയാഴ്ചയും പൂരാടവും ശനിയാഴ്ചയും രേവതിയുംതമ്മിൽ കൂടുന്ന ദിവസവും ഞായറാഴ്ചയും ആയില്യവും ശനിയാഴ്ചയും കാർത്തികയും ചൊവ്വാഴ്ചയും ചതയവും ദ്വിതീയ സപ്തമി ദ്വാദശി ഈ തിഥികളും തമ്മിൽ ചേർന്ന ദിവസവും ശനിയാഴ്ചയും ആയില്യവും ദ്വിതീയയും ചൊവ്വാഴ്ചയും സപ്തമിയും ചതയവും ഞായറാഴ്ചയും ദ്വാദ

ശിയും വിശാഖവും തമ്മിൽ ചേരുന്നദിവസവും ജനിക്കുന്ന സ്ത്രീകൾക്കു വിഷകന്യാദോഷമുണ്ടാം സംഭവിക്കുന്നതാകുന്നു. വിഷയോഗത്തിൽ ജനിക്കുന്ന സ്ത്രീകൾക്കു വൈധവ്യവും അർത്ഥനാശവും കുലഹാനിയും സർവ്വനാശങ്ങളും സംഭവിക്കുമെന്നു ശാസ്ത്രങ്ങളാൽ കണ്ടറിഞ്ഞിരിക്കുന്നു.

ദോഷപരിഹാരം.

ലഗ്നാദിന്ദോശ്ശുഭോ വാ യദി മദനപതിർ
ദ്യൂനയായി വിഷാഖ്യം
ദോഷം ചൈവാനപത്യം തഥാ ച നിയതം
ഹന്തി വൈധവ്യദോഷം
ഇത്ഥം ജ്ഞേയം ഗ്രഹൈജ്ജ്യോതിസ്സമതിമിരഖിലം
യോഗജാതം ഗ്രഹാണാം.
മാരൈസ്ത്രാസ്ത്രാന്നമർത്ത്യാ മതമിഹ ഗദിതം
ജാതകേ കാമിനീനാം.

സാ—ലഗ്നരാശിയുടെയും ചന്ദ്രരാശിയുടെയും ഏഴാമെടത്തു ശുഭഗ്രഹമോ ഏഴാം ഭാവാധിപനോ ബലവാനായിനിന്നാൽ മുൻപറഞ്ഞ വിഷാഖ്യദോഷവും വന്ധ്യാദോഷവും വൈധവ്യദോഷവും സംഭവിക്കയില്ല. ഇപ്രകാരം സ്ത്രീജാതകത്തിലുള്ള വ്യത്യാസങ്ങളെയും ബുദ്ധിമാന്മാരായ ദൈവജ്ഞന്മാർ സൂക്ഷ്മം ചിന്തിച്ചു ഫലങ്ങളെ പറഞ്ഞുകൊള്ളണം.

വിഷകന്യാലക്ഷണം.

പാപദ്വയമദ്ധ്യഗതേ ചന്ദ്രേ ലഗ്നേ ച കന്യകാ ജാതാ
നിജപിതൃവംശവിശേഷം ശ്വശുരകുലം ഹന്തി നിശ്ശേഷം.

സാ—ലഗ്നത്തിന്റെയും ചന്ദ്രന്റെയും ഇരുപുറവും പാപഗ്രഹങ്ങൾ നിന്നാൽ ആ സ്ത്രീ തന്റെ മാതാപിതാക്കന്മാരുടെയും ഭർത്താവിന്റെ മാതാപിതാക്കന്മാരുടെയും വംശത്തെ നിശ്ശേഷം നശിപ്പിക്കുന്നവളായി ഭവിക്കും.

മൂർത്തൗ രാഹുഃ ക്ഷിതിജകേന്ദ്രേഷു യസ്യാ ഭവന്തി കാമിനീ
ഏഷു ശുക്രാചിരീക്ഷേഷു പതിമന്യം ചികീർഷതി.

സാ—രാഹുവും ആദിത്യനും ചൊവ്വായും ഒരുമിച്ചു ലഗ്നത്തിൽ നിന്നാൽ വിധവയായും, ഈ മൂന്നു ഗ്രഹങ്ങളും ശുക്രന്റെ ഭാഗാംശിച്ചു നിന്നാൽ വൈധവ്യത്തിനുശേഷം വേറൊരു ഭർത്താവിനെ സ്വീകരിക്കുന്നവളായും ഭവിക്കും.

മൂലജാ ശ്വശുരം ഹന്തി വ്യാളജാ ച തദംഗനാം
ജ്യേഷ്ഠജാ ഹന്തി തജ്ജ്യേഷ്ഠം ദേവരന്തു ദ്വിദൈവജാ

സാ—മൂലംനാളിൽ ജനിച്ച സ്ത്രീ ഭർത്താവിന്റെ പിതാവിനേയും ആയില്യംനാളിൽ ജനിച്ച സ്ത്രീ ഭർത്താവിന്റെ മാതാവിനേയും തൃക്കേട്ടയിൽ ജനിച്ച സ്ത്രീ ഭർത്താവിന്റെ ജ്യേഷ്ഠനേയും വിശാഖംനാളിൽ ജനിച്ച സ്ത്രീ ഭർത്താവിന്റെ അനുജനേയും ഹനിക്കും. അവർ അധികം താമസിയാതെ മരിക്കുമെന്നു സാരം.

വിശേഷവിധി.

മൂലം ആയില്യം വിശാഖം തൃക്കേട്ട ചിത്തിര തിരുവാതിര ചതയം കാർത്തിക പൂയം ഈ നാളുകളിൽ ജനിക്കുന്ന സ്ത്രീകൾ പ്രായേണ വിധവയായോ ഭർത്തൃത്യക്തയായോ വന്ധ്യയായോ മൃതപുത്രയായോ സംഭവിക്കാനിടയുണ്ട്.

പുരുഷനക്ഷത്രങ്ങൾ

അശ്വതി ഭരണി പൂയം ആയില്യം മകം ഉത്രം ചോതി വിശാഖം കേട്ട മൂലം പൂരാടം ഉത്രാടം തിരുവോണം പൂരുട്ടാതി ഇവകളാകുന്നു.

സ്ത്രീനക്ഷത്രങ്ങൾ.

കാർത്തിക രോഹിണി മകയിരം തിരുവാതിര പുണർതം പൂരം അത്തം ചിത്തിര അനിഴം അവിട്ടം ചതയം ഉത്രട്ടാതി രേവതി ഇവകളാണു. പുരുഷൻ പുരുഷനക്ഷത്രത്തിലും സ്ത്രീ സ്ത്രീനക്ഷത്രത്തിലും ജനിക്കുന്നതു ഉത്തമമാകുന്നു.

ദേവഗണനക്ഷത്രങ്ങൾ.

അശ്വതി മകയിരം പുണർതം പൂയം അത്തം ചോതി അനിഴം തിരുവോണം രേവതി ഇവകളാണു്. ദേവഗണത്തിൽ ജനിച്ചവർ ധനത്തോടുകൂടിയവരായും സത്യവും ദയയും ഉള്ളവരായും ദാനവും ദൈവഭക്തിയും പരോപകാരതല്പരതയും ഉള്ളവരായിത്തീർന്നു സജ്ജനങ്ങളോടു പ്രീതിയോടുകൂടിയവരായും വിദ്വാന്മാരായും ഭവിക്കുന്നതാണു്.

മനുഷ്യഗണം.

ഭരണി രോഹിണി തിരുവാതിര പൂരം ഉത്രം പൂരാടം ഉത്രാടം പൂരുരുട്ടാതി ഉത്രട്ടാതി ഇവകളാണു്. മനുഷ്യഗണത്തിൽ ജനിച്ചവർ സ്വാതന്ത്ര്യശീലന്മാരായും മുൻകോപികളായും സർക്കാരുദ്യോഗത്തിൽ മോഹക്കുറവുള്ളവരായും അലങ്കാരവിഷയങ്ങളിൽ താല്പര്യം കുറഞ്ഞവരായും ഭൂമി, പുതിയ ഗൃഹം, വാഹനങ്ങൾ ഇവകൾ കിട്ടുന്നതിനു യോഗമുള്ളവരായും ഭവിക്കുന്നതാണു്.

രാക്ഷസഗണം.

കാർത്തിക ആയില്യം മകം ചിത്ര വിശാഖം തൃക്കേട്ട മൂലം അവിട്ടം ചതയം ഇവകളാണു്. രാക്ഷസഗണത്തിൽ ജനിച്ചവർ കുമാർഗ്ഗികളായും പരസ്ത്രീകളിൽ മോഹമുള്ളവരായും, തന്റെ കാര്യത്തിൽ മാത്രം ശ്രദ്ധയുള്ളവരായും നിന്ദാസൂചകങ്ങളായ വാക്കുകൾ അന്യരെ ലക്ഷ്യമാക്കി പറയുന്നവരായും, പരോപദ്രവികളായും, ധനവാന്മാരായും ഭവിക്കുന്നതാണു്.

അദ്ധ്യായം ൨.

രാശിചക്രം വരക്കുന്നതിന്റെ ക്രമം.

കിഴക്കുപടിഞ്ഞാറു അഞ്ചു രേഖകളും പിന്നിട്ട അതിന്മേൽ വിലങ്ങത്തിൽ അഞ്ചു രേഖകളും വരച്ചാൽ ആകെ കിട്ടുന്ന ൧൬ ഖണ്ഡങ്ങളിൽ നടുവിലുള്ള നാലു രേഖകളെ ഇടയ്ക്കുമ്പോൾ ക്രമേണ കിഴക്കുള്ള ഖണ്ഡം മുതൽ ൧൨ ഖണ്ഡങ്ങളെ മേഷാദി മീനാപര്യന്തങ്ങളായ രാശികളെന്ന അറിയണം. അവകളെ താഴെ കാണിക്കുന്നു.

രാശികൾ ൧൨.

മേടം	തുലാം
ഇടവം	വൃശ്ചികം
മിഥുനം	ധനു
കർക്കടകം	മകരം
ചിങ്ങം	കുംഭം
കന്നി	മീനം

൧൨ മീനം	൧ മേടം	ഇടവം	മിഥുനം
കുംഭം			കർക്കടകം
മകരം			ചിങ്ങം
ധനു	വൃശ്ചികം	തുലാം	കന്നി

നവഗ്രഹങ്ങൾ.

ആദിത്യൻ	ബുധൻ	ശനി
ചന്ദ്രൻ	വ്യാഴം	രാഹു
ചൊവ്വാ	ശുക്രൻ	കേതു

രാശിനാഥന്മാർ.

മേടം വൃശ്ചികം	ഈ രണ്ടു രാശികൾക്കു	ചൊവ്വായും
ഇടവം തുലാം	ടി	ശുക്രനും
മിഥുനം കന്നി	ടി	ബുധനും
കർക്കടകം	രാശിക്കു	ചന്ദ്രനും
ചിങ്ങം	ടി	ആദിത്യനും
ധനു മീനം	ഈ രണ്ടു രാശികൾക്കു	വ്യാഴവും
മകരം കുംഭം	ടി	ശനിയും

നാഥന്മാരാകുന്നു.

വിവരണം.

സൂൎയ്യചന്ദ്രന്മാൎക്കു ഓരോ രാശികളും മററു ഗ്രഹങ്ങൾക്കു ഈരണ്ടു രാശികളും കിട്ടുവാനുണ്ടായ കാരണത്തെ പറയുന്നു. ചിങ്ങംമുതൽ മകരംവരെയുള്ള ആറു രാശികൾക്കു സൂൎയ്യനും, കൎക്കടകംമുതൽ പ്രതിലോമമായി കുംഭംവരെയുള്ള ആറു രാശികൾക്കു ചന്ദ്രനും നാഥന്മാരാണു്. ഇവരുടെ ആന്യപ്രകാരമാകുന്നു മററുള്ള ഗ്രഹങ്ങൾക്കു ഈരണ്ടു രാശികൾ വീതം സിദ്ധിച്ചിട്ടുള്ളതു്. ഇതിനും പുറമെ രാഹുകേതുക്കൾക്കുകൂടി ഉൾപ്പെടുത്തി കാണുന്നുണ്ടല്ലോ. എന്നാൽ ഇവ രണ്ടും ആകാശത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന തമോഗ്രഹങ്ങളാണു്. രാഹുവിനു കൎക്കടകം, മേടം, ഇടവം, കുംഭം, വൃശ്ചികം ഇവ ബലമുള്ള രാശികളും ഇവയിൽനില്ക്കുന്ന രാഹുവിന്റെ ദശയിൽ ധനധാന്യലാഭങ്ങളും വിദ്യാപ്രശസ്ത

വും രാജപ്രീതിയും കിട്ടുന്നതാണ്. കന്നി, മീനം, ഇടവം ഈ രാശികളിൽ നില്ക്കുന്ന കേതുവും മേൽപ്രകാരമുള്ള ഫലങ്ങളെ ദശകളിൽ കൊടുക്കുന്നതാണെന്നും അറിഞ്ഞിരിക്കണം.

ഗ്രഹങ്ങളുടെ സ്വക്ഷേത്രങ്ങൾ.

ഗുരു	ചൊവ്വ	ശുക്രൻ	ബുധൻ
ശനി			ചന്ദ്രൻ
ശനി			സൂര്യൻ
ഗുരു	ചൊവ്വ	ശുക്രൻ	ബുധൻ

പ്രമാണം.

ആദിത്യന്നിഹ ചിങ്ങമിന്ദുഭവനം ഞണ്ടാസ്സുതം മേടമാ-
ണേട്ടുംകീടവുമിന്ദുജസ്യ മിഥുനം കന്യാഖ്യമാം രാശിയും
വ്യാഴത്തിന്നു ധനുസ്സു മീനവുമഥ ശുക്രന്നു തൂക്കം വൃഷം
മന്ദന്നാസ്സുതമേ ഘടം മകരവും ക്ഷേത്രങ്ങളീവണ്ണമാം.

ഉച്ചരാശികൾ.

അജവൃഷഭമൃഗാംഗനാകുളീരാ-
ഝഷവണിജൗ ച ദിവാകരാദിതുംഗാഃ

ദശശിഖിമനുയുക്തിഥീന്ദ്രിയാംശൈ-
സ്ത്രീനവകവിംശതിഭിശ്ച തേസ്തനീചാഃ

സാ—മേടം, ഇടവം, മകരം, കന്നി, കൎക്കടകം, മീനം, തുലാം ഈ ഏഴു രാശികളും ക്രമേണ സൂൎയ്യാദിഗ്രഹങ്ങളുടെ ഉച്ചരാശികളാകുന്നു. മേടത്തിൽ പത്താമത്തെ തീയതി ആദിത്യന്നു പരമോച്ചമെന്നും ശേഷമായ അംശം ആദിത്യന്നു ഉച്ചമെന്നും ഗ്രഹിച്ചുകൊൾക. ഇടവം മുതലായ രാശികളിലും ഇങ്ങിനെ യഥോക്തമായ അംശകങ്ങളെത്തന്നെ ആശ്രയിച്ചിട്ടു ചന്ദ്രാദികളുടെ പരമോച്ചവും ഉച്ചത്വവും ഗ്രാഹ്യമാകുന്നു. മേൽ പറഞ്ഞ അജവൃഷാദിരാശികളുടെ ഏഴാംരാശികൾ ക്രമേണ നീചസ്ഥാനങ്ങളാണു്.

വിവരണം.

ആദിത്യന്നു	മേടം	ഉച്ചം	തുലാം	നീചം
ചന്ദ്രനു്	ഇടവം	ഉച്ചം	വൃശ്ചികം	നീചം
ചൊവ്വാക്കു	മകരം	ഉച്ചം	കൎക്കടകം	നീചം
ബുധന്നു	കന്നി	ഉച്ചം	മീനം	നീചം
വ്യാഴത്തിന്നു	കൎക്കടകം	ഉച്ചം	മകരം	നീചം
ശുക്രന്നു	മീനം	ഉച്ചം	കന്നി	നീചം
ശനിക്കു	തുലാം	ഉച്ചം	മേടം	നീചം

ആദിത്യൻ തന്റെ ഉച്ചരാശിയായ മേടത്തിൽ പ്രവേശിച്ചിട്ടു പത്താംദിവസം അത്യുച്ചസ്ഥിതിയാണു്. അതു പത്താമുദയം എന്നും പറയുന്നു.

ചന്ദ്രന്നു	ഇടവത്തിൽ	൩/൩൦	ഭാഗം	അത്യുച്ചം
ചൊവ്വാക്കു	മകരത്തിൽ	൨൮/൩൦	ഭാഗം	ടി
ബുധന്നു	കന്നിയിൽ	൧൫ ൩൦	ഭാഗം	ടി
വ്യാഴത്തിന്നു	കൎക്കടകത്തിൽ	൫/൩൦	ഭാഗം	ടി
ശുക്രന്നു	മീനത്തിൽ	൨൭/൩൦	ഭാഗം	ടി
ശനിക്കു	തുലാത്തിൽ	൨൦/൩൦	ഭാഗം	ടി

ഉച്ചനീചത്വങ്ങൾ.

ബു. നീചം ശു. ഉച്ചം	ര. ഉച്ചം ശ. നീചം	ച. ഉച്ചം	,,
			ചൊ. നീചം ഗു. ഉച്ചം
ചൊ. ഉച്ചം ഗു. നീചം			
	ച. നീചം	ര. നീചം ശ. ഉച്ചം	ബു. ഉച്ചം ശു. നീചം

ഫലങ്ങൾ.

ഒരു ഗ്രഹം പരമോച്ചത്തിൽ നിന്നാൽ സുഖമുള്ളവനായും അത്യുച്ചത്തിൽ നിന്നാൽ ഉൽകൃഷ്ടകാൎയ്യങ്ങളെ ചെയ്യുന്നവനായും, മൂന്നു ഗ്രഹം ഉച്ചത്തിൽ നിന്നാൽ രാജതുല്യനായും, നാലു ഗ്രഹം ഉച്ചത്തിൽ നിന്നാൽ രാജാവായും, അഞ്ചോ ആറോ ഗ്രഹം പരമോച്ചത്തിൽ നിന്നാൽ ദൈവതുല്യനായും ഭവിക്കും. ഇതുപോലെതന്നെ ഗ്രഹങ്ങൾ നീചരാശിയിൽ നിന്നാൽ അല്പായുസ്സും, ദാരിദ്ര്യവും, നീചത്വവും, ദുഃഖവും, ബന്ധഹീനത്വവും, അപ്രസിദ്ധത്വവും മറ്റു ദോഷങ്ങളും പറയാവുന്നതാണു്.

രാശിബലമറിവാൻ.

എല്ലാ രാശികൾക്കും ആ രാശ്യധിപന്റെയോ തൽബന്ധുഗ്രഹങ്ങളുടെയോ വ്യാഴത്തിന്റെയോ ബുധന്റെയോ യോഗമോ ദൃഷ്ടിയോ ഉണ്ടായിരുന്നാൽ ആ രാശിക്കു ബലമുണ്ടായിരിക്കുന്നതാണു്.

മൂലത്രികോണം.

സിംഹോ വൃഷഃ പ്രഥമഷഷ്ഠഹയാംഗതൗലി
കുംഭാസ്ത്രികോണഭവനാനി ഭവന്തി സൂൎയ്യാൽ.

സാ — ചിങ്ങം, ഇടവം, മേടം, കന്നി, ധനു, തുലാം, കുംഭം ഈ രാശികൾ ക്രമേണ സൂൎയ്യാദികളായ സപ്തഗ്രഹങ്ങളുടെ ത്രികോണരാശികളാകുന്നു. ഇവകളെ മൂലത്രികോണങ്ങളെന്നും പറഞ്ഞുവരാറുണ്ടു്.

മൂലത്രികോണരാശികൾ.

	കു	ച	
മ			
			ര
ഗു		ശു	ബു

സൂൎയ്യനു	മൂലത്രികോണം	ചിങ്ങം
ചന്ദ്രനു	ടി	ഇടവം
ചൊവ്വായ്ക്കു	ടി	മേടം
ബുധനു	ടി	കന്നി
വ്യാഴത്തിനു	ടി	ധനുസ്സ്*
ശുക്രനു	ടി	തുലാം
ശനിക്കു	ടി	കുംഭം

ഗ്രഹങ്ങളുടെ ദൃഷ്ടി.

ത്രിദശത്രികോണചതുരസ്രസപ്തമാ-
ന്യവലോകയന്തി ചരണാഭിവൃദ്ധിതഃ
രവിജാമരേഡ്യരുധിരാഃ പരേ ച യേ
ക്രമശോ ഭവന്തി കില വീക്ഷണേധികാഃ

സാ—ലഗ്നസ്ഥിതന്മാരായിരിക്കുന്ന എല്ലാ ഗ്രഹങ്ങൾക്കും തൃതീയദശമരാശികളെക്കുറിച്ചു കാൽ ദൃഷ്ടിയുണ്ടെന്നും ചതുരശ്രങ്ങളിൽ മുക്കാൽദൃഷ്ടിയുണ്ടെന്നും സപ്തമത്തിങ്കൽ പൂർണ്ണദൃഷ്ടിയുണ്ടെന്നും ഗ്രഹിച്ചുകൊൾക.

പശ്യന്തി സപ്തമം സർവ്വേ
ശനിജീവകുജാഃ പുനഃ
വിശേഷതശ്ച ത്രിദശ-
ത്രികോണചതുരശ്രഗാൻ

സാ—എല്ലാ ഗ്രഹങ്ങളും അവരവർ നില്ക്കുന്ന രാശിയിൽനിന്നു ഏഴാംരാശിയേയും അതിൽ സ്ഥിതിചെയ്യുന്ന ഗ്രഹത്തെയും നോക്കുന്നു. എന്നാൽ ശനി താൻ നില്ക്കുന്ന രാശിയിൽനിന്നു ൩, ൧൦ എന്നീ രാശികളെയും അവയിൽ നില്ക്കുന്ന ഗ്രഹങ്ങളെയും ചൊവ്വാ താൻനില്ക്കുന്ന രാശിയിൽനിന്നു ൪, ൮ ഈ രാശികളെയും അതിൽ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങളെയും വിശേഷാൽ ദൃഷ്ടിചെയ്യുന്നു എന്നും ഗ്രഹിച്ചുകൊൾക.

സുതമദനനവാന്തേ പൂർണ്ണദൃഷ്ടിം തമസ്സും
യുഗളദശമഗേഹേ ചാർദ്ധദൃഷ്ടിം വദന്തി
സഹജരിപുവിപശ്യൻ പാദദൃഷ്ടിം മുനീന്ദ്രാ
നിജഭവനമുപേതേ ലോചനാന്ധഃ പ്രദിഷ്ടഃ

സാ—രാഹുവിന്ന് ൫-൭-൯-൧൨ ഈ ഭാവങ്ങളിൽ പൂർണ്ണദൃഷ്ടിയും, ൨-൧൦ ഈ ഭാവങ്ങളിൽ അർദ്ധദൃഷ്ടിയും ൩-൬ ഈ ഭാവങ്ങളിൽ കാൽദൃഷ്ടിയും ഉണ്ട്. സ്വക്ഷേത്രത്തിൽ ദൃഷ്ടിതന്നെ സംഭവിക്കയില്ല.

ഗ്രഹങ്ങളുടെ ശത്രുമിത്രത്വം.

ശത്രൂ മന്ദസിതൗ സമഃ ശശിസുതോ
മിത്രാണി ശേഷാ രവേഃ
തീക്ഷ്ണാംശുർഹിമരശ്മിജശ്ച സുഹൃദൌ
ശേഷാഃ സമാഃ ശീതഗോഃ

സാ—ലഗ്നസ്ഥിതന്മാരായിരിക്കുന്ന എല്ലാ ഗ്രഹങ്ങൾ-ക്കും തൃതീയദശമരാശികളെക്കുറിച്ചു കാൽദൃഷ്ടിയുണ്ടെന്നും ചതുരശ്രാഷ്ടമങ്ങളിൽ മുക്കാൽദൃഷ്ടിയുണ്ടെന്നും സപ്തമത്തിങ്കൽ പൂൎണ്ണദൃഷ്ടിയുണ്ടെന്നും ഗ്രഹിച്ചുകൊൾക.

പശ്യന്തി സപ്തമം സൎവ്വേ
ശനിജീവകുജാഃ പുനഃ
വിശേഷതശ്ച ത്രിദശ-
ത്രികോണചതുരശ്രഗാൻ

സാ—എല്ലാ ഗ്രഹങ്ങളും അവരവർ നില്ക്കുന്ന രാശിയിൽനിന്നു ഏഴാംരാശിയേയും അതിൽ സ്ഥിതിചെയ്യുന്ന ഗ്രഹത്തെയും നോക്കുന്നു. എന്നാൽ ശനി താൻ നില്ക്കുന്ന രാശിയിൽനിന്നു ൩, ൧൦ എന്നീ രാശികളേയും അവയിൽ നില്ക്കുന്ന ഗ്രഹങ്ങളേയും ചൊവ്വാ താൻനില്ക്കുന്ന രാശിയിൽനിന്നു ൪, ൮ ഈ രാശികളേയും അതിൽ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങളേയും വിശേഷമായി ദൃഷ്ടിചെയ്യുന്നു എന്നും ഗ്രഹിച്ചുകൊൾക.

സുതമദനനവാന്തേ പൂൎണ്ണദൃഷ്ടിം സമസ്താം
യുഗളദശമഗേഹേ ചാൎദ്ധദൃഷ്ടിം വദന്തി
സഹജരിപുവിപശ്യൻ പാദദൃഷ്ടിം മുനീന്ദ്രാ
നിജഭവനമുപേതോ ലോചനാന്ധഃ പ്രദിഷ്ടഃ

സാ—രാഹുവിന്നു ൫-൭-൯-൧൨-ഈ ഭാവങ്ങളിൽ പൂൎണ്ണദൃഷ്ടിയും, ൨-൧൦ ഈ ഭാവങ്ങളിൽ അൎദ്ധദൃഷ്ടിയും ൩-൬ ഈ ഭാവങ്ങളിൽ കാൽദൃഷ്ടിയും ഉണ്ടു്. സ്വക്ഷേത്രത്തിൽ ദൃഷ്ടിതന്നെ സംഭവിക്കയില്ല.

ഗ്രഹങ്ങളുടെ ശത്രുമിത്രത്വം.

ശത്രൂ മന്ദസിതൌ സമശ്ച ശശിസുതോ
മിത്രാണി ശേഷാ രവേഃ.
തീക്ഷ്ണാംശുർഹിമരശ്മിജശ്ച സുഹൃദൌ
ശേഷാഃ സമാഃ ശീതഗോഃ

രാശി	സ്ഥാനം
മേടം	ശിരസ്സ്
ഇടവം	മുഖം
മിഥുനം	കഴുത്ത്
കർക്കടകം	മുലകൾ
ചിങ്ങം	മാറ്
കന്നി	വയറ്
തുലാം	പൊക്കിളിനു താഴെയുള്ള പ്രദേശം
വൃശ്ചികം	ഗുഹ്യം
ധനു	തുടകൾ
മകരം	മുട്ടുകൾ
കുംഭം	കണങ്കാലുകൾ
മീനം	കാലടികൾ.

രാശിവിവരങ്ങൾ

മീനം മിഥുനം കന്നി ധനു ഇവ ദ്വികാണ്ഡരാശികൾ.

മേടം കർക്കടകം തുലാം മകരം ചരരാശികൾ.

ഇടവം ചിങ്ങം വൃശ്ചികം കുംഭം സ്ഥിരരാശികൾ.

മിഥുനം കന്നി ധനു മീനം ഉഭയരാശികൾ.

മേടം ഇടവം മിഥുനം കർക്കടകം ധനു മകരം ഇവ രാത്രിരാശികൾ.

ചിങ്ങം കന്നി തുലാം വൃശ്ചികം കുംഭം മീനം ഇവ പകൽരാശികൾ.

മേടം മിഥുനം ചിങ്ങം തുലാം ധനു കുംഭം ഇവ ഓജരാശികൾ.

രാശി	സ്ഥാനം
മേടം	ശൈലസ്ഥ്
ഇടവം	മൃഗം
മിഥുനം	കുഗ്രാമ്
കർക്കടകം	ദൃക്പ്പുകൾ
ചിങ്ങം	കാട്
കന്നി	വയല്
തുലാം	പൃക്കിളുന്ന താഴ്ച്ചയുള്ള പ്രദേശം
വൃശ്ചികം	ഗുഹ്യ
ധനു	ഉടകൾ
മകരം	കുട്ടകൾ
കുംഭം	കണ്ണകാലുകൾ
മീനം	കാലങ്ങൾ.

രാശിവിവരങ്ങൾ

മീനം മിഥുനം കന്നി ധനു ഇവ കോൺരാശികൾ.
മേടം കർക്കടകം തുലാം മകരം ചരരാശികൾ.
ഇടവം ചിങ്ങം വൃശ്ചികം കുംഭം സ്ഥിരരാശികൾ.
മിഥുനം കന്നി ധനു മീനം ഉഭയരാശികൾ.

മേടം ഇടവം മിഥുനം കർക്കടകം ധനു മകരം ഇവ രാത്രിരാശികൾ.

ചിങ്ങം കന്നി തുലാം വൃശ്ചികം കുംഭം മീനം ഇവ പകൽരാശികൾ.

മേടം മിഥുനം ചിങ്ങം തുലാം ധനു കുംഭം ഇവ ഓജരാശികൾ.

ഇടവം കർക്കടകം കന്നി വൃശ്ചികം മകരം മീനം ഇവ യുഗ്മരാശികൾ.

ലഗ്നം ൪ ൭ ൧൦ കേന്ദ്രരാശികൾ. ൫ ൯ ത്രികോണരാശികൾ. ൪ ൮ ചതുരശ്രരാശികൾ. ൧൧ ൮ ൫ ൨ പണപരരാശികൾ. ൩ ൬ ൯ ൧൨ ആപോക്ലിമരാശികൾ. ൩ ൬ ൧൦ ൧൧ ഉപചയരാശികൾ. കർക്കടകം വൃശ്ചികം മീനം മകരം ജലരാശികൾ. മേടം ഇടവം ചിങ്ങം ധനുവിന്റെ അന്ത്യാർദ്ധം മകരത്തിന്റെ ആദ്യാർദ്ധം ഇവ ചതുഷ്പാദരാശികൾ. മിഥുനം കന്നി തുലാം കുംഭം ധനുവിന്റെ ആദ്യാർദ്ധം ഇവ നരരാശികളുമാകുന്നു.

ഗ്രഹങ്ങളുടെ പര്യായങ്ങൾ.

ആദിത്യന് — സൂര്യൻ രവി ഭാനു ദിവാകരൻ അർക്കൻ മാർത്താണ്ഡൻ ഹേലി സവിതാവ് തരണി പതംഗൻ തിഗ്മദ്യുതി കമലബന്ധു സഹസ്രരശ്മി ബ്രധ്നൻ പ്രഭാകരൻ ഇനൻ ഇവകളാകുന്നു.

ചന്ദ്രന് — ശശാങ്കൻ വിധു സോമൻ നിശാകരൻ ഇന്ദു നക്ഷത്രപൻ കുമുദബന്ധു മൃഗാങ്കൻ ശീതാംശു ശശി ൻ ഓഷധീശൻ അബ്ജൻ ക്ഷപാകരൻ ഹിമാംശു ഇവകളാകുന്നു.

കുജന് — അംഗാരകൻ കനകൻ ലോഹിതൻ മംഗലൻ അസൃക് വക്രൻ ആരൻ ഭൂതൻ കുജൻ ഭൌമൻ മഹീസുതൻ ഇവകളാകുന്നു.

ബുധന് — സൌമ്യൻ [illegible]സുതൻ ബുധൻ ഇന്ദുജൻ രൌഹിണേയൻ ചാന്ദ്രി ജ്ഞൻ വിൽ ശശിജൻ ഇവകളാകുന്നു.

വ്യാഴന് — ജീവൻ സൂരി സുരേജ്യൻ ഗുരു മന്ത്രി ആര്യൻ സുരഗുരു ഇവകളാകുന്നു.

ശുക്രന്നു — സിതൻ ഭൃഗുസുതൻ കാവ്യൻ കവി ഭാർഗ്ഗവൻ ദൈത്യേഡ്യൻ അസുരഗുരു ഉശനാൻ ഇവകളാകുന്നു.

ശനിയ്ക്കു — അർക്കി കോണൻ ശനി മന്ദൻ ഛായാസുതി സൂര്യപുത്രൻ നീലൻ പംഗു സൗര ക്രൂര കാലൻ അസിതൻ ഇവകളാകുന്നു.

രാഹുവിന്നു — പാതൻ വിധുന്തുദൻ തമസ്സ് അഹി സൈംഹികേയൻ സ്വർഭാനു ഉപ്ലവം അഗു ഇവകളാകുന്നു.

കേതുവിന്നു — മൃത്യുതനയൻ ശിഖി കേതു ഇവകളാകുന്നു.

രാശികളുടെ പര്യായങ്ങൾ.

മേടം രാശിക്കു — ക്രിയ മേഷം അജം ഛാഗം.

ഇടവം രാശിക്കു — ഇടവം വൃഷഭം താബുരു ഗോ വൃഷം

മിഥുനം രാശിക്കു — ജിതുമം മിഥുനം വീണ ദ്വയുഗ്മം

കർക്കടകരാശിക്കു — ഞെണ്ടു കർക്കടകം കുളീരം.

ചിങ്ങരാശിക്കു — ചിങ്ങം സിംഹം മൃഗപതി ഹരി.

കന്നിരാശിക്കു — കന്നി പാഥോനം

തുലാംരാശിക്കു — തുലാം ജൂകം കോൽ വണിക് തൗലി.

വൃശ്ചികരാശിക്കു — വൃശ്ചികം കീടം കൌർപ്പി മധുകരം അളിദ്രോണം തേൾ.

ധനുരാശിക്കു — ധനു ചാപം വില്ല് തൌക്ഷികം ഹയാംഗം.

മകരരാശിക്കു — കോടം നക്രം മൃഗം മകരം.

കുംഭരാശിക്കു — ഘടം കടം കുംഭം.

മീനം രാശിക്കു — മത്സ്യം മീനം ശഫരം ഝഷം അന്ത്യം.

അഥ ഷൾരാശികം.

ഓജയുഗ്മങ്ങളെട്ടെടുക്കിയാ-
യത്തൊരുണ്ണ വിഷമം സമം വരൽ
മേഷാദിയായ ചരസ്ഥിരോഭയം
രാശിമൂന്നിനാവൃത്തും വരും ക്രമാൽ.

മേഷം മുതൽ തുടങ്ങീട്ടുള്ള രാശികളെ ഓജം (പുരുഷൻ) യുഗ്മം (സ്ത്രീ) എന്നും ക്രൂരം സൌമ്യം എന്നും ക്രമപ്പെടുത്തി മൂന്നു രാശികളും ചരസ്ഥിരോഭയങ്ങളായിട്ടും അറിഞ്ഞുകൊള്ളണം.

ദ്വാദശഭാവത്തിനും പേരുകൾ.

ലഗ്നത്തിനു — കല്പം ഉദയം തനു ജന്മം വിലഗ്നം ഹോരാ.
രണ്ടാംഭാവത്തിനു — അർത്ഥം ഭുക്തി നയനം സ്വകുടുംബം.
മൂന്നാംഭാവത്തിനു — ദുശ്ചിക്യം വിക്രമം സഹോദരം വീര്യം ധൈര്യം.
നാലാംഭാവത്തിനു — പാതാളം വൃദ്ധി ഹിബുകം ക്ഷിതി മാതാവു ബന്ധു.
അഞ്ചാംഭാവത്തിനു — ധീ ദേവൻ രാജാവു് പിതാവു നന്ദനൻ പഞ്ചകം.
ആറാംഭാവത്തിനു — രോഗം അംശം ശസ്ത്രം ഭയം ഷഷ്ഠം രിപു ക്ഷതം.
ഏഴാംഭാവത്തിനു — ജാമിത്രം കാമം ഗമനം കളത്രം സമ്പത്തു് ദ്യൂനം അസ്തം സപ്തമം.
എട്ടാംഭാവത്തിനു — രന്ധ്രം ആയുസ്സ് അഷ്ടമം ഋണം മൃത്യു വിനാശം.

ഒൻപതാംഭാവത്തിന്നു—ധൎമ്മം ഗുരു ശുഭം തപസ്സ് നയം ഭാഗ്യം.

പത്താംഭാവത്തിന്നു—വ്യാപാരം മേഷൂരണം മദ്ധ്യം മാനം ജ്ഞാനം ആസ്പദം ആജ്ഞ്യം കൎമ്മം.

പതിനൊന്നാംഭാവത്തിന്നു—ഏകാദശം ഉപാന്ത്യം ഭവം ആയം ലാഭം.

പന്ത്രണ്ടാമിടത്തിന്നു—രിഃഫം വ്യയം ദ്വാദശം അന്ത്യം

വിവരണം

ചന്ദ്രൻ വെളുത്ത പക്ഷത്തിൽ പ്രഥമ മുതൽ ൧൦ ദിവസം മദ്ധ്യമബലവാനും കറുത്ത പക്ഷത്തിലെ പഞ്ചമി വരെ പൂൎണ്ണബലവാനും പിന്നീട് കറുത്തവാവു കഴിയുന്നതു വരെ ബലമില്ലാത്തവനുമാകുന്നു. എന്നാൽ ചന്ദ്രനു ബലം കുറഞ്ഞ കാലമാണെങ്കിലും ശുഭന്മാരുടെ യോഗമോ ദൃഷ്ടിയോ ഉണ്ടെങ്കിൽ ശുഭനാകയും ചെയ്യുമെന്നും അറിയേണ്ടതാകുന്നു.

ശുഭന്മാർ:—ചന്ദ്രൻ ബുധൻ ഗുരു ശുക്രൻ.

പാപന്മാർ:—പക്ഷബലമില്ലാത്ത ചന്ദ്രൻ ശനി സൂൎയ്യൻ കുജൻ രാഹു കേതു

വിശിഷ്യ പാപഗ്രഹങ്ങളുടെ യോഗമുള്ള ബുധനും പാപിയാകുന്നു. സൂൎയ്യനും ചന്ദ്രനും പ്രകാശഗ്രഹങ്ങളും, രാഹുവും കേതുവും തമഃസ്വരൂപന്മാരും, ചൊവ്വാ മുതലായ അഞ്ചുഗ്രഹങ്ങൾ താരാഗ്രഹങ്ങളുമാകുന്നു.

അദ്ധ്യായം ൩.

ജാതകം തയ്യാറാക്കേണ്ടവിധങ്ങൾ.

ഒരാളുടെ ജാതകം കണ്ടുപിടിക്കാൻ ആരംഭിക്കുമ്പോൾ ആദ്യമായി വേണ്ടതു്, പഞ്ചാംഗം നോക്കീട്ടു മാസം തീയതി നാൾ സമയം ഇവകളെ തീർച്ചപ്പെടുത്തണം. അതിനുശേഷം പകൽ ജനനം വരുകിൽ ഉദയരാശിയേയും രാത്രി ജനനം വരുകിൽ അസ്തമനരാശിയേയും കണ്ടറിയണം. ഇതിന്റെ ഉദയാല്പരം അസ്തമനാല്പരം ഇവകൾ എത്രമണിനേരം തീർച്ചപ്പെടുത്തണം. അതിന്നുതക്ക രാശിപ്രമാണങ്ങളെക്കൊണ്ടു ആവശ്യപ്പെട്ട സമയത്തെ രാശികളെ പിരിച്ചു ലഗ്നം ശരിപ്പെടുത്തണം. പിന്നീടു പഞ്ചാംഗത്തിൽ ദൃക്സിദ്ധപക്ഷങ്ങൾ കണ്ടറിഞ്ഞു ഗ്രഹങ്ങളുടെ നിലയനുസരിച്ചു അതാതുരാശികളിൽ ഗ്രഹങ്ങളെ എഴുതണം. ഇതിന്റെ അംശകം മുതലായതുംകൂടി അറിഞ്ഞു അവരവരുടെ ഗുണദോഷങ്ങളെപ്പറ്റി ചിന്തിച്ചു ഫലങ്ങൾ അറിഞ്ഞുകൊള്ളേണ്ടതാകുന്നു.

ഉദയരാശി അറിയേണ്ടുംവിധം.

ഏതുമാസത്തിലാണു ജനനമെന്നു നോക്കുക. ആ മാസത്തിലെ പേരായിരിക്കുന്നതു ആദ്യത്തെ ഉദയരാശി. ചിങ്ങമാസത്തിനു ചിങ്ങം, കന്നിമാസത്തിനു കന്നി ഇപ്രകാരം കണ്ടുകൊള്ളുന്നു.

അസ്തമനരാശി അറിയേണ്ടുംവിധം.

ഉദയരാശി അറിഞ്ഞിട്ടു് അതുമുതൽ ക്രമത്തിനു എണ്ണി ൬ രാശികഴിഞ്ഞാൽ വരുന്ന ൭-ാമത്തെ രാശിയാകുന്നു അസ്തമനരാശി. ചിങ്ങത്തിനു കുംഭം, കന്നിക്കു മീനം ഇപ്രകാരം കാണേണ്ടതാണു്.

ഉദയാല്പരം അറിയുന്നതിന്

ഓരോമാസത്തെയും എത്ര തിയതികളുണ്ടോ അതു കൊണ്ടു ആ മാസത്തിലെ രാശിപ്രമാണനാഴികവിനാഴികയെ ഹരിച്ചുവരുന്ന ഫലം എത്രയോ അത്രയും വിനാഴിക ആയി ഒരുദിവസം കൊണ്ടുകഴിക്കും. ഏതു തിയതിക്കുള്ള ഉദയാല്പരം അറിയുന്നതിനു ആവശ്യപ്പെടുന്നുവൊ ആ തിയതിക്കു മുമ്പിലത്തെ തിയതിവരെ [illegible] എത്രവിനാഴികകടന്നിട്ടുണ്ടൊ അതു രാശിപ്രമാണത്തിൽ അതു നീക്കി ശേഷം ഉദയാല്പരമാകുന്നു. ആവശ്യപ്പെട്ട രാശിവരുത്ത് അതിൽ ഉദയാല്പരത്തെ കുറച്ചാൽ ഉദയാൽപൂർവം കിട്ടുന്നതുമാകുന്നു.

ഉദാ:- മേടമാസത്തിൽ ൨൫ തിയതി ഉദയാല്പരം വേണമെന്നുവിചാരിക്കുക. മേടം രാശിപ്രമാണം ൪ നാഴിക ൨൩ വിനാഴികയാണല്ലൊ. അതായതു ൪ × ൬൦ + ൨൩ വിനാഴിക + ൨൩ വിനാഴികകൾ ൨൬൩ വിനാഴിക. ഈ വിനാഴികയെ ൩൧ ദിവസത്തിനു ഭാഗിച്ചാൽ ഒന്നു ദിവസത്തിനു ൮ ൩൨/൩൧ വിനാഴികയുമാണ്. ഏകദേശം ൮ വിനാഴികയാകുന്നു. ൨൪ തിയതിക്കു രാശിപ്രമാണത്തിൽ ൮ × ൨൪ വിനാഴിക കുറച്ചു ബാക്കിവരുന്ന സംഖ്യയാകുന്നു ഉദയാല്പരം.

ഇനി ഇതിൽനിന്നും എളുപ്പമായ വഴി ഒന്നുകൂടി കാണിക്കപ്പെടുന്നു. ഇതു എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന മാർഗ്ഗമാണ്.

ചിങ്ങമാസം ഒന്നാം തിയതിക്കു രാശിപ്രമാണം മുഴുവനുമുണ്ടായിരിക്കും. രണ്ടാം തിയതിക്കു ആ രാശിപ്രമാണത്തിൽനിന്നു മുകളിൽ കാണിച്ച വിനാഴികവീതം കുറച്ചു കണക്കാക്കാവുന്നതാണ്. ൪ ദിവസം കഴിയുമ്പോൾ ഒരു നാഴികവീതം രാശിപ്രമാണത്തിൽ കുറച്ചു കണക്കാക്കിക്കൊള്ളാവുന്നതുമാകുന്നു.

അസ്തമനാൽപരം അറിയുന്നതിന്

ചിങ്ങത്തിന്റെ കുംഭമാണല്ലോ അസ്തമനരാശി. കുംഭം രാശിപ്രമാണം ൪ നാഴിക ൩൩ വിനാഴികയാണ്. നാലാം തീയതിക്ക അസ്തമനാൽപരം എത്രയെന്ന് കണ്ടുപിടിക്കാം. മൂന്നുദിവസത്തെക്ക ൩ x ൯ = ൨൭. ഈ ഇരുപത്തി ഏഴ് വിനാഴികയെ അസ്തമനരാശിയായ കുംഭരാശിപ്രമാണത്തിൽനിന്നും കുറയ്ക്കണം. കുംഭരാശിപ്രമാണം ൪ നാഴിക ൩൩ വിനാഴിക — ൨൭ വിനാഴിക = ൪ നാഴിക ൬ വിനാഴിക. ഇതാകുന്നു അന്നത്തെ അസ്തമനാൽപരം.

ലഗ്നം കാണേണ്ടവിധം

ഒരാൾ ജനിക്കുന്ന രാശി ആകുന്നു ലഗ്നം എന്നു പറയുന്നത്. അതു കണ്ടുപിടിക്കുന്നതിനു ഉദയാൽപരം കണ്ടുപിടിച്ചതിനുശേഷം തുടർന്നു ആ സമയംവരെയുള്ള രാശികളെ മുറയ്ക്കു കൂട്ടിക്കൊണ്ടാൽ മതിയാകുന്നതാണ്.

ഉദാ:— ൧൦൯൭ ചിങ്ങം ൨൧-ാംനു പകൽ ൧൦ മണിയ്ക്കു രോഹിണിനക്ഷത്രത്തിൽ ഒരുകുട്ടി ജനിച്ചു എന്നിരിക്കട്ടെ. ആ കുട്ടിയുടെ ലഗ്നം എന്താണെന്നു കണ്ടുപിടിക്കാം. ഉദയരാശി ചിങ്ങമാണല്ലോ. ചിങ്ങം രാശിയിൽ അനന്തരം ഉദയത്തിനു ശേഷം എത്രയെന്നു കാണുക. ൨൧-ാംനുയ്ക്കുതീകളെ ദിവസം ൨൦ ആകയാൽ ൨൦ x ൩ = ൬൦ വിനാഴിക, അതായത് ൧ നാഴിക. ചിങ്ങരാശിപ്രമാണം ൪ നാഴിക ൩൪ വിനാഴികയാണല്ലോ. അതിൽനിന്നും ൧ നാഴികയെ കുറയ്ക്കണം. കുറച്ചാൽ കിട്ടുന്നത്, ൪ നാഴിക ൩൪ വിനാഴിക — ൧ നാഴിക = ൩ നാഴിക ൩൪ വിനാഴിക. ഇതാണ് അന്നത്തെ ഉദയാൽപരം. തുടർന്നു രാശിപ്രമാണങ്ങളെ കൂട്ടുക.

	നാ	വി
ജനനത്തിനു മുമ്പുള്ള ചിങ്ങം രാശി	൨	൧൯
അതിനടുത്ത കന്നിരാശി	൪	൩൮
അതിനടുത്ത തുലാം	൫	൧
അതിനടുത്ത വൃശ്ചികം	൫	൨൩
അതിനടുത്ത ധനു	൫	൨൪
ആകെ	൨൨	൪൯

കുട്ടിയുടെ ജനനം ൨ മണി (൨൭ നാഴിക)യ്ക്കാകുന്നു. ൨൨ നാഴികയും ൪൯ വിനാഴികയും കൊണ്ടു ധനുരാശി ചെന്നിട്ടുണ്ട്. അതുകൊണ്ടു ജനനരാശി ധനുവാകുന്നു. അതിനാൽ ധനുരാശിയിൽ ലഗ്നം ഇട്ടുകൊള്ളണം. രാത്രി ജനനമാണെന്നുവരികിൽ അസ്തമനാൽപരം നാഴികയിട്ടു മേൽപ്രസ്താവിച്ചിരിക്കുന്ന രീതിപ്രകാരം ലഗ്നം കണ്ടുപിടിച്ചുകൊള്ളേണ്ടതാകുന്നു.

•	•	•	•
•	രാശി ചക്രം		•
•			•
ലഗ്നം	•	•	•

രാശിപ്രമാണങ്ങൾ

രാശി	നാഴിക	വിനാഴിക	ആകെ വിനാഴിക	സൂചന.
മേടം	൪	൨൩	൨൬൩	ഒരു നാഴിക ൬൦ വിനാഴികയാണല്ലൊ. അതിനാൽ വിനാഴികയെ ൬൦-ൽ ഹരിച്ചാൽ നാഴികയും നാഴികയെ ൬൦-ൽ ഗുണിച്ചാൽ വിനാഴികയും ആകുന്നതാണ്.
ഇടവം	൫	൩	൩൦൩	
മിഥുനം	൫	൨൯	൩൨൯	
കർക്കടകം	൫	൧൯	൩൧൯	
ചിങ്ങം	൪	൫൯	൨൯൯	
കന്നി	൪	൫൩	൨൯൩	
തുലാം	൫	൭	൩൦൭	
വൃശ്ചികം	൫	൨൩	൩൨൩	
ധനു	൫	൨൪	൩൨൪	
മകരം	൪	൫൫	൨൯൫	
കുംഭം	൪	൨൩	൨൬൩	
മീനം	൪	൧൩	൨൫൩	

സൂര്യൻ എന്ന ഗ്രഹത്തിനെ രാശിചക്രത്തിൽ അട യ്ക്കേണ്ടുംപ്രകാരത്തെ പറയപ്പെടുന്നു:—

ആദിത്യൻ ഒരുമാസംകൊണ്ടാണ് ഒരു രാശിയെ കടന്നുപോകുന്നതു്. അതിനാൽ ഏതുമാസത്തിൽ ജനിക്കുന്ന ആളിനാം ജനിക്കുന്ന മാസത്തിന്റെ പേരു വരുന്ന രാശിയിൽ ആദിത്യൻ എന്ന ഗ്രഹത്തിനെ എഴുതിക്കൊള്ളുക. ചിങ്ങമാസത്തിൽ ജനിക്കുന്ന ഒരാളിനു് ചിങ്ങത്തിൽ ആദിത്യനെ എഴുതണമെന്നു താല്പര്യം.

ഇനി ചന്ദ്രനെ എഴുതേണ്ടുംവിധം.

ചന്ദ്രൻ ൨൳ ദിവസംകൊണ്ടു് ഒരു രാശിയെ കടന്നു പോകുന്നു. അശ്വതി മുതലായ ൨൭ നക്ഷത്രങ്ങളും ൧൨ രാശികളിലായി സ്ഥിതിചെയ്യുന്നതിനാൽ ഒരു രാശിക്കു രണ്ടേകാൽനക്ഷത്രമേ വന്നുകൂടുന്നുള്ളു.

പ്രമാണം.

അശ്വതിയും, ഭരണിയും, കാർത്തികക്കാലും മേടക്കൂറു്.
കാർത്തിക മുക്കാലും, രോഹിണിയും, മകയിരത്തരയും ഇടവക്കൂറു്.
മകയിരത്തരയും, തിരുവാതിരയും, പുണർതത്തിൽ മുക്കാലും മിഥുനക്കൂറു്.
പുണർതത്തിൽകാലും, പൂയവും, ആയില്യവും കർക്കടകക്കൂറു്.
മകവും, പൂരവും, ഉത്രത്തിൽ കാലും ചിങ്ങക്കൂറു്.
ഉത്രത്തിൽമുക്കാലും, അത്തവും, ചിത്തിരഅരയും കന്നിക്കൂറു്.
ചിത്തിര അരയും, ചോതിയും, വിശാഖത്തിൽ മുക്കാലും തുലാക്കൂറു്.
വിശാഖത്തിൽകാലും, അനിഴവും, തൃക്കേട്ടയും വൃശ്ചികക്കൂറു്.
മൂലവും, പൂരാടവും, ഉത്രാടത്തിൽകാലും ധനുക്കൂറു്.
ഉത്രാടത്തിൽമുക്കാലും, തിരുവോണവും, അവിട്ടത്തരയും മകരക്കൂറു്.
അവിട്ടത്തരയും, ചതയവും, പൂരുരുട്ടാതിമുക്കാലും കുംഭക്കൂറു്.
പൂരുരുട്ടാതികാലും, ഉത്രട്ടാതിയും, രേവതിയും മീനക്കൂറു്.

ഏതുനക്ഷത്രത്തിൽ ജനിച്ചുവെന്നു പഞ്ചാംഗംനോക്കി അറിഞ്ഞതിനുശേഷം ആ കൂറുവരുന്ന രാശിയിൽ ചന്ദ്രനെ എഴുതണം. ചോതിനക്ഷത്രം ജനിച്ച ആളിനു് തുലാക്കൂറാണല്ലോ വരുന്നതു്. അതിനാൽ തുലാംരാശിയിൽ ചന്ദ്രനെ എഴുതണമെന്നു സാരം.

ഇനി ചൊവ്വാ മുതൽ ശനിപര്യന്തം ഉള്ള ഗ്രഹങ്ങളെ രാശിചക്രത്തിൽ നാട്ടുന്നവിധങ്ങളെ പറയപ്പെടുന്നു:—

ജനനവർഷത്തെ പഞ്ചാംഗം എടുത്തിട്ട് ഇഷ്ടദിവസം ഗ്രഹസ്ഫുടങ്ങളെ നോക്കി ജനനസമയം ഏതേതുരാശിയിൽ ഗ്രഹങ്ങൾ നില്ക്കുന്നു എന്നറിഞ്ഞിട്ട് ആ രാശിയിൽ എഴുതിക്കൊണ്ടാൽ മതിയാകും.

ഉദാ:— ൧൧൮ ചിങ്ങം ൨൭-ാംനു ഉദയത്തിന് ചൊവ്വാ മിഥുനത്തിൽനിന്നു കർക്കടകത്തിൽ പോകുന്നു എന്ന് കാണിച്ചിരിക്കട്ടെ. അതനുസരിച്ച് ൨൭-ാംനുവരെയുള്ള ജനനങ്ങൾക്ക് ചൊവ്വാ എന്ന ഗ്രഹത്തിനെ മിഥുനരാശിയിൽ എഴുതേണ്ടതാണെന്ന് അറിഞ്ഞുകൊള്ളേണം. ഇപ്രകാരം എല്ലാ ഗ്രഹങ്ങളുടെയും പകർച്ചകളെ നോക്കി അതാതു രാശികളിൽ എഴുതിക്കൊണ്ടാൽ മതിയാകുന്നതുമാണ്.

ഇനി ഗുളികൻ എന്ന ഉപഗ്രഹത്തിനെ അറിഞ്ഞു രാശിചക്രത്തിൽ എഴുതേണ്ട വിധത്തെ വിവരിക്കപ്പെടുന്നു: ഞായറാഴ്ച ൨൬-ം തിങ്കളാഴ്ച ൨൨-ം ചൊവ്വാഴ്ച ൧൮-ം ബുധനാഴ്ച ൧൪-ം വ്യാഴാഴ്ച ൧൦-ം വെള്ളിയാഴ്ച ൬-ം ശനിയാഴ്ച ൨-ം നാഴികയ്ക്കു ഗുളികന്റെ ഉദയംതുടങ്ങി അതതുനാഴികസമയം ഏതുരാശിയിൽ നില്ക്കുന്നു എന്നറിയേണം. നില്ക്കുന്ന രാശി ഏതാണെന്നറിഞ്ഞിട്ട് അതിൽ ഗുളികൻ എന്ന ഗ്രഹത്തിനെ എഴുതിക്കൊള്ളേണം. രാത്രിയിൽ ഗുളികനെ അറിയുന്നതിനു പകരം ആ നാളിന്റെ അഞ്ചാമത്തെ ആഴ്ചയുടെ പകലത്തെ ഗുളികൻ രാത്രിയിൽ വരുമെന്നും അറിഞ്ഞിരിക്കേണ്ടതാകുന്നു.

ഞായറാഴ്ച പകൽ ൨൬ നാഴികയ്ക്കു ഏതു രാശിവരുന്നുവോ അതു കണ്ടറിഞ്ഞ് ആ രാശിയിൽ ഗുളികനെ എഴു

ത്തണം. അന്നു രാത്രി ഗുളികരാശി ഏതാണെന്നറിയുന്നതിനു ആ രാത്രിയുടെ പ്രാരംഭത്തെ ആദ്യമായ വ്യാഴാഴ്ച പകലത്തെ ഗുളികരാശി ഏതാണോ ആ രാശിയിൽ വേണം രാത്രിയിൽ ഗുളികനെ എഴുതാൻ.

അദ്ധ്യായം ൫

ദശാവർഷക്രമം അറിയുന്നതിന്.

അശ്വതി, മകം, മൂലം —	കേതു	൭	വർഷം
ഭരണി, പൂരം, പൂരാടം —	ശുക്രൻ	൨൦	,,
കാർത്തിക, ഉത്രം, ഉത്രാടം —	ആദിത്യൻ	൬	,,
രോഹിണി, അത്തം, തിരുവോണം —	ചന്ദ്രൻ	൧൦	,,
മകയിരം, ചിത്തിര, അവിട്ടം —	ചൊവ്വാ	൭	,,
തിരുവാതിര, ചോതി, ചതയം —	രാഹു	൧൮	,,
പുണർതം, വിശാഖം, പൂരുരുട്ടാതി —	വ്യാഴം	൧൬	,,
പൂയം, അനിഴം, ഉത്രട്ടാതി —	ശനി	൧൯	,,
ആയില്യം, കേട്ട, രേവതി	ബുധൻ	൧൭	,,

ജനനശിഷ്ടം ദശ കണ്ടുപിടിക്കാൻ.

ഒരാൾ ജനിക്കുന്ന സമയം ജനിച്ച നക്ഷത്രത്തിൽ എത്ര ചെന്നിട്ടുണ്ടെന്ന് പഞ്ചാംഗം നോക്കി സൂക്ഷ്മപ്പെടുത്തണം. അതിനുശേഷം നക്ഷത്രനാഴികയായ ൬൦ നാഴികയിൽനിന്നും ജനനസമയംവരെ ചെന്നിട്ടുള്ള നാഴികവിനാഴികയെ കുറയ്ക്കണം. ശിഷ്ടംവരുന്ന നാഴികയെ ദശാനാഥന്റെ വർഷസംഖ്യകൊണ്ടു പെരുക്കി ൬൦-ൽ ഹരി

ച്ചുകിട്ടുന്ന ഫലം വർഷം. ശിഷ്ടത്തെ ൧൨-ൽ പെരുക്കി ൧൨൦-ൽ ഹരിച്ചുകിട്ടുന്നതു മാസം. ശിഷ്ടത്തെ ൩൦-ൽ പെരുക്കി ൧൨൦-ൽ ഹരിച്ചുകിട്ടുന്നതു ദിവസം. ശിഷ്ടത്തെ ൬൦-ൽ പെരുക്കി ൧൨൦ കൊണ്ടുഹരിച്ചുകിട്ടുന്നതു നാഴിക. ശിഷ്ടത്തെ ൬൦-ൽ പെരുക്കി ൧൨൦ കൊണ്ടു് ഹരിച്ചുകിട്ടുന്നതു വിനാഴികയായിട്ടും ഉചിതം.

സ്വാപഹാരം ഗണിക്കാൻ.

അതാതുവരുടെ ദശയിൽ അതാതുവരുടെ സ്വാപഹാരം അറിയുന്നതിനു അതാതുവരുടെ ദശാവർഷംകൊണ്ടു അതാവർഷത്തെ ഗുണിച്ചുകൊള്ളണം. അതിനുശേഷം ഗുണിച്ചു കിട്ടുന്ന തുകയിൽ ഒരു സ്ഥാനം ഇറക്കി അതിനെ മൂന്നു കൊണ്ടു ഗുണിക്കുക കിട്ടുന്ന ഫലം ദിവസമായിട്ടും ശേഷം മാസമായിട്ടും കണക്കാക്കേണ്ടതാണു്.

ഉദാ:— ആദിത്യന്റെ ദശയിൽ ആദിത്യന്റെ സ്വാപഹാരം അറിയുന്നതിനു ആദിത്യന്റെ ദശാവർഷമായ ൬-നെ ൬-കൊണ്ടു ഗുണിക്കണം. ൬ × ൬ = ൩൬. ഇതിൽ ഒരു സ്ഥാനം ഇറക്കി അതിനെ ൩-കൊണ്ടു ഗുണിക്കുക. ൬ × ൩ = ൧൮. ഇതു ദിവസമാകുന്നു. മുൻവിവരിച്ചിട്ടുള്ളതനുസരിച്ചു ൩ മാസം ൧൮ ദിവസം ആദിത്യന്റെ ദശയിൽ ആദിത്യന്റെ സ്വാപഹാരമാണെന്നു അറിഞ്ഞു കൊള്ളണം. ഇപ്രകാരം എല്ലാ ദശകൾക്കും സ്വാപഹാരം കാണേണ്ടതാകുന്നു.

അപഹാരം ഗണിക്കാൻ.

സ്വാപഹാരം ഗണിക്കുന്നതിനും അപഹാരം ഗണിക്കുന്നതിനുമായി അല്പവ്യത്യാസമുണ്ടു്. അതായതു് ദശാ

വർഷം വച്ചിട്ട് അപഹാരനാഥന്റെ വർഷംകൊണ്ടു ഗുണിച്ചു മേൽവിവരിച്ചപ്രകാരം അറിഞ്ഞുകൊള്ളണം.

ഉദാ:— ആദിത്യദശയിൽ ആദിത്യന്റെ സ്വാപഹാരം കഴിഞ്ഞാൽ മുറയ്ക്കു ചന്ദ്രന്റെ അപഹാരമാണെന്ന് അറിഞ്ഞല്ലൊ. അതിനു ചന്ദ്രന്റെ ദശാവർഷം ൧൦-ആകയാൽ ൬ × ൧൦ = ൬൦. ഒരു സ്ഥാനം ഇറക്കി മൂന്നുകൊണ്ടു ഗുണിക്കാൻ ഇല്ലാത്തതിനാൽ ൬-മാസം എന്നറിയണം. ഇപ്രകാരം മുറയ്ക്ക് ആദിത്യദശയിൽ ശുക്രാപഹാരംവരെയും മറ്റു ദശകളിൽ വരുന്ന അപഹാരങ്ങളെയും ഗണിച്ചറിഞ്ഞുകൊള്ളണം.

ഛിദ്രാപഹാരം അറിയുന്നതിന്

ആദിത്യദശയിൽ ആദിത്യന്റെ ഛിദ്രം എന്തെന്നറിയുന്നതിന് ആദ്യമായി അപഹാരത്തിനെ കണ്ടുപിടിക്കണം. അപഹാരം ൩-മാസം ൧൮-ദിവസമാണ്. അതു ൩ × ൩൦ = ൯൦ + ൧൮ = ൧൦൮ ദിവസം. ഇതുതന്നെ വർഷം ൬. ഇതിനെ ൬-കൊണ്ട് ൧൦൮-നെ ഗുണിക്കുക. ൧൦൮ × ൬ = ൬൪൮. ഇനി ഈ തുകയെ ൧൨൦-കൊണ്ടു ഹരിക്കണം. ൬൪൮ ÷ ൧൨൦ = ൫ ദിവസം. ശിഷ്ടം ൪൮. അതിനെ നാഴികയാക്കുക. ൪൮ × ൬൦ = ൨൮൮൦ നാഴിക. ഇനി ൧൨൦-കൊണ്ടു ഹരിക്കുക. ൨൮൮൦ ÷ ൧൨൦ = ൨൪ നാഴിക. ഇപ്പോൾ മാസം ൦ ദിവസം ൫ നാഴിക ൨൪- ഇപ്രകാരം കണ്ടുകൊള്ളണം.

ഇനി ദശാപഹാരഛിദ്രങ്ങളെ പ്രമാണസഹിതമായി എല്ലാറ്റേയും അറിയുന്നതിനുവേണ്ടി ഗണിച്ചു പട്ടികയായി അടിയിൽ ചേർക്കപ്പെട്ടിരിക്കുന്നതിനെ നോക്കി അറിഞ്ഞുകൊള്ളേണ്ടതാകുന്നു.

[illegible]	[illegible]	[illegible]			[illegible]			[illegible]			[illegible]			[illegible]		
[illegible]—6	[illegible]	0	3	[illegible]	0	5	24	0	9	0	0	6	18	0	16	12
	[illegible]	0	6	0	0	9	0	0	15	0	0	10	30	0	27	0
	[illegible]	0	4	6	0	6	18	0	10	30	0	7	21	0	18	54
	[illegible]	0	10	48	0	16	12	0	27	0	0	18	54	1	18	36
	[illegible]	0	9	[illegible]	0	14	24	0	24	0	0	16	48	0	13	12
	[illegible]	0	11	[illegible]	0	17	6	0	28	30	0	19	57	1	21	18
	[illegible]	0	10	[illegible]	0	15	8	0	25	0	0	17	51	1	15	54
	[illegible]	0	4	6	0	[illegible]	18	0	[illegible]	30	0	7	21	0	18	54
	[illegible]	1	0	0	0	18	0	0	0	0	0	21	0	1	24	0
[illegible]—10	[illegible]	0	10	0	* 0	15	0	0	25	0	0	17	30	1	15	0
	[illegible]	0	7	0	0	10	30	0	17	3	0	12	15	1	1	30
	[illegible]	1	6	0	0	27	0	1	[illegible]	0	1	1	30	0	21	0
	[illegible]	1	4	0	0	24	0	0	18	0	0	28	0	0	12	0
	[illegible]	1	7	0	0	18	30	1	17	30	1	3	15	0	25	30
	[illegible]	1	5	0	0	25	30	1	12	30	0	29	45	0	16	30
	[illegible]	0	7	0	0	10	30	0	17	30	0	12	15	1	1	30
	[illegible]	1	8	0	1	0	0	0	20	0	1	5	0	3	0	0
	[illegible]	0	6	0	0	3	0	0	15	0	0	10	30	0	27	0
[illegible]—7	[illegible]	0	4	27	0	7	21	0	10	15	0	8	34"	0	22	3
	[illegible]	1	0	18	0	18	54	1	1	30	0	20	3	1	26	42
	[illegible]	0	11	26	0	6	48	0	28	0	0	19	36	1	20	24
	[illegible]	1	1	9	0	19	57	1	3	15	0	23	16"	1	29	51
	[illegible]	0	11	27	0	17	51	0	29	45	0	20	49"	1	23	33
	[illegible]	0	4	27	0	7	21	0	12	15	0	8	34"	0	22	3
	[illegible]	1	2	0	0	21	0	1	5	0	0	24	30	1	3	0
	[illegible]	0	4	6	0	6	18	0	10	30	0	7	21	0	18	54
	[illegible]	0	7	0	0	10	30		[illegible]	30	0	12	15	1	1	30

* [illegible]

[illegible]														
വ്യാഴം			ശനി			[illegible]			കേതു			[illegible]		
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
0	14	24	0	17	6	0	15	18	0	6	18	0	18	0
0	24	0	0	18	30	0	25	30	0	10	30	1	0	0
0	16	48	0	19	57	0	17	51	0	7	21	0	21	0
1	13	12	1	21	18	1	15	54	0	18	54	1	24	0
1	8	24	1	15	36	1	10	48	0	16	48	1	18	0
1	15	36	1	24	9	1	18	27	0	19	57	1	27	0
1	10	48	1	18	27	1	13	21	0	17	51	1	21	0
0	16	48	0	19	57	0	17	51	0	7	21	0	21	0
1	18	0	1	27	0	1	21	0	0	21	0	2	0	0
1	10	0	1	17	30	1	12	30	0	17	3	1	20	0
0	28	0	1	3	15	0	29	45	0	12	15	1	5	0
2	12	0	2	25	30	2	16	30	1	1	30	3	0	0
2	4	0	2	16	0	2	8	0	0	28	0	2	20	0
2	16	0	3	0	15	2	20	45	1	3	15	3		0
2	8	0	2	20	45	2	12	15	0	29	45	2	25	0
0	28	0	1	3	15	0	29	45	0	12	15	1	5	0
2	20	0	3	5	0	2	25	0	1	5	0	3	10	0
0	24	0	0	28	30	0	25	30	0	10	30	1	0	0
0	19	36	0	23	16	0	20	49	0	8	34	0	24	30
1	20	24	1	29	51	1	23	33	0	22	3	2	3	0
1	14	48	1	23	12	1	17	36	0	19	36	1	26	0
1	23	12	2	3	10	1	26	31	0	23	16	2	6	30
1	17	36	1	26	31	1	20	34	0	20	49	1	29	30
0	19	36	0	23	16	0	20	49	0	8	34	0	24	30
1	26	0	2	6	30	1	29	30	0	24	30	2	10	0
0	16	48	0	19	57	0	17	51	0	7	21	0	21	0
0	28	0	1	3	15	0	29	45	0	10	15	1	5	0

[illegible]

ദശാനാഥന്മാരും വർഷവും*	അപഹാരനാഥന്മാർ	അപഹാരഭാഗം			സൂര്യാദിനവഗ്രഹങ്ങളുടെ ശേഷം അപഹാരങ്ങളിൽ വരുന്ന											
					സൂര്യൻ			ചന്ദ്രൻ			ചൊവ്വ			രാഹു		
		വർഷം	മാസം	ദിവസം	മാസം	ദിവസം	നാഴിക	മാസം	ദിവസം	നാഴിക	മാസം	ദിവസം	നാഴിക	മാസം	ദിവസം	നാഴിക
രാഹു—18	രാ	2	8	12	1	18	36	2	21	0	1	26	42	4	25	48
	ഗു	2	4	24	1	13	12	2	12	0	1	20	24	4	9	36
	ശ	2	10	6	1	21	18	2	25	30	1	29	51	5	3	54
	ബു	2	6	18	1	15	54	2	16	30	1	23	33	4	17	42
	കേ	1	0	18	0	18	54	1	1	30	0	22	3	1	26	42
	ശു	3	0	0	1	24	0	3	0	0	2	3	0	5	12	0
	സൂ	0	10	24	0	16	12	0	27	0	0	18	54	1	18	36
	ച	1	6	0	0	27	0	1	15	0	1	1	30	2	21	0
	കു	1	0	18	0	18	54	1	1	30	0	22	3	1	26	42
ഗുരു—16	ഗു	2	1	18	1	8	24	2	4	0	1	14	48	3	25	12
	ശ	2	6	12	1	15	36	2	16	0	1	23	12	4	16	48
	ബു	2	3	6	1	10	48	2	8	0	1	17	36	4	2	24
	കേ	2	11	6	0	16	48	0	28	0	1	19	36	1	20	24
	ശു	2	8	0	1	18	0	2	20	0	1	26	0	4	24	0
	സൂ	0	9	18	0	14	24	0	24	0	1	16	48	1	13	12
	ച	1	4	0	0	24	0	1	10	0	1	28	0	2	12	0
	കു	0	11	6	0	16	48	0	28	0	1	19	36	1	20	24
	രാ	2	4	24	1	13	12	2	12	0	1	20	24	4	9	36
ശനി—19	ശ	3	0	3	1	24	9	3	0	15	2	3	10''	5	12	27
	ബു	2	8	9	1	18	27	2	20	45	1	26	30''	4	25	21
	കേ	1	1	9	0	19	57	0	3	15	0	23	16''	1	29	51
	ശു	3	2	0	1	27	0	3	5	0	2	6	30	5	21	0
	സൂ	0	11	12	0	17	6	0	28	30	0	19	57	1	21	18
	ച	1	7	0	0	28	30	1	17	30	1	3	15	2	25	30
	കു	1	1	9	0	19	57	1	3	15	0	23	16''	1	29	51
	രാ	2	10	6	1	21	18	2	25	30	1	29	51	5	3	54
	ഗു	2	6	12	1	15	36	2	16	0	1	23	12	4	16	48

* അപഹാരത്തിന്റെ തൊട്ടുവരുന്ന കള്ളിയിലുള്ള ചിഹ്നങ്ങളിലെല്ലാംവിധം

ദ്രവ്യം			ശനി			ബുധൻ			കേതു			ശുക്രൻ		
രാശി	ഭാഗം	കല	രാശി	ഭാഗം	കല	രാശി	ഭാഗം	കല	രാശി	ഭാഗം	കല	രാശി	ഭാഗം	കല
4	9	36	5	3	54	4	17	42	1	26	42	5	12	0
3	25	12	4	16	48	4	2	24	1	20	24	4	24	0
4	16	48	5	12	27	4	25	21	1	29	51	5	21	0
4	2	24	4	25	21	4	10	3	1	23	33	5	3	0
1	22	24	1	29	51	1	23	33	0	22	3	2	3	0
4	24	0	5	21	0	5	3	0	2	3	0	6	0	0
1	13	12	1	21	18	1	15	54	0	18	59	1	24	0
2	12	0	2	25	30	2	16	30	1	1	30	3	0	0
1	20	24	1	29	51	1	23	33	0	22	3	2	3	0
3	12	24	4	1	36	3	18	48	1	14	48	4	8	0
4	1	36	4	24	24	4	9	12	1	23	12	5	2	0
3	18	48	4	9	12	3	25	36	1	17	36	4	16	0
1	14	48	1	23	12	1	17	36	0	19	36	1	26	0
4	8	0	5	2	0	4	16	0	1	26	0	5	10	0
1	8	24	1	15	36	1	10	48	0	16	48	1	18	0
2	4	0	2	26	0	2	8	0	0	28	0	2	20	0
1	14	48	1	23	12	1	17	36	0	19	36	1	26	0
3	25	12	4	16	48	4	2	24	1	20	24	4	24	0
4	24	24	5	21	28''	5	3	25''	2	3	10''	6	0	30
4	9	12	5	3	25''	4	17	26''	1	26	31''	5	11	30
1	23	12	2	3	10'	1	26	31''	0	23	16''	2	6	30
5	2	0	6	0	30	5	11	30	2	6	30	6	10	0
1	15	36	1	24	9	1	18	27	0	19	57	1	27	0
2	16	0	3	0	15	2	20	45	1	3	15	3	5	0
1	23	12	2	3	10'	1	26	31''	0	23	16''	2	6	30
4	16	48	5	12	27	4	25	21	1	29	51	5	21	0
4	1	36	4	24	24	4	8	12	1	23	12	5	2	0

[illegible]

ദശ	അപഹാരം	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
ബുധ—17	ബു	2	4	27	1	13	21	1	12	15	1	20	31"	4	10	3
	കേ	0	11	27	0	17	51	0	29	45	0	20	49	1	23	33
	ശു	2	10	0	1	21	0	2	25	0	1	29	30	5	3	0
	ര	0	10	6	0	15	18	0	25	30	0	17	51	1	15	54
	ച	1	5	0	0	25	30	1	14	30	0	29	45	2	20	30
	കു	0	11	27	0	17	51	0	29	45	0	20	49	1	23	33
	രാ	2	6	18	1	15	54	2	16	30	1	23	33	4	17	42
	ഗു	2	3	6	1	10	48	2	8	0	1	17	36	4	2	24
	ശ	2	8	9	1	18	27	2	30	45	1	26	31"	4	25	21
കേതു—7	കേ	0	4	27	0	7	21	0	12	15	0	8	34"	0	22	3
	ശു	1	2	0	0	21	0	1	5	0	0	24	30	2	3	0
	ര	0	4	6	0	6	18	0	10	30	0	7	21	0	18	54
	ച	0	7	0	0	10	30	0	17	30	0	12	15	1	1	30
	കു	0	4	27	0	7	21	0	12	15	0	8	34"	0	22	3
	രാ	1	0	18	0	18	54	1	1	30	0	22	3	1	26	42
	ഗു	0	11	6	0	16	48	0	28	0	0	19	36	1	20	24
	ശ	1	1	9	0	19	57	1	3	15	0	23	16"	1	29	51
	ബു	0	11	27	0	17	51	0	29	45	0	20	49	1	23	33
ശുക്ര—20	ശു	3	4	0	2	0	0	3	10	0	2	10	0	6	0	0
	ര	1	0	0	0	18	0	1	0	0	0	21	0	1	24	0
	ച	1	8	0	1	0	0	1	20	0	1	5	0	3	0	0
	കു	1	2	0	0	21	0	1	5	0	0	24	30	2	3	0
	രാ	3	0	0	1	24	0	3	0	0	2	3	0	5	12	0
	ഗു	2	8	0	1	18	0	2	20	0	1	26	0	4	24	0
	ശ	3	2	0	1	27	0	3	5	0	2	6	30	5	21	0
	ബു	2	10	0	1	21	0	2	25	0	1	29	30	5	3	0
	കേ	1	2	0	0	21	0	1	5	0	0	24	30	2	3	0

* [illegible]

[illegible]

[illegible]

[illegible]			[illegible]			[illegible]			[illegible]			[illegible]		
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
3	25	36	4	17	16′	4	2	49″	1	20	34′	4	24	30
1	17	36	1	26	31′	1	20	34″	0	20	49′	0	29	30
4	16	0	5	11	30	4	24	30	1	29	30	5	20	0
1	10	48	1	18	27	1	13	21	0	17	51	1	21	0
2	8	0	2	20	45	2	12	15	0	29	45	2	25	0
1	17	36	1	26	31″	1	20	34′	0	20	49′	1	29	30
4	2	24	4	25	21	4	10	3	1	23	33	5	3	0
3	18	48	4	9	12	3	25	36	1	17	36	4	16	0
4	9	12	5	3	25	4	17	16″	1	26	31″	5	11	30
0	19	36	0	23	16′	0	20	49′	0	8	34″	0	24	30
1	26	0	2	6	30	1	29	30	0	24	30	2	10	0
0	16	48	0	19	57	0	17	51	0	7	21	0	21	0
0	24	0	1	3	15	0	29	45	0	12	15	1	5	0
0	19	36	0	23	16′	0	29	49′	0	8	34	0	24	30
1	20	24	1	29	51	1	23	33	0	22	3	2	3	0
1	14	48	1	23	12	1	17	36	0	19	36	1	26	0
1	23	12	2	3	10″	1	26	31″	0	23	16′	2	6	30
1	17	36	1	26	31″	1	20	34″	0	20	49″	1	29	30
5	10	0	6	10	0	5	20	0	2	10	0	6	20	0
1	18	0	1	27	0	1	21	0	0	21	0	2	0	0
2	20	0	3	5	0	2	25	0	1	5	0	3	10	0
1	26	0	2	6	30	1	29	30	0	24	30	2	10	0
4	24	0	5	21	0	5	3	0	2	3	0	6	0	0
4	8	0	5	2	0	4	16	0	1	26	0	5	10	0
5	2	0	6	0	30	5	11	30	2	6	30	6	10	0
4	16	0	5	11	30	4	24	30	1	29	30	5	20	0
1	26	0	2	6	30	1	29	30	0	24	30	2	10	0

[illegible]

ആരൂഢലഗ്നം

ലഗ്നാധിപൻ ലഗ്നത്തിൽനിന്നു എത്രാമത്തെ രാശിയിൽ നില്ക്കുന്നുവോ അതുമുതൽ അത്രാമത്തെ രാശി ആകുന്നു ആരൂഢലഗ്നം. ആരൂഢലഗ്നത്തിൽ സ്ഥിതിചെയ്യുന്ന ഗ്രഹങ്ങളുടെ ദശാപഹാരങ്ങളിൽ സ്ഥാനപ്രാപ്തി, വിദ്യാവിജയാദികൾ, മനസ്സന്തോഷം, ഇഷ്ടാർത്ഥപ്രാപ്ത്യാദികൾ മുതലായ ഗുണാനുഭവങ്ങൾ കിട്ടുമെന്നു അറിഞ്ഞുകൊൾക.

കണ്ടകശ്ശനി അറിയുന്നതിന്ന്.

അവരവർ ജനിച്ച നക്ഷത്രംകൊണ്ടു കൂറ് അറിയണം. പിന്നീട് ആ കൂറിന്റെ നാലാം രാശിയിലോ ഏഴാംരാശിയിലോ പത്താംരാശിയിലോ ശനി സഞ്ചരിക്കുന്നുണ്ടോ എന്നു നോക്കുക. മേൽ വിവരിക്കപ്പെട്ട രാശികളിൽ ഏതെങ്കിലും ഒന്നിൽ ശനി നിന്നാൽ ആ രാശി വിട്ടുപോകുന്ന കാലംവരെ ആ ജാതകന്നു കണ്ടകശ്ശനി ഉണ്ടെന്നു പറയേണ്ടതാകുന്നു.

ഉദാ—അശ്വതിക്കാരും മേടക്കൂറുകാരായാൽ മേടം തൊട്ട് നാലാമത്തെ രാശിയായ കർക്കടകം രാശിയിൽ ചാരവശാൽ ശനി സഞ്ചരിക്കുന്ന കാലം കണ്ടകശ്ശനിയാകുന്നു എന്നു അറിഞ്ഞുകൊള്ളേണ്ടതാണ്.

നാലിൽ ശനി സഞ്ചരിക്കുന്ന കാലത്തു കുടുംബസംബന്ധമായ ഛിദ്രങ്ങളും, ധനനഷ്ടങ്ങളും, രോഗപീഡയും, മനഃസൌഖ്യക്കുറവും, സല്ക്കീർത്തിനഷ്ടവും മാതാവിനു രോഗാദ്യനർത്ഥങ്ങളും ഉദ്യോഗസ്ഥാനത്തിൽ കുഴപ്പവും മറ്റും ഉണ്ടാകുന്നതാണ്.

ഏഴിൽ സഞ്ചരിക്കുന്ന കാലം ഭാര്യാവിരഹവും സ്വജനവിരോധവും ദാരിദ്ര്യാപവാദവും സ്ഥാനനഷ്ടവും ബന്ധുക്കളുമായും രാജകീയകോപവും മനോവ്യഥയും ഉണ്ടാവായ്കയും ഭൂമിനഷ്ടവും മറ്റും ഉണ്ടാകുന്നതാകുന്നു.

൧൦-ൽ സഞ്ചരിക്കുന്നകാലം പ്രവൃത്തിമുടക്കങ്ങളും അനുഭവിച്ചുണ്ടാകാവുന്ന പലതരം നഷ്ടങ്ങളും സ്ഥാനഭ്രംശവും ആഹാരനിദ്രാദികൾക്കു ഭംഗവും കളത്രവൈരസ്യവും മറ്റും ഉണ്ടാകുന്നതാണു്.

ഏഴരശ്ശനി

അവനവന്റെ ജനിച്ചകൂറിലും അതിന്റെ ൧൨-ാം രാശിയിലും ൨-ാം രാശിയിലും ശനി ചാരവശാൽ സഞ്ചരിക്കുന്ന ഏഴരവർഷവും ഏഴരശ്ശനികാലമാകുന്നു. ഇനിയ് ജനിച്ചകൂറിൽ ശനി സഞ്ചരിക്കുമ്പോൾ ആ ജാതകന്നു ജന്മശ്ശനിയും കണ്ടകശ്ശനിയും ഒന്നായിബാധിക്കും. ആ കാലം വളരെ കഷ്ടമാണെന്നു അറിഞ്ഞുകൊള്ളണം.

ഏഴരശ്ശനിഫലങ്ങൾ

ഏഴരശ്ശനിയുടെ കാലത്തു താൻ അറിയാത്തതായ പലവിഷമങ്ങളും വന്നുചേർന്നു മനസ്സിനു വളരെ വേദനയെ ഉണ്ടാക്കുന്നതാണു്. പുറമെ സ്ഥാനം വിട്ടുമാറുകയും പ്രവൃത്തികൾക്കു ഉദാസീനത വന്നിട്ടു മേലധികാരികളുടെ അതൃപ്തിയുണ്ടായി തന്മൂലം, ഗൃഹത്തിൽ താമസിക്കുന്ന സ്വജനങ്ങൾക്കു രോഗാദ്യനർത്ഥങ്ങൾ വിട്ടു് ഗൃഹൈശ്വര്യക്കുറവും, വലിച്ച ചിലവുകൾ ഉണ്ടായി ധനകഷ്ടനഷ്ടതയും ഗൃഹച്ഛിദ്രങ്ങളാൽ പലവിധമായ മനോവേദനയും, കളത്രപുത്രാദിനാശവും മറ്റനർത്ഥങ്ങളും ഉണ്ടാകുന്നതാണു്. ഇതേകാലത്തിൽ വ്യാഴം ചാരവശാൽ ൩, ൬, ൮, ൧൨ ഈ ഭാവങ്ങളിൽ സഞ്ചരിക്കുന്ന കാലവും കഷ്ടങ്ങളാണെന്നു അറിയേണ്ടതാണു്.

ഗ്രഹങ്ങളുടെ ബലം.

ഉച്ചരാശിയിൽനില്ക്കുന്ന ഗ്രഹങ്ങൾക്കു പൂർണ്ണബലവും, മൂലത്രികോണത്തിൽ മുക്കാൽബലവും, സ്വക്ഷേത്രത്തിൽ പകുതിബലവും, ബന്ധുക്ഷേത്രത്തിൽ കാൽബലവും, സമക്ഷേത്രത്തിൽ അഷ്ടാംശബലവും, ശത്രുക്ഷേത്രത്തിൽ

എന്നാൽ പ്രമാണവും, നീചം മൗഢ്യം ഇവകൾക്കു ബലമി ല്ലെന്നും അറിഞ്ഞുകൊൾക.

ഗ്രഹബലാബലികം.

സ്വക്ഷേത്രത്തിലും മിത്രക്ഷേത്രത്തിലും നില്ക്കുന്ന ഗ്രഹങ്ങൾക്കു ബലം ഉണ്ട്. മൂലത്രികോണരാശിയിൽ നില്ക്കുന്നവർക്കു കുറെ അധികം, ഉച്ചക്ഷേത്രത്തിൽ നില്ക്കുന്നവർക്കു കാലാവധിയും. ശത്രുക്ഷേത്രത്തിൽ നില്ക്കുന്നവർക്കും മൗഢ്യമുള്ളവർക്കും ദുർബലന്മാരും. നീചരാശിയിൽ നില്ക്കുന്നവർക്കു ഒട്ടും ഇല്ലാത്തതും ആകുന്നു. ഗ്രഹങ്ങൾക്കു ദിഗ്ബലം സ്ഥാനബലം നിസ്സർഗ്ഗബലം ചേഷ്ടാബലം ഉച്ചബലം കാലബലം ഇങ്ങനെ ആറുവിധം ബലമുള്ളതു.

ദിഗ്ബലം — ബുധനും ഗുരുവിനും ലഗ്നത്തിലും, ചന്ദ്രനും ശുക്രനും നാലാമിടത്തും, ശനിക്കു ഏഴാമിടത്തും, സൂര്യനും കുജനും പത്താമിടത്തും ദിഗ്ബലമുണ്ട്.

സ്ഥാനബലം — ഗ്രഹങ്ങൾക്കു ഉച്ചത്തിലും സ്വക്ഷേത്രത്തിലും ഷഡ്വർഗ്ഗങ്ങളിലും ഇരിക്കുമെങ്കിൽ സ്ഥാനബലമുണ്ട്.

നിസ്സർഗ്ഗബലം — ശനി, കുജൻ, ബുധൻ, ഗുരു, ശുക്രൻ, ചന്ദ്രൻ, സൂര്യൻ ഇവരിൽ ക്രമത്തിനു ഒരു ഗ്രഹത്തെക്കാൾ മറ്റേ ഗ്രഹം ശ്രേഷ്ഠമാകുന്നു.

ചേഷ്ടാബലം — മകരംമുതൽ ആറു മാസക്കാലം സൂര്യൻ വടക്കോട്ടു ചരിക്കുന്നതിനാൽ ഉത്തരായണമെന്നും ആ സമയം സൂര്യൻ ബലവാനാണെന്നും ചന്ദ്രൻ വെളുത്തപക്ഷത്തിലും മറ്റു ഗ്രഹങ്ങൾക്കു വക്രഗതിയിലും അധികം രശ്മിയോടുകൂടിയ ഗ്രഹത്തിനും ചേഷ്ടാബലം ഉണ്ടാകുന്നതുമാകുന്നു.

ഉച്ചബലം:— ഉച്ചത്തിൽ പൂർണ്ണബലം. മൂലത്രികോണത്തിൽ മുക്കാൽബലം. സ്വക്ഷേത്രത്തിൽ പകുതിബലം. മി

ത്രക്ഷേത്രത്തിൽ കാൽബലം. ശത്രുക്ഷേത്രത്തിൽ അ ൎദ്ധബലം.

കാലബലം — ചൊവ്വാ, ചന്ദ്രൻ, ശനി ഇവർ രാത്രിയിലും മറ്റുള്ളവർ പകലും ബലവാന്മാരാകുന്നു. ബുധൻ എല്ലാ പ്പോഴും ബലവാനാകുന്നു. ശുക്ലപക്ഷത്തിൽ ശുഭ ഗ്രഹങ്ങളും കൃഷ്ണപക്ഷത്തിൽ പാപഗ്രഹങ്ങളും ബലവത്തു്. ചന്ദ്രന്, കറുത്ത പതിനാലാം, വാവും [illegible] ബലം കുറയുമെന്നും.

ലഗ്നബലമറിവാൻ.

ലഗ്നത്തിനു ലഗ്നാധിപദൃഷ്ടിയും ലഗ്നാധിപയോഗവും ഗുരുദൃഷ്ടിയും ഗുരുയോഗവും, ബുധദൃഷ്ടിയും ബുധയോഗവും ബലാധിക്യകരമാകുന്നു. ലഗ്നാധിപൻ മുതലായ മേൽപ റഞ്ഞ ഗ്രഹങ്ങളിൽനിന്നു അന്യന്മാരായിരിക്കുന്ന ഗ്രഹങ്ങ ളുടെ ദൃഷ്ടിയും യോഗവും ലഗ്നത്തിനു ബലഹാനികരങ്ങ ളാകുന്നു.

ഭാവങ്ങളെ വിചിന്തനക്രമം

ഒന്നാംഭാവം — ലഗ്നം	ഏഴാംഭാവം — കളത്രം.
രണ്ടാംഭാവം — കുടുംബം.	എട്ടാംഭാവം — ആയുസ്സ്.
മൂന്നാംഭാവം — സഹോദരൻ.	ഒമ്പതാംഭാവം — ഭാഗ്യം.
നാലാംഭാവം — മാതാവു്.	പത്താംഭാവം — പ്രവൃത്തി.
അഞ്ചാംഭാവം — പുത്രൻ.	പതിനൊന്നാംഭാവം — ലാഭം.
ആറാംഭാവം — രോഗം	പന്ത്രണ്ടാംഭാവം — വ്യയം.

ഭാവചിന്താവിധിക്രമം.

യോ യോ ഭാവഃ സ്വാമിദൃഷ്ടോ യുതോ വാ
സൌമ്യൈൎവ്വാ സ്യാത്തസ്യ തസ്യാസ്തി വൃദ്ധിഃ
പാപൈരേവം തസ്യ ഭാവസ്യ ഹാനി-
ൎന്നിൎദ്ദേഷ്ടവ്യാ പൃച്ഛതാം ജന്മതോ വാ.

ലഗ്നംമുതൽ ഏതേതു ഭാവത്തെയാണോ ചിന്തിക്കു ന്നതു് അതാതു ഭാവത്തിനു ഭാവാധിപന്റെ ദൃഷ്ടി, ഭാവാ

ധിപന്റെ യോഗം, സൌമ്യദൃഷ്ടി, ശുഭമിത്രയോഗം ഇവ കൾ ഭാവത്തിന്റെ അഭിവൃദ്ധിയും [illegible] പാപദൃഷ്ടി പാപയോഗം ഇവകൾ ഭാവത്തിന്റെ ഹാനിയുമാണു്. ഇതു് പ്രശ്നത്തിനും ജാതകത്തിനും സാധാരണമാണു്.

ഷഷ്ഠം ചാഷ്ടമവ്യയമേവ മുനയോ ഭാവാനനിഷ്ടാൻ വദ-
ന്ത്യന്യാനപി താൻ [illegible] യോഗവശാൽ സ്വയം
[illegible]
[illegible]

ആ, വ്യ, ഷ ഈ ഭാവങ്ങൾ അനിഷ്ടങ്ങളാകുന്നു. ഈ മൂന്നു അനിഷ്ടസ്ഥാനാധിപന്മാരെയും യോഗദൃഷ്ട്യാദികൾ ഏതു ഭാവാധിപനു് ഉണ്ടോ ആ ഭാവങ്ങൾ, ഏതെങ്കിലും ഗ്രഹങ്ങൾ അതുകൾ, മേൽപറഞ്ഞ മൂന്നു സ്ഥാനങ്ങളിൽ ഏതെങ്കിലുമായി ചേർന്നു നില്ക്കുന്നുവോ ആ ഭാവങ്ങൾക്കു ഫലം ഉണ്ടാകുന്നതല്ല ഉണ്ടായാൽതന്നെ നശിച്ചും അനേകദോഷങ്ങളോടുകൂടിയും ആയിത്തീരുന്നതാണു്. മേല്പറഞ്ഞ മൂന്നു അനിഷ്ടസ്ഥാനങ്ങളിൽ വച്ചു് എട്ടാംഭാവം അനിഷ്ടപ്രദമാണു്

[illegible]
[illegible]
[illegible]
[illegible]

ലഗ്നാധിപൻ ബലവാനായിരുന്നാലും [illegible] ഭാവത്തിനു ദോഷംതന്നെ ഉണ്ടാകുമെന്നു പറയണം. ലഗ്നാധിപനു രന്ധ്രാധിപത്യം കൂടിയുണ്ടെന്നാലും ലഗ്നാധിപത്യഫലമല്ലാതെ രന്ധ്രാധിപത്യഫലം അനുഭവിക്കുന്നതല്ല.

ഉദാ:— ലഗ്നാധിപത്യത്തോടുകൂടിയ ചൊവ്വാ അഞ്ചാം ഭാവമായ ചിങ്ങത്തിലോ [illegible]ത്തിലോ നിന്നാൽ പുത്രന്മാർ ഉണ്ടാവുകയില്ലാത്ത വൃ, ത് ഈ സ്ഥാനങ്ങളുടെ നാഥനാം

പാപിയുമായ ചൊവ്വാ അഞ്ചാംഭാവത്തിൽ നിന്നാലുംകൊണ്ടു
സന്താനങ്ങൾ ഉണ്ടാവുകയില്ലെന്നു പറഞ്ഞുകൂടാ. ആ ചൊവ്വാ
യെ ശുഭന്മാർ നോക്കുന്നു എങ്കിൽ ഏറ്റവും വേഗത്തിൽ
പുത്രന്മാർ ഉണ്ടാകും എന്നുതന്നെ പറയേണം.

ത്രിസ്ഥാനാധിപതിഃ പഞ്ചമസ്ഥോ യദി ചേൽ
  മുഖ്യം ത്രികോണർക്ഷജം
തസ്യൈവം സംഗ്രഹേത പൂർവ്വമുദിതം
  ഫലത്രികോണേന വദേൽ
പാപേ നീചാരിഗൃഹാന്തരസ്ഥിതേ
  ശുഭേ ഗ്രഹേ ശുഭം
തേഷാമന്യത്ര സന്ധി ഫലങ്ങൾ ഭാവഫലം
  ശോഭനാനി കേചിദന്വാഹു

ഒരു ഗ്രഹത്തിനു രണ്ടു ഭാവാധിപത്യം വന്നാൽ മൂലത്രി
കോണാധിപത്യമുള്ള ഭാവത്തിന്റെ ഫലം മുൻപേ മുഖ്യ
മായും ക്ഷേത്രാധിപത്യം മാത്രമുള്ള ഭാവത്തിന്റെ ഫലം
രണ്ടാമത്തു അപ്രധാനമായും അനുഭവിക്കും. ആ ഗ്രഹം
ഓജരാശിയിൽ ഇരിക്കുന്നു എങ്കിൽ ഓജഭാവഫലം മു
ഖ്യമായും യുഗ്മരാശിയിൽ ഇരിക്കുന്നു എങ്കിൽ യുഗ്മഭാവ
ഫലം മുഖ്യമായും അനുഭവിക്കുമെന്നാണു വിദ്വാന്മാരുടെ
അഭിപ്രായം.

ദുഃസ്ഥാനപസ്സ്വർക്ഷഗതോ ഗ്രഹാന്തരസ്ഥിതശ്ചേൽ
സ്വക്ഷേത്രഭാവഫലമേവ കരോതി നാന്യം
മന്ദോ ഗുരോ സുതഗൃഹേ യദി പുത്രസിദ്ധിഃ
ഷഷ്ഠാധിപത്യകൃതദോഷഫലം ന ചാത്ര.

ദുഃസ്ഥാനാധിപതി അതിന്റെ മറ്റേ രാശിയായ
സ്വക്ഷേത്രത്തിൽ ഇരിക്കുമ്പോൾ ക്ഷേത്രഭാവത്തിന്റെ
ഫലമല്ലാതെ മറ്റു ദുഃസ്ഥാനത്തിന്റെ ഫലം ഉണ്ടാകുന്നത
ല്ല. ആറാംഭാവാധിപത്യമുള്ള ശനി അഞ്ചാംഭാവമായ
മകരത്തിൽ നിന്നാൽ പുത്രസിദ്ധിയല്ലാതെ ആറാംഭാവാധി

പാപദൃഷ്ടികൊണ്ട് ഒരിക്കലും സന്താനനാശം ഉണ്ടാവു
കയില്ല.

[illegible]
[illegible]
[illegible]
[illegible].

[illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible].

[illegible] കാരകന്മാർ ബല
വാന്മാരായിട്ട് [illegible] കേന്ദ്രം ത്രികോണം മു
തലായ ഇഷ്ടസ്ഥാനങ്ങളിലാണ നില്ക്കുന്നതെങ്കിൽ ആ ഭാ
വഫലം തികച്ചും ഉണ്ടാവുകയും [illegible]മാവുകയും
ചെയ്യുമെന്ന സിദ്ധാന്തമാണ്. ഈ ഗ്രഹങ്ങൾതന്നെ ബല
ഹീനന്മാരായിട്ട് [illegible] ഭാവത്തിലാണ നില്ക്കു
ന്നതെങ്കിൽ ആ ഭാവഫലം തന്നെ ഉണ്ടാവുകയുമില്ല.
[illegible] കഥ പിന്നെ പറയേണ്ടതുമില്ലല്ലോ.

കോണാധീശൈ [illegible] കേന്ദ്രപോ വാ
കോണസ്ഥശ്ച [illegible] യോഗപ്രദ [illegible]

[illegible]
[illegible]

ത്രികോണാധിപന്മാർ കേന്ദ്രസ്ഥാനങ്ങളിൽ നില്ക്കുന്ന [illegible] കേന്ദ്രാധിപന്മാർ ത്രികോണങ്ങളിൽ നില്ക്കുന്നവർ [illegible] [illegible]

[illegible]
[illegible]
[illegible]
[illegible]

[illegible] കേന്ദ്രാധിപന്മാരും ത്രികോണാധിപന്മാരും [illegible] [illegible] ത്രികോണാധിപന്മാർ [illegible] യോഗഫലത്തെ [illegible] [illegible] യോഗഫലം ഉണ്ടാകുമെന്ന താല്പര്യം.

സ്വാമിത്വാം ത്രികോണഭാ
[illegible] കേന്ദ്രപതേ [illegible]
[illegible] തഥാ [illegible]
[illegible] പാപഭൃത്

ത്രികോണാധിപന്മാരുടെ യോഗത്തിൽ കേന്ദ്രാധിപന്മാരുടെ [illegible] ശുഭഫലത്തെ ചെയ്യും. അതുപോലെ തന്നെ കേന്ദ്രാധിപന്റെ [illegible] ത്രികോണാധിപന്റെ [illegible] ശുഭഫലത്തെ ചെയ്യും. ഇവർ [illegible] ഇരിക്കയാണെങ്കിൽ പാപഫലത്തെ ചെയ്യും.

[illegible]

[illegible] [illegible] പറഞ്ഞുവല്ലോ. [illegible]

അഷ്ടമാധിപൻ ആദിത്യനോ ചന്ദ്രനോ ആണെങ്കിൽ ഈ ദോഷം വരികയില്ല.

ധനുലഗ്നത്തിന് ചന്ദ്രനും മകരലഗ്നത്തിന് ആദിത്യനും അഷ്ടമാധിപനായിരിക്കും.

> യദ്ഭാവഗതൌ വാപി യദ്ഭാവേശസംയുതൌ
> തത്തത്ഫലാനി പ്രബലൌ പ്രദിശേതാം തമോഗ്രഹൌ

രാഹുകേതുക്കൾ ഏതു ഭാവത്തിൽ നിൽക്കുന്നുവോ ആ ഭാവത്തിന്റെ ആധിപത്യം നൽകുന്ന ഫലത്തെ രാഹുകേതുക്കളും നൽകും. പുറമെ ഏതു ഗ്രഹങ്ങളോടുകൂടെ ഏതെങ്കിലും രാശിയിൽ നിൽക്കുന്നുവോ ആ ഗ്രഹങ്ങൾ നൽകുന്ന ഫലവും കൊടുക്കുന്നതാണ്.

വിശേഷക്കുറിപ്പ്.

ചന്ദ്രൻ, ബുധൻ, വ്യാഴം, ശുക്രൻ എന്നിവർ കേന്ദ്രാധിപന്മാരായിത്തീർന്നാൽ ശുഭഫലത്തെ കൊടുക്കുന്നതല്ല. പാപഗ്രഹങ്ങളായ ആദിത്യൻ, ചൊവ്വ, ശനി ഇവർ കേന്ദ്രാധിപതികളായിത്തീർന്നാൽ ശുഭഫലത്തെ കൊടുക്കുന്നതുമാകുന്നു. അഷ്ടമാധിപൻ ഉച്ചസ്ഥനോ സ്വക്ഷേത്രസ്ഥനോ ആണെങ്കിലും ലഗ്നാധിപൻ ബലവാനാണെന്നു വരികിൽ ശുഭഫലപ്രദനായി ഭവിക്കുമെന്നും കാണുന്നുണ്ട്. മാരകസ്ഥാനങ്ങളായ രണ്ടിലും ഏഴിലും നില്ക്കുന്ന ഗ്രഹങ്ങളുടെ ദശാകാലങ്ങളിൽ മരിപ്പിക്കുന്നവരാണെന്ന് പ്രമാണം ഘോഷിക്കുന്നു. ഗുരുവോ, ശുക്രനോ മേൽ വിവരിച്ചപ്രകാരം നിൽക്കുകയാണെങ്കിൽ അവരുടെ മാരകത്വത്തിന് ബലം കൂടുന്നതാണ്. കേന്ദ്രാധിപതിയും ത്രികോണാധിപതിയും തമ്മിൽ സംബന്ധം ഉണ്ടായിരിക്കുകയും ഭാവാധിപന്മാരുടെ സംബന്ധം ഇല്ലാതിരിക്കുകയും ചെയ്താൽ വിശേഷഗുണത്തെ നൽകുന്നതാണ്. രാഹുകേതുക്കൾ ലഗ്നം ൪-൭-൧൦ എന്നീ കേന്ദ്രസ്ഥാനങ്ങളിൽ ഉൾപ്പെട്ട ഏതെങ്കിലും ഒരു രാശിയിൽ നില്ക്കുകയും ഒരു ത്രികോണാധിപതിയോടോ കേന്ദ്രാധിപതിയോടോ സംബന്ധം

കൈക്കൊള്ളുകയും ചെയ്താൽ യോഗകാരകന്മാരായിത്തീ
രുന്നതാകുന്നു. കേന്ദ്രസ്ഥാനത്തിൽ സ്ഥിതിചെയ്താൽ കേ
ന്ദ്രാധിപതിയോടും ത്രികോണസ്ഥാനത്തിൽ സ്ഥിതിചെ
യ്താൽ ത്രികോണാധിപതിയോടും ശുക്രനു സംബന്ധത്തെ കൈ
ക്കൊള്ളുന്നു്.

മേഷം മുതലായ ഓരോ ലഗ്നത്തിനും ഇന്ന ഗ്രഹങ്ങൾ
ശുഭന്മാർ, ഇന്ന ഗ്രഹങ്ങൾ പാപന്മാർ, ഇന്ന ഗ്രഹങ്ങൾ
മാരകന്മാർ എന്നുള്ളതിനെയാണു് ഇനി പറയുന്നതു്.

മേടലഗ്നത്തിനു്

ശനി ബുധൻ ശുക്രൻ എന്നിവർ പാപന്മാരും വ്യാ
ഴം ആദിത്യൻ എന്നിവർ ശുഭന്മാരും ആകുന്നു. മാരക
ലക്ഷണങ്ങളോടുകൂടിയ ശുക്രൻ സർവ്വോപരി മാരകനായും
ഭവിക്കും.

ഇടവലഗ്നത്തിനു്

വ്യാഴൻ ശുക്രൻ ചന്ദ്രൻ എന്നിവർ പാപന്മാരും ശ
നി ആദിത്യൻ എന്നിവർ ശുഭന്മാരും ആകുന്നു. പാപ
ന്മാരായ വ്യാഴപ്രഭൃതികൾ മാരകലക്ഷണമുള്ളവരായി ഭവി
ച്ചാൽ ഹനിക്കുകയും ചെയ്യും.

മിഥുനലഗ്നത്തിനു്

ചൊവ്വാ വ്യാഴൻ ആദിത്യൻ ബുധൻ എന്നിവർ അ
ശുഭന്മാരും ശുക്രൻ ശുഭനുമാകുന്നു.

മാരകലക്ഷണങ്ങളോടുകൂടിയ ചൊവ്വാ വ്യാഴൻ ആദി
ത്യൻ ബുധൻ ഇവർ മരിപ്പിക്കുന്നതിനു സമർത്ഥന്മാരായും
ഭവിക്കും.

കർക്കടകലഗ്നത്തിനു്

കേന്ദ്രത്തിന്റെയും ൪-ം ൧൧-ം സ്ഥാനത്തിന്റെയും ആധി
പത്യമുള്ള ശുക്രനു പാപത്വം ഉണ്ടാകയും ചൊവ്വയ്ക്കും വ്യാ
ഴത്തിനും ശുഭത്വം കൂടിയിരിക്കയും ചെയ്യുന്നതാണു്.

ചിങ്ങലഗ്നത്തിന്

[illegible] ശുക്രനും [illegible] ബുധൻ [illegible] പാപന്മാർ. [illegible] കൊണ്ടു [illegible] ചൊവ്വ [illegible] ശുക്രൻ [illegible] ബുധൻ മുതലായവർ മാരകന്മാരായും ഭവിക്കുന്നതാകുന്നു.

കന്നിലഗ്നത്തിന്

ചൊവ്വാ വ്യാഴം ചന്ദ്രൻ എന്നിവർ പാപന്മാരും, ശുക്രൻ ശുഭനും, ശുക്രനും ബുധനും യോഗകാരകന്മാരും, മാരകന്മാരായ ചൊവ്വാ മുതലായ മറ്റു പാപന്മാർ മാരകന്മാരുമാകുന്നു.

തുലാലഗ്നത്തിന്

ശനി ബുധൻ വ്യാഴം ആദിത്യൻ ചൊവ്വാ എന്നിവർ പാപന്മാരും ചന്ദ്രനും ബുധനും രാജയോഗത്തെ കൊടുക്കുന്നവരും മാരകലക്ഷണമുള്ള വ്യാഴൻ മുതലായവർ കൊല്ലിക്കുന്നവരും [illegible] ഭവിക്കും.

വൃശ്ചികലഗ്നത്തിന്

ബുധൻ ചൊവ്വാ ശുക്രൻ എന്നിവർ പാപന്മാരും, ചന്ദ്രൻ ശുഭനും, ബുധൻ മുതലായ പാപന്മാർ മാരകന്മാരായും ഭവിക്കും.

ധനുലഗ്നത്തിന്

ശുക്രൻ പാപനും ചൊവ്വായും ആദിത്യനും ശുഭന്മാരും ശനി ശുക്രൻ ഇവർ മാരകന്മാരുമാകുന്നു. ആദിത്യനും ബുധനും സംബന്ധമുണ്ടെങ്കിൽ യോഗത്തെയും കൊടുക്കുമെന്നതു്.

മകരലഗ്നത്തിന്

ചൊവ്വാ വ്യാഴം ചന്ദ്രൻ ഇവർ പാപന്മാരും ശുക്രനും ബുധനും ശുഭന്മാരാകുന്നു. കുജാദികളായ പാപന്മാർ മാരകലക്ഷണമുണ്ടെങ്കിൽ കൊല്ലിക്കുന്നവരായും ഭവി

ക്കം. ശുക്രൻ ബുധനോടുചേന്നാൽ യോഗത്തെയും കൊടുക്കുന്നതാണ്.

കുംഭലഗ്നത്തിന്

ശുക്രൻ ശുഭനും വ്യാഴൻ ചന്ദ്രൻ ചൊവ്വും ഇവർ പാപന്മാരും മാരകലക്ഷണങ്ങളോടുകൂടിയ ചന്ദ്രൻ മുതലായ മററു പാപന്മാർ മാരകന്മാരുമാകുന്നു. ചൊവ്വും ശുക്രൻ ഇവർ യോഗകാരകന്മാരുമാകുന്നു.

മീനലഗ്നത്തിന്

ശനി ശുക്രൻ ആദിത്യൻ ബുധൻ ഇവർ പാപന്മാരും ചൊവ്വായും ചന്ദ്രനും ശുഭന്മാരും ശനി മുതലായ പാപന്മാർ മാരകന്മാരുമാകുന്നു. ചൊവ്വായും വ്യാഴവും തമ്മിൽ സംബന്ധമുണ്ടെങ്കിൽ യോഗകാരകന്മാരായും ഭവിക്കും.

കേന്ദ്രത്രികോണാധിപയോ-
രൈക്യേന യോഗകാരകൌ
അന്യത്രികോണപതിനാ
സംബന്ധോ യദി കിം പുനഃ

കേന്ദ്രാധിപനും ത്രികോണാധിപനും ഒരു ഗ്രഹമായാൽ യോഗകാരകനാകും. അതിനാൽ വേറെ ഒരു ത്രികോണാധിപനുമായി സംബന്ധംകൂടി ഉണ്ടായിരുന്നാൽ ബലാധിക്യമുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല.

സൂര്യാദിഗ്രഹങ്ങളുടെ ഓരോ ദശയിലും അപഹാരത്തിലും സംഭവിക്കാവുന്ന ഗുണദോഷങ്ങളെപ്പററി അടിയിൽ വിവരിക്കപ്പെടുന്നു

ദശാഫലങ്ങൾ.

അഥ തരണിദശായാം ക്ഷത്ത്രൃത്രപാടനാദ്യൈ-
ർദ്ധനമവചതുഷ്പാൽപീഡനം നേത്രതാപം
ഉദരദശനരോഗം പുത്രദാരാർത്തിരുഗ്ഭിർ-
ഗുരുജനപിതൃനാശോ ഭൃത്യഗോചിതഹാനിഃ

സൂൎയ്യദശയിൽ ക്രൂരപ്രവൃത്തിനിമിത്തവും രാജാവുനിമിത്തവും സഞ്ചാരംനിമിത്തവും ധനലാഭവും, അഗ്നി, പശു, വൃഷഭാദികൾ ഇവകളിൽ ഭയവും, നേത്രരോഗവും ഉദരരോഗവും ജ്വരരോഗവും, പുത്രഭാൎയ്യാദികൾക്കു രോഗാദിദുഃഖവും, ഗുരുജനങ്ങൾക്കും ബന്ധുക്കന്മാൎക്കും ഭൃത്യാദികൾക്കും പശുപാദിജന്തുക്കൾക്കും ധനത്തിനും നാശവും ഫലമാകുന്നു.

ചന്ദ്രദശാഫലം.

ഹിമകിരണദശായാം മന്ത്രദേവദ്വിജാപ്തിർ-
യുവതിജനവിഭൂതിഃ സ്ത്രീധനക്ഷേത്രസിദ്ധിഃ
കുസുമവസനരത്നസ്രഗ്ഗന്ധപാനാന്നധനാഢ്യം
ഭവതി ബലവിരോധേ ചാൎത്ഥഹാ വാതരോഗീ.

ചന്ദ്രദശയിൽ മന്ത്രോപാസനം, ദേവഭജനം, ബ്രാഹ്മണസമ്പത്ത്, സ്ത്രീകളിൽനിന്നു ധനലാഭം, ഭാൎയ്യാലാഭം, ധാന്യലാഭം, ഭൂമിലാഭം, സുഗന്ധദ്രവ്യപ്രാപ്തി, വസ്ത്രാഭരണാദിസിദ്ധി, ധനസമൃദ്ധി ഇവയും ചന്ദ്രൻ ബലഹീനനാണെങ്കിൽ ധനനാശവും വാതരോഗവും ഫലമാകുന്നു.

കുജദശാഫലം.

പാകേ ഭൂമിസുതസ്യ ഭൂപഹൃതഭൂഗ്ഭൂപാവകാദ്യൈർധനം
ഭൈഷജ്യാന്യവധാഭിചാരവിവിധൈഃ ക്രൂരൈശ്ച ധനസ്യാഗമഃ
പിത്താസൃഗ്ജ്വരപീഡനന്ത്വതിതരം നീചാംഗനാസേവനം
വിദ്വേഷം സുതദാരബന്ധുഗുരുഭിർദ്ദൂർണ്ണകൎമ്മം വിദുഃ

കുജദശയിൽ രാജാവ്, അഗ്നിപ്രയോഗം, രാജ്യകാൎയ്യമായ യുദ്ധം, സാഹസപ്രവൃത്തി, ചികിത്സ, വഞ്ചനം ഇങ്ങനെ പലവിനങ്ങളിൽനിന്ന് ധനലാഭവും പിത്തസംബന്ധമായ രോഗവും, രക്തദോഷവും ജ്വരവും നീചസ്ത്രീസഹവാസവും ഭാൎയ്യാപുത്രാദികളുമായി വിരോധവും ദ്വേഷിക്കണവും ഫലം.

രാഹുദശാഫലം.

സൌഭാഗ്യാദിവിത്തസ്ഥിതിനാശനഞ്ച
കളത്രപുത്രാദിവിയോഗദുഃഖം
അതിവരോഗം പരദേശവാസം
വിവാദബുദ്ധിം കുരുതേ ഫണീന്ദ്രഃ

രാഹുദശയിൽ സുഖഹീനതയും ധനനാശവും സ്ഥാനനാശവും ഭാര്യാപുത്രാദിവിയോഗവും ദുഃഖവും പല രോഗങ്ങളും അന്യദേശവാസവും കലഹവും ഫലമാകുന്നു.

വിശേഷഫലം.

മകരം, ഇടവം, കന്നി, കർക്കടകം ഈ രാശികളിൽ നില്ക്കുന്ന രാഹുവിന്റെ ദശയിൽ ജനപ്രാധാന്യതയും ധനസമൃദ്ധിയും ഗൃഹസൌഖ്യവും ഉദ്യോഗക്കയറ്റവും രാജസമ്മാനവും കിട്ടുന്നതാണു്. മീനം, ധനുസ്സ് ഇവയിൽ നില്ക്കുന്ന രാഹുവിന്റെ ദശയിൽ കളത്രലാഭം, പുത്രലാഭം, വാഹനലാഭം ഇവയും ദശാവസാനത്തിൽ കഷ്ടതയും ഉണ്ടാകും. കർക്കടകം, മേടം, ഇടവം ഇവയിൽ നില്ക്കുന്ന രാഹുവിന്റെ ദശയിൽ ധനധാന്യലാഭങ്ങളും വിദ്യാവിജയാദികളുമായി രാജ്യംവിട്ടുപോയി പരീക്ഷാവിജയാദികൾ സിദ്ധിച്ചു ഉന്നതസ്ഥാനാർഹരായിത്തീരുന്നതിനും ഇടവരുന്നതാകുന്നു.

ദശാദൗ ദുഃഖമാപ്നോതി ദശാമദ്ധ്യേ മഹാസുഖം
ദശാന്തേ ഫണിനാഥസ്യ പിതുർനാശം പദച്യുതിം.

രാഹുദശയുടെ ആദ്യം ദുഃഖവും മദ്ധ്യത്തിൽ സുഖവും ഒടുവിൽ അച്ഛന്റെ മരണവും സ്ഥാനഭ്രംശവും ഫലം.

ഗുരുദശാഫലം.

സ്ഥാനപ്രാപ്തിം വിത്തമാനാംബരാപ്തിം
രാജസ്നേഹം ചിത്തശുദ്ധിം ച വിശ്രുതിം

കേതുദശയിൽ എപ്പോഴും ദീനതയും ബുദ്ധിമാന്ദ്യവും അറിവില്ലായ്കയും പലവിധ രോഗവും ശരീരസന്താപവും കഷ്ടതയും പാപപ്രവൃത്തിയും അല്പസുഖവും ഫലമാകുന്നു.

ശുക്രദശാഫലം.

സ്ത്രീപുത്രവിത്താപ്തിമതീവ സൌഖ്യം
സുഗന്ധമാല്യാംബരഭൂഷണാപ്തിം
യാനാദിഭാഗ്യം നരപാലകാച്ച
യശസ്സ്വപാകേ ഭൃഗുജഃ കരോതി.

ശുക്രദശയിൽ ഭാര്യാലാഭം, പുത്രലാഭം, ധനസമൃദ്ധി, അത്യന്തസുഖം, സുഗന്ധദ്രവ്യങ്ങൾ, ദിവ്യാഭരണവസ്ത്രവാഹനാദിലാഭം രാജാവിനാൽ ഉപകാരം ഉണ്ടാകുന്നതാണ്.

യദ്യസ്യൈക്ഷണയോഗസംഭവഫലം ഭാവേശയോഗോത്ഭവം
ഭാവേശൈരപി ഭാവതോപി ഫലം വാച്യം ദശായാമിഹ.

ഗ്രഹങ്ങളുടെ ദൃഷ്ടിയോഗം മുതലായവകൊണ്ടും ഭാവേശയോഗങ്ങൾ, ഭാവാധിപന്മാർ, ഭാവങ്ങളിൽ നില്ക്കുന്നവർ മുതലായവരെക്കൊണ്ടും അതാതു ദശകൾക്കുള്ള ഫലങ്ങളെപ്പറയണം.

ശത്രുരാശിയിലും നീചരാശിയിലും നു, വൃ, ഹാ—ഈ രാശികളിലും മൌഢ്യമുള്ള ഗ്രഹങ്ങളുടെയും ദശാകാലങ്ങളിലും ഉണ്ടാകാവുന്ന ഫലങ്ങളെ താഴെപ്പറയുന്നു:—

ഒന്നും രണ്ടും ഭാവാധിപന്റെ ദശാഫലം.

ദുഃസ്ഥലഗ്നപതൌ നിരോധനമുഖൈഃ പുത്ര്യജ്ഞാതവാസംഭയം
വ്യാധ്യാധീ നിന്ദ്യക്രിയാഭിഗമനം സ്ഥാനച്യുതിം ചാപലം
ജാഡ്യം സംസദി വാക്കടുത്വചലനം കഷ്ടം പ്രതികൂലഗ്രഹം
വാഗ്ദോഷം ദ്രവിണവ്യയം പരമതോ ദോഷം ദ്വിതീയാധിപേ.

ലഗ്നാധിപതി ദുഃസ്ഥാനങ്ങളിൽ ഇരുന്നാൽ ആ ദശയിൽ കാരാഗൃഹവാസം, അജ്ഞാതവാസം, ഭയം, വ്യാധി, ആധി, അന്യപ്രവൃത്തികളെ തുടങ്ങുക, സ്ഥാനഭ്രംശം ആപത്തു മുതലായവ ഉണ്ടാകും.

കേതുദശയിൽ എപ്പോഴും ദീനതയും ബുദ്ധിമാന്ദ്യവും അറിവില്ലായ്മയും പലവിധ രോഗവും ശരീരസന്താപവും കഷ്ടതയും പാപപ്രവൃത്തിയും അല്പസുഖവും ഫലമാകുന്നു.

ശുക്രദശാഫലം.

സ്ത്രീപുത്രവിത്താപ്തിമതീവ സൌഖ്യം
സുഗന്ധമാല്യാംബരഭൂഷണാപ്തിം
യാനാദിഭാഗ്യം നൃപലാളനാം ച
ദശാസ്സു പാകേ ഭൃഗുജഃ കരോതി.

ശുക്രദശയിൽ ഭാര്യാലാഭം, പുത്രലാഭം, ധനസമൃദ്ധി, അത്യന്തസുഖം, സുഗന്ധദ്രവ്യങ്ങൾ, ദിവ്യാഭരണവസ്ത്രവാഹനാദിലാഭം രാജാവിങ്കൽ ബഹുമാനം ഇവകൾ ഉണ്ടാകുന്നതാണ്.

യദ്യൽക്ഷേത്രയോഗസംഭവഫലം ഭാവേശയോഗോത്ഭവം
ഭാവേശേശപി ഭാവഭേദപി ഫലം വാച്യം ദശായാമിഹ.

ഗ്രഹങ്ങളുടെ ദൃഷ്ടിയോഗം മുതലായവകൊണ്ടും ഭാവേശയോഗങ്ങൾ, ഭാവാധിപന്മാർ, ഭാവങ്ങളിൽ നില്ക്കുന്നവർ മുതലായവരെക്കൊണ്ടും അതാതു ദശകൾക്കു തക്ക ഫലങ്ങളെപ്പറയണം.

ശത്രുരാശിയിലും നീചരാശിയിലും ന്യ, വൃ, ഫ — ഇവ രാശികളിലും മൌഢ്യമുള്ള ഗ്രഹങ്ങളുടെയും ദശാകാലങ്ങളിലും ഉണ്ടാകാവുന്ന ഫലങ്ങളെ താഴെപ്പറയുന്നു: —

ഒന്നും രണ്ടും ഭാവാധിപന്റെ ദശാഫലം.

ദുഃസ്ഥലഗ്നപതൌ നിരോധനമൃണം ചൈവ ത്വജ്ഞാതവാസം ഭയം
വ്യാധ്യാധീനിതരക്രിയാഭിഗമനം സ്ഥാനച്യുതിം ചാപദം
ജാഡ്യം സംസദി വാക്കുടുംബചലനം ദുഷ്പ്രാപ്തികം ക്ലേശകം
വാഗ്ദോഷം ദ്വിജവൈരമുഗ്രപരുഷം ദുഃസ്ഥേ ദ്വിതീയാധിപേ.

ലഗ്നാധിപതി ദുഃസ്ഥാനങ്ങളിൽ ഇരുന്നാൽ ആ ദശയിൽ കാരാഗൃഹവാസം, അജ്ഞാതവാസം, ഭയം, വ്യാധി, ആധി, അന്യപ്രവൃത്തികളെ തുടങ്ങുക, സ്ഥാനഭ്രംശം ആപത്തു മുതലായവ ഉണ്ടാകും.

രണ്ടാംഭാവാധിപന്റെ ദശാഫലം.

രണ്ടാംഭാവാധിപൻ ദുഃസ്ഥാനത്തിൽ നിന്നാൽ സന്തതിയിൽ മൂഢന്മാരായിരിക്കുക, വാക്കിനും കുടുംബത്തിനും ഇളക്കങ്ങൾ ഉണ്ടാവുക, ചീത്ത എഴുത്തുകൾ എഴുതുക, നയനരോഗങ്ങൾ ഉണ്ടാവുക, വാഗ്ദോഷങ്ങൾ നേരിടുക, ധനവ്യയം സംഭവിക്കുക, രാജഭയം നേരിടുക മുതലായവ സംഭവിക്കും.

മൂന്നും നാലും ഭാവാധിപന്റെ ദശാഫലം.

ദുഃസ്ഥിതതദധിപാന്തരസഹോദരമൃതിംകാര്യേഷ്വതാലോചനാം-
ശത്രുത്ഥനിപീഡനം പരിഭവം തദ്ഗർഭഭംഗം വദേൽ
മാതൃക്ലേശമരിഷ്ടമിഷ്ടസുഹൃദാം ക്ഷേത്രഗൃഹോപപ്ലുതിം
പശ്വാശ്വാദിവിനാശനം ച ജലഭയം പാതാളനാഥേ ദുർബലേ.

മൂന്നാം ഭാവാധിപൻ ദുഃസ്ഥാനത്തിൽനിന്നാൽ സഹോദരമരണം, കാര്യങ്ങളിൽ ദുരാലോചന, ശത്രുപീഡ, വിരോധം, അപകാരം നാശം മുതലായവ ഉണ്ടാകും. നാലാംഭാവാധിപൻ ദുഃസ്ഥാനത്തിൽ നിന്നാൽ മാതൃപീഡ, സ്നേഹിതന്മാർക്കും ബന്ധുക്കൾക്കും അരിഷ്ടത, കൃഷിഭൂമികൾക്കും ഭവനങ്ങൾക്കും പശു കാലി മുതലായവകൾക്കും നാശം, ജലഭയം മുതലായവ ഉണ്ടാകും.

അഞ്ചും ആറും ഭാവാധിപന്റെ ദശാഫലം.

വിദ്വേഷം പ്രതിഭാപതേഃ സുതമൃതിർ
ബുദ്ധിഭ്രമം വഞ്ചനാം
ഹൃദ്ധ്യാനവ്യഗ്രതാമയം നൃപാലതഃ
കോപം സ്വപക്ഷക്ഷയം
ചോരാഗ്നിതിമിരാത്ഭയമെങ്കാരം
രോഗാൻ ബന്ധ്വൻമൃതിം
ഭൃത്യാർത്തിം ലഭതേ രിപുർമനുജശ്ച
ഷഷ്ഠേശഭോഗേ വ്രണം.

അഞ്ചാംഭാവാധിപൻ ദുഃസ്ഥാനത്തിൽനിന്നാൽ പുത്രമരണം, ബുദ്ധിഭ്രമം, അപമാനം, ഉദരരോഗം, രാജകോപം,

ശക്തിക്ഷയം മുതലായവ സംഭവിക്കും. ആറാംഭാവാധി
പൻ ദുഃസ്ഥാനത്തിൽനിന്നാൽ ചോരഭയം, അനർത്ഥങ്ങൾ,
തങ്ങു്. പലപല രോഗങ്ങൾ, പാപം, ഭൃത്യനാശം, അവമാ
നം, കീർത്തിലോപം, ഋണം മുതലായവ സംഭവിക്കും.

ഏഴും എട്ടും ഭാവാധിപന്റെ ദോഷഫലം.

ജാമിത്ര്യവ്യസനം കളത്രവിരഹം
സ്ത്രീഹേതുകാനർത്ഥാഗമം
ദ്യൂനേശേ വിബലേന്യസത്യമിരതിം
ഗുഹ്യാമയം ചാദനം
രന്ധ്രേശേ ദുഃഖശോകമോഹമരണാ-
ന്ന്യസ്വാമികൂർമ്മോക്ഷച്ഛ്രിതിം
ദാരിദ്ര്യം ഋണരോഗഭേദഭയരോ-
വ്യാധിനാശങ്ങളാം മൃതിം

ഏഴാംഭാവാധിപൻ ദുഃസ്ഥാനത്തിൽനിന്നാൽ മകളു
ടെ ഭർത്താവിനു വ്യസനം, ഭാര്യാവിരഹം, സ്ത്രീകാരണമായി
ട്ടനർത്ഥങ്ങൾ, വേശ്യാസ്ത്രീകളിൽ താല്പര്യം, ഗുഹ്യരോഗ
ങ്ങൾ, ദേശസഞ്ചാരം മുതലായവകൾ സംഭവിക്കും. എട്ടാം
ഭാവാധിപൻ ദുഃസ്ഥാനത്തിൽനിന്നാൽ, ദുഃഖം, മോഹം,
കാമം ഇവകൊണ്ടു് എല്ലാകാര്യങ്ങളിലും കഴിപ്പവും ദാരി
ദ്ര്യം, അലച്ചിൽ, അപകീർത്തി, രോഗങ്ങൾ, മരണം മുത
ലായവയും സംഭവിക്കും.

ഒമ്പതും പത്തും ഭാവാധിപന്റെ ദോഷഫലം

പൂർവ്വോപാസിതദേവകോപമതുലം
ജായാതനൂജാപദം
നൈഷ്കൃത്യം സുഗുരോഃ പിതുശ്ച നിധനം
ദൈന്യം ഭാഗ്യേശ ദുർബലേ
അസൽ കർമ്മകരോതി തത്ര ബലം-
ന്ന്യാന്മാനഭംഗം നരോ
ഭാവേ ദുർഗ്ഗുണതാം പ്രവാസമതുലം—
ദുർവ്വൃത്തിമാപന്നതാം.

ഒമ്പതാംഭാവാധിപതി ദുർബ്ബലനായിരുന്നാൽ ദേവന്റെ കോപം, ധർമ്മമില്ലായ്മ, ശിഷ്യപുത്രന്മാർക്ക് ആപത്തുകൾ, ദുഷ്കൃത്യങ്ങൾ ചെയ്യുക, തന്റെ ഗുരുവിന്റെ പിതാവിന്റെ മരണം, മനസ്താപം എന്നിവ ഉണ്ടാകും. പത്താംഭാവാധിപതി ദുർബ്ബലനായാൽ ചെയ്യുന്ന പ്രവൃത്തികളെല്ലാം വിഫലങ്ങളായിപ്പോകും. മാനഹാനി സംഭവിക്കും. ദുർഗ്ഗുണങ്ങൾ വർദ്ധിക്കും. അന്യദേശവാസം ഭവിക്കും. അസുഖങ്ങളും ദുഷ്പ്രവൃത്തികളും ആപത്തുകളും ഉണ്ടാകും.

പതിനൊന്നും പന്ത്രണ്ടും ഭാവാധിപന്റെ ദോഷഫലം

ശ്രവണകടുകവാചാം ശ്രോതൃകത്വം സഹോത്ഥ-
ഭവപവയസി ദൈന്യം വഞ്ചനം കുഷ്ഠരോഗം
ബഹുരുജമപമാനം ബന്ധനം സർവ്വവസ്തു-
ക്ഷയമപി ചരമേശേ യാതി ദീനേ ദശായാം.

പതിനൊന്നാംഭാവാധിപതി ദുർബ്ബലനായാൽ ചീത്ത വാക്കുകൾ കേൾക്കുന്നതിന്നു ഇടയാകയും ജ്യേഷ്ഠസഹോദരന്മാർക്ക് നാശം, പുത്രദുഃഖം, ദീനത, വഞ്ചനം, കുഷ്ഠരോഗം മുതലായവ ഉണ്ടാകയും ചെയ്യും. പന്ത്രണ്ടാംഭാവാധിപന്റെ ദശയിൽ പലപ്രകാരത്തിലുള്ള രോഗങ്ങൾ, അപമാനങ്ങൾ, തടവ്, സർവ്വസമ്പത്തുകൾക്കും ക്ഷയം ഇവ ഉണ്ടാകും.

ദൗർബല്യയുതൈർവ്വിശേഷതോ ഗ്രഹസ്യ ഭുക്തൗ തനോർമ്മലതാം
മാനയശോർത്ഥവിലാസപ്രതാപസൗഭാഗ്യമാൻ ഹന്തി

ദൗർബല്യമുള്ള ഗ്രഹത്തിന്റെ അപഹാരകാലം ശരീരത്തിന്നു മാലിന്യം സംഭവിക്കയും മാനം, യശസ്സ്, ദ്രവ്യം, വിലാസം, പ്രതാപം, സൗഭാഗ്യം, ഉത്സാഹം ഇവയ്ക്കു ഹാനിവരികയും ചെയ്യും.

നീചരാശിഫലം

നീചഗ്രഹേഽധഃപതനം സദാവൃത്തൈർ
ദൈന്യം ദുരാചാരജനാപ്തിമാഹുഃ

നീചാശ്രയം കീടകദേശവാസം
ഭൃത്യാപമാനാന്യനർത്ഥകാര്യം

നീചരാശിയിൽ ഗ്രഹങ്ങൾ നില്ക്കുമ്പോൾ ജനിക്കുന്നവൻ നടപടികളെക്കൊണ്ട് അധഃപതനം സംഭവിക്കുന്നവനായും, ഭിന്നനായും, ദുർന്നടപ്പുകാരനായും കടക്കാരനായും നീചന്മാരെ ആശ്രയിക്കുന്നവനായും നിന്ദ്യപ്രദേശങ്ങളിൽ വസിക്കുന്നവനായും ഭൃത്യവേലചെയ്യുന്നവനായും വഴിയാത്രകൊണ്ടു ദുഃഖമനുഭവിക്കുന്നവനായും അപായത്തിൽ അകപ്പെടുന്നവനായും ഭവിക്കും.

മൈത്ര്യഫലം.

ഗ്രഹോഽമൈത്ര്യപ്രാപ്തോ മരണമപിയാൻ സ്ത്രീസുതധനൈഃ
പ്രഹീണത്വം വ്യർത്ഥം കലഹമപവാദം പരിഭവം
സമർക്ഷസ്ഥഃ ഖേടോ ന കലയതി വൈശേഷികഫലം
സുഖം വാ ദുഃഖം വാ ജനയതി യഥാപൂർവ്വമചലം

ഗ്രഹങ്ങൾക്കു മൈത്ര്യമുണ്ടായിരുന്നാൽ സ്ത്രീകൾനിമിത്തമായും പുത്രൻനിമിത്തമായും ധനംനിമിത്തമായും മരണദുഃഖമനുഭവിക്കുന്നവനായും, വർജ്ജ്യനായും കാരണമില്ലാതെ കലഹിക്കുന്നവനായും പരിഭവത്തോടും അപവാദത്തോടും കൂടിയവനായും ഭവിക്കും.

സമക്ഷേത്രഫലം.

സമക്ഷേത്രത്തിൽ നില്ക്കുന്ന ഗ്രഹം വിശേഷമായി യാതൊരു ഫലവും ഉണ്ടാക്കുകയില്ല. സുഖമാകട്ടെ, ദുഃഖമാകട്ടെ മുമ്പെ ഉള്ളതെന്തുപ്രകാരത്തിൽ ഇരുന്നുവോ അതുപോലെ ഇരിക്കും.

വക്രസ്ഥിതിഫലം.

വക്രം ഗതേ സ്വോച്ചഫലം വിദധ്യാൽ
സ്വപാതനീചർക്ഷഗതോപി ഖേടഃ
വർഗ്ഗോത്തമാംശസ്ഥിതഖേചരോപി
സ്വക്ഷേത്രഗസ്യാഖിലഫലാനി തദ്വൽ.

ഗ്രഹങ്ങൾക്കു ശത്രുക്ഷേത്രസ്ഥിതിയോ നീചരാശിസ്ഥിതിയോ ഉണ്ടായിരുന്നാലും വക്രത്തിൽ നില്ക്കയാണെങ്കിൽ ഉച്ചത്തിൽ നിന്നാൽ ഉണ്ടാകുന്നതുപോലെയുള്ള ഫലങ്ങൾ ഉണ്ടാകുന്നതാണ്.

വർഗ്ഗോത്തമാംശസ്ഥിതിഫലം

വർഗ്ഗോത്തമാംശസ്ഥിതിയോടുകൂടിയ ഗ്രഹത്തിന് സ്വക്ഷേത്രസ്ഥിതിയോടുകൂടിയ ഗ്രഹത്തിനു എന്തെല്ലാം ഫലങ്ങൾ ഉണ്ടോ ആ ഫലങ്ങൾ എല്ലാം അനുഭവിക്കും.

അദ്ധ്യായം ൭.

കളത്രഭാവചിന്തന.

ദ്യൂനതന്നാഥതദ്ദൃഷ്ടിയുക്തശുക്രാദിഭിഃ
ഇഹ സ്വായനഭുഗ്നാഡ്യാ ഗുണദോഷനിരൂപണം

ഏഴാംഭാവം, ഏഴാംഭാവാധിപൻ ഏഴാംഭാവത്തിലേയ്ക്കു ദൃഷ്ടിചെയ്യു ഗ്രഹം ഏഴാംഭാവത്തിങ്കൽ നില്ക്കുന്ന ഗ്രഹം ശുക്രൻ മുതലായവകളെക്കൊണ്ടാകുന്നു, ഭാവചിന്തനാദികളിൽ ഗുണത്തെയും ദോഷത്തെയും ചിന്തിക്കേണ്ടതു്.

മാമഹേയേ കേന്ദ്രേ സൌമ്യൈവ വീക്ഷിതേ
ഭാര്യ്യാഗുതിർവാദ്ഭവേത്
ഏഷ്വസ്ഥിതേ ശനിനാ സംവീക്ഷിതയുതേ
നാരൈന്യർദ്ദിശേവ സാ
ജ്ഞാവസ്സ്വപ്ലുതഗേ ഭൃഗേ ദ്രുസ്വുതേ-
ഭൃഗേ ച ജായാഹന്ത്രോ
ഹന്ത്യേവ പ്രഥമാം വധൂം വൃഷഗതേ-
ശ്ചന്ദ്രോത്തമസ്സ്വപ്ലുതേ.

ചൊവ്വാ ഏഴാമെടത്തുനിന്നാൽ സമാ ഭാര്യാവിരഹ
മോ ഭാര്യാമരണമോ ഭവിക്കും. ഏഴാമെടത്തു നില്ക്കുന്ന
ചൊവ്വായ്ക്കു ശനിദൃഷ്ടിയുണ്ടാകയും ശുഭയോഗദൃഷ്ടികൾ
ഉണ്ടാകാതെ ഇരിക്കുകയും ചെയ്താൽ ഭാര്യാമരണം നിശ്ച
യമായും ഭവിക്കും. മകരത്തിൽ ഏഴാമെടത്ത് വ്യാഴമോ
വൃശ്ചികത്തിൽ ഏഴാമെടത്ത് ശുക്രനോ നിന്നാൽ ഭാര്യാമ
രണം ഭവിക്കും. ഇടവത്തിൽ ഏഴാമെടത്തു ബുധൻ നി
ന്നാൽ ആദ്യത്തെ ഭാര്യ മരിക്കുമെന്നും തീർച്ചതന്നെ.

മീനസ്ഥമന്ദേ മദനേ സിതേ തനയോ ഹന്ത്യാപത്നീം നിശ്ചയാൽ
കന്യായാം മദനേ ഗുരൗസ്ഥിതേ സുഖേ പാപേക്ഷ നശ്യേൽ പത്നീ
രന്ധ്രേശഃ സുതപോ വ്യയാമദഗതോ നൂനം നിഹന്ത്യംഗനാം
ഭാര്യാസ്യാദ്വികലാസ്മരാധിപസുതസ്ഥാനേ ഷഷ്ഠ് ശുക്രയുതേ സഹ

മീനത്തിൽ ഏഴാമെടത്തിൽ ശനി നിന്നാലും കന്നി
യിൽ ഏഴാമെടത്തു വ്യാഴവും നാലാമെടത്തു പാപനും
നിന്നാലും അഷ്ടമാധിപൻ അഞ്ചാമേടവാധിപനോ ഏഴാ
മെടത്തുനിന്നാലും ഭാര്യാമരണം സംഭവിക്കും. ആദിത്യ
നും ശുക്രനുംകൂടി അഞ്ചിലോ ഏഴിലോ ഒൻപതിലോ നി
ന്നാൽ ഭാര്യയ്ക്കു അംഗവൈകല്യം ഭവിക്കും.

ഭാര്യേശേ ബലസമ്പൂർണ്ണേ വിവാഹോ ധനിനാം കുലാൽ
ബലഹീനേ ദരിദ്രാണാം തസ്യാദ്രൂപവതീ ച സാ

ഏഴാംഭാവാധിപനു പൂർണ്ണബലമുണ്ടെങ്കിൽ വിവാ
ഹം ധനസമൃദ്ധിയുള്ള കുലത്തിൽനിന്നായിരിക്കും. ഭാര്യ
രൂപവതിയുമായിരിക്കും. ഏഴാംഭാവാധിപൻ ദുർബ്ബല
നാണെങ്കിൽ വിവാഹം ദാരിദ്ര്യമുള്ള കുടുംബത്തിൽനിന്നു
കിട്ടുകയും ഭാര്യ വിരൂപയായിരിക്കയും ചെയ്യും.

പാപഃ പാപേക്ഷിതോ വാ യദി ബലരഹിതഃ
പാപവർഗ്ഗസ്ഥിതോ വാ
പുത്രസ്ഥാനാധിപോ വാ ഗുരുരിഭവനപതി–
ശ്ചാരിനീചേ ഗതോ വാ

നീചസ്ഥഗ്രഹമദ്ധ്യേ വാ മദ്ധ്യേ പാപഗതാസിതഃ
പാപാംശസംയുക്തശുക്രഃ
കസ്യാസ്സ്യ ദാരനാശം മദനസ്ഥപാപഗതഃ
സൌമ്യയോഗേക്ഷണോനഃ

പാപദൃഷ്ടിയുള്ള പാപനും ബലഹീനതയുള്ള പാപനും പാപവർഗ്ഗസ്ഥിതിയുള്ള പാപനും അസ്തമാംശാധിപനും അഷ്ടമാധിപനും ഗുളികരാശ്യധിപനും നീചത്തിൽ നില്ക്കുന്ന വ്യാഴനും വൃശ്ചികരാശിയിൽ പാപനോടുകൂടിയ ശുക്രനോ ഇവരിലൊരെങ്കിലും ഒരു ഗ്രഹം ൭-ാംഭാവത്തിൽ ഉണ്ടായിരിക്കയും ആ ഗ്രഹത്തിനു ശുഭന്മാരുടെ യോഗമോ ദൃഷ്ടിയോ ഇല്ലാതിരിക്കയും ചെയ്താൽ ഭാര്യ മരിക്കുന്നതാകുന്നു.

ക്ഷീണേന്ദുനാ യുവതിഭേ/സ്ഥഗതേ സുരേഡ്യേ
പാപാഃ സ്മരേ ശശി വശാൽ കളത്രഹാനിം
സ്ത്രീസംഗമൎപ്പിതധനോ മദനേ ഫണീശാർ-
മന്ദാംബീജരസ്സ്യ വിസുതോ, വികളത്രകോ വാ

ക്ഷീണനായ ചന്ദ്രനും വ്യാഴനും കന്നിയിൽ നില്ക്കുകയും മിഥുനത്തിൽ പാപന്മാരുണ്ടാവുകയും ഇങ്ങനെ ഇരിക്കുമ്പോൾ മീനലഗ്നത്തിൽ ജനിച്ചാൽ ഭാര്യ മരിക്കുന്നതാണ്. ൭-ാംഭാവത്തിൽ രാഹുവും സൂര്യനും ഉള്ളവനു സ്ത്രീവിഷയത്തിൽത്തന്നെ ചെലവുചെയ്തു ധനമെല്ലാം നശിക്കും. ൭-ാംഭാവത്തിൽ ശനിയും ചന്ദ്രനുമാണുള്ളതെങ്കിൽ പുത്രന്മാരുണ്ടാകയില്ലെന്നു തീർച്ചയാണ്. അഥവാ ഭാര്യതന്നെ ഉണ്ടായില്ലെന്നും വരാം.

വിവാഹം നടക്കേണ്ട കാലം

യോഗസ്യ തിഷ്ഠതി യസ്യ പശ്യതി തയോ
ർദ്ദശ്യേശിദ്ധിർവ്വാഹതേ-
സ്ത്രുവിംശക്രമനാഥയാത്രശന്നസ-
സ്ഥാരാധിനാഥസ്യ വാ

യദ്വാ ലഗ്നപസംസ്ഥിതാംശകപതേ-
ർദൃഷ്ടിൻ ദശാ വാപഹാ-
രോസ്തിൻ സ്യാത് സമയേ വിവാഹഘടനാ
താരാഹായാ കേചിദ്ജഗുഃ

ഏഴിൽ നിൽക്കുന്ന ഗ്രഹം അവിടെ നോക്കുന്ന ഗ്രഹം ഇവ പറഞ്ഞ രണ്ടിന്റെയും സപ്തമാധിപന്മാർ അതുനിൽക്കുന്നരാശിയുടെ അധിപൻ നവാംശകരാശ്യധിപൻ ശുക്രൻ ചന്ദ്രൻ ലഗ്നാധിപന്റെ നവാംശകരാശ്യധിപൻ ഇവരുടെ ദശയിലും അപഹാരത്തിലും വിവാഹം സംഭവിക്കാവുന്നതാകുന്നു. വ്യാഴത്തിന്റെ ദശാപഹാരങ്ങളിലും സംഭവിക്കാമെന്നു പറയുന്നുണ്ട്.

ചന്ദ്രേ സമന്ദേ മദഗേ പുനർഭൂഃ
പതിർമ്മദേവാപ്യസുതോ വിദാരഃ
നീചാരിപാപൈർഗ്രഹൈർമ്മദേ സ്ത്രീ
പുംസോർമൃതി ദ്യൂനനിധാനയനേ വാ

ചന്ദ്രൻ ശനിയോടുകൂടി ഏഴിൽ നിന്നാൽ രണ്ടാമതു വേൾക്കപ്പെട്ടവളുടെ ഭർത്താവായോ പുത്രന്മാരില്ലാത്തവനായോ ഭാര്യയില്ലാത്തവനായോ ഭവിക്കും. നീചന്മാരായും ശത്രുക്ഷേത്രഗതന്മാരായും ഇരിക്കുന്ന പാപഗ്രഹങ്ങൾ ഏഴിലോ രണ്ടിലോ എട്ടിലോ നില്ക്കുകയോ നോക്കുകയോ ചെയ്താൽ ഭാര്യയ്ക്കും ഭർത്താവിനും മരണം സംഭവിക്കും.

ലഗ്നാൽ കളത്രഭവനേ സമരാശിസംജ്ഞേ
ഭാവാധിപേപി ച തഥൈവ ഗതേ സ്വദൈര്യ്യേ
സൌമ്യാദിശുഭസഹിതേ സുതമാതനോ വാ
വീര്യാന്വിതേ ച ജനനം സസുതം കളത്രം

ലഗ്നാൽ ഏഴാംരാശി സമരാശിയായിരുന്നാലും ശുക്രനും ഏഴാംഭാവാധിപനും സമരാശിയിൽനിന്നാലും അഞ്ചാംഭാവാധിപനും ഏഴാംഭാവാധിപനും ദൈര്യ്യമില്ലാത്തവരും

വിത്തത്തോടുകൂടിയവരും ആയിരുന്നാലും ഭാര്യ പുത്രഭാഗ്യ ത്തോടുകൂടിയവരായിരിക്കും.

കളത്രസംബന്ധസ്യ കളത്രത്രേശ്വർ-
ലഗ്നാഗമേ വാ ദശ കളത്രപസ്യ
യദാ വിലഗ്നാധിപതിഃ പ്രയാതി
കളത്രമം തത്ര കളത്രലാഭഃ

ഏഴാംഭാവത്തിൽ ഇരിക്കുന്ന ഗ്രഹത്തിന്റേയോ നോക്കുന്ന ഗ്രഹത്തിന്റേയോ ഏഴാംഭാവാധിപന്റേയോ ദശയിൽ ലഗ്നാധിപതി എപ്പോൾ ഗോചരവശാൽ കളത്രസ്ഥാനത്തു വരുന്നോ അപ്പോൾ വിവാഹമുണ്ടാകും.

അസ്തേ രവിശനിയുക്തേ വീക്ഷിതേ വാപി കളത്രഗേ വാപി
ഭാര്യാവിയുക്തമസ്തേ സ്ത്രീസംഗാന്നഷ്ടസർവ്വധനഃ

ഏഴാമെടത്തു ശനിയും ആദിത്യനുമൊന്നിച്ചുനിന്നാൽ ഭാര്യയും പുത്രന്മാരും ഇല്ലാത്തവനായി ഭവിക്കും. രാഹുവും ആദിത്യനുംകൂടി ഏഴിൽനിന്നാൽ സ്ത്രീസംഗംനിമിത്തം സർവ്വസ്വവും നശിപ്പിക്കുന്നവനായിത്തീരുകയുംചെയ്യും.

ക്ഷിതിപേ പാപാക്രാന്തേ ക്ഷിതിപേ ദ്യൂനേശ്വരേ പാപദൃഷ്ടിയുക്തേ
സൗരാരയോഃ കളത്രേ ചന്ദ്രഗൃഹേ ഭവതി ശോകനാ നാരി

അഷ്ടമാധിപനായ ഗ്രഹം ഏഴാമെടത്തുനിന്നാൽ ഭാര്യ മരിക്കയും ഭോഗഹീനനായുണ്ടാകയുംചെയ്യും. മകരലഗ്നം ജനിക്കയും ഏഴാമെടത്തു കർക്കടകത്തിൽ ചൊവ്വായും ശനിയും നില്ക്കുകയുംചെയ്താൽ അവന്റെ ഭാര്യ ദുർഗ്ഗുണം ഉണ്ടായിരിക്കുന്നവളാണ്. പാപഗ്രഹങ്ങളാണെങ്കിലും ഭാര്യാദോഷമുണ്ടാകുന്നതല്ലെന്നു സാരം.

ലഗ്നാൽ സപ്തമഗേ ദൈത്യേജ്യേ നീചശത്രുഗ്രഹസ്ഥിതേ
വേശ്യാ വാ ജാരിണീ വാപി തസ്യ ഭാര്യാ ന സംശയഃ

ലഗ്നാൽ ഏഴാമെടത്തു ശുക്രഗ്രഹം നീചത്തിലോ ശത്രുക്ഷേത്രത്തിലോ നിന്നാൽ അവന്റെ ഭാര്യ വേശ്യയായോ

ജാരസംസൎഗ്ഗം ഉള്ളവളായോ ഭവിക്കും. ഇവിടെ നീചഭം ഗം ഉണ്ടായിരുന്നാൽ ഈ ഫലം സംഭവിക്കുന്നതല്ലെന്നും അറിഞ്ഞുകൊൾക.

ജാമിത്രെ മന്ദഭൗമൗസ്ഥൗ തല്ലഗ്നൗ മന്ദഭൂമിജൗ
വേശ്യാവാ ജാരിണീവാപി തസ്യ ഭാൎയ്യാ ന സംശയഃ

ഏഴാമേടത്തു ശനിയോ ചൊവ്വായോ നില്ക്കുകയോ ഏഴാമിടം മേഷം വൃശ്ചികം മകരം കുംഭം ഈ രാശികളി ലൊന്നായിവരികയോ ചെയ്താൽ അവന്റെ ഭാൎയ്യ വേശ്യയാ യോ ജാരസംസൎഗ്ഗം ഉള്ളവളായോ ഭവിക്കും.

ശുക്രാൽ ജാമിത്രഗേ സോമേ സോമാജ്ജാമിത്രഗേ ബുധേ
ബന്ധോരംശേ സുതഭാവസ്ഥേ പ്രഥമം ഷോഡശേബ്ദകേ
ദ്വാവിംശകേ ദ്വിതീയം ച ത്രയസ്ത്രിംശേ തൃതീയകം
വിവാഹാൽപ്പരതോ മൃത്യുൎന്നാത്ര കാൎയ്യാ വിചാരണാ

ശുക്രന്റെ ഏഴാമേടത്തു ചന്ദ്രനും ചന്ദ്രന്റെ ഏഴാ മെടത്തു ബുധനും അഞ്ചാമെടത്തു അഷ്ടാധിപനും നില്ക്കുക. എന്നാൽ ൧൬ ാമത്തെ വയസ്സിൽ ആദ്യഭാൎയ്യയും ഇരു പത്തിരണ്ടാമത്തെ വയസ്സിൽ ദ്വിതീയഭാൎയ്യയും മുപ്പത്തി മൂന്നാമത്തെ വയസ്സിൽ മൂന്നാമത്തെ ഭാൎയ്യയും വിവാ ഹാൽപരം മരണം സംഭവിക്കുമെന്നുള്ളതിന്ന സംശയമില്ല.

യദ്യേകരാശൗ സംയുക്താശ്ചന്ദ്രഭൗമശനൈശ്ചരാഃ
പുത്രവാനപി ഭവേജ്ജാരസ്തസ്യ ഭാൎയ്യാപി പുംശ്ചലീ

ചന്ദ്രനും ചൊവ്വായും ശനിയും ഒരുമിച്ച് ഏതെങ്കിലും ഭാവത്തിൽനിന്നാൽ ആ പുരുഷനും അവന്റെ ഭാൎയ്യയും വ്യഭിചരിക്കുന്നവരായി ഭവിക്കും.

പാപമദ്ധ്യസ്ഥിതേ ശുക്രെ പാപയുക്തേക്ഷിതേഥവാ
ശുക്രാദ്യൂനംബുഗൈഃ പാപൈൎഭാൎയ്യാമൃതിൎഭവേൽ

ശുക്രന്റെ ഇരുപുറവും പാപഗ്രഹങ്ങൾ നില്ക്കുക. ശു ക്രനോടുകൂടിയും ശുക്രന്റെ ഏഴിലും പാപഗ്രഹങ്ങൾ വരിക

ശുക്രൻറ നാലിലും എട്ടിലും പാപഗ്രഹങ്ങറം നില്ക്കുക ഈ മൂന്നുയോഗങ്ങളിലും ശുക്രന്നു ശുഭദൃഷ്ടിയില്ലെങ്കിൽ ഭാൎയ്യാമരണം സംഭവിക്കുന്നതാണ്.

പാപഃ പാപേക്ഷിതോ വാ യദി ബലരഹിതഃ
  പാപവൎഗ്ഗസ്ഥിതോ വാ
പുത്രസ്ഥാനാധിപോ വാ മൃതിഭവനപതി-
  ൎമ്മാന്ദിരാശീശ്വരോ വാ
നീചസ്ഥസ്ത്യാജ്യകാലേഽപ്യുപഗതസിതഃ
  പാപസംയുക്തശുക്രഃ
കുൎയ്യാത്സ്തു ദാരനാശം ശമനമുപഗതാഃ
  സൌമ്യയോഗേക്ഷണാദ്യാഃ

൧. പാപദൃഷ്ടിയുള്ള പാപൻ. ൨. ബലഹീനതയുള്ള പാപൻ ൩. പാപവൎഗ്ഗസ്ഥിതിയുള്ള പാപൻ. ൪. അഞ്ചാംഭാവാധിപൻ. ൫ അഷ്ടമാധിപൻ. ൬. ഗുളികരാശ്യധിപൻ. ൭. നീചത്തിൽ നില്ക്കുന്ന വ്യാഴം. ൮. വൃശ്ചികരാശിയിലോ പാപനോടുകൂടിയോ നില്ക്കുന്ന ശുക്രൻ ഇതിലൊന്നെങ്കിലും ഒരു ഗ്രഹം ൭-ാംഭാവത്തിൽ ഉണ്ടായിരിക്കയും ആ ഗ്രഹത്തിന്ന ശുഭന്മാരുടെ യോഗമോ ദൃഷ്ടിയോ ഇല്ലാതിരിക്കയും ചെയ്താൽ ഭാൎയ്യ മരിക്കുന്നതാണ്.

ആനുകൂല്യപ്രകരണം.

വിവാഹംചെയ്യുവാൻ സ്ത്രീപുരുഷന്മാരുടെ നക്ഷത്രം രാശി മുതലായവയെക്കൊണ്ടുള്ള പരസ്പരാനുകൂല്യത്തെ നിശ്ചയിച്ചിട്ടു വേണ്ടതാകയാൽ അതിന്റെ സ്വഭാവത്തെ പറയുന്നു. വിവാഹവിഷയത്തിൽ സ്വീകാൎയ്യമായിട്ടുള്ള എട്ടു പ്രധാനയോഗങ്ങളെയാണു താഴെ പറയുന്നതു്.

൧. രാശി, ൨. രാശ്യധിപൻ, ൩. വശ്യം, ൪. മാഹേന്ദ്രം, ൫. ഗണം, ൬. യോനി, ൭. ദിനം, ൮. സ്ത്രീദീൎഘം ഇവകളാണ് വിവാഹവിഷയത്തിൽ വളരെ പ്ര

ധാനമായിട്ടുള്ളതു്. അവ താഴെ വിവരിക്കപ്പെടുന്നു. എന്നാൽ മദ്ധ്യമരജ്ജു വേധം ഈ രണ്ടു ദോഷങ്ങളും ദോഷപ്രദങ്ങളാകയാൽ പ്രത്യേകം വർജ്ജിക്കേണ്ടതാണു്.

രാശിപ്പൊരുത്തം

സ്ത്രീപുരുഷന്മാരുടെ നക്ഷത്രം അറിഞ്ഞിട്ടു കൂറു കണ്ടുപിടിക്കണം. കണ്ടുപിടിച്ചതിനുശേഷം സ്ത്രീയുടെ കൂറുമുതൽ ൨-൫-൬-൮ ഈ കൂറുകളിൽ ജനിച്ച പുരുഷൻ വർജ്ജ്യനാകുന്നു. എന്നാൽ ൫-ാംകൂറിൽ ജനിച്ച പുരുഷനേയും എട്ടാംകൂറിൽ ജനിച്ച പുരുഷനേയും മദ്ധ്യമമായി എടുക്കാമെന്നും ചില പക്ഷമുണ്ടു്. മറ്റുള്ള കൂറുകൾ യോജ്യങ്ങളത്രെ. വിശേഷിച്ചും സ്ത്രീയുടെ ൬-ാംകൂറു പുരുഷനും പുരുഷന്റെ എട്ടാംകൂറു സ്ത്രീയുമായി വരികയാണെങ്കിൽ ഷഷ്ഠാഷ്ടമദോഷം സംഭവിക്കും. രാശിപ്പൊരുത്തത്തിൽ വലുതായ ദോഷം ഷഷ്ഠാഷ്ടമമാകുന്നു.

ഫലം

സ്ത്രീ ജനിച്ച കൂറിന്റെ ആറാംകൂറിൽ പുരുഷൻ ജനിച്ചാൽ അന്യോന്യവൈരവും വിയോഗവും മരണവും ഭവിക്കും. എന്നാൽ കൂറിന്റെ അധിപന്മാർ ഒന്നായി വന്നാലും അവർ മിത്രങ്ങളായി വന്നാലും പുരുഷന്റെ ഏഴാംകൂറ് സ്ത്രീയും സ്ത്രീയുടെ ഏഴാംകൂറ് പുരുഷനുമായി വന്നാലും ദിനപ്പൊരുത്തത്തിന്റെയും രജ്ജുപ്പൊരുത്തത്തിന്റെയും ഗണപ്പൊരുത്തത്തിന്റെയും രാശിപ്പൊരുത്തത്തിന്റെയും ദോഷത്തെ ഹനിക്കുന്നതാണു്. ഈ രാശിപ്രമാണമനുസരിച്ചു ഷഷ്ഠാഷ്ടമദോഷം വന്നാലും ഈ ഗുണങ്ങൾ ഉണ്ടെങ്കിൽ ദോഷത്തെ ഹനിക്കുന്നതാണെന്നും അറിഞ്ഞിരിക്കണം.

വിശിഷ്യ

സ്ത്രീപുരുഷന്മാരിൽ ഒരാളുടെ ജനിച്ച കൂറിന്റെ അധിപനായ ഗ്രഹത്തിന്റെ മൂലത്രികോണരാശിയിൽനിന്നു

ഛ ര ൩ വ്യ ൻ ക്രാ ഈ രാശിക്കൂറുകളിലും അധിപഗ്ര ഹത്തിന്റെ ഉച്ചരാശിക്കൂറിലും മററ കൂറം ജനിച്ചാൽ രാശ്യാധിപപ്പൊരുത്തമുണ്ടെന്നും പ്രമാണങ്ങളിൽ കാണു ന്നുണ്ട്.

രാശ്യാധിപപ്പൊരുത്തം.

സ്ത്രീയുടെയും പുരുഷന്റെയും കൂറിന്റെ അധിപ ന്മാർ ഒന്നുതന്നെയായിരിക്കുന്നതു ഉത്തമമാകുന്നു. ആ ഗ്രഹ ങ്ങൾ തമ്മിൽ ബന്ധുക്കളായിരിക്കുന്നതും ശുഭപ്രദമാകുന്നു. ഇപ്രകാരമായിരുന്നാൽ രാശ്യാധിപപ്പൊരുത്തമുണ്ട്.

വശ്യം

സ്ത്രീപുരുഷന്മാരിൽ ഒരാൾ ജനിച്ച കൂറിന്റെ വശ്യരാ ശിക്കൂറിൽ മററാൾ ജനിച്ചാൽ വശ്യപ്പൊരുത്തമുണ്ടെ ന്നു അറിഞ്ഞുകൊൾക.

വശ്യരാശികൾ

മേടത്തിന്ന	വശ്യം	ചിങ്ങം	വൃശ്ചികം
ഇടവത്തിന്ന	ടി	കർക്കടകം	തുലാം
മിഥുനത്തിന്ന	ടി	കന്നി	
കർക്കടകത്തിന്ന	ടി	വൃശ്ചികം	ധനു
ചിങ്ങത്തിന്ന	ടി	തുലാം	
കന്നിക്കു	ടി	മിഥുനം	മീനം
തുലാത്തിന്ന	ടി	കന്നി	മകരം
വൃശ്ചികത്തിന്ന	ടി	കർക്കടകം	
ധനുവിന്ന	ടി	മീനം	
മകരത്തിന്ന	ടി	മേടം	കുംഭം
കുംഭത്തിന്ന	ടി	മേടം	
മീനത്തിന്ന	ടി	മകരം ഇവ ആകുന്നു.	

മാഹേന്ദ്രം

സ്ത്രീയുടെ ജന്മനക്ഷത്രത്തിൽനിന്നും കൂറ്റനക്ഷത്ര ത്തിൽനിന്നും ആധാനനക്ഷത്രത്തിൽനിന്നും ൪–൭–൧൦

ഈ നാളുകളിൽ പുരുഷൻ ജനിച്ചാൽ ശുഭമാകുന്നു. പുരുഷ നക്ഷത്രം സ്ത്രീനക്ഷത്രത്തിൽനിന്നു അനിഷ്ടമായാൽ ശുഭമാകുന്നു. പുരുഷൻ ജനിച്ചനാളിൽനിന്നു സ്ത്രീയുടെ ജന്മനക്ഷത്രം നാലാമത്തേതായാൽ മാഹേന്ദ്രയോഗമെന്നും ഏഴാമത്തേതായാൽ ഉപേന്ദ്രയോഗമെന്നും പറയുന്നു. മാഹേന്ദ്രയോഗത്തിൽ ധനധാന്യവൃദ്ധിയും ഉപേന്ദ്രയോഗത്തിൽ സന്തതിയും ഫലമാകുന്നു. ഇപ്രകാരം മാഹേന്ദ്രപ്പൊരുത്തം അറിഞ്ഞുകൊള്ളണം.

ഗണപ്പൊരുത്തം

അശ്വതി, മകയിരം, പുണർതം, പൂയം, അത്തം, ചോതി, അനിഴം, തിരുവോണം, രേവതി ഈ ഒൻപതു നാളുകളും ദേവഗണങ്ങളാകുന്നു.

മനുഷ്യഗണം

ഭരണി, രോഹിണി, തിരുവാതിര, പൂരം, ഉത്രം, പൂരാടം, ഉത്രാടം. പൂരുരുട്ടാതി ഈ ഒൻപതു നാളുകളും മനുഷ്യഗണങ്ങളാകുന്നു.

രാക്ഷസഗണം.

കാർത്തിക, ആയില്യം, മകം, ചിത്തിര, വിശാഖം, തൃക്കേട്ട, മൂലം, അവിട്ടം, ചതയം ഈ ഒൻപതു നാളുകളും രാക്ഷസഗണങ്ങളാകുന്നു.

എന്നാൽ ഇതിൽ ഒരേ ഗണമായാൽ അതിശ്രേഷ്ഠം. ദേവഗണപുരുഷനു മനുഷ്യഗണസ്ത്രീ ശ്രേഷ്ഠമാകുന്നു. മനുഷ്യഗണപുരുഷനു ദേവഗണസ്ത്രീ മദ്ധ്യമമാകുന്നു. അസുരഗണസ്ത്രീയെ ഒരിക്കലും വേൾക്കരുത്. അസുരഗണപുരുഷനു മനുഷ്യഗണസ്ത്രീ മദ്ധ്യമമാകുന്നു എന്നും അറിഞ്ഞുകൊൾക. സ്ത്രീ രാക്ഷസി, പുരുഷൻ മനുഷ്യഗണമാകുന്നെങ്കിൽ വരിക്കരുത്. മൃത്യുഫലമെന്നു സാരം. ഇതുപോലെ ഒരേ ഗണമായാൽ ശ്രീ ഫലം.

യോനിപ്പൊരുത്തം.

അശ്വതി, ഭരണി, പൂയം, ആയില്യം, മകം, ഉത്രം, ചോതി, വിശാഖം, കേട്ട, മൂലം, പൂരാടം, ഉത്രാടം, തിരുവോണം, പൂരുരുട്ടാതി ഈ പതിനാലും പുരുഷനക്ഷത്രം. ശേഷമുള്ള പതിമൂന്നാളുകളും സ്ത്രീനക്ഷത്രം. പുരുഷൻ പുരുഷനക്ഷത്രത്തിലും സ്ത്രീ സ്ത്രീനക്ഷത്രത്തിലും ജനിച്ചാൽ ഉത്തമം. യോനിപ്പൊരുത്തം ഉണ്ട്. വലിയ സൌഭാഗ്യസമ്പത്തും. ഇരുവരും സ്ത്രീനക്ഷത്രമാകിൽ മദ്ധ്യമം. ഇരുവരും പുരുഷനക്ഷത്രമാകിൽ അധമം. പുരുഷൻ സ്ത്രീനക്ഷത്രവും സ്ത്രീ പുരുഷനക്ഷത്രവുമാകിൽ അധമാധമം. ഇപ്രകാരം യോനിപ്പൊരുത്തങ്ങളെ അറിയേണ്ടതാണ്.

ദിനപ്പൊരുത്തം.

സ്ത്രീ ജനിച്ചനാളിൽനിന്നു മൂന്നും ഏഴും നാളുകളിൽ ജനിച്ച പുരുഷൻ അതികഷ്ടനാകുന്നു. അഞ്ചാമത്തേതിൽ ജനിച്ചവൻ അതികഷ്ടനാണ്. വിശേഷിച്ചും സ്ത്രീ ജനിച്ച നക്ഷത്രപാദത്തിൽനിന്ന് എൺപത്തെട്ടാംനക്ഷത്രപാദത്തിലും നൂറെട്ടാംനക്ഷത്രപാദത്തിലും ജനിച്ച പുരുഷൻ അതികഷ്ടനാകുന്നു.

ഉദാഹരണം:— സ്ത്രീ ഒരുനാളിന്റെ ഒന്നാംകാലിൽ ജനിച്ചാൽ ഇരുപത്തിരണ്ടാംനാളിന്റെ നാലാംകാൽ എൺപത്തെട്ടാംകാലായിരിക്കും. രണ്ടാംകാലായാൽ ഇരുപത്തിമൂന്നാംനാളിന്റെ ഒന്നാംകാലും മൂന്നാംകാലായാൽ രണ്ടാംകാലും നാലാംകാലായാൽ മൂന്നാംകാലും എൺപത്തെട്ടാംകാലായിരിക്കും. സ്ത്രീ ജനിച്ച കാലിന്റെ അടുത്ത മുമ്പിലത്തെ കാൽ നൂറ്റെട്ടാമത്തെ കാലുമായിരിക്കും എന്നും അറിഞ്ഞുകൊൾക.

സ്ത്രീദീർഘം.

സ്ത്രീയുടെ ജന്മനക്ഷത്രംമുതൽ പുരുഷന്റെ ജന്മനക്ഷത്രംവരെ എണ്ണിയാലുള്ള സംഖ്യ പതിനഞ്ചിലധികമായിരിക്കണമെ

ങ്കിൽ സ്ത്രീ വിധവയാകുന്ന ദോഷമുണ്ടെന്നും അതു മുഖ്യമാകുന്ന പൊരുത്തം ആയിരിക്കുമെന്നു കൊള്ളുന്നു.

വേധപ്പൊരുത്തം.

അശ്വതി — തൃക്കേട്ട	മകം — രേവതി
ഭരണി — അനിഴം	പൂയം — പൂരാടം
തിരുവോണം — തിരുവാതിര	പുണർതം — ഉത്രാടം
വിശാഖം — കാർത്തിക	ഉത്രട്ടാതി — പൂരം
ചോതി — രോഹിണി	അത്തം ചതയം
മൂലം — ആയില്യം	

അവിട്ടം, മകയിരം, ചിത്തിര എന്നീ മൂന്നു നക്ഷത്രങ്ങൾ തമ്മിലും വേധമുണ്ട്. അതിനാൽ വേധമുള്ള നക്ഷത്രങ്ങളിൽ ജനിച്ച സ്ത്രീപുരുഷന്മാർ തമ്മിൽ നടത്തുന്ന വിവാഹം അശുഭപ്രദമാകുന്നു.

രജ്ജുപ്പൊരുത്തം (ചരട്ടപ്പൊരുത്തം)

അശ്വതിമുതൽ മുമ്മൂന്നു നാളുകളെ ക്രമത്താലെയും മൂന്നു വിരലുകളിൽ കല്പിക്കുക. അശ്വതി ഒന്നാംവിരലിൽ, ഭരണി രണ്ടാംവിരലിൽ, കാർത്തിക മൂന്നാംവിരലിൽ, പിന്നെ രോഹിണി മൂന്നാംവിരലിൽ, മകയിരം രണ്ടാംവിരലിൽ, തിരുവാതിര ഒന്നാംവിരലിൽ ഇങ്ങനെ കണ്ടുകൊള്ളുക. ഇവകളിൽ ഭരണി മകയിരം പൂയം പൂരം ചിത്തിര അനിഴം പൂരാടം അവിട്ടം ഉത്രട്ടാതി ഇവകളിൽ ഇരുവരുടെയും നാളുകൾ വന്നാൽ ഭർത്താവിനു മരണഫലം. ഇതാണ മദ്ധ്യമരജ്ജുദോഷമെന്നറിയണം.

വരവുചിലവു അറിയുന്നതിന്

സ്ത്രീയുടെ ജന്മനക്ഷത്രംമുതൽ പുരുഷന്റെ ജന്മനക്ഷത്രംവരെ എണ്ണിയാൽ കിട്ടുന്ന സംഖ്യയെ ൭-ൽ പെരുക്കി ൮-ൽ ഹരിച്ചുകളയുക. ബാക്കി കാണുന്ന സംഖ്യ വ്യയമാകുന്നു. നേരെമറിച്ചു പുരുഷന്റെ ജന്മനക്ഷത്രം

മുതൽ സ്ത്രീജന്മനക്ഷത്രംവരെ എണ്ണി ൭-ൽ പെരുക്കി ൨൭-ൽ ഹരിച്ചാൽ ബാക്കി കാണുന്നഫലം ആയുസ്സാകുന്നു. ആയുസ്സ് വ്യയത്തേക്കാൾ അധികം ഉണ്ടായിരിക്കുന്നതു് ശ്രേഷ്ഠമാകുന്നു എന്നും അറിയണം.

പാപസാമ്യം നോക്കുവാൻ

സ്ത്രീപുരുഷജാതകങ്ങളെ യോജിപ്പിക്കുമ്പോൾ രണ്ടു ജാതകങ്ങളിലുമുള്ള പാപഗ്രഹങ്ങൾക്കു സംഖ്യകൊണ്ടും ബലംകൊണ്ടും സാമ്യം ഉണ്ടായിരിക്കണം. പാപത്വവും ക്രൂരത്വവും അധികം ഉള്ളതു കുജനാണു്. ആദിത്യനേയും ശനിയേയും രാഹുകേതുക്കളേയും കുജനോടുകൂടാണു് പാപസാമ്യത്തിൽ ഗണിച്ചുവരുന്നതു്. എന്നാൽ രാഹുകേതുക്കൾ ഒന്നാകയാലും 'ശനിവദ്രാഹു കുജവൽ കേതുഃ' എന്നുള്ളതുകൊണ്ടും കേതുവിനെ പ്രത്യേകം നോക്കണമെന്നാണു് ഉപദേശം. ഗുളികനെ ഈ വിഷയത്തിൽ പരിഗണിക്കേണ്ടതില്ലെന്നാണു് അറിഞ്ഞവരുടെ അഭിപ്രായം. സ്ത്രീപുരുഷന്മാരുടെ രണ്ടു ജാതകങ്ങളിലും ലഗ്നം ചന്ദ്രൻ ശുക്രൻ ഇവ രാശികളിൽനിന്നു പന്ത്രണ്ടു് രണ്ടു് നാലു് ഏഴു് ഇവയും അഷ്ടമം ഈ ഭാവങ്ങളിൽ ആദിത്യൻ കുജൻ ശനി രാഹു കേതു ഈ പാപഗ്രഹങ്ങൾ എത്രയിലും സ്ഥാനങ്ങളിൽ നില്ക്കുന്നുണ്ടെങ്കിൽ മറ്റേതിലും അതുപോലെ പാപസ്ഥിതി ഉണ്ടായിരിക്കണം. ഇങ്ങനെ രണ്ടു ജാതകങ്ങളിലും പാപസാമ്യത്തെ കല്പിച്ചുകൊൾക. ധനേ വ്യയേ ച പാതാളേ ജാമിത്രേ ചാഷ്ടമേ കുജേ പുംസാം ഭർത്തൃവിനാശായ സ്ത്രീണാം ഭർത്തൃവിനാശകൃൽ എന്ന പ്രമാണത്തിലിരിക്കയാൽ ൨ ൪ ൭ ൮ ൧൨ എന്നീ ഭാവങ്ങളിൽ കുജനു ദോഷാധിക്യം കല്പിച്ചിരിക്കുന്നു. സ്ത്രീജാതകത്തിൽ അഷ്ടമത്തിലോ ഏഴിലോ പാപൻ നില്ക്കുന്നതിനു് പുരുഷജാതകത്തിൽ ഏഴാമേടത്തു പാപി നിന്നാൽ സാമ്യമുണ്ടു്. ശുക്രന്റെ പാപമദ്ധ്യസ്ഥിതിമുതലായതും പുരുഷജാതകത്തി

പ്രത്യേകം ചിന്തിച്ചുകൊള്ളേണ്ടതാണു്. ലഗ്നാദികളുടെ സ്ഥാനങ്ങളിൽ പാപഗ്രഹം കാണുന്നതു സ്ത്രീക്കാണു്. എങ്കിൽ അവൾക്കും, പുരുഷനാണെങ്കിൽ അവനും മൃതി സംഭവിക്കുന്നതാണു്. ഇതുപ്രകാരമനുസരിച്ചും ബലാബലങ്ങളൊക്കെയും വേണ്ടവിധം നിശ്ചയിച്ചുകൊൾക.

നവമേ ഗുരുസംയുക്തേ സപ്തമേ / സ്ത്രീ / സ്ത്രീമേപി വാ
പതിപുത്രയുതാ നാരീ ജായതേനാത്ര സംശയഃ

സ്ത്രീജാതകത്തിൽ ഏഴിലോ ഒമ്പതിലോ പാപഗ്രഹങ്ങളില്ലാതിരുന്നാലും ദുർബ്ബലന്മാരെങ്കിലും ബലവാനായ ഗുരുഗ്രഹമുണ്ടായിരുന്നാൽ വൈധവ്യം ഉണ്ടാവാൻ സംഗതിയില്ലെന്നും ആ സ്ത്രീക്കു ഭർത്തൃസുഖവും പുത്രസുഖവും ഉണ്ടാകുമെന്നും പറയുന്നു.

ശുഭൈനെ ത്യവിരോഗന സ്ഥാനസ്ഥാദിവശാത്തഥാ
ഗ്രഹാണാം സ്ഥാനജാതേ ന രാശിദൃഷ്ടിവശാൽ ഫലം

ഗുണമാകിലും പാപമാകിലും സ്ഥാനബലം ബന്ധുഗ്രഹങ്ങളുടെയും ദൃഷ്ടികൊണ്ടുള്ള ബലം കാലബലം രാശികളുടെയും ഗ്രഹങ്ങളുടെയും ദൃഷ്ടികൊണ്ടുള്ള ബലം ഇതുവക ബലാബലങ്ങളെ നല്ലപോലെ ചിന്തിച്ചുവേണം ഫലങ്ങളെ നിശ്ചയിക്കേണ്ടതു്.

ഗോചരഫലം.

ജന്മാഷ്ടമജന്മസ്ഥാ ശന്യർക്കാംഗാരകാ ഗുരുഃ
കുർവ്വന്തി പ്രാണസന്ദേഹം സ്ഥാനനാശം ധനക്ഷയം

ജ., വ്യ., അഷ്ടമം ഈ സ്ഥാനങ്ങളിൽ ഗോചരവശാൽ വരുന്ന ശനി, ആദിത്യൻ, ചൊവ്വാ, ഗുരു ഇവർ പ്രാണസംശയത്തെയും സ്ഥാനനാശത്തെയും ധനക്ഷയത്തെയും ഉണ്ടാക്കും.

ചന്ദ്രാഷ്ടമേ ച ധനനീതനയഃ കളത്ര
[illegible] ശ്ചന്ദ്രകേ വാരിദേ ച ഗുരുപുത്രാദിരഃ

അർക്കസ്സുതക്ഷിതിജയോശ്ച ബുധസ്തൃതീയേ
മന്ദോഷ്ടനാശമഹണാന്തി വദേദ്ബുധേഷ്വാൽ

ചന്ദ്രൻ എട്ടിലും ചൊവ്വാ ഏഴിലും രാഹു ഒമ്പതിലും ശുക്രൻ ആറിലും വ്യാഴം മൂന്നിലും ആദിത്യൻ അഞ്ചിലും ശനി ഒന്നത്തിലും ബുധൻ നാലിലും ഗോചരവശാൽ വരുന്ന കാലത്തിൽ വിശേഷിച്ചും മാനഹാനിയും അർത്ഥനാശവും മരണദുഃഖവും ഉണ്ടാകും.

ഗ്രഹാശ്ചാരവശാൽ ശുഭഗോചരസ്ഥാ
നീചാരിമൌഢ്യം സമുപാഗതാശ്ചേൽ
തേ നിഷ്ഫലാഃ കീർത്തിതശുഭാങ്കസംസ്ഥാഃ
കല്പം ഫലം സംവിദധത്യനല്പം

ഗോചരവശാൽ ശുഭസ്ഥാനങ്ങളിൽ നില്ക്കുന്ന ഗ്രഹങ്ങൾ നീചം, ശത്രുക്ഷേത്രസ്ഥിതി, മൌഢ്യം ഇവയോടുകൂടിയാൽ ഫലങ്ങളെത്തരികയില്ല. നീചം, ശത്രുക്ഷേത്രസ്ഥിതി ഇവ മൌഢ്യം.

വിവരണം:—ഗ്രഹങ്ങളുടെ ഗുണദോഷങ്ങളനുസരിച്ചു ദശയുടേയും അപഹാരത്തിൻെറയും ഫലങ്ങൾക്കു ഭേദംവരാനിടയുണ്ടു്. അതിനാൽ ബലാബലം നല്ലവണ്ണം നോക്കീട്ടുവേണം ഫലങ്ങൾ പറഞ്ഞുതുടങ്ങാൻ. അത്യുച്ചം, ഉച്ചം, മൂലത്രികോണം, സ്വക്ഷേത്രം, ബന്ധുക്ഷേത്രം, സമക്ഷേത്രം, ശത്രുക്ഷേത്രം, നീചം, മൌഢ്യം, കേന്ദ്രം, ത്രികോണം ഇവകളെ നല്ലവണ്ണം പരിശോധിക്കണം. പുറമെ, ശീർഷോദയരാശിയിൽ നില്ക്കുന്ന ഗ്രഹത്തിൻെറ ദശയുടെ ആരംഭകാലത്തും, ഉഭയോദയത്തിൽ നില്ക്കുന്ന ഗ്രഹത്തിൻെറ ദശയുടെ മദ്ധ്യകാലത്തും പൃഷ്ഠോദയരാശിയിൽ നില്ക്കുന്ന ഗ്രഹത്തിൻെറ ദശയുടെ അവസാനകാലത്തുമാണു് അതാതുകളുടെ ദശാഫലങ്ങളുടെ പ്രാബല്യത്തെ കാണിപ്പിക്കുന്നതെന്നുംകൂടി അറിഞ്ഞിരിക്കണം.

വിവരണം:—ആദിത്യൻ ഉച്ചരാശിയിലോ, ലഗ്നം ൪, ൯, ൧൦, ൫, ൧൧, ൨ ഈ ഭാവങ്ങളിലോ നിന്നാൽ ധനധാന്യലാഭം, രാജപ്രീതി, ഇഷ്ടകാര്യങ്ങളുടെ ഫലപ്രാപ്തി മുതലായ ഗുണങ്ങൾ ഇവ സിദ്ധിക്കും. ൬, ൮ ഈ ഭാവങ്ങളിൽ നിന്നാൽ അപമൃത്യുക്കൾ സിദ്ധിക്കുന്നതും ന്യായമുണ്ട്.

ചന്ദ്രൻ

ഉച്ചം, സ്വക്ഷേത്രം ൫, ൧൧, ൨ ഈ ഭാവങ്ങളിൽ ഭാഗ്യകർമ്മാധിപന്മാരുടെ ദൃഷ്ടിയുണ്ടായാൽ സൗഖ്യാദികളും ഗൃഹം, ഭൂമി, വാഹനം, പ്രവൃത്തി ഇവകളുടെ ലാഭവും പാപയോഗമോ നീചമോ ശത്രുക്ഷേത്രമോ ആദിയും സ്ഥിതിയോ ഉണ്ടായാൽ നേരെമറിച്ച് ധനനാശം, സ്ഥാനഭ്രംശം, ദേഹത്തിൽ രോഗം, മനോദുഃഖം, രാജഭൃത്യകോപം, മാതൃദുഃഖം ഇവകളും സംഭവിക്കുന്നതാണ്.

ചൊവ്വ

ഉച്ചം, സ്വക്ഷേത്രം, കേന്ദ്രം, ത്രികോണം ലാഭം ൩, ൬ ഈ ഭാവങ്ങളിൽ ലഗ്നാധിപതിയോടും ചേർന്നിരിക്കുന്നതായാൽ ഭൂമിലാഭം രാജപ്രീതി ഗൃഹലാഭം ഇഷ്ടബന്ധുലാഭം ഇഷ്ടഭക്ഷ്യപാനസൗഖ്യം ഇവകളും ൬, ൮, ൧൨ ഈ ഭാവങ്ങളിൽ പാപയോഗദൃഷ്ടികളോടുകൂടിനിന്നാൽ ഭ്രമം, ത്വഗ്രോഗം, നയനരോഗം, മൂത്രകൃച്ഛ്രം, കൃഷി, നാല്ക്കാലി ഇവകൾക്കു നാശവും ഫലമാകുന്നു.

ബുധൻ

നീചമോ പാപയോഗമോ ൬, ൮, ൧൨ ഇതിൽ സ്ഥിതിയോ പാപദൃഷ്ടിയോ ഉണ്ടായാൽ ധനധാന്യാദിനാശം ബന്ധുജനങ്ങളുമായി വിരോധം, ഉദരവ്യാധി, രാജസചിവകോപം, മനോദുഃഖം വിദ്യയ്ക്കു തടവ് ഇതുകൾ സംഭവിക്കുന്നതാണ്. പുറമെ കേന്ദ്രത്രികോണരാശികളിൽ സ്ഥിതി ലഗ്നാധിപനോടോ യോഗകർത്താവായ ഗ്രഹത്തോടോ

യോഗം പ്രാപ്തൻ സ്ഥിതി ഇവകൾ ഉണ്ടാകയാണെങ്കിൽ, രാജപ്രീതിയും, സ്ഥാനമാനബഹുമാനാദികളും, ചതിർബന്ധുജനങ്ങളും, പുത്രന്മാർക്കുള്ള ഇഷ്ടാഭിപ്രായസൌഖ്യങ്ങളും സംഭവിക്കുന്നതാണ്.

വ്യാഴൻ

ഉച്ചം, സ്വക്ഷേത്രം, മിത്രം, കേന്ദ്രം, ത്രികോണം ഇവ രാശികളിൽ നിന്നാൽ സമ്പത്തും, കീർത്തിബഹുമാനവും, ഉന്നതസ്ഥാനലാഭവും, വിശേഷഭോഗങ്ങളുടെ സിദ്ധിയും, കളത്രപുത്രഗുണങ്ങളും വിദ്യാവിജയാദികളും സിദ്ധിക്കുന്നതാണ്. വ്യാഴം നീചസ്ഥിതനായോ ശത്രുക്ഷേത്രസ്ഥനായോ ൬, ൮, ൧൨ ഈ ഭാവങ്ങളിൽ സ്ഥിതനായോ ഉദിക്കയാണെങ്കിൽ നീചജനങ്ങളുമായി ചേർച്ച, ദാരിദ്ര്യം, പുത്രമിത്രാദി വിരോധം, ബന്ധുക്കൾക്ക് ആപത്ത്, ദുഷ്കർമ്മപ്രവൃത്തി കർമ്മപാരമ്യം, ശരീരസുഖക്കേട് ഇവ സംഭവിക്കുന്നതാണ്.

ശുക്രൻ

കേന്ദ്രത്രികോണങ്ങളിലോ ഉച്ചത്തിലോ സ്വക്ഷേത്രത്തിലോ നിൽക്കുന്നുവെങ്കിൽ ഉൽകൃഷ്ടമായ യോഗം അനുഭവിക്കുന്നതാണ്. ധനം, ധാന്യം, ഭൂമി, വാഹനം, വസ്ത്രം ഇവകളുടെ വർദ്ധനയും, ലോകബഹുമാനവും, കളത്രഗുണവും, സംഗീതത്തിൽ പ്രിയമാവുകയും ചെയ്യുന്നതാണ്. ശുക്രൻ ൬, ൮, ൧൨ ഈ ഭാവങ്ങളിൽ പാപഗ്രഹദൃഷ്ടികളോടുകൂടി നിന്നാൽ സ്ത്രീസംയോഗം മൂലമായും ദുർവ്യവഹാരാദികളാൽ കഷ്ടനഷ്ടം അനുഭവിക്കുന്നതായും സംസാരികളോടു കലഹവും മനോവ്യാകുലതയും ഉണ്ടാകുന്നതാകുന്നു.

ശനി

മൂലത്രികോണത്തിലോ സ്വക്ഷേത്രത്തിലോ ഉച്ചത്തിലോ കേന്ദ്രം ത്രികോണം ലാഭം ഈ രാശികളിലോ നിൽക്കുന്നതായാൽ അപാരതകാലത്തു ഉത്സാഹകർമ്മങ്ങളും ധന

വർദ്ധനകളും രാജപ്രീതിയും സൈന്യകാര്യസിദ്ധിയും ഒരു കൂട്ട ത്തിലെ പ്രധാനത്വം കിട്ടുകയും ഗ്രാമപ്രദേശത്തിന്റെ ലാ ഭവും സിദ്ധിക്കുന്നതാണ്. ശനി ലഗ്നാൽ ൩-൬-൧൧. ഈ ഭാവങ്ങളിലല്ലാതെ ദീർഘത്തിലെ പാപദൃഷ്ടിയോടുകൂടിയോ നി ന്നാൽ രാജകോപവും ദുഃഖം വാദം ഇത്യാദികളെക്കൊണ്ടുള്ള കഷ്ടതയും ഭയങ്ങളുമെന്നുള്ളതുകൊണ്ട് മനോദുഃഖവും അപമൃത്യു ക്കളും സ്വല്പമായനഷ്ടവും സ്ഥാനഭ്രംശവും കാലിൽ വ്യാ ധിയും സമ്പാദിച്ചവയുമായുള്ള സമ്പാദ്യനാശവും ഇട യുണ്ടാകുന്നതാണ്.

രാഹു

കർക്കടകം, വൃശ്ചികം, കന്നി, ധനു ഈ രാശികളിലും ഉച്ചരാശ്യാദികളിലും ലഗ്നാൽ ൩-൬-൧൧ ഭാവങ്ങളിൽ സ്ഥിതിയും ശുഭദൃഷ്ടിയും ഉണ്ടെങ്കിൽ യോഗകാരകഗ്രഹത്തോ ടുകൂടിയോ നിന്നാൽ ധനലാഭം ശത്രുക്കളെ ജയിക്കുമാ യിരിക്കും. രാജാധികാരം സിദ്ധിച്ചു സ്ഥാനങ്ങളുണ്ടാകും. ക്ഷേത്ര നിലയം, കളത്രപുത്രാദികളും ലഭിക്കും. ൬-൮-൧൨ ഈ രാശി കളിൽ പാപദൃഷ്ടിയോടുകൂടി നിന്നാൽ ചോരഭയം ഉണ്ടാവും, രാജകോപം ബന്ധനം ഇതുകൊണ്ടുള്ള വിരോധം പുത്ര ന്മാർക്കു ദുഃഖം, ശത്രുബാധ, വിഷഭയം ഇവയും ഉണ്ടാകും. ഉദരരോഗം വാതം ഇവ ചിലപ്പോൾ ഉണ്ടാകുന്നതാകുന്നു.

കേതു

കേന്ദ്രസ്ഥാനങ്ങളായ ൧-൪-൭-൧൦ ഈ രാശികളിലെ ത്രികോണസ്ഥാനങ്ങളായ ൫-൯ ഈ ഭാവങ്ങളിലോ ശുഭ ഗ്രഹങ്ങളുടെ ദൃഷ്ടിയോടുകൂടി നിന്നാൽ രാജപ്രീതി പുഷ്ടി ഈ രാശികളിൽ നിൽക്കുകയോ ചെയ്താൽ ധനധാന്യാഭിവൃദ്ധിയും സൽകർമ്മങ്ങളിൽ താല്പര്യവും പുത്ര ന്മാരിൽനിന്നു സുഖവും ഗ്രാമാധിപത്യവും ഭൂമിലാഭവും സിദ്ധിക്കുന്നതാണ്. കേതു ദീർഘത്തിലോ ദൈവസ്ഥാനത്തോ

[illegible] ഈ [illegible] [illegible].

[illegible]

[illegible]

ഒരു കുട്ടി ജനിച്ചാൽ [illegible] ബാലന്റെ ആയുസ്സിനെ കുറിച്ചു [illegible]. അതിനെ പിന്നെ വേണം മറ്റുള്ളതെല്ലാം വിചാരിക്കേണ്ടത്. [illegible] അവന്റെ [illegible] കാണുന്നു.

[illegible]

ജനനാൽ പന്ത്രണ്ടുകൊല്ലം വയസ്സുവരെ ബാലന്റെ ആയുസ്സ് നിശ്ചയിക്കാവുന്നതല്ല. മാതാവും പിതാവും ചെയ്യുന്ന പാപകൎമ്മങ്ങളെക്കൊണ്ടും ബാലഗ്രഹപീഡകളെക്കൊണ്ടും കുട്ടികൾ നശിച്ചുപോകും. അതുകൊണ്ടത്രെ,

[illegible]

[illegible]

[illegible]

[illegible]

[illegible]

അഷ്ടമാധിപതന്മാരെക്കൊണ്ടു [illegible] ഇതുപോലെ [illegible] കൊണ്ടും പുത്രാദിഭാവാധിപന്മാരെക്കൊണ്ടും വിചാരിക്കാവുന്നതാണ്. ഇതു തന്നെ [illegible] സാരം.

[illegible]

അഷ്ടമാധിപൻ പാപനാകയും പാപന്മാരോടു ചേരുക[illegible] ലഗ്നാധിപൻ അഷ്ടമത്തിൽ വരികയും ചെയ്താൽ അപ്പോൾ ജനിച്ചവൻ അല്പായുസ്സായിരിക്കും.

[illegible]

[illegible] ലഗ്നാധിപൻ കേന്ദ്രത്തിലും നിൽക്ക. [illegible] ഇങ്ങനെ യോഗങ്ങളിലും ദീർഘായുസ്സെന്നു [illegible] സമ്മതിക്കുന്നു.

ത്രികോണേ പാപനിൎമ്മുക്തേ കേന്ദ്രേ സൌമ്യവിവൎജ്ജിതേ
രന്ധ്രേ പാപവിഹീനേ ച ജാതസ്സ്യാദധമോ നരഃ

ത്രികോണങ്ങളിൽ പാപന്മാരും കേന്ദ്രങ്ങളിൽ ശുഭന്മാരും അഷ്ടമത്തിൽ പാപഗ്രഹവും ഒന്നും ഇല്ലാതിരുന്നാൽ ജാതൻ ദരിദ്രനാകും.

രന്ധ്രേ കേന്ദ്രേ ച പാപൈശ്ച യുതേ യദി നരോ ഭ–
ൎവേൽ ലഗ്നസ്ഥഖേടൈഃ
ലഗ്നാച്ഛഷ്ഠാഷ്ടമവ്യയത്രികേ വിധുരപി
ദുൎബലേ ശീതരശ്മൌ
ക്ഷീണേന്ദൌ സപ്തമേ വാ ഭവനേ ഖലയുതി–
ർജ്ജായാനാശസ്തദാ സ്യാൽ
ദ്യൂനസ്ഥേ വാഷ്ടമസ്ഥേ കേന്ദ്രേ നവമേ ശുഭഖേടാ–
ന്വിതേ വീക്ഷണേ വാ.

എട്ടാംഭാവത്തിലും കേന്ദ്രങ്ങളിലും പാപന്മാർ നിന്നാലും ലഗ്നത്തിലും എട്ടാംഭാവത്തിലും പാപന്മാർ നിന്നാലും ലഗ്നത്തിലും ഏഴിലും പാപന്മാർ നിന്നാലും ലഗ്നത്തിന്റെയും ചന്ദ്രന്റെയും ഇരുപുറവും പാപഗ്രഹങ്ങൾ നിന്നാലും ദുർബലനായ ചന്ദ്രൻ ആറ്, പന്ത്രണ്ട് ഈ ഭാവങ്ങളിൽ നിന്നാലും ക്ഷീണചന്ദ്രൻ പാപഗ്രഹങ്ങളോടുകൂടെ ലഗ്നം, ഏഴ്, ഒൻപത്, അഞ്ച് ഈ ഭാവങ്ങളിൽ നിന്നാലും, എട്ട്, ഏഴ് ഈ ഭാവങ്ങളിൽ പാപന്മാർ നിന്നാലും, കേന്ദ്രങ്ങളിലും ഒൻപതിലും ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോ യോഗമോ ഇല്ലാതിരുന്നാലും ഭാര്യാമരണം സംഭവിക്കും.

ലഗ്നാധിപേ ത്രികോണേ കേന്ദ്രേ സൌമ്യയുതേ കേന്ദ്രേ ദീർഘം
രന്ധ്രേശേ വാ ഗ്രഹയുതേ പണപരേ ദൃഷ്ടേ മദ്ധ്യമായുഃ ഫലം
ആപോക്ലിമേ സ്ഥിതേ ലഗ്നേശേ അല്പമായുഃ പ്രജായതേ
അസ്തംഗതേ പാപയുതേ ചൈവ ശത്രുഗ്രഹേ ദുഷ്ഫലം ധ്രുവം

ലഗ്നാധിപനോ ശുഭന്മാരോ കേന്ദ്രത്തിൽ നിന്നാൽ ദീർഘായുസ്സും പണപരത്തിൽ നിന്നാൽ മദ്ധ്യായുസ്സും

ആപോക്ലിമത്തിൽ നിന്നാൽ അല്പായുസ്സും ഫലം. അഷ്ടമാ
ധിപതിയും പാപഗ്രഹങ്ങളും കേന്ദ്രസ്ഥിതന്മാരായാൽ അല്പാ
യുസ്സും പണഫരത്തിൽ നിന്നാൽ മദ്ധ്യമായുസ്സും ആപോക്ലി
മത്തിൽ നിന്നാൽ ദീർഘായുസ്സും ഫലം. ചന്ദ്രലഗ്നാധിപ
നും അതിന്റെ അഷ്ടമാധിപനും തമ്മിലും ഉദയലഗ്നാധിപ
നും അതിന്റെ അഷ്ടമാധിപനും തമ്മിലും ആദിത്യനും ല
ഗ്നാധിപനും തമ്മിലും ബന്ധുക്കളായ്‌വന്നാൽ ദീർഘായുസ്സും
സമന്മാരായ്‌വന്നാൽ മദ്ധ്യമായുസ്സും ശത്രുക്കളായ്‌വന്നാൽ
അല്പായുസ്സും ഫലമാകുന്നു.

കേന്ദ്രത്രികോണനിധനേഷു ന യസ്യ പാപാ
ലഗ്നാധിപഃ ശുഭയുതശ്ച ചതുഷ്ടയസ്ഥഃ
ഖ്യാതാന്വയോ വിവിധധീ സുപുണ്യകർമ്മാ
ജീവേച്ച വത്സരശതം സ വിമുക്തരോഗഃ

ഏതെങ്കിലും ഒരുത്തന്റെ ലഗ്നകേന്ദ്രങ്ങളിലും ത്രികോണങ്ങ
ളിലും അഷ്ടമത്തിലും പാപന്മാർ ഇല്ലയോ ലഗ്നാധിപനെ
വ്യാഴനും കേന്ദ്രത്തിൽ നില്ക്കുന്നുവോ നല്ല പുണ്യകർമ്മങ്ങ
ളോടുകൂടിയ അവൻ പലപ്രകാരത്തിലുമുള്ള സുഖങ്ങളെ അ
നുഭവിച്ചും രോഗങ്ങൾ യാതൊന്നുമില്ലാതെയും നൂറു സംവ
ത്സരത്തോളവും ജീവിച്ചിരിക്കും.

അരിഷ്ടഭംഗം

ലക്ഷം ദോഷാൻ ഹന്തി [illegible]
കേന്ദ്രേ [illegible]
[illegible]
[illegible]

വ്യാഴത്തിന്നാണ അരിഷ്ടങ്ങളെ നശിപ്പിക്കുവാൻ
അധികം ശക്തിയുള്ളത്. വ്യാഴം കേന്ദ്രത്തിൽ നിന്നാൽ
ലക്ഷം ദോഷങ്ങളും ശമിക്കുന്നതാണ്. ശുക്രൻ നിന്നാൽ
അതിൽ പകുതിയും ബലവാനായ ബുധൻ നിന്നാൽ

അതിൻ പ്രകൃതിയും നാശിക്കും. ഗ്രഹങ്ങൾക്കെല്ലാമുള്ള ബലത്തിന്റെ ബീജം ചന്ദ്രന്റെ ബലമാകുന്നു. ചന്ദ്രൻ ബലമുണ്ടെങ്കിലേ മററു ഗ്രഹങ്ങൾക്കും ബലമുണ്ടാവുകയുള്ളൂ വെന്നർത്ഥം.

ജീവേന്ദുശുക്രസൗമ്യാനാമേകശ്ചേൽ കേന്ദ്രഗോ ബലീ।
പാപദൃഷ്ടിവിഹീനശ്ചേദരിഷ്ടം ഹന്തി ഭംഗദൻ

ഗുരു, ശുക്രൻ, ബുധൻ ഇവരിൽ ഒരുവൻ ബലവാനായി കേന്ദ്രങ്ങളിൽ പാപദൃഷ്ടിയില്ലാതെ നിന്നാൽ അരിഷ്ടങ്ങളെ ഒക്കെ നശിപ്പിക്കും.

ലഗ്നാധിപോ ബലയുതശ്ശുഭദൃഷ്ടഃ കേന്ദ്രസ്ഥോ
അരിഷ്ടയോഗജാതോപി ചിരം ജീവതി നിശ്ചയഃ

ബലവാനായ ലഗ്നാധിപൻ കേന്ദ്രത്രികോണങ്ങളിൽ നിന്നാൽ അരിഷ്ടയോഗത്തിൽ ജനിച്ചുവെങ്കിലും ബാലനെ രക്ഷിക്കും.

ലഗ്നാൽ സപ്തമാഷ്ടമ ലഗ്നാൽ സൗമ്യൈർന്നിരീക്ഷിതസ്സുരേജ്യഃ।
നാശയതി സർവ്വദുരിതം മാരുത ഇവ തൂലസംഘാതം.

ലഗ്നത്തിൽ നിന്നു ൭, ൮, ൧൧—ഈ ഭാവങ്ങളിൽ ശുഭദൃഷ്ടിയോടുകൂടി നിന്നാൽ എല്ലാ അരിഷ്ടങ്ങളെയും കാററു പഞ്ഞിയെന്നപോലെ നശിപ്പിച്ചു രക്ഷിക്കും.

അജവൃഷകർക്കിടി ലഗ്നേ രക്ഷതി രാഹുഃ സമസ്തപീഡാഭ്യഃ
പൃഥ്വീപതിഃ പ്രസന്നഃ കൃതാപരാധം യഥാ പുരുഷം.

മേടം, ഇടവം, കർക്കടകം ഇവ ലഗ്നമായി അവിടെ രാഹു നിന്നാൽ ബാലനെ അപരാധിയായിരുന്നാലും ശരണം പ്രാപിച്ചവനെ രാജാവു എന്നപോലെ രക്ഷിക്കും.

നിശാകരസ്സമ്പൂർണ്ണവപുസ്സുതതം
ശീർഷോദയിരാശി പൂർവ്വഗതോപി
ജാതസ്യ നിത്യം ശുഭവീക്ഷിതാംഗഃ
നിഹന്തി ദോഷാൻ സകലം പരംതപാൻ.

സമ്പൂൎണ്ണഗാത്രനായി ശുഭദൃഷ്ടനായി ശുഭവൎഗ്ഗങ്ങളിൽ നില്ക്കുന്ന ചന്ദ്രൻ ജാതകന്റെ അരിഷ്ടത്തെ ഗരുഡൻ വിഷത്തെ എന്നപോലെ കളിക്കം.

ബലഹീനേ വിലഗ്നേശേ ജീവേ കേന്ദ്രത്രികോണഗേ
ഷഷ്ഠാഷ്ടമവ്യയേ പാപേ മദ്ധ്യമായുരുദാഹൃതം.

ലഗ്നാധിപൻ ദുൎബ്ബലനാകയും കേന്ദ്രത്രികോണങ്ങളിൽ വ്യാഴവും ൬, ൮, ൧൨ ഈ ഭാവങ്ങളിൽ പാപന്മാരും നിന്നാൽ മദ്ധ്യമായുസ്സിനെ കൊടുക്കുന്നതാകുന്നു.

കുറിപ്പ്.

വിവരണം—ലഗ്നാധിപൻ, അഷ്ടമാധിപൻ, പത്താംഭാവാധിപൻ, ശനി ഇവർ കേന്ദ്രങ്ങളിലോ, ത്രികോണങ്ങളിലോ പതിനൊന്നിലോ നിന്നാൽ ദീൎഘായുസ്സിനെ പറയാം.

അഷ്ടമാധിപനു കേന്ദ്രവും, ലഗ്നാധിപനു ബലഹാനിയും ഉണ്ടായാൽ അല്പായുസ്സിനെ പറയേണ്ടതാണ്. അഷ്ടമാധിപനും അഷ്ടമത്തിനും പന്ത്രണ്ടാംഭാവത്തിനും പാപഗ്രഹയോഗമുണ്ടായാൽ ജനിച്ചഉടൻതന്നെ മൃതിഭവിക്കും. കേന്ദ്രത്രികോണങ്ങളിൽ പാപന്മാരും ആറിലും എട്ടിലും ശുഭന്മാരും അഷ്ടമാധിപനു ലഗ്നത്തിൽ നീചസ്ഥിതിയും ഉണ്ടായാൽ ജനിച്ചവൻ വേഗേന മൃതനായിഭവിക്കും. ലഗ്നാധിപനെക്കാറം ബലവാനായ അഷ്ടമാധിപൻ കേന്ദ്രസ്ഥാനങ്ങളിൽ നില്ക്കുകയും എട്ടിലും പന്ത്രണ്ടിലും പാപികറം നില്ക്കുകയും ചെയ്താൽ അവന്റെ ആയുസ്സ് അല്പമാകുന്നു. ലഗ്നം ധനുരാശിയാവുകയും അതിൽ വ്യാഴം നില്ക്കുകയും ശനിയുടെ ദൃഷ്ടിയോ രാഹുവിന്റെ യോഗമോ ലഗ്നത്തിനുണ്ടാവുകയും എട്ടിൽ ഏതെങ്കിലും ഒരു ഗ്രഹം ഉണ്ടാവുകയും ചെയ്താൽ ൨൨-ാമത്തെ വയസ്സിൽ മരിക്കുന്നതാകുന്നു. ദുൎബ്ബലനും നീചാംശകത്തിൽ നില്ക്കുന്നവനുമായ ചന്ദ്രൻ ലഗ്നാൽ എട്ടാംഭാവത്തിൽ നിന്നാലത

ന്നെ മൃതിപ്രദനാകുന്നു. ഈ ചന്ദ്രന കുജന്റെയും ശനിയു ടെയും ദൃഷ്ടിയുംകൂടി ഉണ്ടെങ്കിൽ ൨൭ വയസ്സിൽ മരണ ത്തെ പറയാം. സൂൎയ്യൻ, ചന്ദ്രൻ, രാഹു ഈ മൂന്നുഗ്രഹങ്ങ ളുംകൂടി ലഗ്നത്തിൽ നിന്നാൽ ൨൨-ാമത്തെ വയസ്സിൽ മരി ക്കാൻ ന്യായമുണ്ട്.

രണ്ടിലും പന്ത്രണ്ടിലും പാപന്മാർ ഉണ്ടായിരിക്കയും രാഹുവിനോടുകൂടി വ്യാഴം ഏഴിലോ എട്ടിലോ നില്ക്കയുംചെ യ്താൽ ൩൦-ാമത്തെ വയസ്സിൽ മരണത്തെ ചിന്തിക്കാം. ല ഗ്നാധിപൻ പാപനോടുകൂടി ലഗ്നത്തിലും സൂൎയ്യനും ചന്ദ്രനും ആറിലും അഷ്ടമാധിപൻ കേന്ദ്രത്തിലും നിന്നാൽ ൩൦-ാമ ത്തെ വയസ്സിൽ മരണത്തെ പറയാം. ക്ഷീണനായ ചന്ദ്രൻ കർക്കടകരാശിയിലും അഷ്ടമാധിപൻ കേന്ദ്രത്തിലും എട്ടിൽ പാപനും നില്ക്കയും ലഗ്നാധിപൻ ബലഹീനനായിരി ക്കയും ചെയ്താൽ ൩൦-ാമത്തെ വയസ്സിൽ മരണത്തെ പറ യാം. വ്യാഴവും ശുക്രനും കേന്ദ്രത്തിലും പാപനോടുകൂടി ലഗ്നാധിപൻ ആറാമത്തിലും നില്ക്കുമ്പോൾ സന്ധ്യാ സമയത്തു ജനിച്ചാൽ ൬൦-സംവത്സരം ജീവിച്ചിരിക്കും. ചൊവ്വായും ചന്ദ്രനും ലഗ്നത്തിൽ നില്ക്കയും കേന്ദ്രത്തിലും അഷ്ടമത്തിലും ശുഭന്മാരില്ലാതിരിക്കയും ചെയ്യുമ്പോൾ ഗുളികോദയസമയം ജനിച്ചവൻ മുപ്പതാറാമത്തെ വയ സ്സിൽ മരിക്കുന്നതാണ്. അഷ്ടമാധിപൻ കേന്ദ്രത്തിലും ചൊവ്വാ ലഗ്നത്തിലും സൂൎയ്യൻ മൂന്നിലും ശനി ആറിലും നി ന്നാൽ ൪൪ വയസ്സുവരെ ജീവിച്ചിരിക്കും. ലഗ്നാധിപൻ നില്ക്കുന്ന രാശിയിൽനിന്നു ൩, ൭, ൧൦ ഇതുകളിൽ പാപ ന്മാർനില്ക്കയും എട്ടാമത്തിൽ ശുഭന്മാരില്ലാതിരിക്ക യുംചെയ്താൽ ൬൦ വയസ്സുവരെ ജീവിച്ചിരിക്കും. ആദിത്യൻ, ചൊവ്വാ, ശനി ഇതുമൂന്നു ഗ്രഹങ്ങളുംലഗ്നത്തിലും വ്യാഴം കേ ന്ദ്രത്തിലും, അഞ്ചിലോ പന്ത്രണ്ടിലോ ചന്ദ്രനും നില്ക്കുന്നു വെങ്കിൽ ൭൦ വയസ്സുവരെ ജീവിച്ചിരിക്കും. വ്യാഴനും ചന്ദ്ര നും നാലിലും ബലവാനായ ലഗ്നാധിപൻ പതിനൊന്നി

ലും പത്തിൽ ശുക്രനും ഉണ്ടായിരുന്നാൽ ൭൦-മത്തെ വയസ്സിൽ മരണത്തെ പറയാം. കേന്ദ്രത്തിലും ത്രികോണത്തിലും അഷ്ടമത്തിലും പാപന്മാർ ഇല്ലാതിരിക്കുകയും വ്യാഴവും ശുക്രനും കേന്ദ്രത്തിൽ ഉണ്ടാവുകയും ചെയ്താൽ ൧൦൦-വത്സരം ജീവിച്ചിരിക്കുന്നതാണ്.

മരണനിർണ്ണയപ്രകരണം.

കഷ്ടഖണ്ഡ കഷ്ടരാശിത്രികോണേ മന്ദജീവയോഃ
ചാരേ കഷ്ടരാശ്യന്ത്യേഷാം കഷ്ടകാലേ മൃതിപ്രദാ.

കഷ്ടഖണ്ഡങ്ങളിലും അനിഷ്ടപ്രദങ്ങളായ രാശികളിലും അവയുടെ ത്രികോണങ്ങളിലും വ്യാഴനും ശനിയും ചാരവശാൽ ചെല്ലുന്ന കാലത്തും കഷ്ടദശകളിലും മരണമുണ്ടാകുന്നതാണ്.

ജന്മകാലേ സ്ഥസൌരസ്യ രാശേസ്യാന്ത്യസ്മരാരിഷു
ഇതരേ സ്ഥിതേ മൃതിസ്തേഷു തേഷാം ദൃഷ്ടിർക്ഷമിഷ്യതേ.

ജനനസമയത്തു ശനി നില്ക്കുന്ന രാശിയുടെ ൨, ൭, ൧൨ ഈ രാശികളിൽ വ്യാഴത്തിന്റെ ദൃഷ്ടിയില്ലാതിരിക്കുന്ന രാശികൾ ഏതോ അതുകളിൽ വ്യാഴം ചെല്ലുമ്പോഴും മരണം സംഭവിക്കാവുന്നതാണ്.

ലഗ്നാദ്രന്ധ്രപതിനവാംശഗതേ സൂര്യേ
ഥവാ ത്രിഭാഗപതിസംസ്ഥിതനവാംശഗേ വാ
ഉദ്യദ്ദൃഗാണപതിരാശിഗതേ ച തദ്വൽ
തേഷാം ത്രികോണമഥവാപഗതേ വിനാശഃ

ലഗ്നാൽ അഷ്ടമാധിപൻ, ചന്ദ്രാൽ അഷ്ടമാധിപൻ ഈ രണ്ടു ഗ്രഹങ്ങൾ നില്ക്കുന്ന രാശിയിലോ നവാംശകരാശിയിലോ അവയുടെ ത്രികോണത്തിലോ വ്യാഴം ചെല്ലുമ്പോഴും അഷ്ടമദ്രേക്കാണാധിപൻ നില്ക്കുന്ന രാശി നവാംശകരാശി ഇവകളിൽ ചെല്ലുമ്പോഴും ലഗ്നദ്രേക്കാണാധിപൻ നില്ക്കുന്ന രാശിയിൽ വ്യാഴം ചെല്ലുമ്പോഴും ഇവകളു

ടെയെല്ലാം ത്രികോണങ്ങളിൽ ചെല്ലുമ്പോഴും മരണം സംഭവിക്കുന്നതാണ്.

ലിപ്തരന്ധ്രത്രികോണസ്ഥേ ഗുരൗ മന്ദാന്വിതേ വദേൽ
മന്ദമാന്ദിഗുരൂണാം വാ സ്ഫുടയോഗം ഗതേഥവാ.

ശനിയുടെ സ്ഫു, വൃ ഇവകളിലൊ അവയുടെ ത്രികോണത്തിലൊ വ്യാഴം ചെല്ലുമ്പോഴും മരണകാലമാണ്. വ്യാഴം, ശനി, ഗുളികൻ ഈ മൂന്നു ഗ്രഹങ്ങളുടെയും സ്ഫുടങ്ങൾ തമ്മിൽ കൂട്ടികൊണ്ടുന്ന രാശിയിൽ വ്യാഴം ചെല്ലുമ്പോഴും മരണം സംഭവിക്കുന്നതാണ്.

നിധനേശസ്ഥിതേ രാശൗ ചന്ദ്രാംശേഥവാ രവിഃ
യമേ ചരതി വാ മൃത്യുസ്ഥത്രികോണം ഗതേഥവാ.

അഷ്ടമാധിപൻ നില്ക്കുന്ന രാശിയിലൊ അതിന്റെ ചന്ദ്രാംശകരാശിയിലൊ അവയുടെ ത്രികോണങ്ങളിലൊ സൂര്യൻ സഞ്ചരിക്കുമ്പോഴും മരണംപ്രാപ്തമാകുന്നു.

മാന്ദിചന്ദ്രലഗ്നസംയോഗരാശൗ മരണമാദിശേൽ
അങ്ങളോദിതേഷു സർവ്വത്ര ത്രികോണമപി ചിന്തയേൽ.

ഗുളികൻ, ചന്ദ്രൻ, ലഗ്നം ഇവകളുടെ സ്ഫുടയോഗരാശി ഉദിക്കുമ്പോഴും മരണം സംഭവിക്കാവുന്ന സമയമാകുന്നു. ഏതേതു ഗ്രഹങ്ങൾക്ക് ഏതേതു രാശികളൊ നക്ഷത്രങ്ങളൊ മരണകാലങ്ങളായി പറഞ്ഞിട്ടുള്ളത് അവകളുടെയെല്ലാം ത്രികോണങ്ങളിൽ അതാതുഗ്രഹം ചെല്ലുമ്പോഴും മരണം വിചാരിക്കേണ്ടതാണ്.

മാരകചിന്ത.

അഷ്ടമം ഹ്യായുഷഃ സ്ഥാനമഷ്ടമാദഷ്ടമം ച യത്
തയോരപി വ്യയസ്ഥാനം മാരകസ്ഥാനമുച്യതേ

ലഗ്നാൽ എട്ടാമിടവും ആ എട്ടാമേടത്തിൽനിന്ന് കണക്കുകൂട്ടിയാൽ എട്ടാമതായി വരുന്ന മൂന്നാമിടവും ആയുസ്ഥാനങ്ങളാകുന്നു. അതായത് ആയുസ്സിന്റെ ബലാബലത്തെ

പ്പററിയും മററും ചിന്തിക്കേണ്ടതു് വ്യ, ന.-എന്നീ ഭാവങ്ങ
ളെ ആശ്രയിച്ചാകുന്നു എന്നു ചുരുക്കം. ഈ രണ്ടു ആയു
സ്ഥാനങ്ങളുടെ ദ്വാദശങ്ങളായ പന്ത്രണ്ടാമതായി വരുന്ന ഭാ
വങ്ങൾ മാരകസ്ഥാനങ്ങളാകുന്നു. അതായതു് ൨, ൭- എ
ന്നീ ഭാവങ്ങൾ മാരകസ്ഥാനങ്ങളാണെന്നു ചുരുക്കം.

കുറിപ്പു്.

ആയുസ്സിന്റെ വ്യയസ്ഥാനങ്ങൾ മരണസ്ഥാനങ്ങളുമാകുമല്ലോ. ആയുസ്ഥാനത്തിന്റെ വ്യയസ്ഥാനം മാരകസ്ഥാനമായിരിക്കുന്നതു യുക്തമാകുന്നു. ആദ്യമായി നിർദ്ദേശിച്ച ആയുസ്ഥാനം അഷ്ടമമാകയാൽ അതിന്റെ പന്ത്രണ്ടാമേടമായ സപ്തമമാകുന്നു ദ്വിതീയ വ്യയസ്ഥാനം. സപ്തമം, ദ്വിതീയം എന്നീ രണ്ടു മാരകസ്ഥാനങ്ങളിൽ വെച്ചു് സപ്തമത്തെക്കാൾ ദ്വിതീയത്തിനു ബലം കൂടുന്നതാണു്. മാരകസ്ഥാനത്തിന്റെ അധിപൻ, മാരകസ്ഥാനത്തിൽ സ്ഥിതിചെയ്യുന്ന പാപികൾ മാരകസ്ഥാനാധിപതിയോടു സംബന്ധിച്ചിരിക്കുന്ന പാപികൾ ഇവരാകുന്നു മരണത്തിനു കാരണമായി ഭവിക്കുന്നതു്. വ്യയേശനും പാപലക്ഷണത്തോടുകൂടിയ ശനിക്കു മാരകസ്ഥാനസ്ഥിതി മുതലായതുകൊണ്ടു മാരകന്മാരായ ഗ്രഹങ്ങളുമായി സഹവാസസ്ഥാനാദിസംബന്ധമുണ്ടായിരുന്നാൽ ശനിദശയ്ക്കു മുൻപും പിൻപും മററു മാരകന്മാരുടെ ദശകളുണ്ടായിരുന്നാലും അവയെല്ലാംവിട്ടു ശനിദശയിൽത്തന്നെ മരണം സംഭവിക്കുമെന്നും അറിഞ്ഞുകൊൾക.

ആയുഃ പൂർവ്വം പരീക്ഷേത പശ്ചാൽ ലക്ഷണമാദിശേൽ
അനായുഷാം ഹി മർത്ത്യാനാം ലക്ഷണൈഃ കിം പ്രയോജനം

ജാതകംകൊണ്ടോ പ്രശ്നംകൊണ്ടോ മററുലക്ഷണങ്ങൾ പറയുന്നതിനു മുൻപെതന്നെ ആയുസ്സിന്റെ സ്ഥിതി ചിന്തിച്ചറിയേണ്ടതാണു്. അല്പായുസ്സായാൽ രാജയോഗാദികളെക്കൊണ്ടുള്ള ലക്ഷണങ്ങൾ പറഞ്ഞാൽ ഫലമുണ്ടാകുന്നതല്ല.

ഇത്യാദിഭിസ്സുവചനൈഃ പൂർവ്വമായുർന്നിരൂപണം
കർത്തവ്യമിതി ലഗ്നാഷ്ടമേശപ്രമുഖൈർഗ്രഹൈഃ

മേൽ കാണിച്ചവയും ഇതുപോലെയുള്ള മറ്റു വചനങ്ങളെക്കൊണ്ടും ആയുസ്സിനെത്തന്നെയാണു മുൻപു വിചാരിക്കേണ്ടതു്. ഇതു വിചാരിക്കേണ്ടതു് ലഗ്നം ലഗ്നാധിപൻ അഷ്ടമം അഷ്ടമാധിപൻ ചന്ദ്രൻ മുതലായവരെക്കൊണ്ടാണു്.

ലഗ്നാധിപശ്ച മൃതിപശ്ച മിഥഃ സമേതൌ
യദ്വാ സ്വതുംഗനിജഗേഹസുഹൃദ്ഗൃഹസ്ഥൌ
ലഗ്നേശ്വരശ്ച ബലവാനഥവാ ത്രികോണ-
കേന്ദ്രസ്ഥിതോ വിതനുതേ ദീർഘമായുഃ

ലഗ്നാധിപനും അഷ്ടമാധിപനും തമ്മിൽ ചേർന്നോ അല്ലെങ്കിൽ അവരവരുടെ ഉച്ചരാശി സ്വക്ഷേത്രം ബന്ധുക്ഷേത്രം ഈസ്ഥാനങ്ങളിൽ നില്ക്കയോ ചെയ്താലും ലഗ്നാധിപനോ വ്യാഴനോ ശുക്രനോ കേന്ദ്രത്തിലോ ത്രികോണത്തിലോ വർഗ്ഗോത്തമത്തിലോ നില്ക്കയോ ചെയ്താലും ദീർഘായുസ്സിനെ പറയണം.

സൌമ്യാസ്ത്രികോണായനകേന്ദ്രഗതാഷ്ടമസ്ഥാ
ദീർഘായുഷേ സഹജഷഷ്ഠഭവാശ്ച പാപാഃ
അന്ത്യത്രിഗാ മരണരോഗകരാശ്ച തേ സ്യുർ-
ആധിർമ്മൃതിർ ഭീതികരാഃ പിതൃഗേഷു ഖേടാഃ

ലഗ്നം രണ്ടു നാലു് അഞ്ചു് ഏഴു് എട്ടു് ഒൻപതു് പത്തു് പതിനൊന്നു് ഈ ഭാവങ്ങളിൽ ശുഭഗ്രഹങ്ങൾ നിൽക്കുന്നതും മൂന്നു് ആറു് പതിനൊന്നു് ഈ ഭാവങ്ങളിൽ പാപഗ്രഹങ്ങൾ വരുന്നതും ദീർഘായുസ്സുകളായ യോഗങ്ങളാണു്. ഇവ വിധിക്കു വിപരീതന്മാരായി വരുന്ന ഗ്രഹങ്ങൾ രോഗം മരണം മുതലായ അനിഷ്ടങ്ങളെ ചെയ്യും. അതായതു മൂന്നു് ആറു് പന്ത്രണ്ടു് ഈ ഭാവങ്ങളിൽ ശുഭ-

ഗ്രഹങ്ങളും മററു ഭാവങ്ങളിൽ പാപഗ്രഹങ്ങളും വന്നാൽ മരണം രോഗം മുതലായ ദുരിതങ്ങൾ ഫലമാകുന്നു. എന്നാൽ ശുഭഗ്രഹാദികളും മുതലായവ ഉണ്ടായിരുന്നാലും അഷ്ടമത്തിൽ ഗുളികൻ നിന്നാൽ മരണംതന്നെ അനുഭവിക്കുന്നതാണ്.

കുറിപ്പ്.

ഗുളികൻ മററുള്ള പാപഗ്രഹങ്ങളെക്കാൾ അധികം ദോഷഫലത്തെ ചെയ്യുന്നവനാണ്. വിശേഷിച്ച് ശനിയുടെ യോഗദൃഷ്ടികളോ, ദ്രേക്കാണം ഹോര നവാംശകാ മുതലായ വർഗ്ഗസംബന്ധങ്ങളോ ഉണ്ടായാൽ ഗുളികനുള്ള ദോഷങ്ങളെക്കാൾ അത്യധികം ദോഷങ്ങളെച്ചെയ്യുമെന്നും അറിഞ്ഞിരിക്കേണ്ടതാകുന്നു.

പാപാനാം ചേദ്ദശായാമപഹൃതിരസതാം
ചിന്തനീയാ തു മൃത്യു-
ർജ്ജന്മാസർക്ഷേശപാണാമപി നിജജനിമാ-
ദ്വേഷ്ടേശേ പാകകാലേ
ചിന്ത്യാലീനാം ദശാനാം യുഗപദവസിതി-
ർമൃത്യുകാലഃ സ കഷ്ടഃ
സർവ്വാസാം വാ ദശാനാമവസിതിരശുഭാ
ദോഷദാനാം വിശേഷാൽ

പാപഗ്രഹങ്ങളുടെ ദശയിൽ പാപഗ്രഹങ്ങളുടെ അപഹാരം വരുന്ന കാലം മരണകാലമാകുന്നു. ജന്മനക്ഷത്രത്തിന്റെ ൩, ൫, ൭ ഈ നാളുകളുടെ അധിപന്മാരുടെ ദശാകാലവും അനിഷ്ടംതന്നെയാകുന്നു. അംശകദശ ഉച്ചദശ നീചദശ കാലചക്രദശ നക്ഷത്രദശ ഇങ്ങനെ ദശകൾ അനേകങ്ങളുണ്ട്. ഇവയിൽ രണ്ടിലധികം അനിഷ്ടദശകളുടെ സന്ധി ഒരുമിച്ചുവന്നാൽ ആ കാലവും മരണം സംഭവിക്കാം. എന്നുതന്നെയുമല്ല എല്ലാ ദശകളുടെയും സന്ധി അനിഷ്ടകാലംതന്നെയാണ്. വിശേഷിച്ച് മുൻ

പറഞ്ഞ അനിഷ്ടന്മാരായ ഗ്രഹങ്ങളുടെ ദശയുടെ സന്ധികാലം ഏററവും ദോഷപ്രദമാകുന്നു.

ദശാ നീചസ്ഥമൂഢാനാം നായകാനാം മൃതിപ്രദാ
കാലചക്രദശായാസ്തു വിശേഷോƒത്ര നിഗദ്യതേ

നീചത്തിൽ നില്ക്കുന്ന ഗ്രഹത്തിന്റേയും മൌഢ്യമുള്ള ഗ്രഹത്തിന്റേയും ദശയിൽ നിശ്ചയമായും മരണം സംഭവിക്കുമെന്നു പറയണം. ഇവരുടെ അപഹാരങ്ങളിലും മരണപ്രദങ്ങളുണ്ടു്. കാലചക്രദശയ്ക്കു പ്രത്യേകമായി ചില ഗുണദോഷങ്ങളുണ്ടു്. അതിനെയാണു് ഇനി പറയാൻ പോകുന്നതു്.

മീനാദ്വൃശ്ചികഗം വ്യുൽക്രമഗതി സ്തഥാ ഷഷ്ഠാദധോ കർക്കടം
സിംഹാച്ചാപമിഥുനം തതോപി ഹരിതിം ദോഷാപ്പുത്രഗോത്ഥഗതഃ
കഷ്ടഃ സ്യാദിഹ തൽപ്രവേശസമയഃ കഷ്ടാ ദശാ ചാന്തരേ
ചാരോ രാശ്യന്തരക്രമേണ ശുഭദോ രാശ്യന്തരാന്യോƒശുഭഃ

മീനരാശിയിൽനിന്നു വൃശ്ചികരാശിയിലേയ്ക്കും കന്നിരാശിയിൽനിന്നു കർക്കടകരാശിയിലേയ്ക്കും ചിങ്ങത്തിൽനിന്നും മിഥുനത്തിലേക്കും മിഥുനത്തിൽനിന്നു ചിങ്ങത്തിലേക്കും ധനുവിൽനിന്നു മേടത്തിലേക്കും ഇങ്ങനെ രാശിയുടെ ക്രമംവിട്ടു സഞ്ചരിക്കുന്നതു കഷ്ടമാണു്. കാലചക്രദശയിൽ രാശിയുടെ ആധിപത്യംകൊണ്ടാണു് ദശാനാഥന്മാരെ നിശ്ചയിക്കുന്നതു്. എന്നാൽ മീനരാശിനാഥനായ വ്യാഴത്തിന്റെ ദശകഴിഞ്ഞു് വൃശ്ചികരാശിയുടെ നാഥനായ ചൊവ്വായുടെ ദശ ആരംഭിക്കുന്ന കാലവും മേലുള്ള ചൊവ്വായുടെ ദശാകാലവും കഷ്ടംതന്നെയാണു്. ഇതുപോലെ മററുള്ള സ്ഥാനങ്ങളിലും ചിന്തിച്ചുകൊൾക. മേടംരാശിനാഥനായ ചൊവ്വായുടെ ദശകഴിഞ്ഞു ഇടവം രാശിനാഥനായ ശുക്രന്റെ ആരംഭവും ദശയും ശുഭപ്രദമാണു്. ഇങ്ങനെ രാശിക്രമത്തെ അനുസരിച്ചുള്ള ദശകൾ ശുഭമാണെന്നും വിപരീതങ്ങളായ ദശകൾ അശുഭമാണെന്നും ഗ്രഹിക്കേണ്ടതാണു്.

ഷ്ടമചതുരശ്രേ സംസ്ഥേ പാപാന്തരമദ്ധ്യഗേ ശശിനി ജാതഃ
വിലയം പ്രയാതി നിയതം ദേവൈരപി രക്ഷിതോ ബാലഃ

ഏഴാമെടത്തോ അഷ്ടമത്തിലോ നാലാമെടത്തോ ച ന്ദ്രൻ പാപഗ്രഹമദ്ധ്യസ്ഥനായി നിന്നാൽ ബാലൻ ദേവ ന്മാരാൽ രക്ഷിക്കപ്പെട്ടവനായാലും നിശ്ചയമായും ഉടനെ മര ണത്തെ പ്രാപിക്കുന്നതാണ്".

ക്ഷീണേ ശശിനി വിലഗ്നേ
പാപൈഃ കേന്ദ്രാഷ്ടസംസ്ഥൈർവാപി
ഭവതി വിപത്തിരവശ്യം
യവനാധിപതേർമ്മതം ചൈതൽ

ചന്ദ്രൻ ക്ഷീണനായി ലഗ്നത്തിൽ നില്ക്കുകയും കേന്ദ്ര ങ്ങളിലും അഷ്ടമത്തിലും പാപഗ്രഹങ്ങൾ നില്ക്കുകയും ചെ യ്താൽ നിശ്ചയമായും ഉടനെ മരിക്കുമെന്ന് യവനാചാര്യർ പറയുന്നു.

പാപഗ്രഹമദ്ധ്യഗതേ ഹോരാസപ്താഷ്ടമസംസ്ഥിതേ ചന്ദ്രേ
സൌമ്യൈരവേക്ഷിതേ മൃത്യുർദ്ധ്രുവം മ്രിയതേ

ചന്ദ്രൻ ലഗ്നത്തിലോ ഏഴാമെടത്തോ അഷ്ടമത്തി ലോ പാപഗ്രഹമദ്ധ്യസ്ഥനായി നില്ക്കയും ബലവാന്മാരാ യ ശുഭഗ്രഹങ്ങളുടെ ദൃഷ്ടി ഉണ്ടായിരിക്കായ്കയും ചെയ്താലും നി ശ്ചയമായും മരണത്തെ പ്രാപിക്കും.

ക്ഷീണേ ശശിനി വിലഗ്നേ
കണ്ടകനിധനാശ്രിതൈസ്തഥാ പാപൈഃ
സൌമ്യാദൃഷ്ടേ മൃത്യു-
സ്സദ്യസ്സ്യാദസ്യ നിർദ്ദേശാൽ

ലഗ്നത്തിൽ ക്ഷീണചന്ദ്രൻ നില്ക്കയും എല്ലാ പാപ ന്മാരും കേന്ദ്രത്തിലും അഷ്ടമത്തിലുമായി വരികയും ചന്ദ്രനു ശുഭദൃഷ്ടിയില്ലാതിരിക്കയും ചെയ്താൽ സദ്യോമരണം തന്നെ ഭവിക്കുന്നതാണ്".

ഹോരാധിപസ്യഗതൈഃ
പാപൈഃ ക്ഷീണചന്ദ്ര വ്യയസ്ഥിതോ മന്ദേ
ജാതസ്യ ദിനാന്തരേണ
സദ്യഃ മൃത്യുർ ഭവതി ദ്രുതം

ലഗ്നത്തിലും അഷ്ടമത്തിലും വ്യയത്തിലും പാപഗ്രഹങ്ങളും ചന്ദ്രൻ ക്ഷീണനായി പന്ത്രണ്ടാമെടത്തും നില്ക്കുമ്പോൾ കേന്ദ്രങ്ങളിൽ ബലവാന്മാരായ ശുഭഗ്രഹങ്ങളില്ലായെങ്കിൽ സദ്യോമരണം സംഭവിക്കും.

അധിശശാംശയാദ്രേക്കാണവിവസ്വതാമിവസജന്മനി യദ്യന്യ
പാപയുതോ വാ ഹന്ത്യാൽ പിതരം നിസ്സംശയം ജാതഃ

പകൽ ജനനമാകിൽ ആദിത്യൻ ചൊവ്വായുടെയും ശനിയുടെയും മദ്ധ്യത്തിൽ നില്ക്കുകയോ ആ പാപന്മാരുടെ ദൃഷ്ടിയിൽ നില്ക്കുകയോ ചെയ്താൽ പിതാവിന്റെ മരണം സംഭവിക്കുമെന്നുള്ള് നിസ്സംശയമാണ്".

പാപഗ്രഹമധ്യഗതോ ദിവസകരോ ദിവസജന്മനി യദ്യന്യ
പാപയുതോ വാ ഹന്ത്യാൽ പിതരം നിസ്സംശയം ജാതഃ

പകൽജനനമെങ്കിൽ ആദിത്യൻ ചൊവ്വായുടെയും ശനിയുടെയും മദ്ധ്യത്തിൽ നില്ക്കുകയോ ആ പാപന്മാരോടൊത്തിച്ചുനില്ക്കുകയോ ചെയ്താൽ നിശ്ചയമായും പിതാവു മരിക്കും.

മാതൃസ്ഥാനഗതേ ചന്ദ്രേ പാപഗ്രഹനിരീക്ഷിതേ
മാതൃനാഥേ ƒരി നീചസ്ഥേ മാതൃർമരണമാദിശേത്.

ചന്ദ്രൻ നാലാംഭാവത്തിൽ വരികയും അവിടെ പാപഗ്രഹങ്ങളുടെ ദൃഷ്ടിയുണ്ടായിരിക്കുകയും നാലാംഭാവാധിപൻ ശത്രുക്ഷേത്രത്തിലും നീചത്തിലും നില്ക്കുകയും ചെയ്താൽ മാതാവിന്റെ മരണമെന്ന പറയാം.

ബന്ധുസ്ഥയുതേ പാപേ പാപാന്തരഗതേ ƒശിനി ചാഗ
ചന്ദ്രേ പാപസമായുക്തേ മാതൃർമരണമാദിശേത്.

നാലാമേടവാധിപൻ ചൊവ്വായോടുകൂടി പന്ത്രണ്ടിലും ആറിലും നിധനത്തിങ്കലും നിന്നാലും ചന്ദ്രന് പാപസംബന്ധമുണ്ടായാലും മാതാവിന്റെ മരണത്തെ പറയണം.

ബന്ധുനാഥേ സഭൌമേ വ്യയരിപുമൃതിഗേ വാ ബലവർജ്ജിതേ
ഷഷ്ഠേ സൂര്യേ/ഭൌമേ തേഽഥവാ മാതുർമരണമാദിശേൽ

നാലാമേടാധിപൻ ബലഹീനനായിട്ട് എട്ടിലും ആറിലും പന്ത്രണ്ടിലും നില്ക്കുമ്പോഴും നാലിൽ ചൊവ്വായോ സൂര്യനോ നില്ക്കുമ്പോഴും മാതാവിന്റെ മരണത്തെ പറയണം.

ക്ഷീണചന്ദ്രേ സ്ഥിതേ ഷഷ്ഠേ വ്യയേ വാ പാപസംയുതേ
പാതാളേ പാപസംയുക്തേ മാതുർമരണമാദിശേൽ.

ക്ഷീണചന്ദ്രൻ പാപഗ്രഹങ്ങളോടുകൂടി എട്ട് ആറ് പന്ത്രണ്ട് ഈ ഭാവങ്ങളിൽ നില്ക്കുമ്പോഴും നാലാംഭാവത്തിന് പാപസംബന്ധമുണ്ടായിരിക്കുമ്പോഴും മാതാവിന്റെ മരണത്തെ പറയണം.

ദ്യൂനസ്ഥശ്ചന്ദ്രസഹിതോ ദൃഷ്ടശ്ചേദശുഭൈർ ന ശുഭൈഃ
ശിശും ദ്വാദശവർഷാന്തേ ക്ഷിപ്രം ഹന്തി വിനാശയതി.

ഏഴാമേടത്തു നില്ക്കുന്ന ഒരു പാപഗ്രഹത്തെ ചന്ദ്രൻകൂടി നോക്കുകയും മററു ശുഭഗ്രഹങ്ങൾ നോക്കാതിരിക്കുകയും ചെയ്താൽ പന്ത്രണ്ട് സംവത്സരംകൊണ്ട് ബാലൻ മരണത്തെ പ്രാപിക്കും.

ഗുരുശുക്രൌ ച കേന്ദ്രസ്ഥൌ ജീവേൽ പൂർണ്ണശതം നരഃ
ഗ്രഹാരിഷ്ടം ഹരേദ്ദുഷ്ടം ചന്ദ്രാരിഷ്ടം തഥൈവ ച.

ലഗ്നത്തിലോ നാലാമേടത്തോ ഏഴാമേടത്തോ പത്താമേടത്തോ വ്യാഴവും ശുക്രനും നിന്നാൽ പരമായുസ്സായ നൂറു സംവത്സരം മുഴുവൻ ജീവിക്കും എന്നുമാത്രമല്ല മററു ഗ്രഹങ്ങളിൽ നിന്നും ചന്ദ്രനിൽ നിന്നും ഉണ്ടാകുന്ന അരിഷ്ടതയേയും ശമിപ്പിക്കുന്നതാണ്.

ലഗ്നാൽ പഞ്ചമത്തിൽ ചന്ദ്രൻ നാല് ത്രികോണാധിപന്മാരുടെ ദൃഷ്ടിയോടുകൂടി
ക്കുകയാണെങ്കിൽ ധനധാന്യാദിസമ്പത്തുകളോടുകൂടിയവനായി ഭവിക്കും ഇവ

ചന്ദ്രൻ ലഗ്നാധിപൻ നില്ക്കുന്ന രാശിയുടെ ആറാമത്തെയോ മൂന്നാമത്തെയോ പത്താമത്തെയോ പതിനൊന്നാമത്തെയോ നാലാമത്തെയോ ശുഭഗ്രഹത്തിന്റെ ദൃഷ്ടിയോടുകൂടി നിന്നാൽ ഏറ്റവും ശാലിപുഷ്ടങ്ങളും ധനധാന്യാദികളും മറ്റും സമ്പാദിപ്പിക്കും.

കുറിപ്പ്

ഏഴാമത്തെയോ അഷ്ടമത്തിലോ നാലാമത്തെയോ ചന്ദ്രൻ പാപമദ്ധ്യഗനായി നിന്നാൽ ജനിക്കുന്ന കുട്ടി ഉടൻ മരിക്കും. ആദിത്യൻ ഏഴാമേടത്തു ചൊവ്വായും ശനിയും ചേർന്നു നില്ക്കയും ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയില്ലാതിരിക്കയും ചെയ്താൽ ജനനത്തിനു മുമ്പ് പിതാവു മരിക്കും. അതുപോലെ രാത്രി ജനിക്കുകയും ശനി ചൊവ്വായോടുകൂടി ചരരാശിയിൽ നില്ക്കയും ചെയ്താൽ പിതാവു വിദേശത്തു പോയിരിക്കുന്നു എന്നും അവിടെവച്ചു മരിച്ചുപോകുമെന്നും പറയണം.

നയനവിഷയം

ജന്മലഗ്നത്തിൽ ചൊവ്വായോ ശനിയോ പന്ത്രണ്ടാമേടത്തു നിന്നാൽ കണ്ണുകാണാൻ പാടില്ലാത്തവനായി ഭവിക്കും. ആദിത്യനും, ചന്ദ്രനും കൂടി പന്ത്രണ്ടാമേടത്തു നിന്നാൽ കണ്ണില്ലാത്തവനായി ഭവിക്കും. അതുപോലെ ആറാമിടത്തും അഷ്ടമത്തിലും പാപന്മാർ നിന്നാലും കണ്ണില്ലാത്തവനായിത്തീരും. പന്ത്രണ്ടാമേടത്തു ശനിയോ ആദിത്യനോ ദുർബലനായിട്ടു നിന്നാൽ വലത്തെ കണ്ണിനും ചന്ദ്രൻ ചൊവ്വാ ഇവർ നിന്നാൽ ഇടത്തെ കണ്ണിനും ദോഷത്തെ ഉണ്ടാക്കും. ലഗ്നത്തിൽ രാഹുവും ഏഴാമേടത്തു ആദിത്യനും നിന്നാൽ പൊട്ടക്കണ്ണനായിത്തീരും. ചന്ദ്രൻ ആറിലും

ആദിത്യൻ എട്ടിലും ശനി ഒൻപതിലും ചൊവ്വാ രണ്ടിലും നിന്നാൽ കണ്ണില്ലാത്തവനായി ഭവിക്കും.

കണ്ണുവിഷയം.

ചന്ദ്രൻ പാപഗ്രഹത്തോടുകൂടി പതിനൊന്നാമെടത്തോ മൂന്നാമെടത്തോ ലഗ്നത്തിലോ നിന്നാൽ ചെവിക്കു ഹാനി സംഭവിക്കും. ഒൻപതാമെടത്തും അഞ്ചാമെടത്തും ഗ്രഹങ്ങൾ നില്ക്കയും ശുഭദൃഷ്ടിയില്ലാതെ പാപഗ്രഹങ്ങൾ നോക്കുകയും ചെയ്താൽ ജനിക്കുമ്പോൾതന്നെ രണ്ടു ചെവികൾക്കും ഹാനി സംഭവിക്കും. ആറാമെടം വലത്തെക്കണ്ണും പന്ത്രണ്ടാമെടം ഇടത്തെക്കണ്ണും മൂന്നാമെടം വലത്തുചെവി, പതിനൊന്നാമെടം ഇടത്തുചെവി ഇതുകളെക്കൊണ്ടു അറിഞ്ഞു ഫലം പറയേണ്ടതാകുന്നു.

അദ്ധ്യായം ൭.

പുത്രഭാവം

മനുഷ്യർക്ക് സന്താനങ്ങൾ ഉണ്ടാകാതെയിരിക്കുന്നതിനുള്ള കാരണത്തെയും ദത്തുപുത്രന്മാർ ആദിയായവരുടെ ലക്ഷണത്തെയും പുത്രന്മാർമൂലം ഉണ്ടാകുന്ന ഭാഗ്യത്തിന്റേയും അല്പസന്താനതാപത്തിന്റേയും മറ്റും ഭേദങ്ങളെ പറയുന്നു.

ഇജ്യലഗ്നേശദാരേശപുത്രസ്ഥാനാധിപേഷു ച
സർവ്വേഷു ബലഹീനേഷു വക്തവ്യാ ത്വനപത്യതാ

വ്യാഴവും ലഗ്നാധിപനും ഏഴാംഭാവാധിപനും അഞ്ചു് ഒൻപതു് ഈ ഭാവങ്ങളുടെ അധിപന്മാരും ബലഹീനന്മാരായിരിക്കുമ്പോൾ അനപത്യതയെ ചിന്തിക്കണം.

പാപമധ്യഗതേ ജീവേ പുത്രാധിപേ ച ബലഹീനേ
ശുഭഗ്രഹദൃഷ്ടിഹീനേ സന്തതിനാശോ വിനിർദ്ദേശ്യഃ

വ്യാഴം പാപഗ്രഹങ്ങളുടെ മദ്ധ്യത്തിൽ നില്ക്കുമ്പോഴും അഞ്ച് ഒൻപത് ഈ ഭാവങ്ങളുടെ അധിപന്മാർ ബലഹീനന്മാരായും ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടുകൂടാതെയും ഇരിക്കുമ്പോഴും സന്താനനാശത്തെ പറയണം.

നീചാരിമൗഢ്യഗതേ സുതേശേ
ഷഷ്ഠരിഃഫരന്ധ്രാധിപസംയുതേ വാ
പുത്രസ്യ നാശഃ കഥിതസ്തു തജ്ജ്ഞൈഃ
ശുഭൈരദൃഷ്ടേ സുതഗേ സുതേശേ.

പുത്രസ്ഥാനാധിപൻ നീചത്തിലോ ശത്രുസ്ഥാനത്തിലോ മൌഢ്യത്തോടുകൂടിയോ ആ, വ്യ, ര ഈ ഭാവങ്ങളുടെ അധിപന്മാരോടുകൂടിയോ അഞ്ചാംഭാവത്തിങ്കൽ ശുഭന്മാരുടെ ദൃഷ്ടിയോടുകൂടാതെയോ നില്ക്കുമ്പോഴും സന്താനനാശത്തെ പറയണം.

പുത്രാധിപേ ബുധക്ഷേത്രേ മന്ദക്ഷേത്രേ തഥാപി വാ
മാന്ദിമന്ദയുതേ ദൃഷ്ടേ ദത്തപുത്രാദികം വദേത്.

പുത്രസ്ഥാനാധിപൻ ബുധക്ഷേത്രമാകുന്ന മിഥുനം, കന്നി ഈ രാശികളിലോ ശനിക്ഷേത്രമാകുന്ന മകരം കുംഭം ഈ രാശികളിലോ ഗുളികനോടും ശനിയോടുംകൂടിയോ ഗുളികന്റേയും ശനിയുടേയും ദൃഷ്ടിയോടുകൂടിയോ നില്ക്കുമ്പോൾ ദത്തപുത്രാദികളെ പറയണം.

മൃഗമത്സ്യഗതേ ജീവേ പുത്രസ്ഥേ പുത്രശോകമാവഹതി
കർക്കിസ്ഥേ ബഹുകന്യാജനനം മുനയോ വദന്തി മനോജ്ഞാനാം.

വ്യാഴം, മകരം, മീനം ഈ രാശികളിലോ അഞ്ചാംഭാവത്തിങ്കലോ നില്ക്കുമ്പോൾ പുത്രദുഃഖം ഉണ്ടാകും. വ്യാഴം കർക്കടകത്തിൽ നില്ക്കുമ്പോൾ വളരെ സ്ത്രീസന്താനങ്ങൾ ഉണ്ടാകുമെന്നു മുനികൾ പറയുന്നു.

പരമോച്ചഗതേ സുതാധിനാഥേ
പുരുഷാംശേ ശുഭഖേചരേണ ദൃഷ്ടേ
സുതഭേ ച പുരുഷഭേ ശുഭയുതേ
ബഹുപുത്രാൻ പ്രവദന്തി ബുദ്ധിമന്തഃ

പുത്രസ്ഥാനാധിപൻ അത്യുച്ചത്തിൽ നില്ക്കയോ മേടം മിഥുനം മുതലായ പുരുഷരാശികളിൽ ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടുകൂടി നില്ക്കയോ പുത്രസ്ഥാനത്ത് ശുഭഗ്രഹങ്ങളോടോ അശുഭഗ്രഹങ്ങളുടെ ദൃഷ്ടിയേല്ക്കാതെ നില്ക്കയോ ചെയ്താൽ ബുദ്ധിമാന്മാർ സന്താനബാഹുല്യത്തെ പറയുന്നു.

മന്ദേ കർക്കിണി പുത്രഗേ ബഹുസുതഃ
സൌമ്യേ ത്വപത്യാല്പതാ
ശീതാംശൌ ബഹു കന്യകാല്പതനയാ
ജീവേ തു കന്യാപ്രജാഃ
ശുക്രാർക്കക്ഷിതിജൈർദ്വിതീയപരിണാ-
ലബ്ധാത്മജഃ സ്യാൽ നരോ
വ്യസ്തം ചന്ദ്രഗൃഹേ ഫലം സമുദിതം
ഖഗൈർബ്ബലവദ്വശാൽ.

(അഞ്ചാംഭാവമായ കർക്കടകത്തിൽ ശനി നിന്നാൽ വളരെ പുത്രന്മാരുണ്ടാകും. ബുധൻ നിന്നാൽ അല്പപുത്രനായിരിക്കും. ചന്ദ്രൻ നിന്നാൽ സ്ത്രീപ്രജ അധികമായും പുത്രപ്രജ കുറഞ്ഞുമിരിക്കും. വ്യാഴം നിന്നാൽ സ്ത്രീപ്രജമാത്രമേ ഉണ്ടാകയുള്ളൂ. ശുക്രനോ, സൂര്യനോ, കുജനോ ആണ് അഞ്ചാംഭാവമായ കർക്കടകത്തിൽ നില്ക്കുന്നതെങ്കിൽ രണ്ടാമത് വിവാഹം ചെയ്താലേ പുത്രനുണ്ടാകയുള്ളൂ. ചന്ദ്രക്ഷേത്രമായ കർക്കടകമാണ് പുത്രസ്ഥാനമായ അഞ്ചാംഭാവമെങ്കിൽ ശുഭന്മാരുടെയും അശുഭന്മാരുടെയും ഫലം ഇങ്ങനെ വിപരീതമാകുന്നു. ബലം അധികമുള്ള ഗ്രഹത്തെക്കൊണ്ടുവേണം ഫലങ്ങൾ പറയുന്നതിനു ശ്രമിക്കേണ്ടതു".

അല്പപുത്രലക്ഷണം.

കന്യാളിഗോമേഷവിധിസ്ഥലഗ്നേ യോല്പപുത്രതാ
പുത്രസ്ഥാനേ ... ബലഹീനേ വിശേഷതഃ

ഇടവം മിഥുനം കന്നി വൃശ്ചികം ഇവയിലൊന്നു രാശി ലഗ്നമായി ജനിക്കുന്നവർ ... അല്പപുത്രന്മാർമാത്രമേ ഉണ്ടാകയുള്ളൂ. അതുകൂടാതെ ബലഹീനങ്ങളും കൂടിയായാൽ പുത്രന്മാരില്ല.

തീരെ സന്തതി ഉണ്ടാകാത്ത ലക്ഷണം.

ദ്യൂനേ ... സൂര്യജ്ഞൗ ... ജലർക്ഷേ
ചന്ദ്രൗ ... ബന്ധുസ്ഥേ
പാപാ ... വ്യയേഷു ... ലഗ്നേ
ശുഭ ... ബലഹീനേ
പാപാ ലഗ്നേ ... ബലഹീനേ ...
... ബന്ധുസ്ഥാനേ ...
പാപാഃ സൗമ്യേ ... ശുക്രേ ... ചന്ദ്രേ
വംശവിച്ഛേദയോഗാഃ

ബുധനും ശുക്രനും ഏഴിലും ജലരാശിയായ നാലിൽ വ്യാഴവും ചന്ദ്രനും എട്ടിൽ പാപന്മാരും ഉണ്ടാവുക. രണ്ടാമതു നാലിൽ പാപന്മാരും ചന്ദ്രനും വ്യാഴവും ലഗ്നത്തിലും ശുഭയോഗമില്ലാത്ത കുജൻ എട്ടിലും നില്ക്കുക. ലഗ്നത്തിൽ പാപന്മാരും ലഗ്നാധിപൻ ബലഹീനനായിട്ടു അഞ്ചിലും നാലിൽ ചന്ദ്രനും ഉണ്ടായിരിക്കുക. നാലിൽ പാപന്മാരും ഏഴിൽ ശുക്രനും പത്തിൽ ചന്ദ്രനും ഉണ്ടായിരിക്കുക. ഈ നാലു യോഗങ്ങളും വംശവിച്ഛേദകങ്ങളാകുന്നു.

പുത്രേശേ രിപുരന്ധ്രവ്യയഗേ
... സ്ഥിതേ
... പുത്രസ്ഥാനേ ...
... ശുഭേ ...

പുത്രാഭാവനിദാനമേവ കഥയേ-
ത്തത്ഭേ ചപാക്രാന്തിഭിഃ
പ്രോക്തൈസ്തൈർദ്ദൈവതജ്ഞൈരപി മുഖൈ-
സ്സന്താനഹേതും വദേൽ.

പുത്രസ്ഥാനാധിപതി ശത്രുക്ഷേത്രത്തിലോ നീചരാശിയിലോ നില്ക്കുകയോ അസ്തമനത്തെ പ്രാപിക്കയോ ആറിലോ എട്ടിലോ പന്ത്രണ്ടിലോ സ്ഥിതിചെയ്യുകയോ ചെയ്താലും അപ്രകാരംതന്നെ പുത്രസ്ഥാനത്തിൽ നില്ക്കുന്ന ഗ്രഹവും ശത്രുക്ഷേത്രത്തിലോ നീചരാശിയിലോ നില്ക്കുകയോ മൌഢ്യം പ്രാപിക്കുകയോ ചെയ്താലും ആ ഗ്രഹം പുത്രസ്ഥാനാധിപതിയായിരുന്നാലും പുത്രന്മാർ ഇല്ലെന്നുതന്നെ പറയണം.

സന്താനനഷ്ടകാരണം.

ആദിത്യൻ പുത്രസ്ഥാനത്തിലോ പുത്രഭാവാധിപനോടുകൂടിയോ നിന്നാൽ ശിവദ്രോഹം ഗരുഡദ്രോഹം ഇവകൊണ്ടോ; പിതൃശാപംകൊണ്ടും ചന്ദ്രൻ മേല്പ്രകാരം നിന്നാൽ മാതൃകോപം, സുമംഗലി, ദേവീകോപം ഇവകൊണ്ടും; ചൊവ്വാ നിന്നാൽ, സുബ്രഹ്മണ്യൻ, ശത്രുകോപം, ഭ്രാതൃകോപം ഇവകൊണ്ടും; ബുധൻ നിന്നാൽ ശിശുഹത്തി, മാർജ്ജാരവധം, വിഷ്ണുകോപം ഇവകൊണ്ടും വ്യാഴം നിന്നാൽ ദേവകോപം, ബ്രാഹ്മണശാപം, ഗുരുദ്രോഹം, ഫലവൃക്ഷദ്രോഹം ഇവകൾകൊണ്ടും, ശുക്രൻ നിന്നാൽ സ്ത്രീശാപം, പശുക്കളുടെ ശാപം, യക്ഷിഗന്ധർവൻ മുതലായവരുടെ പീഡ ഇവകൊണ്ടും ശനി നിന്നാൽ അരയാൽ വെട്ടിക്കുക, ധർമ്മദേവകോപം, പ്രേതശാപം, പിശാചുക്കളുടെ പീഡ ഇവകൊണ്ടും സന്താനമില്ലാത്തതാണെന്നു പറയണം. രാഹു അഞ്ചിലോ അഞ്ചാംഭാവാധിപനോടുകൂടെയോ നിന്നാൽ സർപ്പശാപംകൊണ്ടും, കേതു മേല്പ്രകാരം നിന്നാൽ ബ്രാഹ്മണശാപംകൊണ്ടും, ഗുളികൻ നിന്നാൽ

പ്രേതശാപംകൊണ്ടും. ശുക്രനും ചന്ദ്രനും ഗുളികനോടു കൂടി മേൽപ്രകാരം നിന്നാൽ സ്ത്രീഹത്യ, രാഹു ന്ന് ഇവർ രണ്ടും, വ്യാഴവും, കേതുവും ഗുളികനോടുകൂടെ പുത്രഭാവത്തിൽ ഇരുന്നാൽ ബ്രഹ്മഹത്യാദിദോഷങ്ങളും സന്താനമില്ലാത്തതിനു കാരണം. ഈ വക ദോഷങ്ങൾ കണ്ടാൽ സന്താനാർത്ഥികൾ അതാതു ഗ്രഹങ്ങൾക്കു പറഞ്ഞിട്ടുള്ള ജപം, ദാനം, മററു ക്രിയകൾ മുതലായവ ചെയ്തു ആ ദോഷങ്ങൾ ശാന്തമാക്കിക്കൊള്ളണം. സേതുസ്നാനം, ശിവപൂജ, വിഷ്ണുപൂജ, ദാനം, ഹോമം, നാഗപ്രതിഷ്ഠ, സൂക്തജപം, സഹസ്രനാമജപം മുതലായ സുകൃതങ്ങൾ ചെയ്യേണ്ടതാണെന്നു താല്പര്യം.

പുത്രസ്ഥാനഗതേ രാഹൗ കുജേനാപി നിരീക്ഷിതേ
കുജക്ഷേത്രഗതേ വാപി സർപ്പശാപാൽ സുതക്ഷയഃ

അഞ്ചാംഭാവത്തിൽ നില്ക്കുന്ന രാഹു ചൊവ്വായുടെ ദൃഷ്ടിയിലോ ചൊവ്വായുടെ രാശിയിലോ വന്നാൽ സർപ്പശാപം നിമിത്തം പുത്രനാശം സംഭവിക്കുമെന്നു പറയണം.

കാരകേ രാഹുസംയുക്തേ പുത്രേശേ ബലവർജ്ജിതേ
വിലഗ്നേശേ കുജയുതേ സർപ്പശാപാൽ സുതക്ഷയഃ

വ്യാഴം രാഹുവിനോടുകൂടി നില്ക്കുകയും അഞ്ചാംഭാവാധിപനു ബലമില്ലാതെയും ലഗ്നാധിപൻ ചൊവ്വായോടുകൂടിയുംവന്നാൽ സർപ്പശാപംകൊണ്ടു പുത്രനാശം സംഭവിക്കുമെന്നു പറയണം.

പുത്രേശേ രാഹുസംയുക്തേ പുത്രസ്ഥേ ഭാനുനന്ദനേ
ചന്ദ്രേ ദൃഷ്ടിയുതേ വാപി സർപ്പശാപാൽ സുതക്ഷയഃ

അഞ്ചാംഭാവാധിപനും രാഹുവുംകൂടി ഒരു രാശിയിൽ വരികയും ശനി അഞ്ചാംഭാവത്തിൽ നില്ക്കുകയും ചന്ദ്രന്റെ യോഗമോ ദൃഷ്ടിയോകൂടി വരികയുംചെയ്താൽ സർപ്പശാപം നിമിത്തം സന്താനനാശം അനുഭവിക്കാൻ ഇടവരും.

ദോഷപരിഹാരം.

സുവർണ്ണംകൊണ്ടു സർപ്പവിഗ്രഹമുണ്ടാക്കി പ്രതിഷ്ഠിച്ചു പൂജിച്ചുകൊള്ളണം. പശു, ഭൂമി, എള്ള്, സുവർണ്ണം മുതലായ ഇഷ്ടവസ്തുക്കളും അവരവരുടെ ധനശക്തിയനുസരിച്ചു ദാനംചെയ്യണം. ഇങ്ങനെ ചെയ്താൽ നാഗപ്രീതി ഉണ്ടായി സന്താനത്തേയും (വംശവൃദ്ധിയേയും) പ്രദാനം ചെയ്യും.

പുത്രസ്ഥാനം ഗതേ ഭാനൗ നീചേ മന്ദാംശകസ്ഥിതേ
പാർശ്വയോഃ ക്രൂരസംബന്ധേ പിതൃശാപാത് സുതക്ഷയഃ

ആദിത്യൻ അഞ്ചാംഭാവത്തിൽ നീചാംശകത്തിലോ ശനിക്ഷേത്രാംശകത്തിലോ വരികയും ഇരുപുറവും പാപഗ്രഹങ്ങളുടെ യോഗമോ ദൃഷ്ടിയോ വരികയുംചെയ്താൽ പിതൃശാപനിമിത്തം പുത്രനാശത്തെ പറയണം.

പിതൃസ്ഥാനാധിപേ പുത്രേ പുത്രേശേ വാ തഥാ സ്ഥിതേ
ലഗ്നേ പുത്രേ പാപയുതേ പിതൃശാപാത് സുതക്ഷയഃ

ഒൻപതാംഭാവാധിപൻ അഞ്ചാംഭാവത്തിലും അഞ്ചാംഭാവാധിപൻ ഒൻപതാംഭാവത്തിലും ലഗ്നത്തിലും അഞ്ചാംഭാവത്തിലും പാപഗ്രഹവുംവന്നാൽ പിതൃശാപംകൊണ്ടു സന്താനനാശത്തെ പറയണം.

ലഗ്നേശേ ദുർബലേ പുത്രേ പുത്രേശേ ഭാനുസംയുതേ
പുത്രേ ലഗ്നേ പാപയുതേ പിതൃശാപാത് സുതക്ഷയഃ

ലഗ്നാധിപനും അഞ്ചാംഭാവാധിപനും അഞ്ചാംഭാവവും ബലഹീനമായി വരികയും അഞ്ചാംഭാവത്തിനും ലഗ്നത്തിനും പാപയോഗം വരികയുംചെയ്താലും പിതൃശാപംകൊണ്ടുതന്നെ പുത്രനാശത്തെ പറയണം.

ലഗ്നേ ഷഷ്ഠഗതേ ഭാനൗ പുത്രേശേ ഭാനവാംശകേ
പുത്രേശേ രാഹുസംയുക്തേ ലഗ്നേ പാപേ സുതക്ഷയഃ

ലഗ്നത്തിന്റെ അഷ്ടമരാശിയിൽ ആദിത്യനും അഞ്ചാംഭാവത്തിൽ ശനിയും വരികയും അഞ്ചാംഭാവാധിപന്നു രാഹുയോഗവും ലഗ്നത്തിൽ പാപയോഗവും വരികയുംചെയ്താൽ പിതൃശാപംകൊണ്ടു പുത്രനാശത്തെ പറയണം.

രോഗേശേ പുത്രഭാവസ്ഥേ പിതൃസ്ഥാനാധിപേ തഥാ
കാരകേ രാഹുസംയുക്തേ പിതൃശാപാൽ സുതക്ഷയഃ

ആറാംഭാവാധിപനോ ഒൻപതാംഭാവാധിപനോ പുത്രസ്ഥാനത്തു വരികയും വ്യാഴത്തിനു രാഹുയോഗംവരികയും ചെയ്താലും പിതൃശാപംകൊണ്ടു സന്താനനാശത്തെ പറയണം.

ദോഷപരിഹാരം.

പിതൃശാപംകൊണ്ടുള്ള പുത്രനാശശാന്തിക്കായി ഗംഗാസ്നാനവും, ശ്രാദ്ധകർമ്മങ്ങളും ചെയ്കയും, ബ്രാഹ്മണഭോജനവും പശുദാനവുംചെയ്യണം. എന്നാൽ ദോഷംനീങ്ങി സന്താനലാഭം കിട്ടും.

പുത്രസ്ഥാനാധിപേ ചന്ദ്രേ നീചേ വാ പാപമദ്ധ്യഗേ
ഹിബുകേ പഞ്ചമേ പാപേ മാതൃശാപാൽ സുതക്ഷയഃ

ചന്ദ്രൻ അഞ്ചാംഭാവാധിപത്യത്തോടുകൂടി നീചരാശിയിലോ ഇരുപുറവും പാപന്മാരോടുകൂടിയോ വരികയും നാലാംഭാവത്തിലും അഞ്ചാംഭാവത്തിലും പാപയോഗം വരികയുംചെയ്താൽ മാതാവിന്റെ ശാപംനിമിത്തം സന്താനനാശം സംഭവിക്കുമെന്നു പറയണം.

പുത്രസ്ഥാനാധിപേ ദുഃസ്ഥേ ലഗ്നേശേ നീചരാശിഗേ
ചന്ദ്രേ പാപസമായുക്തേ മാതൃശാപാൽ സുതക്ഷയഃ

അഞ്ചാംഭാവാധിപൻ അനിഷ്ടഭാവത്തിലും ലഗ്നാധിപൻ നീചരാശിയിലും ചന്ദ്രനു പാപയോഗവും ഉണ്ടായാൽ മാതൃശാപംകൊണ്ടു പുത്രനാശത്തെ പറയണം.

മാതൃസ്ഥാനാധിപേ ഭൗമേ ശനിരാഹുസമന്വിതേ
ഭാനുചന്ദ്രയുതേ പുത്രേ ലഗ്നേ സന്തതിനാശനം

ചൊവ്വാ നാലാംഭാവാധിപനായി ശനിയോടും രാഹുവിനോടും ചേർന്നിരിക്കയും അഞ്ചിൽ ആദിത്യനും ലഗ്നത്തിൽ ചന്ദ്രനും വരികയും ചെയ്താൽ മാതൃശാപത്താൽ പുത്രനാശത്തെ പറയണം.

പാപമദ്ധ്യഗതേ ലഗ്നേ ക്ഷീണേ ചന്ദ്രേ ച സപ്തമേ
മാതൃപുത്രേ രാഹുമന്ദൌ മാതൃശാപാൽ സുതക്ഷയഃ

ലഗ്നത്തിന്റെ ഇരുപുറവും പാപന്മാരും ഏഴാംഭാവത്തിൽ ക്ഷീണചന്ദ്രനും നാലാംഭാവത്തിൽ രാഹുവും അഞ്ചാംഭാവത്തിൽ ശനിയുംവന്നാൽ മാതൃശാപംകൊണ്ടു പുത്രനാശത്തെ പറയണം.

നാശസ്ഥാനം ഗതേ ജീവേ കുജരാഹുസമന്വിതേ
പുത്രസ്ഥാനേ മന്ദചന്ദ്രൌ മാതൃശാപാൽ സുതക്ഷയഃ

വ്യാഴം ചൊവ്വായോടും രാഹുവിനോടുംകൂടി അഷ്ടമത്തിൽ വരികയും ശനിയും ചന്ദ്രനും അഞ്ചാംഭാവത്തിൽ വരികയും ചെയ്താൽ മാതൃശാപംകൊണ്ടുതന്നെ സന്താനനാശം പറയണം.

ദോഷനിവൃത്തി

കാരണം മാതൃശാപമാണെന്നുകണ്ടാൽ സേതുസ്നാനം ചെയ്യുകയും ലക്ഷം ഉരു ഗായത്രി ജപിക്കയും വെള്ളിപ്പാത്രത്തിൽ പാലൊഴിച്ചു ബ്രാഹ്മണർക്കു ദക്ഷിണ കൊടുക്കയും ഇരുപത്തൊന്നു ദിനം പ്രാവശ്യം അശ്വത്ഥവൃക്ഷത്തിനെ പ്രദക്ഷിണം ചെയ്യുകയും ചെയ്തുകഴിഞ്ഞാൽ ശാപത്തിൽനിന്നു മോചിക്കപ്പെട്ടു നല്ല പുത്രന്മാരെ ലഭിക്കും.

ലഗ്നേശേ ഭ്രാതൃരിഃഫഗേ ഭ്രാതൃസ്ഥാനാധിപേ സുതേ
ലഗ്നേ ഭ്രാതൃസുതേ പാപേ ഭ്രാതൃശാപാൽ സുതക്ഷയഃ

അഷ്ടമാധിപൻ മൂന്നാംഭാവാധിപനോടുകൂടി അഞ്ചാംഭാവത്തിൽ വരികയും അഷ്ടമത്തിൽ ചൊവ്വാ ശനിയോടുകൂടി നില്ക്കുകയും ചെയ്താൽ സഹോദരകോപംകൊണ്ടു പുത്രനാശം സംഭവിക്കും.

പുത്രസ്ഥാനേ ബുധക്ഷേത്രേ ശനിഭാഗേന മന്ദിതേ
തിഗ്മേ ബുധാര്‍ക്ക ശാപാല്‍ ഭ്രാതൃശാപാത് സുതക്ഷയഃ

ബുധന്റെ രാശികൾ പുത്രസ്ഥാനമായി വരികയും അവിടെ ശനിയുടെ [illegible] നില്ക്കുകയും ബുധനും ചെവ്വായും പുത്രസ്ഥാനാധിപനും വരികയും ചെയ്താൽ ഭ്രാതൃശാപംകൊണ്ടു പുത്രനാശത്തെ പറയണം.

പാപമദ്ധ്യഗതേ ലഗ്നേ സുതേശേ പാപമദ്ധ്യഗേ
നാശസ്ഥേ ച കാരകേ [illegible] ഭ്രാതൃശാപാത് സുതക്ഷയഃ

ലഗ്നത്തിനും അഞ്ചാംഭാവത്തിനും പാപമദ്ധ്യസ്ഥിതി വരികയും ഇതു രണ്ടു ഭാവങ്ങളുടെയും അധിപന്മാർക്കും ഭ്രാതൃകാരകനും അനിഷ്ടസ്ഥിതി വരികയും ചെയ്താൽ ഭ്രാതൃശാപംകൊണ്ടു സന്താനനാശം അനുഭവിക്കും.

പരിഹാരം.

ഭ്രാതൃശാപത്തിന്റെ മോചനത്തിനായി വിഷ്ണുകഥകൾ കേൾക്കുകയും ചാന്ദ്രായണവ്രതം അനുഷ്ഠിക്കുകയും അരയാൽ വെച്ചു പിടിപ്പിക്കുകയും [illegible] സ്ത്രീയും ഭൂദാനവും ചെയ്തുകൊണ്ടിരുന്നാൽ ശാപമോചനം വന്നു പുത്രസമ്പത്തുണ്ടാകും.

ജീവേ നീചഗതേ ലഗ്നേ വാ പുത്രരാശിഗേ
പുത്രസ്ഥാനാധിപേ ദുഃസ്ഥേ ബ്രാഹ്മണശാപാൽ സുതക്ഷയഃ

വ്യാഴം നീചരാശിയിൽ നില്ക്കുകയും അതു ലഗ്നത്തിലോ അഞ്ചാംഭാവത്തിലോ വരികയും അഞ്ചാംഭാവാധിപൻ അനിഷ്ടഭാവത്തിൽ പോകുകയും ചെയ്താൽ ബ്രാഹ്മണശാപത്താൽ പുത്രനാശത്തെ പറയണം.

മദേശേ പുത്രഭാവസ്ഥേ [illegible] ശുഭേ
പുത്രേശേ നാശരാശിസ്ഥേ പത്നീശാപാൽ സുതക്ഷയഃ

ഏഴാംഭാവാധിപൻ അഞ്ചാംഭാവത്തിലും പുത്രഭാവാധിപൻ അഷ്ടമഭാവത്തിലും വരികയും വ്യാഴത്തിനു പാപ

പാപയോഗമുണ്ടാവുകയും ചെയ്താൽ ഭ്രാതൃശാപംകൊണ്ടു പുത്ര നാശം സംഭവിക്കുമെന്നു പറയണം.

പുത്രസ്ഥാനഗതേ ശുക്രേ കാമേശേ രന്ധ്രമാശ്രിതേ
കാരകേ പാപസംയുക്തേ പത്നീശാപാൽ സുതക്ഷയഃ

ശുക്രൻ അഞ്ചാമേടത്തിൽ വരികയും ഏഴാംഭാവാധിപൻ അഷ്ടമത്തിൽ പോവുകയും അഞ്ചാംഭാവത്തിൽ പാപയോഗമുണ്ടാവുകയും ചെയ്താൽ ഭാര്യാശാപംകൊണ്ടു പുത്രനാശത്തെ പറയണം.

പുത്രസ്ഥാനേ ശുക്രക്ഷേത്രേ രാഹുചന്ദ്രസമന്വിതേ
വ്യയേ ലഗ്നേ ധനേ പാപേ സ്ത്രീശാപാൽ സുതനാശനം

അഞ്ചാമേടം ശുക്രന്റെ രാശിയായിരിക്കുക, രാഹുവോ ചന്ദ്രനോ അവിടെ നില്ക്കുക. ലഗ്നത്തിലും രണ്ടിലും പന്ത്രണ്ടിലും പാപന്മാർ വരിക — ഇങ്ങനെവന്നാലും സ്ത്രീശാപത്താൽ പുത്രനാശം പറയണം.

സപ്തമേ മന്ദശുക്രൌ ച രന്ധ്രേശേ പുത്രഗേ രവൌ
ലഗ്നേ രാഹുസമായോഗേ പത്നീശാപാൽ സുതക്ഷയഃ

ഏഴിൽ ശനിയും ശുക്രനും വരികയും ആദിത്യൻ അഷ്ടമാധിപനായി അഞ്ചാംഭാവത്തിൽ നില്ക്കുകയും ലഗ്നത്തിൽ രാഹു വരികയുംചെയ്താൽ ഭാര്യാശാപംകൊണ്ടു സന്താനനാശത്തെ പറയണം.

നാശേ ധനേ വിത്തദാരേശൌ പുത്രലഗ്നേ കുജേ ശനൌ
കാരകേ പാപസംയുക്തേ പത്നീശാപാൽ സുതക്ഷയഃ

ഏഴാംഭാവാധിപനും രണ്ടാംഭാവാധിപനും അഷ്ടമത്തിൽ പോവുകയും അഞ്ചാംഭാവത്തിൽ ചൊവ്വയും ലഗ്നത്തിൽ ശനിയും വരികയും ലഗ്നത്തിനു പാപയോഗമുണ്ടാവുകയുംചെയ്താൽ ഭാര്യാശാപംകൊണ്ട് സന്താനനാശത്തെ പറയണം.

പുത്രസ്ഥാനാധിപേ മന്ദേ നാശസ്ഥേ ലഗ്നഗേ കുജേ
കാരകേ നാശരാശിസ്ഥേ പ്രേതശാപാൽ സുതക്ഷയഃ

ശനി അഞ്ചാംഭാവാധിപനായി അഷ്ടമത്തിൽ പോവുകയും ചൊവ്വാ ലഗ്നത്തിൽ വരികയും വ്യാഴം അഷ്ടമരാശിയിൽ നില്ക്കുകയുംചെയ്താലും പ്രേതങ്ങളുടെ ശാപത്താൽ സന്താനനാശം പറയണം.

ലഗ്നേ രാഹുസമായോഗേ പുത്രസ്ഥേ ഭാനുനന്ദനേ
കാരകേ നാശരാശിസ്ഥേ പ്രേതശാപാൽ സുതക്ഷയഃ

ലഗ്നത്തിൽ രാഹുവും അഞ്ചാംഭാവത്തിൽ ശനിയും അഷ്ടമത്തിൽ വ്യാഴവും വന്നാൽ പ്രേതശാപംകൊണ്ടു പുത്രനാശം സംഭവിക്കുമെന്നു പറയണം.

ലഗ്നേ രാഹൗ ച ശുക്രേജ്യൗ ചന്ദ്രേ മന്ദയുതേ തഥാ
ലഗ്നേശേ മന്ദരാശിസ്ഥേ പ്രേതശാപാൽ സുതക്ഷയഃ

ലഗ്നത്തിൽ രാഹുവും ശുക്രനും വ്യാഴവും വരികയും ചന്ദ്രൻ ശനിയോടുകൂടുകയും ലഗ്നാധിപൻ ശനിക്ഷേത്രത്തിൽ നില്ക്കുകയുംചെയ്താൽ പ്രേതശാപംകൊണ്ടു സന്താനനാശത്തെ പറയണം.

ലഗ്നേ മന്ദേ സുതേ രാഹൗ രന്ധ്രേ ഭാനുസമന്വിതേ
വ്യയേ ഭൗമസമായോഗേ പ്രേതശാപാൽ സുതക്ഷയഃ

ലഗ്നത്തിൽ ശനിയും അഞ്ചിൽ രാഹുവും അഷ്ടമത്തിൽ ആദിത്യനും പന്ത്രണ്ടിൽ ചൊവ്വായുംവന്നാൽ പ്രേതശാപംകൊണ്ടു സന്താനനാശത്തെ പറയണം.

കാമസ്ഥാനാധിപേ ദുഃസ്ഥേ പുത്രേ ചന്ദ്രസമന്വിതേ
മന്ദമാന്ദിയുതേ ലഗ്നേ പ്രേതശാപാൽ സുതക്ഷയഃ

ഏഴാംഭാവാധിപൻ അനിഷ്ടഭാവത്തിൽ നില്ക്കുകയും ചന്ദ്രൻ അഞ്ചാംഭാവത്തിൽ വരികയും ശനിയും ഗുളികനും ലഗ്നത്തിൽ നില്ക്കുകയുംചെയ്താൽ പ്രേതശാപംകൊണ്ടു സന്താനനാശത്തെ പറയണം.

പരിഹാരം.

പ്രേതശാപദോഷത്തിന്റെ ശമനത്തിനായി വെള്ളി വസ്ത്രാദാനം നടത്തണം. രുദ്രാഭിഷേകത്തെയും സ്വർണ്ണം കൊണ്ടു ബ്രഹ്മാവിന്റെ വിഗ്രഹം ഉണ്ടാക്കി വിധിപ്രകാരമുള്ള ദാനത്തെയും അനുഷ്ഠിക്കേണ്ടതാണു്.

കുറിപ്പു്.

അഞ്ചാംഭാവാധിപനും ലഗ്നാധിപനും ഒരുരാശിയിൽ ഒരംശകത്തിൽ നില്ക്കുന്നതും അന്യോന്യം നോക്കുന്നതും അന്യോന്യം പുത്രരാശിയിൽ വരുന്നതും വളരെ ഉത്തമമാകുന്നു. ഗ്രഹങ്ങളെക്കൊണ്ടും യോഗങ്ങളെക്കൊണ്ടും നല്ലപോലെ ചിന്തിച്ചു ഫലം പറയേണ്ടതാണു്. ഗ്രഹയോഗാദികൾ ശുഭമാണെങ്കിൽ ശുഭഫലത്തെയും മിശ്രമാണെങ്കിൽ മിശ്രഫലത്തെയും അശുഭമാണെങ്കിൽ അശുഭഫലത്തെയും പറഞ്ഞുകൊള്ളണം.

രോഗഭാവചിന്തനകൾ.

രോഗസ്ഥാനഗതേ പാപേ തദീശേ പാപസംയുതേ
രാഹൗ ച സംയുതേ മന്ദേ സർവ്വദാ രോഗസംയുതഃ

ആറാംഭാവത്തിനും ആറാംഭാവാധിപനും പാപയോഗവും ശനിക്കു രാഹുയോഗവും ഉണ്ടായാൽ എപ്പോഴും രോഗിയായിത്തന്നെ കഴിച്ചുകൂട്ടാനിടവരും.

ഷഷ്ഠാഷ്ടമഗതോ രാഹുസ്തസ്മാദഷ്ടഗതേ ശനൗ
വത്സരേഽങ്ഗോദയം തസ്യ ത്രിവർഷേ പക്ഷരോഗകൃത്.

ആറിലോ എട്ടിലോ രാഹുവും രാഹുവിന്റെ എട്ടിൽ ശനിയും നിന്നാൽ ഒരുവയസ്സിനുള്ളിൽ അംഗഭംഗവും മൂന്നാമത്തെ വയസ്സിൽ പക്ഷപിടിയും പറയണം.

അഷ്ടമേ ലഗ്നഗേ സൂര്യേ ലഗ്നേശസഹിതേഽഥവാ
ശുക്രേണാവീക്ഷിതേ ലഗ്നേ പിത്തരോഗം വദേൽ ബുധഃ

ആദിത്യൻ അഷ്ടമത്തിങ്കലോ ലഗ്നത്തിങ്കലോ നില്ക്കുമ്പോഴും ലഗ്നാധിപനോടുകൂടി നില്ക്കുമ്പോഴും ലഗ്നാൽ ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോടുകൂടാതെ ഇരിക്കയും ചെയ്യുമ്പോഴും പിത്തരോഗമുണ്ടാകുമെന്നു പറയണം.

ജലരാശിഗതേ ക്ഷീണേ പാപഗ്രഹയുതേ വിധൌ
ഷഷ്ഠേ വാഽപ്യഷ്ടമേ ലഗ്നേ ക്ഷയരോഗം ഭവേന്നരഃ

ക്ഷീണചന്ദ്രൻ പാപഗ്രഹങ്ങളോടുകൂടി ഇടവം, കർക്കടകം, മീനം ഇതുകളാകുന്ന ജലരാശികളിലോ ആറിലോ എട്ടിലോ ലഗ്നത്തിലോ നില്ക്കുമ്പോൾ ക്ഷയരോഗമുണ്ടാകും.

ജീവേ പാപസമായുക്തേ ഷഷ്ഠേ വാഽപ്യഷ്ടമേഽപി വാ
ശുഭൈരവീക്ഷിതേ ലഗ്നേ ക്ഷയരോഗം വദേൽ ബുധഃ

വ്യാഴം പാപഗ്രഹങ്ങളോടുകൂടി ആറിലോ എട്ടിലോ നില്ക്കയും ലഗ്നത്തിങ്കൽ ശുഭദൃഷ്ടിയില്ലാതിരിക്കയും ചെയ്യുമ്പോൾ ക്ഷയരോഗത്തെ പറയണം.

ചന്ദ്രേ പാപസമായുക്തേ ഷഷ്ഠേ വാഽപ്യഷ്ടമേ സ്ഥിതേ
രന്ധ്രേശേ രാഹുസംദൃഷ്ടേ ഗുഹ്യരോഗീ ഭവേന്നരഃ

ചന്ദ്രൻ പാപഗ്രഹത്തോടുകൂടി ൬, ൮ ഈ ഭാവങ്ങളിൽ നില്ക്കുമ്പോൾ അഷ്ടമാധിപൻ രാഹുവിന്റെ ദൃഷ്ടിയുണ്ടായിരിക്കയും ചെയ്താൽ ഗുഹ്യരോഗംകൊണ്ടുള്ള ഉപദ്രവം ഉണ്ടാകും.

മന്ദേന സഹിതേ ചന്ദ്രേ കുജേന സഹിതേഽഥവാ
മൃഗകർക്ക്യജമീനാംശേ കുഷ്ഠരോഗാർദ്ദിതോ നരഃ

ചന്ദ്രൻ ശനിയോടോ ചൊവ്വയോടോ കൂടി മകരം, കർക്കടകം, മേടം, മീനം ഈ രാശികളിൽ ഒന്നിൽ നിന്നാൽ കുഷ്ഠരോഗം ഉണ്ടാകുന്നതാണ്.

അർക്കേണ മന്ദേക്ഷിതോ മഹസ്സ്വതഃ
കുജേന ജീവേന ശുഭേന വികാരഃ
സോമേന ശുക്രേണ സുമേന്ദ്രപുത്രോ ബുധോ
ബുധേന ചന്ദ്രേ ക്ഷയ വിധാതേ സദാ

സൂൎയ്യനാൽ ശനിയും, ശനിയാൽ കുജനും, കുജനാൽ ഗുരുവും, ഗുരുവിനാൽ ചന്ദ്രനും, ചന്ദ്രനാൽ ശുക്രനും, ശുക്രനാൽ ബുധനും, ബുധനാൽ ചന്ദ്രനും വേധിക്കപ്പെടുന്നു (ശനിയ്ക്കു സൂൎയ്യന്റെയും, കുജനു ശനിയുടെയും വേധമുണ്ടാകുമെന്നൎത്ഥം.)

സൂൎയ്യൻ

സദാ ശിരോരുഗ്ജ്വരമുഖ്യരോഗാ-
ക്ഷയാതിസാരാദികരോഗകൎത്താ ॥
നൃപാലദേവദ്വിജകിന്നരൈശ്ച
കരോതി ചിത്തവ്യസനം വിവസ്വാൻ ॥

സൂൎയ്യൻ തലവേദന, പനി, മേഹനകരവ്, അതിസാരം മുതലായ രോഗങ്ങളെയും; രാജാവ്, ദേവന്മാർ, ബ്രാഹ്മണർ, കിന്നരന്മാർ ഇവരിൽനിന്നുള്ള ഉപദ്രവത്തെയും ഉണ്ടാക്കും.

ചന്ദ്രൻ.

പാണ്ഡുശോഫക്ഷയകാമിലാ-
പീനസാദിജലരോഗപീഡനൈഃ ॥
കാലികാസുരസുവാസിനീഗണൈ-
രാകുലത്വം കുരുതേ നിശാകരഃ ॥

ചന്ദ്രൻ പാണ്ഡു, ക്ഷയം, കാമില, പിത്തം, ശ്ലേഷ്മപിത്തം, പീനസം ഈ രോഗങ്ങളെയും സ്ത്രീകാരണമായിട്ടുള്ള ദുഃഖങ്ങളെയും; ദുൎഗ്ഗ, കാളി, യക്ഷൻ, യക്ഷി ഇവരിൽനിന്നുള്ള ഉപദ്രവത്തെയും ചെയ്യുന്നു.

ചൊവ്വാ.

പീനബീജകഫശസ്ത്രപാവക-
ഗ്രന്ഥിശസ്ത്രവ്രണരോഗപീഡനൈഃ ॥
വഹ്നിഭൈരവഗണേശ്വരാദിഭിർ-
ഭീതിമാശു കുരുതേ ധരാസുതഃ ॥

ചൊവ്വാ കപടകോപം ആയുധങ്ങളിൽനിന്നു മുറിവ് അഗ്നിഭയം ദേഹത്തിൽ മുഴകൾ വ്രണം ദാരിദ്ര്യപീഡ ഇവയേയും ഉഗ്രങ്ങളായ ശൈവഭൂതങ്ങൾ ഭൈരവന്മാർ ഇടഞ്ഞിയ ക്രൂരഗ്രഹങ്ങളിൽനിന്നുള്ള ഉപദ്രവം ഇവയേയും ചെയ്യുന്നു.

ബുധൻ

ഗുഹ്യാമയാഗ്നിശ്വസമീരകുഷ്ഠ-
മന്ദാഗ്നിശൂലഗ്രഹണീമുഖാദ്യൈഃ
ബുധാഭിവിഷ്ണുപ്രിയദാസഭൂതൈ-
ർത്തിവദ്ഭവം ശരീരേ കരോതി

ബുധൻ അർശസ്സ്, ആന്ത്രവായു, വൃദ്ധിവായു, വയറ്റിൽവായു, കുഷ്ഠം, അഗ്നിമാന്ദ്യം, വയററിൽ വേദന, ഗ്രഹണി മുതലായ രോഗങ്ങളെയും; വിഷ്ണു മുതലായ ദേവന്മാരിൽനിന്നും വൈഷ്ണവജനങ്ങളിൽനിന്നും വൈഷ്ണവഭൂതങ്ങൾ, വിഷ്ണുകിങ്കരന്മാർ ഇവരിൽനിന്നുമുള്ള ബാധയേയും ചെയ്യുന്നു.

വ്യാഴം (ശുക്രൻ)

ആചാര്യദേവഗുരുഭൂസുരശാപദോഷ-
ശോകഞ്ച ഗുന്മമപി ഗുരുഃ കരോതി
കാന്താവികാരജനിതാമഥ ശസ്യദൈര്യ-
ര്യോഷാംഗനാജനകൃതൈരഹിതൈഃ സ്വവധ്യൈഃ

വ്യാഴം ഗുരുക്കന്മാർ, ദേവന്മാർ, ആചാര്യന്മാർ, ബ്രാഹ്മണർ ഇവരുടെ ശാപത്തെയും ഗുന്മരോഗത്തെയും; ശുക്രൻ കാന്താനിമിത്തമുള്ള ആപത്തുകളാൽ വ്യസനത്തെയും ഇഷ്ടകളായ സ്ത്രീകളാൽ ചെയ്യപ്പെടുന്ന അഹിതപ്രവൃത്തി കൊണ്ടുള്ള മനോവ്യസനത്തെയും ചെയ്യും.

ശനി

ദാരിദ്ര്യദോഷാനിലകഷ്ടപിശാചചോരൈഃ
ക്ലേശം കരോതി രവിജസ്സഹ സന്ധിരോഗൈഃ

കണ്ഡൂമസൂരികാപ്രകൃതീശ്ച കർമ്മരോഗാൻ
സ്വാചാരഹീനരിപുജാതിഗണാംശ്ച കേതുഃ

ശനി ദാരിദ്ര്യപീഡയേയും സ്വകർമ്മം ഹേതുവായുള്ള ആപത്തുകളേയും പിശാചോപദ്രവത്തേയും കള്ളന്മാരിൽനിന്നുള്ള ഭയത്തേയും ശരീരസന്ധികളിൽ ഉണ്ടാകുന്ന വാതാദിരോഗത്തേയും ചെയ്യുന്നു.

കേതു.

ചൊറി, ചിരങ്ങ്, മസൂരി, ശത്രുദോഷം, ആചാരഭ്രഷ്ടന്മാരിൽനിന്നും നീചന്മാരിൽനിന്നും ഉള്ള ഉപദ്രവം ഇവയെ ചെയ്യുന്നു.

കരോത്യപസ്മാരമസൂരികണ്ഡൂ-
ക്ഷുദ്രാൻ ക്രിമിപ്രേതപിശാചദോഷാൻ
ഉദ്ബന്ധനാദ്യാത്മവിനാശരോഗൈർ-
വിധുന്തുദശ്ചാതിഭയം നൃണാം.

രാഹു, അപസ്മാരം, മസൂരി, ബന്ധനം, ക്ഷുദ്രാഭിചാരം, ക്രിമിരോഗം, ഭൂതപ്രേതപിശാചാദിപീഡ, തൂങ്ങി മരിക്കാനുള്ള ആഗ്രഹം, കഷ്ടം ഇവയെ ചെയ്യുന്നു.

പിത്തോഷ്ണജ്വരതാപദേഹപതനാ-
പസ്മാരഹൃദ്രോഗദൃഗ്-
വ്യാധീൻ വക്തി ഭവേദ്ദരാത്ത്യരിഭയം
താപശസ്ത്രാനലഭ്രംശം
വൃക്ഷാഗ്രച്യുതിവിഷാദിമാതൃതനയ-
വ്യാപച്ചതുഷ്പദ്ഭയം
ചോരക്ഷ്മാപതിവഹ്നിദൈവഫണഭൃദ്ഭൂ-
തേശശത്രൂദ്ഭയം.

ആദിത്യൻ അനിഷ്ടഫലദാതാവായാൽ പിത്തരോഗം ഉഷ്ണജ്വരം ദേഹത്തിൽ വീഴ്ച അപസ്മാരം ഹൃദയരോഗം ഇവ വ്യാധി നേത്രരോഗം ശത്രുഭയം താപശോഷം അഗ്നിസ്രാവം വൃക്ഷാദികളിൽനിന്നും വീഴാനിടവരും ചതുഷ്പദം കൊണ്ടുമുള്ള ഉപദ്രവം വിഷഭയം ദുഷ്ടാദിഭയം പുത്രഭയം

സാഷ്ടാദികളിൽനിന്നുള്ള ഭയം കള്ളന്മാരിൽനിന്നും രാജാ-
വിൽനിന്നും ഉപദ്രവം ധർമ്മദൈവങ്ങളുടെയും സർപ്പങ്ങ-
ളുടെയും കോപങ്ങളുടെയും അതിസ്സാരം ഇവയെല്ലാം ഉണ്ടാ-
കുന്നതാണ്.

നിദ്രാന്ത്യകപാതിസാരപിടകാ-
ശ്ശീതജ്വരം ചന്ദ്രകെ
ശ്രും പൂണ്ജ്വരസംപാകാദ്യുക്തോ-
യേഷ്ടിപ്യാകാമിഃ
ദോഷാത് സ്ത്രീകൃതമസ്യ ദ്വികാരമുദകാദ് ഭീ-
തിശ്ച ബാലഗ്രഹാത്
ദുർഗ്ഗാകിന്നരധർമ്മദൈവഫണിഭൃ-
ദ്യക്ഷാദ് ഉപദ്രവം വദേത്

ചന്ദ്രൻ അനിഷ്ടഫലദാതാവായാൽ അസമയങ്ങളിൽ ഉറക്കവും ഉന്മാദവും കഫാധിക്യത്താൽ അതിസാരം ഉഷ്ണം കുരുക്കൾ ശീതജ്വരം ഇവയും കൊമ്പുള്ള ജന്തുക്കളിൽനിന്നും ജലജന്തുക്കളിൽനിന്നും ഉപദ്രവവും മന്ദത്തിലും പിത്തക്ഷോഭവും ആമാശയദോഷം രക്തദൂഷ്യം കാമില എന്ന രോഗവും, സ്ത്രീനിമിത്തം മനസ്താപവും രക്തദുഷ്ടിനിമിത്തം ഉണ്ടാകുന്ന ചില രോഗങ്ങളും വെള്ളത്തിൽവച്ച് ഭയവും ബാലഗ്രഹങ്ങളുടെയും ദുർഗ്ഗാഭഗവതി, കിന്നരൻ, ധർമ്മദൈവം, സർപ്പദൈവം, യക്ഷൻ ഇവരുടെ ഉപദ്രവവും ഉണ്ടാകും.

ഉഷ്ണസ്രാവാപവിത്തരോഗമനലവിസ്ഫോ-
ടാദികൾ ശസ്ത്രകൃതാൻ
ഉന്മാദസ്യ ദേഹരക്തപിത്തവികാരതാ-
ദാഹകാമരോഗാൻ
ശൂലാദിസ്ത്രീനാശം സഹജസുതസുഹൃ-
ദ്വൈരമ്യമപി യാതി
ക്ഷേത്രാഗ്നിയുദ്ധരോഗാദ്ഭയമേവനി
സൂനുരോഗമാരോഗം.

പ്രശ്നകാലത്തിങ്കൽ ചൊവ്വാ അനിഷ്ടഫലദാതാവായാൽ വെള്ളദാഹം, രക്തസ്രാവം, പിത്തകഫാദികൃതങ്ങളായുള്ള ജ്വരം, അഗ്നിഭയം, വിഷഭയം, ആയുധഭയം, കുഷ്ഠരോഗം, നയനരോഗം, ഗുന്മവ്യാധി, അപസ്മാരം, മജ്ജയെന്ന ധാതുവിന്റെ നാശം, ശരീരത്തിനു രൂക്ഷത ഉണ്ടാകുക, ഭ്രാന്തി, ശസ്ത്രം ഉടവാൾ മുതലായവകളാൽ മുറിപ്പെടുക, രാജകോപം, ശത്രുപീഡ, കള്ളന്മാരിൽനിന്നുള്ള ഉപദ്രവം, സഹോദരന്മാർ, പുത്രന്മാർ, ബന്ധുക്കൾ ഇവരുമായുള്ള വിരോധം, കലഹം, രക്ഷസ്സ് ഗന്ധർവ്വൻ മുതലായ ഗ്രഹബാധകളുടെ ഉപദ്രവം ഇവയും വിശേഷിച്ച് ശിരോരോഗവും ഉണ്ടാകും.

ഭ്രാന്തിം ദുർവ്വചനം ദൃഗാമയഗള-
ഘ്രാണോത്ഥരോഗാൻ ജ്വരം
പിത്തശ്ലേഷ്മസമീരജാൻ വിഷമപി
ത്വഗ്ദോഷപാണ്ഡ്വാമയാൻ
ദുസ്സ്വപ്നഞ്ച വിചർച്ചികാഗ്നിപതനം
പാരുഷ്യബന്ധശ്രമാൻ
ഗന്ധർവ്വക്ഷിതിഹർമ്മ്യവാസനിരതൈ-
ർഭക്തിപീഡാം ബുധഃ

ബുധൻ അനിഷ്ടഫലദാതാവായാൽ ചിത്തഭ്രമം ചീത്തവാക്ക പറയുക, നയനം കഴുത്ത് മൂക്ക് ഇവകളിൽ രോഗം, ജ്വരം, വിഷഭയം, ത്വഗ്ദോഷം, പാണ്ഡുരോഗം, ദുസ്സ്വപ്നംകാണുക, ചൊറിവ്യാധിക, തീ വീഴുക, പരുഷവാക്ക പറയുക, ബന്ധനത്തിലിരിക്കുക, അദ്ധ്വാനം ഇവയും ഗന്ധർവ്വലോകത്തുള്ള മാളികകളിൽ നിവസിക്കുന്ന കിന്നരന്മാരുടെ ഉപദ്രവം, ഭക്തിപീഡ ഇവയുമുണ്ടാകും.

ഗുന്മാന്ത്രജ്വരശോകമോഹകഫജാ-
ഞ്ഛ്രോത്രാർത്തിമേഹാമയാൻ
ദേവസ്ഥാനനിധിപ്രപീഡനമഹീ-
ദേവശാപോത്ഭവം

രോഗം കിന്നരയക്ഷദേവഫണഭൃ-
ദ്വിദ്യാധരാദ്യുത്ഭവം
ജീവസ്സൂചയതി സ്വയം ബുധഗുരു-
ക്ലിഷ്ടാപചാരോത്ഭവം.

വ്യാഴം അനിഷ്ടഫലദാതാവായാൽ ഗുന്മം, ആന്ത്രം, ജ്വരം, ബോധക്കേട് ഇവയും കഫദോഷകോപഹേതുവായി ചെവിയ്ക്കു രോഗവും പ്രമേഹവ്യാധിയും ദേവസ്ഥാനത്തിൽ നിന്നു വിധിധനാപഹരണംനിമിത്തവും ബ്രാഹ്മണശാപം കൊണ്ടും, കിന്നരൻ, യക്ഷൻ, സർപ്പം, വിദ്യാധരന്മാർ ഇവരുടെ കോപംകൊണ്ടും രോഗവും ബുധനും വ്യാഴവും അനിഷ്ടദാതാക്കന്മാരായാൽ സാമാന്യേന വിഷ്ണുകോപംതന്നെ കാരണമെന്നും പറഞ്ഞുകൊള്ളണം.

പാണ്ഡുശ്ലേഷ്മമരുൽപ്രകോപനയനാ-
വ്യാപത്തിതന്ദ്രീശ്രമാൻ
ഗുഹ്യാസ്യാമയമൂത്രകൃച്ഛ്രമദനാ-
വ്യാപത്തിശുക്ലസ്രുതീഃ
വാസസ്ത്രീകൃഷിദേഹകാന്തിവിഹതിം
ശോഷാമയം യോഗിനീ-
യക്ഷീമാതൃഗണാദ്ഭയം പ്രിയസുഹൃദ്-
ഭംഗം സിതഃ സൂചയേൽ.

ശുക്രൻ അനിഷ്ടഫലദാതാവായി നിന്നാൽ പിത്തരോഗവും കഫവാതകോപംനിമിത്തം ഉണ്ടാകാവുന്ന ചില രോഗങ്ങളും നയനരോഗം, ഉത്സാഹക്കുറവ്, അതിയായിട്ടുള്ള അദ്ധ്വാനംനിമിത്തം തളർച്ച, ഗുഹ്യരോഗം, മുഖരോഗം, മൂത്രകൃച്ഛ്റം, മദനവികാരംനിമിത്തമുള്ള ആപത്തുകൾ, ശുക്ലസ്രാവം, വസ്ത്രനാശം, ഭാര്യാനാശം, കൃഷിനാശം, ശരീരകാന്തിയില്ലാതെവരിക, നീർദ്ദോഷത്താൽ വീക്കം ഉണ്ടാകുക, യോഗിനി, യക്ഷി, മാതൃക്കൾ ഇവരുടെ കോപവും ബന്ധുജനങ്ങൾക്ക് നാശവും ഉണ്ടാകും.

'വാതശ്ലേഷ്മവികാരപാദവിഹതിതാപത്തിതന്ദ്രീശ്രമാൻ
ഭ്രാന്തിം കുക്ഷിരുഗന്തരുഷ്ണഭൃത്യനാശം ച പാർശ്വാഹതിം
ഭാര്യാപുത്രവിപത്തിമംഗവിഹതിം ഹൃത്താപമർക്കാത്മജോ
വൃക്ഷാശ്മക്ഷതിമാഹ കശ്മലഗണൈഃ പീഡാം പിശാചാദിഭിഃ

ശനി അനിഷ്ടഫലദാതാവായി നിന്നാൽ വാതകഫ കോപം കൊണ്ടുണ്ടാകുന്ന രോഗങ്ങളും പാദരോഗവും പല വിധമാപത്തുകളും ഉത്സാഹക്കുറവും തളർച്ചയും ചിത്തഭ്രമവും വയററിൽ സുഖക്കേടും ഭൃത്യന്മാർ, നാല്ക്കാലികൾ, പുത്രന്മാർ, ഭാര്യ ഇവർക്ക് ആപത്തും അംഗവൈകല്യവും വൃക്ഷാദികളിൽനിന്നോ കല്ലുകളെക്കൊണ്ടോ ശരീരക്ഷതിയും പൈശാചികങ്ങളായ ബാധകളുടെ ഉപദ്രവവും ഉണ്ടാകും.

സ്വർഭാനുസ്സന്താപകുഷ്ഠവിഷമവ്യാധീൻ വിഷം കൃത്രിമം
പാദാർത്തിഞ്ച പിശാചപന്നഗഭയം ഭാര്യാതനൂജാപദം
ബ്രഹ്മക്ഷത്രവിരോധശത്രുജഭയം കേതുസ്തു സംസൂചയേൽ
പ്രേതോത്ഥം ച ഭയം വിഷഞ്ച ഗുളികോ ദേഹാർത്തിമാശൗചജാം.

രാഹു അനിഷ്ടഫലദാതാവായി നിന്നാൽ ഹൃദയത്തിന് ചൂട്, കുഷ്ഠം പരസ്പരവിരുദ്ധങ്ങളായ പലമാതിരി വ്യാധികൾ ഔഷധാദികളെക്കൊണ്ടോ, മാന്ത്രികം കൊണ്ടോ ഉണ്ടാക്കപ്പെട്ട വിഷം പാദരോഗം, പൈശാചികോപദ്രവം, സർപ്പഭീതി, ഭാര്യയ്ക്കും പുത്രന്മാർക്കും ദുഃഖം ബ്രാഹ്മണരോടും ക്ഷത്രിയരോടും വൈരം, ശത്രുക്കൾ നിമിത്തമുള്ള ഭീതി ഇവകളെല്ലാം ഉണ്ടാകും. കേതു അനിഷ്ടഫലദാതാവായി നിന്നാൽ മൺമറഞ്ഞ പിതൃക്കളുടെ പ്രേതബാധകൾ നിമിത്തം ഉണ്ടാകാവുന്ന രോഗങ്ങളും ഗുളികൻ അനിഷ്ടഫലദാതാവായി നിന്നാൽ ശരീരവൈഷമ്യവും, ആശൗചവും, വിഷബാധയും ഉണ്ടാകുന്നതാണ്".

മാന്ദി

ഗുളികൻ അനിഷ്ടസ്ഥാനത്തുനിന്നാൽ ഛർദ്ദി, വയറാളക്കം, തൊണ്ടു തിന്നു ണ്ടാകുന്ന രോഗങ്ങൾ, വിഷരോഗം ഇവകളെ പറഞ്ഞുകൊള്ളണം.

സൂര്യൻ.

ആദിത്യൻ അനിഷ്ടഫലദാതാവായാൽ, ഉഷ്ണരോഗങ്ങൾ, അപസ്മാരം, നേത്രരോഗം, ഉദരവ്യാധി, അസ്ഥിസ്രാവം, വിറപ്പനി, പിത്തരോഗം, ശിവകോപങ്ങളുടെ അനിഷ്ടം ഇവകൾ ഉണ്ടാകുന്നതാണു്.

ചന്ദ്രൻ.

ചന്ദ്രൻ അനിഷ്ടഫലദാതാവായാൽ ഉറക്കം, അതിസാരം, ശീതജ്വരം, തളർച്ച, ക്ഷയം, കാസം, ഗ്രഹണി, കഫം, ഹൃദയരോഗം ഇവകൾ ഉണ്ടാകുന്നതാണു്.

ചൊവ്വാ.

ചൊവ്വാ അനിഷ്ടഫലദാതാവായാൽ, രക്തദൂഷ്യം, പിത്തരോഗം, കണ്ഠരോഗം, നയനരോഗം, ഗുന്മം, അപസ്മാരം, വ്രണം, ജ്വരം ഇവകൾ ഉണ്ടാകുന്നതാണു്.

ബുധൻ.

ബുധൻ അനിഷ്ടഫലദാതാവായാൽ, ചിത്തഭ്രമം, സന്നിപാതജ്വരം, ത്വഗ്ദോഷം, പാണ്ഡുരോഗം, ഉദരരോഗം, ആന്ത്രം, അർശസ്സ്, കഴുത്തു്, മൂക്ക് ഇവകളിൽ രോഗം ഇവകൾ ഉണ്ടാകുന്നതാണു്.

വ്യാഴൻ.

വ്യാഴൻ അനിഷ്ടഫലദാതാവായാൽ ഗുന്മം, ആന്ത്രം, തൊലയാക്കട്ട്, കഫകോപം, പ്രമേഹം, വാതം, ശ്രോത്രരോഗം ഇവകൾ ഉണ്ടാകുന്നതാണു്.

ശുക്രൻ.

ശുക്രൻ അനിഷ്ടഫലദാതാവായാൽ വിക്ഷം, പിത്തരോഗം, മേഹരോഗം, നയനരോഗം, അലസത, അർശസ്സ്, അത്യഗ്നി, മൂത്രരോഗം, ശുക്ലസ്രാവം, ശ്ലേഷ്മം ഇവകൾ ഉണ്ടാകുന്നതാണ്.

ശനി.

ശനി അനിഷ്ടഫലദാതാവായാൽ വാതരോഗം (പാദരോഗം) മന്ദത, തളർച്ച, ചിത്തഭ്രമം, വയററിൽ സുഖക്കേട്, ശിരോരോഗം ഇവകൾ ഉണ്ടാകുന്നതാണ്.

രാഹു.

രാഹു അനിഷ്ടഫലദാതാവായാൽ വിഷം, കുഷ്ഠം, കൃമികോപം, കൈകാലുകളിൽ വാതം, വ്രണം, തൊണ്ടമൂലിന്നിതം ഇവകൾ ഉണ്ടാകുന്നതാണ്.

കേതു.

കേതു അനിഷ്ടഫലദാതാവായാൽ ത്വഗ്രോഗം, വിഷരോഗം, മന്ദത, ശിരോരോഗം, ചിത്തഭ്രമം, മസൂരിരോഗം ഇവകൾ ഉണ്ടാകുന്നതാണ്.

പ്രശ്നാൽ രോഗം പറയുന്നതിന്.

നവിക്ക്.

നേത്രാസ്യകഫം പിത്തജപാണ്ഡുശോകാദിരോഗവും
സ്രാവമാമേഹം മൂത്രരോഗം ഗുന്മമസൂരികാ
ഉഷ്ണമൃഷ്ടികളാലുള്ള രോഗങ്ങൾ സകലങ്ങളും
ആധാരചക്രേ മുള്ളോരു രോഗങ്ങളും തഥാ
അത്യന്തരാളദേശത്തിൽ ജനിക്കും രോഗങ്ങളും
ആർത്തിപീഡകളാലുണ്ടാം രോഗങ്ങളൊക്കെയും
സൂക്ഷ്മമനാക്കണ്ടു ചിന്തിച്ചു പറയേണമിതെപ്പോഴും.

ചന്ദ്രന്.

അരുചിരോഗമതിസാരം ക്ഷയം ശീതജ്വരാദിയും
ജിഹ്വാരോഗമപസ്മാരം ത്വഗ്വ്രണാദ്യാദിരോഗവും
ഗ്രഹണ്യാദ്യഗ്നിമാന്ദ്യാദി കഫം നിദ്രാദിരോഗവും
വിഷൂചികാദിരോഗങ്ങൾ രക്തദോഷങ്ങളും പുനഃ
ജലരോഗങ്ങളും കാസശ്വാസവിബന്ധിഷ്ഠരോഗവും
ഹൃദയത്തിങ്കലുണ്ടാകും രോഗവും ചന്ദ്രനാൽ വരേൽ.

ചൊവ്വായ്ക്ക്.

വ്രണം ദാഹം ജ്വരം കണ്ഡൂം രക്തസ്രാവാന്ത്രവേദന
മൂൎദ്ധ്നിരോഗം ഗുദവ്യാധി പിടകാദികളും തഥാ
കമ്പം ബധിരകോപഞ്ച അപസ്മാരാദിരോഗവും
ക്ഷതങ്ങൾ ദുഷ്ടരോഗങ്ങൾ ശരീരത്തിലിരിക്കയും
മജ്ജയിങ്കൽ ജനിക്കുന്ന രോഗവും മണിപൂരകേ
ഉണ്ടാം രോഗവിശേഷങ്ങൾ ഭൗമനെക്കൊണ്ടു ചൊല്ലുക.

ബുധന്.

വാതപിത്തജ്വരം പാണ്ഡു ശോഫസാരം മഹോദരം
ക്ഷയം ഉദരരോഗഞ്ച ശ്വാസഗുല്മങ്ങളാദിയും
പിത്തഗ്രന്ഥിവികാരാദി രോഗങ്ങളും തഥാ
ഹൃദയത്തിങ്കലും ത്വക്കതന്നിലുണ്ടാം വ്യാധികളും
കാമിലാദികളും ചന്ദ്രസൂനോരപി വിചിന്തയേൽ.

വ്യാഴത്തിന്.

വാതം പ്രമേഹം ജ്വരവും ഗുല്മരോഗം ഭഗന്ദരം
ഊരുഷ്ഠരോഗം ആന്ത്രരോഗം യോഗഞ്ചാപി ഭഗന്ദരം
ശ്രോത്രരോഗങ്ങളും പിന്നെ പ്രമേഹാദികളും പുനഃ
ശോഫങ്ങൾ പരസ്പരത്താലുണ്ടാം രോഗവിശേഷവും
മേദസ്സൊന്നിലും കണ്ടു ജനിക്കും രോഗമെവം
ഇത്യാദിരോഗമെല്ലാം വ്യാഴനെക്കൊണ്ടു ചൊല്ലുക.

ശുക്രന്.

അസ്ഥിസ്രാവങ്ങൾ വദനനേത്രരോഗാദിയും തഥാ
മൂലരോഗം ഗുദവ്രണം മൂത്രകൃച്ഛ്രാദിയും പുനഃ
ശുക്ലസ്രാവങ്ങളും പിന്നെ സ്വഭാവവികാരങ്ങളും
ശ്ലേഷ്മരോഗാദിയും വായുഗ്രന്ഥ്യർബുദരോഗവും
കാലദേശത്തിങ്കലുണ്ടാം രോഗവും ശുക്രപാപന്.

ശനിക്ക്.

ദേഹാർത്തിവാതപ്ലീഹാദ്യം വാതശ്ലേഷ്മാദിയും പുനഃ
ശിശ്നരോഗം കക്ഷിരോഗം വാതരോഗങ്ങളും തഥാ
അജ്ഞാതരോഗവർഗ്ഗങ്ങൾ ശനിക്കുന്നോരവസ്ഥയും
ത്രികസ്ഥലത്തിലും സ്വപ്നത്തിലുണ്ടാം ഗദങ്ങളും
ശനിയെക്കൊണ്ടു ചിന്തിച്ചു പറയേണം യഥോചിതം.

രാഹുകേതുക്കൾക്ക്.

രാഹുകേതു വിഷം കണ്ഠം കുഷ്ഠകോപം മസൂരികാ
പക്ഷിരോഗങ്ങൾ ചോരകൃത്യവ്രണം മുതൽ
നാഡീവായുക്കളും പിന്നെ ഭൂതബാധകളെന്നിവ
ചിന്തിച്ചു തിന്നിച്ചുണ്ടാകും രോഗവർഗ്ഗങ്ങളും പുനഃ

ഗുളികന്.

ഗുളികസ്യ ഷഷ്ഠി ദോഷം മർമ്മസ്ഥലഗദങ്ങളും
വ്രണാദിദുഷ്ടരോഗങ്ങളും മാന്ദിയെക്കൊണ്ടു ചൊല്ലുക.

അദ്ധ്യായം ൭

ഗജകേസരിയോഗം

ചന്ദ്രന്റെ കേന്ദ്രസ്ഥാനങ്ങളിൽ അതായതു് ൧, ൪, ൭, ൧൦ ഈ രാശികളിൽ വ്യാഴം നിന്നാൽ ഗജകേസരിയോഗമെന്നു പറയപ്പെടും. അതുപോലെ ചന്ദ്രനെ ബുധൻ, ശുക്രൻ, വ്യാഴം ഇവർ നോക്കിയാലും ഗജകേസരിയോഗമാകുന്നു. വിശേഷിച്ചു ചന്ദ്രനു് നീചമോ മൌഢ്യമോ ഉണ്ടായിരിക്കരുതു്. ഈ യോഗത്തിൽ ജനിച്ചവനു താഴെ പറയുന്ന ഫലങ്ങൾ അനുഭവിക്കുമെന്നാണു ശാസ്ത്രം.

പ്രമാണം

ഗജകേസരിസംജാതസ്തേജസ്വീ ധനവാൻ ഭവേൽ
മേധാവീ ഗുണസമ്പന്നോ രാജപ്രീതികരോ ഭവേൽ.

ഗജകേസരിയോഗത്തിൽ ജനിച്ചവൻ വളരെ തേജസ്സുള്ളവനായും ധനവാനായും ബുദ്ധിമാനായും വളരെ ഗുണങ്ങളുള്ളവനായും രാജപ്രീതിക്കു പാത്രവാനായും തീരും.

അമലായോഗം

ചന്ദ്രലഗ്നത്തിൽ ശുഭഗ്രഹങ്ങൾ നില്ക്കുന്നുവെങ്കിലും കേന്ദ്രങ്ങളിൽ ശുഭഗ്രഹങ്ങൾ നിന്നാലും അമലായോഗമെന്നു പറയപ്പെടുന്നു. വിശേഷാൽ ലഗ്നാലോ ചന്ദ്രാലോ പത്താംഭാവത്തിൽ ശുഭഗ്രഹം നിൽക്കുന്നുവെങ്കിലും അമലായോഗമെന്നു ശാസ്ത്രങ്ങൾ ഘോഷിക്കുന്നുണ്ടു്. അമലായോഗത്തിൽ ജനിച്ചാൽ രാജാക്കന്മാരാൽ പൂജ്യനായും വളരെ സമ്പത്തോടുകൂടിയവനായും മാനശീലനായും ബന്ധുക്കൾക്കു പ്രിയമുള്ളവനായും പരോപകാരതല്പരനായും ഗുണവാനായും ഭവിക്കുന്നതാണു്.

പർവ്വതയോഗം.

ലഗ്നത്തിന്റെ കേന്ദ്രരാശികളിൽ ശുഭഗ്രഹങ്ങൾ നിൽക്കയും ആറാംഭാവത്തിലും അഷ്ടമത്തിലും പാപഗ്രഹങ്ങൾ നിൽക്കാതെയും ഇരുന്നാലും ലഗ്നാധിപനും പന്ത്രണ്ടാംഭാവാധിപനും അന്യോന്യം കേന്ദ്രസ്ഥിതിവന്നാലും അല്ലെങ്കിൽ ഇവരെ ഇരുവരുടെ ബന്ധുഗ്രഹങ്ങൾ നോക്കിയാലും പർവ്വതയോഗമെന്നു പറയപ്പെടുന്നു.

ശുഭയോഗാൽ ഭവോ വാഗ്മീ
ശുഭകീർത്തിഗുണാന്വിതഃ
പാപയോഗാൽ ഭവേൽ കാമീ
പാപകർമ്മപരാർത്ഥയുക്.

ആയോഗമുണ്ടായാൽ ലോകാവസാനംവരെ കീർത്തി നിലനിൽക്കുന്നതായിരിക്കും. രാജാക്കന്മാരാൽ പൂജ്യനായും വളരെ സുഖാനുഭവത്തോടുകൂടിയവനായും ദാനശീലനായും ബന്ധുക്കൾക്ക പ്രിയമുള്ളവനായും പരോപകാരതല്പരനായും ഗുണവാനായും ഭവിക്കുന്നതാണു്.

ചാമരയോഗം.

ലഗ്നാധിപൻ കേന്ദ്രഭാവങ്ങളിൽ ഉച്ചസ്ഥനായിവരികയും വ്യാഴദൃഷ്ടി സംഭവിക്കയുംചെയ്താലും രണ്ടു ശുഭഗ്രഹങ്ങൾ ലഗ്നത്തിലൊ ഏഴാംഭാവത്തിലൊ ഒൻപതാംഭാവത്തിലൊ പത്താംഭാവത്തിലൊ വന്നാലും ചാമരയോഗമാകുന്നു.

ഫലം.

യോഗേ ജാതശ്ചാമരേ രാജപൂജ്യോ
വിദ്വാൻ വാഗ്മീ പണ്ഡിതോ വാ മഹീപഃ
സർവ്വജ്ഞസ്സ്യാൽ വേദശാസ്ത്രാധികാരീ
ജീവേദ്വർഷം സപ്തതിർവത്സരാണാം

ചാമരയോഗത്തിൽ ജനിച്ചവൻ രാജപൂജ്യനായും വിദ്വാനായും, വാചാലനായും, പണ്ഡിതനായും തീരും. അ

ഥവാ രാജാവായെന്നും വരാം. എല്ലാവിഷയങ്ങളിലും ഒ
ന്നുപോലെ പാണ്ഡിത്യമുള്ളവനും വേദശാസ്ത്രങ്ങളിൽ പ
ണ്ഡിതനായും എഴുപതുവർഷംവരെ ജീവിച്ചിരിക്കയും ചെ
യ്യുന്നതാണ്.

ലക്ഷ്മീയോഗം

ഒൻപതാംഭാവാധിപൻ കേന്ദ്രഭാവങ്ങളിൽ നിൽക്ക
യും അത് അത്യുച്ചസ്ഥാനത്തോടും ലഗ്നാധിപബലത്തോ
ടുംകൂടിയതായിരിക്കയും ചെയ്താൽ ലക്ഷ്മീയോഗം ഭവിക്കും.
അഥവാ മൂലത്രികോണമായിരുന്നാലും മതിയാകുമെന്നും കാ
ണുന്നുണ്ട്.

ഗുണാഭിരാമോ ബഹുദേശനാഥോ
വിദ്യാമഹാകീർത്തിരനംഗരൂപഃ
മഹാന്ത ചിത്രാന്തരപാലവാര്യാ
രാജാധിരാജോ ബഹുദാരപുത്രഃ

ലക്ഷ്മീയോഗത്തിൽ ജനിച്ചവൻ ഗുണങ്ങളെക്കൊണ്ടു
എല്ലാവർക്കും ഇഷ്ടനായിരിക്കും. പല ദേശങ്ങളേയും ഭരി
ക്കാനിടവരും. വളരെ വിദ്യാഭ്യാസവും വളരെ ഐശ്വര്യ
വും ഉണ്ടായിരിക്കും. നാടെങ്ങും കീർത്തിയും രാജാക്കന്മാർ
പോലും ബഹുമാനിക്കത്തക്കവണ്ണമുള്ള ചക്രവർത്തിപദവിയും ഉ
ണ്ടായിരിക്കും. ഭാര്യാസമ്പന്നനും പുത്രസമ്പന്നനും ധാരാള
മായിരിക്കും.

സുനഭായോഗം.

ചന്ദ്രന്റെ രണ്ടാംഭാവത്തിൽ ഗ്രഹങ്ങളുണ്ടെങ്കിൽ സു
നഭായോഗമാകുന്നു.

ഫലം.

ക്ഷിതീശതുല്യഃ സചിവഃ സുകൃതീ കൃതീ ച
ന്യൂനം ഭവേന്നിജഭുജാർജ്ജിതവിത്തയുക്തഃ
ഖ്യാതഃ സമഖിലജനേഷു വിശാലകീർത്ത്യാ-
ബുദ്ധ്യാധികശ്ച മനുജഃ സുനഭാഭിധാ തി.

സുനഫായോഗമുണ്ടായാൽ മന്ത്രിയുടെയോ വിദ്വാന്റെയോ വിശേഷജ്ഞന്റെയോ സ്ഥാനം നിശ്ചയമായും സിദ്ധിക്കും സ്വപ്രയത്നംകൊണ്ടു വളരെ ധനവും സമ്പാദിക്കും. ബുദ്ധിശക്തികൊണ്ടും വിശിഷ്ടകീൎത്തികൊണ്ടും എല്ലായിടത്തും വളരെ കീൎത്തിയും ഉണ്ടായിരിക്കും.

അനഫായോഗം.

ചന്ദ്രന്റെ പന്ത്രണ്ടാംഭാവത്തിൽ ഗ്രഹങ്ങളുണ്ടെങ്കിൽ അനഫായോഗം ഭവിക്കും.

ഉൽവിനീതഃ പ്രഭുവാഗ്വിലാസഃ
സുശ്ശീലശാലീ ഗുണപൂൎത്തിയുക്തഃ
ഉദാരകീൎത്തിഃ സുഖയുക്ചിത്തോ
നിത്യം നരഃ സ്യാദനഫാഭിധാനേ.

അനഫായോഗമുണ്ടായാൽ ജാതകൻ പ്രഭുവായും വണക്കമുള്ളവനായും സരസമായ വാഗ്വൈഭവത്തോടുകൂടിയവനായും മാന്യശീലനായും കാമലീലയിൽ ഇഷ്ടപ്പെട്ട മനസ്സോടുകൂടിയും ഭവിക്കുന്നതാണ്.

ധുരുധുരായോഗം

ചന്ദ്രന്റെ പന്ത്രണ്ടിലും രണ്ടിലും ഗ്രഹങ്ങളുണ്ടെങ്കിൽ ധുരുധുരായോഗമെന്നു പറയുന്നു. ഇവിടെ ആദിത്യനെ വൎജ്ജിച്ചുകൊള്ളേണ്ടതാകുന്നു.

ഫലം

ധുരുധുരായോഗമുണ്ടെങ്കിൽ വളരെ ധനവാനായും വാഹനങ്ങളിലും ഭൂസമ്പത്തുക്കളിലുംനിന്നു വളരെ സുഖം അനുഭവിക്കുന്നവനായും ശത്രുക്കളെ ഹനിക്കുന്നവനായും ഭാൎയ്യാസുഖത്തിൽ വളരെ ആസക്തിയുള്ളവനായും ഭവിക്കുന്നതാണ്.

ശുക്രജീവനാരിക്കിടെ വിത്തത്തെ ശ്രീപാദവും ശ്രീപതിം
ഭൈവദ്ധ്യാഭൃഗണം വിഹായ തന്യോഗമത്രേത്യുക്തംസുവചം

കേന്ദ്രേ ജന്മപതിർദ്ദ്വയാധികയുതഃ കർമ്മാരിരിത്രിപതിം
ദൃഷ്ടോ വാക്പതിനാപ്യയേന പൃത്ഥ്വീപാലോ ഭൂതസ്സന്നം.

വ്യാഴം ശുക്രൻ ഇതിനോടുകൂടിയാൽ രാജയോഗമുണ്ടാകും. മകരം മേടം ധനു ഇതുകളൊന്നിലും ഒന്നു ലഗ്നമാകുകയും അതിൽ വ്യാഴം നിൽക്കുകയും ചെയ്താൽ രാജയോഗം. ലഗ്നാധിപൻ ബലവാനായി കേന്ദ്രത്തിൽ നിന്നാൽ രാജയോഗം ഭവിക്കും. വ്യാഴം ബുധനെ ദൃഷ്ടി ചെയ്താൽ അവൻ രാജസിംഹാസനത്തെ ധരിക്കുന്നവനായിരിക്കും.

> നീചേ തിഷ്ഠതി യസ്തു ജന്മനി ഗ്രഹോ-
> ധീശോ വാ ലഗ്നാദ്യയോഃ
> ചന്ദ്രാദ്വായദി നീചഗസ്യ വിലഗ-
> സ്യോച്ചർക്ഷനാഥോഽഥവാ
> കേന്ദ്രേ തിഷ്ഠതി ചേത് പ്രപൂർണ്ണവിഭവ-
> സ്സ്യാച്ചക്രവർത്തീ നൃപഃ
> ധർമ്മിഷ്ഠോഽന്യമഹീശവന്ദിതപദ-
> സ്തേജോയശോഭാഗ്യവാൻ

ഏതൊരു ഗ്രഹം നീചത്തിൽ നിൽക്കുന്നുവോ ആ നീചരാശിയുടെ അധിപനോ നീചംഭവിച്ച ഗ്രഹത്തിന്റെ ഉച്ചരാശിയുടെ നാഥനോ ചന്ദ്രാലോ ലഗ്നാലോ കേന്ദ്രത്തിൽ നിൽക്കുകയാണെങ്കിൽ അവൻ എല്ലാവിഭവങ്ങളോടും ധർമ്മത്തോടും അന്യരാജാക്കന്മാരാൽ വന്ദിക്കപ്പെടുന്ന പാദങ്ങളോടും, യശസ്സ്, ഭാഗ്യം, തേജസ്സ് ഇവകളോടുംകൂടിയ ചക്രവർത്തിയായി ഭവിക്കും.

> ത്ര്യാദ്യൈഃ ഖേടൈഃ സ്വോച്ചഗൈഃ കേന്ദ്രസംസ്ഥൈഃ
> സ്വർക്ഷസ്ഥൈർവ്വാ ഭൂപതിഃ സ്യാത് പ്രസിദ്ധഃ
> പഞ്ചാദ്യൈര്യദ്യന്യവംശപ്രസൂതോ-
> പ്യുർവ്വീനാഥോ വാരണാശ്വാദിയുക്തഃ

മൂന്നോ മൂന്നിലധികമോ ഗ്രഹങ്ങൾ ഉച്ചത്തിലോ, സ്വക്ഷേത്രത്തിലോ, കേന്ദ്രത്തിലോ നിന്നിരുന്നാൽ രാജാവു

ശത്തിലല്ലാതെ അന്യവംശത്തിൽ ജനിച്ചവൻ ആയിരു ന്നാലും ചതുരംഗസൈന്യങ്ങളോടുകൂടിയ രാജാവായിത്തീരു ന്നതാണ്.

ചന്ദ്രേധിമിത്രാംശഗതേ സദൃഷ്ടേ
ശുക്രേണ ലക്ഷ്മീസഹിതോ നൃപസ്സ്യാൽ
തഥാ സ്ഥിതേ വാസവമന്ത്രിദൃഷ്ടേ
പൂർണ്ണേ ധരിത്രീം പരിപാലയേത്സഃ.

അധിമിത്രാംശകത്തിൽ ഇരിക്കുന്ന ചന്ദ്രനെ ശു ക്രൻ നോക്കിയാൽ ഐശ്വര്യത്തോടുകൂടിയ രാജാവായി ഭവി ക്കും. അങ്ങനെയുള്ള പൂർണ്ണചന്ദ്രനെ വ്യാഴം നോക്കിയാലും രാജാവായിഭവിക്കും.

കേമദ്രുമയോഗം.

ചന്ദ്രന്റെ പന്ത്രണ്ടിലും രണ്ടിലും ഗ്രഹങ്ങളില്ലെങ്കിൽ കേമദ്രുമമെന്ന യോഗം ഉണ്ടാകുന്നതാണ്. നാലിലും പ ത്തിലും ഗ്രഹങ്ങളില്ലെങ്കിലും കേമദ്രുമമെന്നു പറയപ്പെടുന്നു.

സചിത്തസൂനുവനിതാത്മജനൈർവിഹീനഃ
പ്രേഷ്യോ മലവൃത മനുജോ ഹി വിദേശവാസീ
നിത്യം വിരോധിഷുരതോ മലിനഃ കുവേഷഃ
കേമദ്രുമേ ച മനുജാധിപതേസ്സുതോപി.

കേമദ്രുമയോഗത്തിൽ ജനിച്ചവനു നല്ല പുത്രരോ മി ത്രരോ ബന്ധുജനങ്ങളോ ധനമോ ഒന്നും ഉണ്ടായിരിക്കുക യില്ല. ഭൃത്യനായിത്തീരും. അന്യദേശങ്ങളിൽ വാസം നിയ തമായിരിക്കും. ബുദ്ധി അനുകൂലമല്ലാത്തതിലേയ്ക്കു പ്രവർത്തി ച്ചുകൊണ്ടിരിക്കും. പ്രവൃത്തിഹീനനായിത്തീരും. നല്ല വേ ഷങ്ങളിൽ ആസക്തി ഉണ്ടായിരിക്കയില്ല. രാജപുത്രനായി രുന്നാലും കേമദ്രുമമുണ്ടെങ്കിൽ ഈ ഫലം അനുഭവിക്കാതെ ഒക്കുകയില്ല.

വിശേഷക്കുറിപ്പ്

ജനനകാലത്തു ചന്ദ്രന് ഏതുഗ്രഹങ്ങളുടെ യോഗദൃഷ്ടിയു ണ്ടെങ്കിൽ കേമദ്രുമയോഗഫലം അനുഭവയോഗ്യമല്ല. പുറ

മെ ദീർഘായുസ്സും രാജത്വവും വളരെ ധനപുഷ്ടിയും ഉണ്ടാ
യിരിക്കയുംചെയ്യും. പഞ്ചമഹാപുരുഷയോഗങ്ങൾ എന്നതു
കുജൻ, ബുധൻ, ഗുരു, ശുക്രൻ, ശനി ഇവർ ബലവാന്മാ
രായിട്ടു കേന്ദ്രസ്ഥാനങ്ങളിൽ മൂലത്രികോണം, ഉച്ചം, സ്വ
ക്ഷേത്രം ഈ രാശികളിലൊന്നിൽ കുജൻനിന്നാൽ രുചക
മെന്നും, ബുധൻനിന്നാൽ, ഭദ്രമെന്നും, ഗുരു നിന്നാൽ ഹം
സം എന്നും, ശുക്രൻനിന്നാൽ, മാളവ്യമെന്നും ശനി നി
ന്നാൽ ശശമെന്നും പറയപ്പെടുന്നതാകുന്നു.

രുചകയോഗത്തിൽ ജനിച്ചാൽ ദേഹബലം, സൗന്ദര്യം,
സമ്പത്ത്, സൗഭാഗ്യം, കീർത്തി, സന്താനസുഖവും, വാഹനസു
ഖം ഇവയും, വിദ്വാനായും ശത്രുനാശശക്തിയുള്ളവനാ
യും, ൭൦ വയസ്സുവരെ ജീവിച്ചിരിക്കുന്നവനായും ഭവിക്കും.
ഭദ്രയോഗത്തിൽ ജനിച്ചാൽ മാനിയും, ബന്ധുജനങ്ങൾക്കു
ഉപകാരിയും, ബുദ്ധിമാനും, കീർത്തിമാനും, ധനവാനും, മന്ദ
മായും മനോഹരമായും നടക്കുന്നവനായും, ദേഹബലത്തോ
ടുകൂടിയവനായും എൺപതുവയസ്സുവരെ ജീവിച്ചിരിക്കുന്ന
വനായും ഭവിക്കും. ഹംസയോഗത്തിൽജനിച്ചാൽ മൂക്ക് ഉ
യർന്നിരിക്കുന്നവനായും അതിസുന്ദരനായും, സുഖാനുഭവ
ങ്ങൾ ഉള്ളവനായും, ആചാര്യനായും സൽക്കർമ്മങ്ങളെ പ്രവ
ർത്തിക്കുന്നവനായും, എൺപതിരണ്ടു വയസ്സുവരെ ജീവി
ച്ചിരിക്കുന്നവനായും ഭവിക്കും. മാളവ്യയോഗത്തിൽ ജനിച്ച
വൻ സ്ത്രീകളുടെ ചേഷ്ടകൾ അവലംബിക്കുന്നവനായും,
ഗുണവാനായും, ശാസ്ത്രജ്ഞനായും, വിദ്വാനായും, മന്ദശീ
ലനായും, പരസ്ത്രീകളിൽ രമിക്കുന്നവനായും, എൺപതി
നേഴ് വയസ്സുവരെ ജീവിച്ചിരിക്കുന്നവനായും ഭവിക്കും. ശശ
യോഗഫലമുണ്ടായാൽ രാജപ്രീതിമാനായും വനസഞ്ചാരാ
ദികളിൽ താല്പര്യമുള്ളവനായും, ജനപ്രധാനിയായും, വഞ്ച
നചെയ്യുന്നവനായും, ജാലവിദ്യകൾ അറിയുന്നവനായും
എഴുപതുവയസ്സുവരെ ജീവിച്ചിരിക്കുന്നവനായും ഭവിക്കും.

ഗ്രഹങ്ങൾ ഉച്ചത്തിൽനിന്നാൽ പൂൎണ്ണബലവും മൂലത്രികോണത്തിൽനിന്നാൽ മുക്കാൽ ബലവും ബന്ധുക്ഷേത്രത്തിൽ നിന്നാൽ പകുതിബലവും ശത്രുക്ഷേത്രത്തിൽനിന്നാൽ കാൽബലവും നീചത്തിൽനിന്നാൽ അല്പബലവും ഉണ്ടായിരിക്കുന്നതും മൌഢ്യത്തിൽനിന്നാൽ നിഷ്ഫലമായി ഭവിക്കുന്നതുമാകുന്നു.

അദ്ധ്യായം ൯.

സ്ത്രീജാതകം.

ജാതകഫലപ്രതിപാദകങ്ങളായ ജ്യോതിഷഗ്രന്ഥങ്ങളിൽ പുരുഷജാതകത്തെക്കുറിച്ചുമാത്രമേ സവിസ്തരം പ്രസ്താവിച്ചിട്ടുള്ളു. എന്നാൽ ആ ഗ്രന്ഥങ്ങളിൽ സ്ത്രീജാതകഫലത്തെ ലഘുവായിട്ടുമേ പറഞ്ഞിട്ടുള്ളു. ഈ ന്യൂനതയെ പരിഹരിക്കുന്നതിനായി പല ഗ്രന്ഥങ്ങളിലുംനിന്ന് ആവശ്യമുള്ള ഭാഗങ്ങളെ എടുത്തു ചേൎക്കപ്പെട്ടിരിക്കുന്നു.

നക്ഷത്രഫലം.

ജാതാശ്വിനീഷു പ്രമദാ മനോജ്ഞാ
പ്രഭൂതകോശാ പ്രിയദൎശനാ ച
പ്രിയംവദാ സൎവ്വസുഖാഭിരാമാ
ശ്രദ്ധാന്വിതാ ദേവഗുരുപ്രസക്താ.

അശ്വതിനക്ഷത്രത്തിൽ ജനിച്ച സ്ത്രീ സൌന്ദൎയ്യം, അധികമായ ധനസമ്പത്തി, കണ്ണിനു കൌതുകത്തെ ജനിപ്പിക്കുന്ന ആകൃതി എല്ലാവിധത്തിലുമുള്ള സുഖപുഷ്ടി, ശുചിത്വം, ദേവഭക്തി, ഗുരുഭക്തി എന്നിവകളോടുകൂടിയവളായി ഭവിക്കും.

സ്ത്രീവർഗ്ഗയുക്താ ഭരണീഷു ജാതാ
ദേവാന്യഭക്താ കലഹപ്രിയാ ച
സ്വല്പസ്ഥചിത്താ ച ധൈര്യഹീനാ
ഹിതപ്രദാപാ സതതം കശ്മലാ

ഭരണിനക്ഷത്രത്തിൽ ജനിച്ചവർ മററുള്ള സ്ത്രീജനങ്ങളോടു കൂടിയവളായും, ക്രൌര്യം, കലഹപ്രിയം, ദുസ്സ്വഭാവം, ധനഹീനത, പ്രതാപഹാനി കുത്സിതമായ വസ്ത്രം എന്നിവകളോടുകൂടിയവളായും ഭവിക്കും.

ജാതാ കഠോരാ യദി കൃത്തികാസു
കോപാധികാ യുദ്ധപരാ വിരക്താ
പ്രദോഷിണീ ബന്ധുജനേന ഹീനാ
ശ്ലേഷ്മാധികാ ക്ഷാമതനുസ്സദൈവ.

കാർത്തിക നക്ഷത്രത്തിൽ ജനിച്ച സ്ത്രീ അധികമായ കോപം യുദ്ധത്തിലും കലഹത്തിലും താല്പര്യം, വൈരാഗ്യവിചാരം ഇവകളോടുകൂടിയവളായും ബന്ധുക്കളില്ലാത്തവളായും ദേഹത്തിന്നു കൃശത്വവും കഫാധിക്യവും ഉള്ളവളായും ഭവിക്കും.

ജാതാ ഭവേന്നാർയ്യഥ രോഹിണീഷു
സ്വരൂപഗാത്രാ ശുചിരപ്രമത്താ
പതിപ്രിയാന്നാ പിതൃഭക്തിയുക്താ
സ്വപുത്രകന്യാ വിഭവൈസ്സമേതാ

രോഹിണിനക്ഷത്രത്തിൽ ജനിച്ചവർ ശരീരസൌന്ദര്യവും ശുചിത്വവും അവധാനബുദ്ധിയും ഭർത്താവിങ്കലും മാതാപിതാക്കന്മാരിലും ഭക്തിയും നല്ല പുത്രന്മാരും പുത്രികളും സമ്പത്തും ഉള്ളവളായി ഭവിക്കും.

സൌമ്യേ തു മാന്യാ വനിതാ സ്വരൂപാ
പ്രസന്നവാക്യാ പ്രിയഭൂഷണാ ച
നാനാർത്ഥവസ്ത്രാന്നപരാ സ്വപുത്രാ
ധർമ്മാശ്രയാ ശുദ്ധമനാഃ പ്രസക്താ

മകയിരംനാളിൽ ജനിച്ചവൾ മാന്യയായും നല്ല രൂപഗുണവും പ്രസന്നമായ വാക്കും ഉള്ളവളായും ഭൂഷണങ്ങളിൽ സന്തോഷം ഫലവാദിയന്നിലുള്ള ദ്രവ്യങ്ങളിലും വസ്ത്രങ്ങളിലും താല്പര്യം നല്ല പുത്രന്മാർ ശരീരസുഖം ഇവകളോടുകൂടിയവളായും ധർമ്മത്തെ ആചരിക്കുന്നവളായും ഭവിക്കും.

ആർദ്രാസു നാരീ ശഠമന്യുയുക്താ
ഉഗ്രസ്വഭാവാ കഫപിത്തഭാജാ
അന്യപ്രിയത്വം വാ പരപക്ഷവാദം
മഹാവ്യയാ കൃത്രിമപണ്ഡിതാ ച

തിരുവാതിരനാളിൽ ജനിച്ചവൾ അനേകസ്ത്രീകളോടും കോപത്തോടും ഉഗ്രസ്വഭാവത്തോടും കൂടിയവളായും കഫപിത്തപ്രകൃതിയായും അന്യന്മാരുടെ ദ്രവ്യങ്ങളെ അന്വേഷിക്കുന്നവളായും വ്യയാധിക്യവും കൃത്രിമമായ പാണ്ഡിത്യവും ഉള്ളവളായും ഭവിക്കും.

പുനർവ്വസൗ ശീലഗുണാന്വിതാ വാ
ശ്രേയാധികാ പുണ്യപരാ സുഭാവാ
നാരീ ഭവേദ്ധർമ്മപരാ മനോജ്ഞാ
സുപൂജിതാ നാഥപതീ സദൈവ

പുണർതംനാളിൽ ജനിച്ചവൾ ഡംഭമില്ലാത്തവളായും പ്രസിദ്ധിയും അറിവും പുണ്യകാര്യങ്ങളിൽ താല്പര്യവും നല്ലസ്വഭാവവുമുള്ളവളായും ധർമ്മകാര്യങ്ങളിൽ താല്പര്യമുള്ളവളായും സുന്ദരിയായും ഭർത്താവാൽ പൂജിതയായും എപ്പോഴും ഭർത്താവിനോടുകൂടിയവളായും ഭവിക്കും.

പുഷ്യേ തു ജാതാ വനിതാ സുരൂപാ
പ്രസിദ്ധകൃത്യാ സുഭഗാ സുപുത്രാ
ദേവദ്വിജാർച്ചാപ്രണയാ സുധർമ്മ്യാ
സുഖാധികാ ബാന്ധവവത്സലാ ച.

പൂയംനാളിൽ ജനിച്ച സ്ത്രീ പ്രസിദ്ധങ്ങളായ കൃത്യങ്ങളെ ചെയ്യുന്നവളായും സൗന്ദര്യം, സൗഭാഗ്യം, സൽപുത്രന്മാർ

ദേവബ്രാഹ്മണഭക്തി ഇതുകളോടുകൂടിയവളായും, നല്ല മാളി
കയിൽ അധിവസിച്ചു സുഖമനുഭവിക്കുന്നവളായും ബന്ധു
ക്കളിൽ പ്രിയമുള്ളവളായും ഭവിക്കും.

> സാൎപ്പ്യ കൃശാ വ്യസനാതിഖിന്നാ
> ക്രിയാവിഹീനാതികഠോരവാക്യാ
> നാരീ ഭവേജ്ജ്ഡിതസ്വകൃത്യാ
> ഡംഭാന്വിതാ ഛത്മരതാ കൃതഘ്നാ

ആയില്യം നക്ഷത്രത്തിൽ ജനിച്ച സ്ത്രീ സൗന്ദൎയ്യമില്ലാ
ത്തവളും എപ്പോഴും വ്യസനത്താൽ പീഡിതയും ഒരു വൃ
ത്തിയും ചെയ്യാത്തവളും പരുഷവും കഠിനമായി സംസാരി
ക്കുന്നവളും സകലകൃത്യങ്ങളേയും ഉപേക്ഷിച്ചവളും ഡംഭും
കപടവും കൃതഘ്നതയും ഉള്ളവളും ആയ്ഭവിക്കും.

> മഘാസു മാന്യാ ബഹുശത്രുപക്ഷാ
> ശ്രീയാധികാ പാപവിവൎജ്ജിതാ ച
> ഭക്താ ഗുരൂണാം പ്രണതാ ദ്വിജാനാം
> നാരീ ഭവേൽ പാൎത്ഥിവസൗഖ്യയുക്താ.

മകംനാളിൽ ജനിച്ചവർ വളരെ ശത്രുപക്ഷം ഉള്ളവ
ളായും പരുഷവും ശ്രീമതിയായും പാപകൎമ്മങ്ങളെ തീരെ
ഉപേക്ഷിച്ചവളായും ഗുരുക്കന്മാരിലും ബ്രാഹ്മണരിലും ഭക്തി
യുള്ളവളായും രാജാവിനു തുല്യമായ സുഖം അനുഭവിക്കുന്ന
വളായും ഭവിക്കും.

> സഭാന്തരേ സുസ്ഥിരചിത്തവിത്താ
> നയപ്രധാനാ ഗൃഹകൃത്യദക്ഷാ
> ഗുണാനുരക്താ വ്യസനൈൎവ്വിയുക്താ
> നാരീ ഭവേദ്രോഗവിവൎജ്ജിതാ ച

ഉത്രംനാളിൽ ജനിച്ചവർ സ്ഥിരമായ ബുദ്ധിയും ധന
വും ഉള്ളവളായും നീതിജ്ഞയായും ഗൃഹകൃത്യങ്ങളിൽ നിപു
ണയായും ഗുണവതിയായും വ്യസനവും രോഗവും ഇല്ലാത്ത
വളായും ഭവിക്കും.

ഹസ്തേ സ്വഹസ്താ ശുഭനേത്രകർണ്ണാ
ക്ഷമാന്വിതാ ശീലധനാ വിധിജ്ഞാ
ഭവേന്നിതാന്തം വനിതാ ശുഭാ സാ
മഹാസുഖൈർവ്വിലസിതഗാത്രികാ ച.

അത്തം നക്ഷത്രത്തിൽ ജനിച്ചാൽ കൈകളും കണ്ണുകളും കാതുകളും നന്നായിരിക്കുകയും ക്ഷമയും സൽപ്രവൃത്തിയും ഉണ്ടായിരിക്കുകയും ധർമ്മാചാരങ്ങളറിയുന്നവളായും ശോഭനമായ ചുമൽപ്രദേശത്തോടുകൂടിയവളായും ഉൽകൃഷ്ടസുഖങ്ങളെക്കൊണ്ട് ശരീരപുഷ്ടിയുള്ളവളായും ഭവിക്കും.

ചിത്രാസു ചിത്രാഭരണാ സ്വരൂപാ
ചാരുർദ്ധശീലാ കതരാ ച ഹിതാ
തസ്യാം ച ജാതാ വിഷകന്യകാ സ്യാൽ
ശുക്ലേ ദ്വിതീയാ കുജവാസരേ ച.

ചിത്തിരനക്ഷത്രത്തിൽ ജനിക്കുന്നവൾ പലവിധത്തിലുള്ളവയും വസ്ത്രാഭരണങ്ങളുമായ അലങ്കാരങ്ങളോടും ശരീരസൗന്ദര്യത്തോടുംകൂടിയും കൃഷ്ണചതുർത്ഥിയും ചിത്തിരയുംകൂടിയ ദിവസം ജനിക്കുന്നവൾ വിഷകന്യകയായിട്ടും ശുക്ലപക്ഷദ്വിതീയയും ചിത്തിരയും കൂടിയ ദിവസം ആയാൽ മദ്യപ്രിയയും കലഹയായും തീരും.

സ്വാതീഷു സാധ്വീ സതതം സുതാഢ്യാ
വിത്താധികാ സത്യധനാല്പയാനാ
വിശ്രുതമിത്രാ വിജിതാരിപക്ഷാ
ദാത്രീ ഭവേൽ കീർത്തിസമന്വിതാ ച.

ചോതിനക്ഷത്രത്തിൽ ജനിക്കുന്ന സ്ത്രീ പതിവ്രതയായും പുത്രന്മാരുള്ളവളായും സമ്പത്തും സത്യവും ഉള്ളവളായും പലർക്കും ദാനംചെയ്യുന്നവളായും ബന്ധുക്കളും യശസ്സും ഉള്ളവളായും ശത്രുസംഘത്തെ ജയിക്കുന്നവളായും ഭവിക്കും.

ഭവേദ്വിശാഖാസു മനോജ്ഞവാക്യാ
മനോഹരാംഗീ വിമലാ വസുപേതാ

തീർത്ഥാനുരക്താ വ്രതധർമ്മസക്താ
രാമാ ഭവേൽ ബാന്ധവവല്ലഭാ ച.

വിശാഖനക്ഷത്രത്തിൽ ജനിക്കുന്നവർക്കു വാക്കും ശരീരവും മനോഹരമായിരിക്കയും സമ്പത്തും ബന്ധുക്കളിൽ പ്രിയവും ഉണ്ടായിരിക്കയും തീർത്ഥസ്നാനത്തിലും വ്രതാനുഷ്ഠാനങ്ങളിലും പുണ്യങ്ങളിലും മറ്റു സദാചാരങ്ങളിലും താല്പര്യം ഉണ്ടായിരിക്കയും ഫലം.

മൈത്രേ സുമിത്രാ വിശദാഭിമാനാ
പ്രസന്നമൂർത്തിഃ പ്രഥിതാസമേതാ
വിനീതവേഷാഭരണാ സുമധ്യാ
ഭക്താ ഗുരൂണാം പതിവല്ലഭാ ച.

അനിഴംനക്ഷത്രത്തിൽ ജനിക്കുന്നവർ ബന്ധുജനമുള്ളവളായും അഹങ്കാരമില്ലാത്തവളായും ശരീരത്തിനു പ്രസന്നതയും പ്രതാപവും ഉള്ളവളായും അലങ്കാരങ്ങളും ആഡംബരങ്ങളും ചുരുക്കുന്നവളായും ഗുരുഭക്തയായും ഭർത്താവിങ്കൽ പ്രിയമുള്ളവളായും ഭവിക്കും.

ജ്യേഷ്ഠാസു രമ്യാ വനിതാ പ്രശസ്താ
സുചാരുവാക്യാ സ്വസുകാര്യസക്താ
പ്രവൃദ്ധകോശാ സുഭഗാ സുതാഢ്യാ
ബന്ധുപ്രിയാ സത്യസമന്വിതാ ച.

തൃക്കേട്ട നക്ഷത്രത്തിൽ ജനിക്കുന്നവർ സൗന്ദര്യവും പ്രതിഷ്ഠയും ഹ്ലാദവും മനോഹരമായ വാക്കും സ്വസുകാര്യങ്ങളിൽ താല്പര്യവും വളരെ ധനവും സൗഭാഗ്യവും പുത്രന്മാരും ബന്ധുക്കളിൽ സന്തോഷവും സത്യവും ഉള്ളവളായിരിക്കും.

മൂലേ പ്രസൂതാ വിധവാ ദരിദ്രാ
രോഗാർദ്ദിതാ ബദ്ധശത്രുപക്ഷാ
നാരീ ഭവേൽ ബാന്ധവലോകഹീനാ
പരാശ്രിതാ ബദ്ധനിവാസ്യാ.

മൂലംനക്ഷത്രത്തിൽ ജനിച്ച സ്ത്രീ അല്പസുഖവും വൈധവ്യവും ദാരിദ്ര്യവും രോഗപീഡയും വളരെ ശത്രുക്കളുമുള്ളവളായും ബന്ധുജനങ്ങളില്ലാത്തവളായും ശത്രുക്കളാൽ തോല്പിക്കപ്പെടുന്നവളായും ഏറ്റവും നീചതയും ഹ്രസ്വതയും ഉള്ളവളായും ഭവിക്കും.

ആപ്യേന്ദുജാതാ കലഹപ്രിയാ ച
സ്വപൂജ്യകർമ്മാതുലവീര്യസത്യാ
വിശാലനേത്രാ ഗുരുഭക്തിയുക്താ
നാരീ ഭവേത് കീർത്തിയുതാ സദൈവ.

പൂരാടംനക്ഷത്രത്തിൽ ജനിച്ച സ്ത്രീ സ്വജനങ്ങളിൽ വെച്ച് മുഖ്യയും നല്ല പ്രവൃത്തികളെ ചെയ്യുന്നവളായും തുല്യമില്ലാത്ത വീര്യവും സൗന്ദര്യവും ഉള്ളവളായും വിസ്താരമേറിയ കണ്ണുകളോടുകൂടിയവളായും ഭവിക്കും.

വൈശ്വേ ച ജാതാ വനിതാ മനോജ്ഞാ
വേദാഭിനീതാ പ്രഥിതാ ഇഹലോകേ
നാനാർത്ഥഭോഗൈസ്സഹിതാ പ്രധാനാ
സുഗുണാഞ്ചിതാ പതിവല്ലഭാ ച.

ഉത്രാടംനക്ഷത്രത്തിൽ ജനിച്ച സ്ത്രീ സൗന്ദര്യവും വിനയവും പ്രസിദ്ധിയും പലവിധത്തിലുള്ള സമ്പത്തും സുഖവും പ്രാധാന്യവും മനസ്സന്തോഷവും ഭർത്താവിങ്കൽ പ്രിയവും ഉള്ളവളായും ഭവിക്കും.

പ്രഭൂതരൂപാ ഹരിഭേ സുവിജ്ഞാ
ശാസ്ത്രാനുരക്താ പ്രഥമപ്രഭാവാ
സ്ത്രീഷ്വഗ്ര്യാ ഭവേത സസത്യം
പരോപകാരപ്രണയാ ച നിത്യം.

തിരുവോണംനക്ഷത്രത്തിൽ ജനിച്ച സ്ത്രീ അധികമായ രൂപഗുണവും പാണ്ഡിത്യവും ശാസ്ത്രങ്ങളിൽ താല്പര്യവും അധികമായ മാഹാത്മ്യവും ദാനശീലവും സത്യവും പരോപകാരം ചെയ്യുവാൻ സന്തോഷവും ഉള്ളവളായി ഭവിക്കും.

ഭവേദ്ധനിഷ്ഠാസു കഥാന്തരജ്ഞാ
നാരീ പ്രശസ്താന്നസുഖാംബരാഢ്യാ
നാനാർത്ഥദാ പ്രാപ്തഭയാ ഗുരൂണാം
ഭീരുർഗ്ഗുണാധിക്യയുതാ സദൈവ.

അവിട്ടംനക്ഷത്രത്തിൽ ജനിച്ച സ്ത്രീ കഥകളിൽ അഭിജ്ഞതയുള്ളവളും ശ്രേഷ്ഠമായ ഭക്ഷണസുഖം പുതിയവസ്ത്രം ഇവകളോടുകൂടിയും പലവിധത്തിലുള്ള ധനങ്ങളെ ദാനം ചെയ്യുന്നവളും അശേഷം ഭയത്തോടുകൂടിയവളും ഗുരുഭക്തയും ഏററവും ഗുണവതിയുമായി ഭവിക്കും.

ഭവേന്നിതാന്തം വരുണോഡുജാതാ
സ്ത്രീസത്തമാ പൂജ്യതമാ സ്വപക്ഷേ
ദേവാഗ്ന്യുപാസ്തൗ സുജനേ ച സക്താ
സദാ ഹ്യധിസ്സ്വീകൃതകൌതുകാനാം.

ചതയംനക്ഷത്രത്തിൽ ജനിച്ച സ്ത്രീ ഏററവും ജിതേന്ദ്രിയത്വമുള്ളവളായും സൽസ്വഭാവയായും സ്വജനങ്ങളിൽവച്ചു ഏററവും പൂജ്യയായും ദേവപൂജയിലും സജ്ജനങ്ങളെ ആരാധിക്കുന്നതിലും താല്പര്യമുള്ളവളായും സകല കൌതുകങ്ങളും ഉള്ളവളായും ഭവിക്കും.

അജൈകപാദ്ഭേ വനിതാഭിജാതാ
പ്രശസ്തശീലാ സുകുലാലയാ ച
സൽപാത്രദാ സാധുജനാഗ്രഗണ്യാ
വിദ്യാന്വിതാ ശ്രീധനദാ പ്രധാനാ.

പൂരുരുട്ടാതിനക്ഷത്രത്തിൽ ജനിച്ച സ്ത്രീ കുലശ്രേഷ്ഠയായും വളരെ സമ്പത്തുള്ളവളായും പുത്രന്മാരിൽ വളരെ അഭിരുചി ഉള്ളവളായും യോഗ്യന്മാർക്കു ദാനം ചെയ്യുന്നവളായും സജ്ജനസഹവാസത്തിൽ താല്പര്യവും വിദ്യയും ധനവും പ്രാധാന്യവും ഉള്ളവളായും ഭവിക്കും.

ഉപാന്ത്യഭേ സ്വാമിഹിതാന്തരജ്ഞാ
ക്ഷമാന്വിതാ പ്രീതികരീ ഗുരൂണാം

പ്രശാന്തഗർവ്വാ ബഹുസൌഖ്യയുക്താ
വിവേകിനീ സ്യാന്നിജകൃത്യയുക്താ.

ഉത്ത്രാട്ടാതിനക്ഷത്രത്തിൽ ജനിച്ച ഭർത്താവിന്റെ ഹിതത്തെ അനുസരിക്കുന്നവളായും ക്ഷമയും ഗുരുജനങ്ങളിൽ സന്തോഷവും അഹങ്കാരമില്ലാത്തവളും വളരെ സുഖവും വിവേകിയും നിജകൃത്യങ്ങളിൽ താല്പര്യമുള്ളവളായും ഭവിക്കും.

പൌഷ്ണേ സുപൂജ്യാ ബഹുമിത്രപക്ഷാ
സൌഭാഗ്യയുക്താ വ്രതചാരിണീ ച
തേജോന്വിതാ ഭൂരിചതുഷ്പദാഢ്യാ
ഹന്താരിവർഗ്ഗാ പ്രിയദർശനാ ച.

രേവതിനക്ഷത്രത്തിൽ ജനിച്ച സ്ത്രീ ഏററവും പൂജ്യ ആയും വളരെ ബന്ധുക്കളും സൌഭാഗ്യമായും വ്രതാനുഷ്ഠാനവും തേജസ്സും വളരെ നാല്ക്കാലികളെ ഉള്ളവളായും ശത്രുക്കളെ ജയിക്കുന്നവളായും സുന്ദരിയായും ഭവിക്കും.

വിധവാദിചിന്തനം.

വൈധവ്യം നിധനേ നിത്യം ശരീരം ജന്മലഗ്നതഃ
സപ്തമേ സൌഖ്യസൌഭാഗ്യം പഞ്ചമേ പ്രസവസ്തഥാ

അഷ്ടമംകൊണ്ടു വൈധവ്യത്തെയും സ്ത്രീ ജനിച്ച ലഗ്നരാശികൊണ്ടും ചന്ദ്രരാശിക്കൂറുകൊണ്ടും ശരീരത്തെയും ഏഴാം ഭാവംകൊണ്ടു സുഖത്തെയും സൌഭാഗ്യത്തെയും അഞ്ചാമെടം കൊണ്ടു പ്രസവത്തെയും നിരൂപിക്കേണം. ഇവിടെ അഷ്ടമഭാവംകൊണ്ടു വൈധവ്യത്തെ നിരൂപിക്കുന്നതുപോലെതന്നെ ഭർത്താവിനെയും നിരൂപിക്കേണമെന്നും ഏഴാമെടംകൊണ്ടു സൌഭാഗ്യത്തെ ചിന്തിക്കുന്നതുപോലെതന്നെ ഭർത്താവിന്റെ സൌഭാഗ്യത്തെയും നിരൂപിക്കേണമെന്നും അഞ്ചാമെടംകൊണ്ടു പ്രസവത്തെ നിരൂപിക്കുന്നതുപോലെ ഒൻപതാമെടംകൊണ്ടു പുത്രസമ്പത്തിനെ നിരൂപിക്കേണമെന്നും പ്രമാണങ്ങളുണ്ടു്. ചന്ദ്രരാശികൊണ്ടും ലഗ്നരാശികൊണ്ടും എല്ലാ

ഭാവങ്ങളെയും വിശേഷിച്ച് സപ്തമാഷ്ടമഭാവങ്ങളെയും നിരൂ-
പിക്കണമെന്ന താല്പര്യം.

> പാപേഷ്ടമേ വിധവതാ
> നിധനാധിപതിന്നവാംശകേ യസ്യ
> തസ്യ ദശായാം മരണം
> വാച്യംതസ്യാ ശുഭൈർച്ചിതീയഷേധഃ

പാപഗ്രഹം അഷ്ടമത്തിൽനിന്നാൽ വൈധവ്യം അ-
നുഭവിക്കും. അഷ്ടമാധിപനായ ഗ്രഹം ഏതു ഗ്രഹത്തിന്റെ
നവാംശകത്തിൽ നില്ക്കുന്നുവോ ആ ഗ്രഹത്തിന്റെ ദശ-
യിലോ അപഹാരത്തിലോ ആണ് ആ വൈധവ്യം ഉണ്ടാ-
വുക. ഇവിടെ നിസർഗ്ഗദശാസംവത്സരകാലത്തെയാണ
നിർദ്ദേശിച്ചിരിക്കുന്നതു്. ചന്ദ്രന് ൧-ം കുജന ൨-ം ബു-
ധന ൯-ം ശുക്രന ൨൦-ം വ്യാഴത്തിന ൧൮-ം സൂര്യന
൨൦-ം ശനിക്ക ൫൦-ം ആണ് നിസർഗ്ഗസംവത്സരങ്ങൾ.
അഷ്ടമത്തിൽ പാപഗ്രഹം നിൽക്കുകയും രണ്ടാമേടത്തു
ബലവാന്മാരായ ശുഭഗ്രഹങ്ങൾ നില്ക്കുകയും ചെയ്താൽ ആ
സ്ത്രീയ്ക്കു വൈധവ്യം അനുഭവിക്കേണ്ടതില്ലെന്നും അവൾ
ഭർത്താവിന്റെ മരണത്തിനുമുമ്പുതന്നെ മരിക്കയും ചെയ്യു-
മെന്നുമുണ്ടു്. അഷ്ടമത്തിൽ ആദിത്യൻ ചൊവ്വാ ശനി
രാഹു കേതു ഈ ഗ്രഹങ്ങൾ നിന്നാൽ വൈധവ്യത്തെ പറ-
യാം. എന്നാൽ അഷ്ടമസ്ഥനായ പാപഗ്രഹം സപ്തമാ-
ധിപൻകൂടിയാണെങ്കിൽ വൈധവ്യലക്ഷണമില്ലെന്നുണ്ടു്.
അഷ്ടമം പാപരാശിയായി വരികയും അവിടെ പാപഗ്രഹം
നില്ക്കുകയുംചെയ്താൽ ദോഷത്തിന പ്രാബല്യവും അഷ്ടമം
ശുഭരാശിയായും ശുഭദൃഷ്ടവുമായിരുന്നാൽ ദോഷത്തിന കുറ-
വുമുണ്ടെന്നും പ്രമാണങ്ങൾ ഘോഷിക്കുന്നു. ഇങ്ങിനെയുള്ള
സംഗതികൾ വിചാരിച്ചു ഫലത്തെ നിർണ്ണയിക്കയും ചെയ്തു-
കൊള്ളണം. സ്ത്രീകളുടെ ജനനസമയത്തിൽ ലഗ്നത്തി-
നോ ചന്ദ്രനോ ബലാധിക്യമുള്ളതെന്നു സൂക്ഷ്മപ്പെടുത്തി മ-

ത്രിലഗ്നംകൊണ്ടും ജന്മലഗ്നംകൊണ്ടും സ്വഭാവരൂപം മേധാ-
ബലം സൗന്ദര്യം ഇവകളേയും അഞ്ചാംഭാവംകൊണ്ടു പു-
ത്രന്മാരേയും അഷ്ടമംകൊണ്ടു മാംഗല്യത്തെയും അനിഷ്ടങ്ങ-
ളേയും സപ്തമംകൊണ്ടു ഭർത്താവിന്റെ ധനസ്ഥിതിയേയും
ചിന്തിക്കണം. ചിലർ ഒൻപതാംഭാവംകൊണ്ടു് ഭർത്താവി-
ന്റെ ഗുണദോഷങ്ങളെ ചിന്തിക്കാറുമുണ്ടു്.

ആഗ്നേയൈർവിധവാസ്തരാശിസഹിതൈ-
ർമ്മിശ്രൈഃ പുനർഭൂർഭവേൽ
ക്രൂരേ ഹീനബലേസ്തഗേ സ്വപതിനാ
സൗമ്യേക്ഷിതേ പ്രോജ്ഝിതാ
അന്യോന്യാംശഗയോസ്സിതാവനിജയോ-
രന്യപ്രസക്താംഗനാ
ദ്യൂനേ വാ യദി ശീതഗൗസഹിതേ
ഭർത്തുസ്തദാനുജ്ഞയാ

ലഗ്നാൽ ഏഴാമെടത്തു പാപഗ്രഹങ്ങൾനിന്നാൽ
സ്ത്രീ നിശ്ചയമായും വിധവയാകും. അവിടെ ശുഭന്മാർകൂ-
ടിയുണ്ടെങ്കിൽ പുനർഭൂവായും. ദുർബലനായ ക്രൂരഗ്രഹം
കുജ, മന്ദ, സൂര്യന്മാരിൽ ഒന്നു്. ശുഭദൃഷ്ടിയോടുകൂടി നി-
ന്നാൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവളായും. കുജശുക്ര-
ന്മാർ പരസ്പരം തങ്ങളുടെ നവാംശകങ്ങളിൽ നിന്നാൽ അ-
ന്യപുരുഷനെ പ്രാപിക്കുന്നവളായും ആ ശുക്രകുജന്മാർക്കു ച-
ന്ദ്രയോഗമുണ്ടായാൽ ഭർത്താവിന്റെ അനുവാദത്തോടുകൂടി
വ്യഭിചരിക്കുന്നവളായും ഭവിക്കും. പുനർഭൂ എന്ന പദ-
ത്തിനു സ്വഭർത്താവിനെ ഉപേക്ഷിച്ചു യഥേഷ്ടം അന്യനെ
പ്രാപിക്കുന്നവളെന്നർത്ഥം.

ഉത്സൃഷ്ടാ മദനസ്ഥിതേ ദിനകരേ
ശത്രുഗ്രഹാലോകിതേ
വിശ്വസ്താ വനിതാ പദൂഷണയോ
രന്യോന്യവൈരേ വാ

സൗമ്യാസൗമ്യയുതേ കളത്രഭവനേ
ജാതാ പുനർഭൂസ്തതഃ
കാമസ്ഥേ ഖരവീക്ഷിതേ തു വിധവാ
ജാതാ ജരം ഗച്ഛതി

ലഗ്നാലോ ചന്ദ്രാലോ ഏഴാമെടത്തു ശത്രുക്ഷേത്രസ്ഥനായ സൂര്യൻ നിന്നാൽ ജാതയായ സ്ത്രീ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയും കുജൻ നിന്നാൽ വൈധവ്യമോ ഭാര്യാഭർത്താക്കന്മാർക്ക് എന്നും പരസ്പരവിരോധമോ ഭവിക്കും. പാപഗ്രഹന്മാർ യോജിച്ചുനിന്നാൽ പുനർഭൂവായും പാപക്ഷേത്രസ്ഥനായ ശനി നിന്നാൽ വിവാഹംചെയ്യപ്പെടാതെ വളരെനാൾ കന്യകയായിരിക്കുകയും ചെയ്യും.

കാമാസ്തംഗതപാപിനി ച വിധവാ
പാപദ്വയേ സപ്തമേ
പശ്ചാൽ സ്വാമിവധം കരോതി കലഹം
പാപത്രയേ ചാസ്തഗേ
രാജാമാത്യപരിഗ്രഹാ യദി ഗുരൗ
കാമം ഗതേ കന്യകാ
തദ്ധ്യാസേ തു ശുഭഗ്രഹേ ഗുണവതീ
രാജ്ഞീ ഭവേച്ഛ്രീപതേഃ

ഏഴാമെടത്തു രണ്ടു പാപന്മാർ നിന്നാൽ സ്ത്രീ കാമാധിക്യമുള്ളവളായും വിധവയായും, അവിടെ മൂന്നു പാപന്മാർ നിന്നാൽ കലഹക്കാരിയായും ഭർത്താവിനെ കൊല്ലുന്നവളായും ശുഭഗ്രഹം നിന്നാൽ രാജാവിന്റെയോ മന്ത്രിയുടെയോ ഭാര്യയായും അസ്തമത്തിൽ ശുഭൻ നിന്നാൽ രാജ്ഞിയായും ഭവിക്കും.

പതിലക്ഷണം

യസ്യാം മന്ദഗൃഹേസ്ഥിതേ ഗതബലേ ശുക്രേണ ചാലോകിതേ
സൗമ്യവ്യോമനിവാസദൃഷ്ടിരഹിതേ ഭർത്താ നരഃ കോ ഭവേൽ

ക്ലീബോസ്യ പ്രൽപതിരസ്തഗേ ശശിസുതേ സാക്ഷാത്മജേ ദുർഗാ
വന്ധ്യാ വാ തരണീമഗേ ചരഗ്രഹേ നിത്യം പ്രവാസാന്വിതഃ

സ്ത്രീജാതകത്തിൽ ഏഴാമേടം ബലഹീനമായും ശൂന്യമായും പാപദൃഷ്ടമായും ശുഭദൃഷ്ടി ഇല്ലാതെയും ഇരുന്നാൽ അവർക്കു് ഏതാണ്ട ഭർത്താവായി ഭവിക്കുന്നതു് ? ഏഴാമെടത്തു ബുധൻ നിന്നാൽ ഭർത്താവു പുരുഷത്വമില്ലാത്തവനായും, ശനി നിന്നാൽ സ്ത്രീ ദുർഗയായും വന്ധ്യയായും ഏഴാമെടം ചരഗ്രഹമായിരുന്നാൽ ഭർത്താവു് എന്നും സഞ്ചാരിയായോ വിദേശവാസിയായോ ഭവിക്കും.

ദീർഘായുർന്നൃപതുല്യവിത്തവിഭവഃ കാമീ ച ബാല്യേ ഗുരൗ
കാന്തോ നിത്യവിനോദകേളിചതുരഃ കാവ്യേ കവിക്ഷ്മാപതിഃ
മന്ദേ വൃദ്ധകളേബരോഽസ്ഥിരതനുഃ പാപീ പതിഃ കാമഗേ
രാഹൗ വാ ശിഖിനിസ്ഥിതേ മലിനധീർനീചോപവാദ-
(ത്രസമഃ

ഏഴാമെടത്തു വ്യാഴം നിന്നാൽ ഭർത്താവു ചെറുപ്പത്തിലെ കാമിയായും ദീർഘായുസ്സായും രാജതുല്യധനമുള്ളവനായും ശുക്രൻ നിന്നാൽ സുന്ദരനായും എന്നും വിനോദശീലമുള്ളവനായും മഹാകവിയായും ശനി നിന്നാൽ വൃദ്ധനായും ശരീരസുഖമില്ലാത്തവനായും പാപിയായും രാഹുകേതുക്കളായിരുന്നാൽ ബുദ്ധിഗുണമില്ലാത്തവനായും നീചതുല്യനായും ഭവിക്കും.

ദുഃസ്ഥേ ധർമ്മഗൃഹേശദേവസചിവേ-
ഭർത്താ ഗതായുർഭവേത്
ദീർഘായുർഭവനാഥൻ ത്രികോണഗൃഹഗേ-
കേന്ദ്രസ്ഥിതേ വാ യദി
വിദ്വാൻ ബോധനവാഹനേശസഹിതേ-
സാരാക്ഷജേ കഷ്ടകേ-
ശുക്രേ നന്ദനസംയുതേ യദി ബലസ്ഥാ-
നീശജേ ചോരതാട്.

ഒൻപതാം ഭാവാധിപനാം വ്യാഴനും അനിഷ്ടസ്ഥാനത്തുനിന്നാൽ ഭർത്താവു് അല്പായുസ്സുമായും അവൻ കേന്ദ്രത്രികോണങ്ങളിലായാൽ ധനവാനും ദീർഘായുസ്സുമായും അവൻ ബുധനോടും നാലാംഭാവാധിപനോടും കൂടിയാൽ ഭർത്താവു വിദ്വാനായും കുജനോടും ശനിയോടും കൂടിയാൽ കൃഷിക്കാരനായും അവൻ രാഹുകേതുക്കളോടുകൂടിയാൽ ദുർബുദ്ധിയായും പാപാധിപനോടു കൂടിയാൽ കള്ളനായും ഭവിക്കും.

സമരാശിഗതേ ചൈവ സപ്തമേ ശുഭസംയുതേ
ശുഭഗ്രഹൈസ്തദാ ദൃഷ്ടേ രാജപൂജ്യശ്ച ശുഭഃ സ്മൃതഃ

ഏഴാമേടം യുഗ്മരാശിയായും ശുഭഗ്രഹത്തിന്റെ യോഗദൃഷ്ടികളോടുകൂടിയതായും ഇരുന്നാൽ ഭർത്താവു ഏററവും നല്ലവനും രാജപൂജ്യനും ആയിരിക്കും.

വന്ധ്യാലക്ഷണം.

മന്ദാർക്കൌ മരണസ്ഥൌ ച പാപലഗ്നാന്നിജാംശഗൌ
വന്ധ്യാഥ ചന്ദ്രജ്ഞയോശ്ച കാകവന്ധ്യാ തദാ ഭവേൽ.

ശനിയോ ആദിത്യനോ അഷ്ടമഭാവത്തിൽ സ്വക്ഷേത്രഗതന്മാരായി നില്ക്കുമ്പോൾ ജനിക്കുന്ന സ്ത്രീ വന്ധ്യയായി ഭവിക്കും. ബുധനും ചന്ദ്രനും അഷ്ടമത്തിൽ നിന്നാൽ കാകവന്ധ്യയായിത്തീരും. (തന്റെ ജീവിതകാലത്തിൽ ഒന്നുമാത്രം പ്രസവിക്കുന്നവളെ കാകവന്ധ്യയെന്നു പറയുന്നു.)

ഭൂതാപത്യാ ച ശുക്രജീവൗ സാരേ ഗർഭസ്രാവനാശിതാം
തസ്യാ ജന്മാദികാലതായാം രന്ധ്രേ ദൃഷ്ടം ഗ്രഹൈശുഭാന്വിതം

ശുക്രനും വ്യാഴവും ചൊവ്വായും അഷ്ടമത്തിൽ നിന്നാൽ ഗർഭസ്രാവം ഉള്ളവളായിട്ടിരിക്കും. അഷ്ടമത്തിൽ നില്ക്കുന്ന ഗ്രഹങ്ങൾ പ്രായേണ സന്താനപ്രതിബന്ധകന്മാരാകയാൽ ജാതകത്തിലും പ്രശ്നത്തിലും അഷ്ടമശുദ്ധി ഉണ്ടായിരിക്കുന്നതുതന്നെയാണുത്തമം.

ശനിഭൌമഗ്രഹേ ലഗ്നേ ചന്ദ്രേ ച സിതസംയുതേ
പാപേക്ഷിതേ സാ നാരീ വന്ധ്യാത്വമുപഗച്ഛതി

മേടം, വൃശ്ചികം, മകരം, കുംഭം ഈ രാശികളിലൊന്നു ലഗ്നമാവുകയും പാപദൃഷ്ടിയോടുകൂടിയ ചന്ദ്രനും ശുക്രനും ആ ലഗ്നത്തിൽ നില്ക്കുകയും ചെയ്താൽ സ്ത്രീ വന്ധ്യയായിരിക്കുന്നതാണ്.

സ്ത്രീകാകം വാ തു പുംകാകം വന്ധ്യാത്വമിതി ത്രിധാ
വന്ധ്യാചതുഷ്ടയം നാമ കളീകാകം വന്ധ്യകാ
സ്ത്രീവന്ധ്യാ മൃതവന്ധ്യാ ച സാക്ഷാദ്വന്ധ്യാ പ്രകീർത്തിതാ
ഏവമഷ്ടവിധാ വന്ധ്യാഃ കഥ്യന്തേ കൈശ്ചനാപരൈഃ

തന്റെ ആയുഷ്കാലത്തിൽ ഒരു സ്ത്രീപ്രജയെ മാത്രം പ്രസവിക്കുന്നവൾ സ്ത്രീകാകവന്ധ്യയും, ഒരു പുരുഷപ്രജയെ മാത്രം പ്രസവിക്കുന്നവൾ പുരുഷകാകവന്ധ്യയും, ഒന്നും പ്രസവിക്കാത്തവൾ വന്ധ്യയുമാണ്. സ്ത്രീകളെ മാത്രം പ്രസവിക്കുക, ഗർഭസ്രാവം ഉണ്ടാക്കുക, ജനിച്ചയുടനെ കുട്ടി മരിക്കുക, മരിച്ച കുട്ടിയെ പ്രസവിക്കുക, ഒരിക്കലും ഗർഭം പോലും ധരിക്കാതിരിക്കുക എന്നിങ്ങനെ എട്ടുവിധത്തിൽ വന്ധ്യകളെ പറഞ്ഞിട്ടുണ്ട്.

പുത്രസ്ഥാനേ ബുധക്ഷേത്രേ മന്ദക്ഷേത്രേഽഥവാ യദി
മന്ദമാന്ദിയുതേ ദൃഷ്ടേ സാക്ഷാദ്വന്ധ്യാ പ്രകീർത്തിതാ.

പുത്രഭാവം അഞ്ചാമെടമോ ഒമ്പതാമെടമോ കന്നി, മിഥുനം, മകരം, കുംഭം, ഈ രാശികളിൽ ഒന്നായി വരികയും ശനി ഗുളികന്മാരുടെ യോഗമോ ദൃഷ്ടിയോ സംഭവിക്കുകയും ചെയ്താൽ അവൾ സാക്ഷാദ്വന്ധ്യയായിരിക്കും.

അഞ്ചാംഭാവത്തിനും ഭാവാധിപനും ദുഃസ്ഥാനത്തിൽ സ്ഥിതി, ദുഃസ്ഥാനാധിപന്മാരുടെ ബന്ധം, വ്യാഴത്തിന്റെ പാപസംബന്ധം, ദുഃസ്ഥിതി, മൗഢ്യം, നീചസംബന്ധം, വ്യാഴത്തിന്റെ നവമപഞ്ചമങ്ങളിൽ പാപയോഗം മുതലായവയെ വഴിപോലെ നിരൂപിച്ചുവേണം മൃതവന്ധ്യാദിദോഷലക്ഷണങ്ങളെ പറയേണ്ടതു്. വ്യാഴവും അഞ്ചാം ഭാവാധിപനും കേവലം ബലഹീനന്മാരാണെങ്കിൽ മാത്ര

തെ സ്ത്രീവന്ധ്യാദോഷത്തിനു ബലമുള്ളു. ഇവർ രണ്ടുപേരും ബലവാന്മാരായാൽ കർമ്മപുത്രസന്താനം ഉണ്ടായെക്കുമെന്നു സാരം. ചന്ദ്രൻ ശുക്രനോടോ ശനിയോടോ കൂടെചേർന്നു ബലഹീനനായി അഞ്ചാമെടത്തു കർക്കടകത്തിലോ മകരത്തിലോ നിന്നാലും ഒരു സന്താനംമാത്രം ജനിക്കും. അഞ്ചാമെടത്തു വ്യാഴം നിൽക്കുകയും അഞ്ചാമഭാവാധിപൻ ബലഹീനനായും ശുഭവർജ്ജിതനായും ഇരിക്കുകയും ചെയ്താൽ ഒരു പുത്രസന്താനംമാത്രം ഉണ്ടാകും. ചന്ദ്രശുക്രന്മാർ മേൽപ്രകാരം നിന്നാൽ ഒരു സ്ത്രീസന്താനംമാത്രം സംഭവിക്കും. അഞ്ചാംഭാവവും അഞ്ചാംഭാവാധിപനും ബലവാന്മാരായിരിക്കയും അഞ്ചാമെടത്തു ചന്ദ്രന്റെയും ശനിയുടെയും ചൊവ്വയുടെയും സംബന്ധം ഉണ്ടാകയും ചെയ്താൽ മൃതപ്രജയായി ഭവിക്കും. അഞ്ചാമെടത്തു ചൊവ്വനിന്നാൽ ഉണ്ടാകുന്ന സന്താനങ്ങൾ പ്രായേണ നഷ്ടങ്ങളായി തീരുന്നതാണ്. അഞ്ചാമെടം മകരമോ കർക്കടകമോ രാശിയാകികയും അവിടെ വ്യാഴമോ, ചന്ദ്രനോ, ശുക്രനോ നില്ക്കയും ചെയ്താൽ സ്ത്രീവന്ധ്യാദോഷം സംഭവിക്കുന്നതുമാകുന്നു.

ഭാവഭേദഫലങ്ങൾ

ആദിത്യൻ ലഗ്നത്തിൽനിന്നാൽ, കഠിനതയുള്ളവളായും ശിരോരോഗിയായും പാതിവ്രത്യത്തിൽ അനുഗ്രഹമുള്ളവളായും പ്രീതിയുള്ളവളായും ഭവിക്കും.

രണ്ടിൽ ആദിത്യൻനിന്നാൽ, കഠിനവാക്കുകളെ പറയുന്നവളായും, വിരോധശീലത്തെ കാണിക്കുന്നവളായും, ധനനാശവും കുടുംബക്ഷയവും ഉള്ളവളായും ഭവിക്കും.

മൂന്നിൽ ആദിത്യൻനിന്നാൽ, സ്വധനം, ഭർത്താവിങ്കൽ അനുരാഗവും, പ്രസിദ്ധിയും, സഹോദരപുത്രക്ഷയവും ഉള്ളവളായിഭവിക്കും.

നാലിൽ ആദിത്യൻനിന്നാൽ രോഗങ്ങളെക്കൊണ്ടു ദേഹപീഡയും മാതാവിനെ രക്ഷിക്കുന്നതിൽ കുറവായി ട്ടുള്ളതയും ഭവിക്കും.

അഞ്ചിൽ ആദിത്യൻനിന്നാൽ, പുത്രന്മാർക്കു കുറവും, മാതാപിതാക്കന്മാരിൽ ഭക്തിയുള്ളവളായും, നല്ല ബുദ്ധി യും വിനയവും ഉള്ളവളായും ഭവിക്കും.

ആറിൽ ആദിത്യൻനിന്നാൽ, സൌന്ദര്യം, സൌഭാ ഗ്യം സാമർത്ഥ്യം, ശത്രുനാശം, പ്രാബല്യം ഇതുകളോടു കൂടിയവളായും ഭവിക്കും.

ഏഴിൽ ആദിത്യൻനിന്നാൽ, ഭർത്താവിനാൽ ഉപേ ക്ഷിക്കപ്പെടുന്നവളായും സന്തോഷമില്ലാത്തവളായുംഭവിക്കും.

എട്ടിൽ ആദിത്യൻനിന്നാൽ, ദാരിദ്ര്യദുഃഖത്താൽ മ നോവ്യാകുലയായും, കഠിനവാക്കുകളെ പറയുന്നവളായും, പലപ്രകാരത്തിലുള്ള വിഷാദങ്ങൾ അനുഭവിക്കുന്നവളായും ഭവിക്കും.

ഒമ്പതിൽ ആദിത്യൻനിന്നാൽ, ഭാഗ്യക്കുറവും, പി താവിന്നു കഷ്ടവും, ശത്രുബാധയും ദുർമ്മന്ത്രങ്ങളിൽ താല്പര്യവും ഭവിക്കുന്നതാണു്.

പത്തിൽ ആദിത്യൻനിന്നാൽ, പ്രസിദ്ധിയും, ഉൽകൃ ഷ്ടതയും, ഭർത്താവിങ്കൽ അധികമായ സന്തോഷവും കർമ്മ വിഘ്നവും സംഭവിക്കുന്നതാണു്.

പതിനൊന്നിൽ ആദിത്യൻനിന്നാൽ. പുത്രപൌത്രന്മാ രും സകല കലകളിലും നൈപുണ്യവും, ലക്ഷ്മിയും, ഭർത്താ വിങ്കൽനിന്നുള്ള ധനലാഭത്തോടുകൂടിയവളായും ഭവിക്കും.

പന്ത്രണ്ടിൽ ആദിത്യൻനിന്നാൽ, അധികമായ ചെ ലവുകളുണ്ടാകയും ദുർവ്വിഷയങ്ങളിൽ താല്പര്യമുള്ളവളായും, നയനരോഗമുള്ളവളായും, സ്ഥാനഭ്രംശത്താൽ കഷ്ടതയുള്ള വളായും ഭവിക്കും.

ചന്ദ്രന്റെ ഭാവഫലം.

ശുക്ലപക്ഷചന്ദ്രൻ ലഗ്നത്തിൽ നില്ക്കുമ്പോൾ ജനിക്കുന്ന മനുഷ്യൻ സൌന്ദര്യസൌഭാഗ്യാദിഗുണങ്ങളോടുകൂടിയവനായിരിക്കും. ക്ഷീണചന്ദ്രനായാലും, മേടം ഇടവം കർക്കടകം ഇത രാശികളിൽ ഒന്ന ലഗ്നത്തിൽ നിന്നാൽ ദോഷമില്ലെന്നും പ്രമാണം കാണുന്നു.

രണ്ടാമത്തേത്തു ചന്ദ്രൻ നിന്നാൽ, വളരെ ധനപുഷ്ടിയും പ്രസിദ്ധിയും, പ്രാധാന്യവും, ധർമ്മകാര്യങ്ങളിൽ അനുകൂലതയും സുഖത്തിൽ ഏറ്റവും അനുരക്തിയുമുള്ളവനായി ഭവിക്കും.

മൂന്നാമത്തേത്തു ചന്ദ്രൻ നിന്നാൽ കഫവാതപ്രകൃതിയും പിശുക്കും, മാത്സര്യസ്വഭാവവും, സഹോദരന്മാരിൽ കരുണക്കുറവും സംഭവിക്കും. പൂർണ്ണചന്ദ്രനു കഫവും, ക്ഷീണചന്ദ്രനു വാതവും പ്രധാനമായിരിക്കുമെന്നതാണ്.

നാലാമത്തേത്തു ചന്ദ്രൻ നിന്നാൽ, പലവിധത്തിലുള്ള സുഖങ്ങളും, ആഭരണങ്ങളും, ആസനവസ്ത്രാദികളും, ദൈവഭക്തിയും ഉള്ളവനായി ഭവിക്കും.

അഞ്ചാമത്തേത്തു ചന്ദ്രൻ നിന്നാൽ, നല്ല ഗുണങ്ങളും ഗൌരവവും പഠിപ്പുണ്ടാകയും, കീർത്തി യശസ്സ് ബുദ്ധി ഇവകളോടുകൂടിയും ഭവിക്കും.

ആറാമത്തേത്തു ചന്ദ്രൻ നിന്നാൽ, ധനം കുറഞ്ഞിരിക്കും. ഭക്ഷിക്കലും മനസ്സുഖവും ഉണ്ടായിരിക്കയില്ല. ശരീരത്തിൽ മുറിവോ വ്രണമോ ഉണ്ടാകും. ശരീരക്ഷീണതയും, അലസതയും ഉണ്ടാകുന്നതിനു ഇടവരാം.

ഏഴാമത്തേത്തു ചന്ദ്രൻ നിന്നാൽ വിലാസവതിയായും, ഭർത്താവിന് പ്രിയമുള്ളവളായും ധർമ്മം, ആചാരം, പുണ്യം, വിവേകം, ശുചിത്വം ഇവകൾ ഉള്ളവളായുമിരിക്കും.

എട്ടാമത്തേത്തു ചന്ദ്രൻ നിന്നാൽ വാക്ക ക്രൂരമായിരിക്കും. വേഷങ്ങളും ആഭരണങ്ങളും ചുരുങ്ങിയിരിക്കും. സ

ഭാവത്തിന്നു ശൂന്യതയുണ്ടാകും. കുലം, യോനി ഇവകൾക്കു ക്ഷതങ്ങളുണ്ടായിരിക്കയും ചെയ്യും.

ഒൻപതാമെടത്തു ചന്ദ്രൻ നിന്നാൽ ധർമ്മങ്ങളും പുത്രന്മാരും ഉള്ളവനായും നല്ലതായ മദ്ധ്യപ്രദേശത്തോടും ഭോഗത്തോടുംകൂടിയവനായും, ആരോഗ്യം സൌന്ദര്യം ഇവകൾ ഉള്ളവനായുമിരിക്കും.

പത്താംഭാവത്തിൽ ചന്ദ്രൻ നിന്നാൽ വളരെ ദ്രവ്യവും സമ്പത്തും മറ്റു പ്രസിദ്ധിയും ഉള്ളവനായും, കുലമുഖ്യനായും വളരെ അടക്കമുള്ളവനായും ഭവിക്കും.

പതിനൊന്നിൽ ചന്ദ്രൻ നിന്നാൽ ധനസമൃദ്ധിയും ദീർഘമാംഗല്യവും പ്രസന്നതയും പ്രണയവും സൌഖ്യവും ആരോഗ്യവും ഉള്ളവനായും ഭവിക്കും.

പന്ത്രണ്ടിൽ ചന്ദ്രൻ നിന്നാൽ ചെലവു ഏറിയിരിക്കയും വാതരോഗങ്ങളെക്കൊണ്ടു പീഡയും ദുഃഖവും ക്രൂരത്വവും നിന്ദിതത്വവും ഭവിക്കും.

കുജഭാവഫലം,

ലഗ്നത്തിൽ ചൊവ്വാ നിന്നാൽ ദേഹത്തിൽ മുറിവു്, ചതവു്, വ്രണം മുതലായവകൊണ്ടു് പീഡയും, മാഹാത്മ്യം ഇല്ലായ്കയും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്നതാണു്.

രണ്ടാമെടത്തു ചൊവ്വാ നിന്നാൽ വാക്കു ക്രൂരമായിരിക്കും. ബന്ധുക്കളിൽ വളരെ കലഹമുണ്ടാകും. കുടുംബക്ഷയവും തന്റെ ഗൃഹം മാറുകയും ദുർഗൃഹം ഇവയുണ്ടാകയുംചെയ്യുന്നതാണു്.

മൂന്നാംഭാവത്തിൽ ചൊവ്വാ നിന്നാൽ ശത്രുക്കളെ ജയിക്കുന്നവനായും സഹജന്മസംസർഗ്ഗം പ്രശസ്തിയും ആരോഗ്യവും സന്തോഷപ്രവൃത്തികളും ഉണ്ടാകുന്നതാണു്.

നാലാംഭാവത്തിൽ ചൊവ്വാ നിന്നാൽ ഭർതൃസുഖഹീനത്വവും മാതാവിന് ദുരിതവും ബന്ധുക്കളും ഗൃഹവും നശിച്ചവളായും ഭവിക്കും.

അഞ്ചാംഭാവത്തിൽ ചൊവ്വാ നിന്നാൽ പുത്രദുരിതവും ലജ്ജയില്ലാത്തതയും ദുഃഖാധിക്യത്തോടുകൂടിയും ഭവിക്കും.

ആറിൽ ചൊവ്വാ നിന്നാൽ സമ്പത്തും സഹോദരഗുണവും നല്ല വിദ്യയും ആരോഗ്യവും സുഖവും ഉള്ളവളായി ഭവിക്കും.

ഏഴിൽ ചൊവ്വാ നിന്നാൽ മനോദുഃഖവും ഭർതൃസുഖഹീനതയും (വിധവാത്വവും) ഗുണമില്ലാത്തവളായും ഭവിക്കും.

എട്ടിൽ ചൊവ്വാ നിന്നാൽ രോഗപീഡയും വൈധവ്യവും ദാരിദ്ര്യവും മനോദുഃഖവും വാതരോഗവും ബാധിക്കുന്നതാണ്.

ഒൻപതിൽ ചൊവ്വാ നിന്നാൽ ധർമ്മമില്ലാത്തവളായും ഭാഗ്യഹീനത്വവും മദ്യമാംസങ്ങളിൽ പ്രീതിയും സജ്ജനങ്ങളാൽ നിന്ദിക്കപ്പെടുകയും ചെയ്യുന്നതാണ്.

പത്തിൽ ചൊവ്വാ നിന്നാൽ നീചകർമ്മങ്ങളിൽ താല്പര്യവും കഠിനസ്വഭാവവും വിഷയധർമ്മങ്ങളിൽ താല്പര്യവും ബുദ്ധിഹീനതയും ഭവിക്കുന്നതാണ്.

പതിനൊന്നിൽ ചൊവ്വാ നിന്നാൽ സൽസ്വഭാവവും ഭർതൃശുശ്രൂഷയിൽ താല്പര്യവും, ധനവും ഭർതൃസുഖവും ധനധാന്യങ്ങളും സകല ഭോഗവും തന്നിൽ ലഭിക്കയും ചെയ്യുന്നതാണ്.

പന്ത്രണ്ടിൽ ചൊവ്വാ നിന്നാൽ ഭൂമി, ഗൃഹം ഇവകളുടെ നാശവും നയനരോഗവും ദുർവ്യയങ്ങളും സംഭവിക്കും.

ബുധഭാവഫലം.

ലഗ്നത്തിൽ ബുധൻ നിന്നാൽ ഐശ്വര്യവും, ഭർത്താവിന്റെ ആനുകൂല്യവും, നീതിയും ധർമ്മവും സജ്ജനസമ്മതയായും വിദ്യാലാഭം ഉള്ളവളായും ഭവിക്കും.

രണ്ടാമെടത്തു ബുധൻനിന്നാൽ, ധനവും ബുദ്ധിയും സൌശീല്യവും സമ്പത്തും വീര്യവും വിശേഷധനലാഭവും ഉണ്ടാകുന്നതാകുന്നു.

മൂന്നാമെടത്തു ബുധൻനിന്നാൽ, ധനപുഷ്ടിയും പുത്രന്മാരും സഹോദരന്മാരും ഉണ്ടായിരിക്കയും ഉൽകൃഷ്ടതയും യശസ്സും ഉജ്ജ്വലതയും ഭവിക്കും.

നാലാമെടത്തു ബുധൻനിന്നാൽ സുഖവും വളരെ ബന്ധുക്കളും വാഹനപ്രാപ്തിയും പുതിയ ഗൃഹലാഭവും വിദ്യാഭ്യാസഗുണവും സമ്പത്തും യശസ്സും ഉണ്ടാകുന്നതാകുന്നു.

അഞ്ചാമെടത്തു ബുധൻ നിന്നാൽ അല്പപുത്രന്മാരും കലഹപ്രിയവും സന്തോഷമില്ലായ്മയും സകല കാര്യങ്ങളിലും പാണ്ഡിത്യവും ഉന്മേഷവും ഉത്സാഹവും ഉള്ളവനായും ഭവിക്കും.

ആറാമെടത്തു ബുധൻ നിന്നാൽ, ശത്രുക്കളെ ജയിക്കയും, എല്ലാവരിലും മേന്മയും ഐശ്വര്യവും കാര്യാധിക്യവും ഉള്ളവനായി ഭവിക്കും.

ഏഴാമെടത്തു ബുധൻ നിന്നാൽ സാമർത്ഥ്യവും ശാസ്ത്രവിഷയമായ കാര്യങ്ങളിൽ വൈദഗ്ദ്ധ്യവും സൽഭർത്താവും സഹോദരിമാരും അന്യപുരുഷന്മാരെ ഇച്ഛിക്കുന്ന ഭാര്യയും ഭവിക്കും.

എട്ടാമെടത്തു ബുധൻ നിന്നാൽ ആയുരാരോഗ്യമില്ലാത്തവനായും ധർമ്മങ്ങളെയും ആചാരങ്ങളെയും ഉപേക്ഷിച്ചവനായും ജനങ്ങളാൽ വിരോധിയായും അന്യാശ്രിതനായും ഭവിക്കുന്നതാണ്.

ഒൻപതാമെടത്തു ബുധൻ നിന്നാൽ ധർമ്മവും വിനീതത്വവും ഭാഗ്യവും യശസ്സും അറിവും സാമർത്ഥ്യവും വിദ്യാലങ്കാരങ്ങളും സ്വജനപക്ഷവും ഉണ്ടാകുന്നതാകുന്നു.

പത്താമെടത്തു ബുധൻനിന്നാൽ കർമ്മത്തിനു പുണ്യവും, ഐശ്വര്യധാന്യവും, വളരെ ധനവും, സൽഗുണങ്ങൾ മററു

ധനങ്ങളുടെ സമൃദ്ധിയും രാജധനലാഭത്തിനു അവകാശി യായും ഭവിക്കുന്നതാകുന്നു.

പതിനൊന്നാമെടത്തു ബുധൻ നിന്നാൽ മനസ്സിനു അധികമായ സന്തുഷ്ടിയും സൽസ്വഭാവവും പ്രസിദ്ധിയും പാതിവ്രത്യവും സജ്ജനസമ്മതവും ഉള്ളവളായി ഭവിക്കും.

പന്ത്രണ്ടാമെടത്തു ബുധൻ നിന്നാൽ വ്യയാധിക്യവും വിവാദശീലവും നിന്ദ്യതയും പരപുരുഷരിൽ ആസക്തിയു ള്ളവളായും ഭവിക്കും.

ഗുരുഫലം.

വ്യാഴം ലഗ്നത്തിൽ നിന്നാൽ വളരെ സത്യവും സൌഭാഗ്യവും ഭോഗസുഖങ്ങളും ദീർഘായുസ്സും കുലശ്രേഷ്ഠതയും ബുദ്ധിമഹിമയും ഭവിക്കുന്നതാണു.

വ്യാഴം രണ്ടിൽ നിന്നാൽ വളരെ ധനവും സൌഭാ ഗ്യവും സൌന്ദര്യവും ഐശ്വര്യവും ധർമ്മിഷ്ഠത്വവും ന [illegible] പുണ്യവും പ്രാധാന്യവും വിദ്യാപ്രതാപവും ഉണ്ടാകുന്ന താണു.

വ്യാഴം മൂന്നിൽ നിന്നാൽ സുഖക്കേടും ബുദ്ധിപ്രകാശ മില്ലാതെയും ദുഃഖം, ചിന്തയും ഇതുകളെ കലർന്നും ഇരിക്കും.

വ്യാഴം നാലിൽനിന്നാൽ പുതിയ ഗൃഹലാഭം ഭൂമി ലാഭം ധനലാഭം പ്രസിദ്ധി മാന്യധനാഗമം ഇവ സിദ്ധിക്കു ന്നതാണു.

വ്യാഴം അഞ്ചിൽനിന്നാൽ നല്ല പുത്രന്മാരോടുകൂടിയവ ളായും പാപവും രോഗവും ഇല്ലാത്തവളായും നല്ല മനഃ സ്ഥിതിയും നല്ല ബുദ്ധിയും വാഗ്വിലാസലാഭവും ഉണ്ടാകുന്ന താണു.

വ്യാഴം ആറിൽനിന്നാൽ ശത്രുവൃദ്ധിയും കൃത്രിമമായ സല്ലാപത്തോടുകൂടിയവളായും മനസ്സ്വാസ്ഥ്യവും ദേഹസൌ ഖ്യവും ഇല്ലാത്തവളായും ഭവിക്കും.

വ്യാഴം ഏഴിൽനിന്നാൽ നല്ല സ്വഭാവവും സന്തോഷവും സുശീലയുമുള്ള ഭർത്താവിന്റെ അനുഗമനവും അതുല്യ കീർത്തിയോടുകൂടിയവളായും ഭവിക്കും.

വ്യാഴം എട്ടിൽനിന്നാൽ സത്യംകെടുത്തും ശരീരസുഖമില്ലാതെയും, പുത്രദുഃഖവും, നീചകർമ്മങ്ങളിൽ താല്പര്യവും ഉള്ളവളായും തീരും.

വ്യാഴം ഒൻപതിൽ നിന്നാൽ ശ്രേഷ്ഠമായ സ്വഭാവമുള്ളവളായും ധർമ്മത്തിൽ താല്പര്യവും ഈശ്വരഭക്തിയും സൽസ്വഭാവവും ഭാഗ്യവും ഐശ്വര്യവും ഉള്ളവളായിത്തീരും.

വ്യാഴം പത്തിൽനിന്നാൽ പ്രസിദ്ധങ്ങളായ അനേകം കർമ്മങ്ങളോടും വളരെ ഗുണങ്ങളോടും സൌന്ദര്യത്തോടും അന്നപാനാദികൾക്കു ബുദ്ധിമുട്ടുകൾ ഇല്ലാതെയും ഭവിക്കും.

വ്യാഴം പതിനൊന്നിൽ നിന്നാൽ അധികമായ കീർത്തിയും, ഐശ്വര്യവും, എല്ലാസമയവും സന്തോഷവും ധനവും ഉള്ളവളായി ഭവിക്കും.

വ്യാഴം പന്ത്രണ്ടിൽ നിന്നാൽ സദാവിഷയമായി വളരെ വ്യയം ചെയ്യുന്നവളായും ദാരിദ്ര്യപീഡിതയായും, രോഗപീഡിതയായും ഭവിക്കും.

ശുക്രഭാവഫലം

ലഗ്നഭാവത്തിൽ ശുക്രൻ നിന്നാൽ നല്ല ഭർത്താവും സൌന്ദര്യവും സൌഭാഗ്യവും സാമർത്ഥ്യവും നല്ല സ്വഭാവത്തോടുകൂടിയും ഭവിക്കും.

രണ്ടാമെടത്തു ശുക്രൻ നിന്നാൽ വൈശേഷ്യമുള്ള പ്രവൃത്തികളെ ചെയ്യുന്നവളായും വേദാന്തിയായും ശാന്തമായി സംസാരിക്കുന്നവളും നല്ല വിവേകത്തോടുകൂടിയവളായും ഭവിക്കും.

മൂന്നാമെടത്തു ശുക്രൻ നിന്നാൽ ദാരിദ്ര്യവും കൃപണതയും ബന്ധുക്കളില്ലാത്തവളായും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവളായും ഭവിക്കും.

നാലാമെടത്തു ശുക്രൻ നിന്നാൽ വളരെസൗഖ്യവും ധനവും വിലാസശീലവും ധർമ്മകാര്യങ്ങളിൽ താല്പര്യവും വംശത്തിനു അലങ്കാരഭൂതയായും ഭവിക്കും.

അഞ്ചാമെടത്തു ശുക്രൻ നിന്നാൽ പാതിവ്രത്യവും സ്ത്രീസന്താനങ്ങളും കീർത്തിയും കലാമുഖ്യയായും ഭവിക്കും.

ആറിൽ ശുക്രൻ നിന്നാൽ അധികമായ അസൂയയും ക്രൂരസ്വഭാവവും ശത്രുകലഹകാരിയായും ഭവിക്കും.

ഏഴിൽ ശുക്രൻ നിന്നാൽ, വളരെ ധനപുഷ്ടിയും മഹാത്മ്യവും ഭർത്താവിന്റെ ആനുകൂല്യവും ബുദ്ധിശക്തിയും ഇഷ്ടസ്വഭാവവും കാന്തിയും ഉണ്ടായി ഭവിക്കും.

എട്ടിൽ ശുക്രൻ നിന്നാൽ അധർമ്മിയായും അന്യന്മാരെ സ്നേഹിക്കുന്നവളായും സ്വഭാവദൂഷ്യമുള്ളവളായും തീരുന്നതാണ്.

ഒൻപതിൽ ശുക്രൻ നിന്നാൽ, സ്വധർമ്മതല്പരയായും ലോകപ്രസിദ്ധയായും സന്തോഷവും സന്താനങ്ങളും അനന്യസുഖവും ഉള്ളവളായും ഭവിക്കും.

പത്തിൽ ശുക്രൻ നിന്നാൽ, വളരെ കീർത്തിയും സമ്പത്തും നല്ല ഭൃത്യന്മാരും നല്ല ഭർത്താവും പ്രസിദ്ധമായ കുലത്തിൽ പൂജിക്കപ്പെടുന്നവളായും ഭവിക്കും.

പതിനൊന്നാമെടത്തു ശുക്രൻനിന്നാൽ വളരെ ധനലാഭവും പ്രസിദ്ധിയും ഗുണവാന്മാരായ പുത്രന്മാരും ഉള്ളവളായി ഭവിക്കും.

പന്ത്രണ്ടാമെടത്തു ശുക്രൻ നിന്നാൽ ദ്രവ്യനിമിത്തം ദുഃഖിക്കുന്നവളായും രോഗപീഡിതയും ധനനാശമുള്ളവളായും ഭവിക്കും.

മന്ദഭാവഫലം.

ലഗ്നത്തിൽ ശനിനിന്നാൽ വിരൂപതയും രോഗപീഡയും ആലസ്യവും ക്ഷീണവും ഉള്ളവളായി തീരുന്നതാണ്.

രണ്ടാമെടത്തു ശനിനിന്നാൽ ധനമില്ലാത്തവളായും നിന്ദ്യയായും സന്തോഷമില്ലാത്തവളായും ക്രൂരസ്വഭാവം ഉള്ളവളായും ഭവിക്കും.

മൂന്നാമെടത്തു ശനിനിന്നാൽ സാമർത്ഥ്യവും പ്രാധാന്യവും പ്രസിദ്ധിയും രക്ഷാസാമർത്ഥ്യവും സജ്ജനങ്ങളാൽ ഏററവും പ്രശംസിക്കപ്പെടുന്നവളായും ഭവിക്കും.

നാലാമെടത്തു ശനിനിന്നാൽ മന്ദതയും ദുഃഖവും വേശ്യാചാരത്തോടുകൂടിയവളായും ഭവിക്കും

അഞ്ചാമെടത്തുനിന്നാൽ പുത്രനാശവും ചപലബുദ്ധിയും ഉത്സാഹക്കേറവും ഉദരരോഗവും സംഭവിക്കുന്നതാണ്.

ആറിൽ ശനിനിന്നാൽ സമ്പത്തും ഗുണങ്ങളും ഉള്ളവളായും ഭർത്താവിന്റെ ഏററവും പ്രിയപ്പെട്ടവളായുംഭവിക്കും.

ഏഴിൽ ശനിനിന്നാൽ വൈധവ്യദുഃഖവും അഥവാ ഭർത്തൃസുഖമില്ലാത്തവളായും രോഗപീഡിതയായും ഭവിക്കും.

എട്ടിൽ ശനിനിന്നാൽ വിധവാത്വവും മലിനതയും നിന്ദ്യകർമ്മങ്ങളെ ചെയ്യുന്നവളായും ദുസ്സ്വഭാവിയായും അന്യന്മാരെ വഞ്ചിക്കുന്നതിൽ ഇച്ഛിക്കുന്നവളായും ഭവിക്കും.

ഒൻപതിൽ ശനിനിന്നാൽ പുത്രരഹിതവും മനോവ്യാകുലതയും ധർമ്മക്ഷയവും ഭാഗ്യഹീനതയും ഉണ്ടാകുന്നതാകുന്നു.

പത്തിൽ ശനിനിന്നാൽ നിന്ദ്യകർമ്മങ്ങളിൽ താല്പര്യവും കഠിനതയും ദുർഭോഗതാപവും ദാരിദ്ര്യതാപവും സംഭവിക്കുന്നതാണ്.

പതിനൊന്നിൽ ശനി നിന്നാൽ പുത്രവർദ്ധനയും ധനവർദ്ധനയും ഗൃഹം ഭൂമി മുതലുകളുടെ ലാഭവും ഉണ്ടാകുന്നതാണ്.

പന്ത്രണ്ടിൽ ശനി നിന്നാൽ വാതരോഗവും ദുർവ്യയങ്ങളും സ്ഥാനഭ്രംശവും മനോവ്യാകുലതയും നയനരോഗവും ഫലമാകുന്നു.

രാജയോഗം

സ്ത്രീജാ —

മൂർത്തൗ സുരേജ്യോഽസ്തഗതശ്ശശാങ്കോ
യദാ സ്വവർഗ്ഗേ ഗഗനേ ച ശുക്രഃ
ജാതാന്ത്യജാനാമപി മന്ദിരേസ്മിൻ
യോഗേ ഭവേൽ പാർത്ഥിവവല്ലഭാ ച

ലഗ്നത്തിൽ വ്യാഴം, ഏഴിൽ ചന്ദ്രൻ, പത്തിൽ (സ്വക്ഷേത്രത്തിലോ) ശുക്രൻ ഇങ്ങനെ നില്ക്കുമ്പോൾ ജനിക്കുന്ന സ്ത്രീ അന്ത്യകുലത്തിൽ ജനിച്ചവളായിരുന്നാലും ഭർത്താവു രാജത്വം ഉള്ളവനായി ഭവിക്കും.

കേന്ദ്രേഷു സൌമ്യാ യദി കല്യഭാജഃ
പാപാഃ കളത്രം ച മനുഷ്യരാശിഃ
രാജ്ഞീ ഭവേൽ സ്ത്രീർബ്ബഹുകാമയുക്താ
നിത്യം പ്രശാന്താരിസുഖേന ഇഷ്ടാ.

ലഗ്നത്തിൽ പാപഗ്രഹവും, ൪-൭-൧൦ ഈ ഭാവങ്ങളിൽ ശുഭഗ്രഹവും ഏഴാമേടം പുരുഷരാശിയും ആയി വരികയും ചെയ്താൽ രാജയോഗം ഉണ്ടാകും. ഈ യോഗത്തിൽ ജനിക്കുന്ന സ്ത്രീകൾക്കു വളരെ സമ്പത്തും സുഖവും ശത്രുജയവും സിദ്ധിക്കുന്നതുമാകുന്നു.

ബുധേ വിലഗ്നേ യദി തുംഗസംസ്ഥേ
ലാഭസ്ഥിതേ ദേവപുരോഹിതേ ച
വരിഷ്ഠഭൂപാലകവല്ലഭാസ്മിൻ
യോഗേ പ്രസിദ്ധാ ഭവതി പ്രജാതാ.

ലഗ്നം കന്നിയായിട്ടും ബുധൻ അവിടെ ഉച്ചസ്ഥനായും കക്കടകത്തിൽ വ്യാഴം നില്ക്കയും ചെയ്യുമ്പോൾ ജാതയായ സ്ത്രീ പ്രസിദ്ധയായ രാജ്ഞിയായി ഭവിക്കും.

വിശേഷഫലപ്രകരണം.

ശുക്രനും ശനിയും ഒരു രാശിയിൽ നില്ക്കുമ്പോൾ ജനിച്ചവൾ കരകൗശലങ്ങൾക്കും പുത്രന്മാരെ രക്ഷിക്കുന്നതിലും വളരെ സമർത്ഥയായി ഭവിക്കും.

വ്യാഴവും ശുക്രനും ഒരു രാശിയിൽ നില്ക്കുമ്പോൾ ജനിച്ചവൾ ശ്രേഷ്ഠനായ ഭർത്താവിനെ ആരാധിച്ചു വിവാഹം ചെയ്യുന്നവളായും വാദപ്രതിവാദങ്ങൾ നടത്തി മറ്റു സ്ത്രീകളെ കീഴടക്കുന്നവളായും ഭവിക്കും.

ബുധനും ശുക്രനും ഒരു രാശിയിൽ നില്ക്കുമ്പോൾ ജനിച്ചവൾ നല്ല സംഗീതത്തിൽ സാമർത്ഥ്യത്തോടും സൌന്ദര്യസാധനങ്ങളിൽ ആഗ്രഹത്തോടും ധനസമ്പാദനത്തിലും വിദ്യയിലും വളരെ പരിശ്രമിയായിട്ടും ഭവിക്കും.

ബുധനും ശനിയും ഒരു രാശിയിൽ നില്ക്കുമ്പോൾ ജനിച്ചവൾ വഞ്ചിക്കുന്ന സ്വഭാവമുള്ളവളായും ധാർഷ്ട്യമുള്ളവളായും പരപുരുഷനിൽ പ്രേമമുള്ളവളായും ധനവതിയായും ഭവിക്കും.

ബുധനും വ്യാഴവും ഒരു രാശിയിൽ നില്ക്കുമ്പോൾ ജനിച്ചവൾ നൃത്തം, പാട്ട്, ഇങ്ങനെ ഇവകളാൽ പുരുഷന്മാരെ വശീകരിക്കാൻ സാമർത്ഥ്യമുള്ളവളായും വളരെ ജ്ഞാനമുള്ളവളായും ധനപതിയായും ഭവിക്കും.

ചന്ദ്രനും വ്യാഴവും ഒരു രാശിയിൽ നില്ക്കുമ്പോൾ ജനിച്ചവൾ ശ്രേഷ്ഠനായ ഭർത്താവിങ്കലും ഇതരബന്ധുക്കളിലും നിന്നുമുള്ള ധനപ്രാപ്തിയും വിദ്യയും പ്രതാപവും കലാശ്രേഷ്ഠതയും ഉള്ളവളായി ഭവിക്കും.

വിദ്യാവതി ഷോഡശഭാമിനീനാം-
മൃത്യുംഗതാസ്യാ ഇന്ദുകാലമാല്ലാഃ
സാദ്ധ്വീ ച തത്ര്യാത്രനിഷേകയോഗ്യാഃ
പരാശ്ച ഭൂരാസ്സ്യ തദാ പ്രശസ്താഃ

സ്ത്രീകൾക്കു ഋതുസ്നാനംമുതൽ ൧൬ ദിവസങ്ങളാണു് ഋതുകാലമെന്നു പറയുന്നതു്. ഇതിൽ ആദ്യം നാലുദിവസങ്ങളിലും സംയോഗം ചെയ്തുകൂടാ. ശേഷമുള്ള ൧൨ ദിവസങ്ങളിൽ ഇരട്ടപ്പെട്ടതായ (൬-൮) ദിവസങ്ങൾ പുത്രപ്രജോല്പ്രദങ്ങളും, ഒററപ്പെട്ട ൫-൭ ദിനങ്ങൾ സ്ത്രീപ്രജോല്പ്രദങ്ങളുമാകുന്നു.

കുറിപ്പ്.

നാലാംദിവസം ഗർഭാധാനം ചെയ്താൽ അല്പായുസ്സായ ആൺകുട്ടിയും ൫-ാംദിവസം സ്ത്രീപ്രജയും, ആറാംദിവസം വംശകരനായ പുത്രനും, ൭-ാംദിവസം വന്ധ്യയായ പുത്രിയും, ൮-ാംദിവസം അപുത്രനായ പുത്രനും, ൯-ാംദിവസം സുന്ദരിയായ പുത്രിയും, ൧൦-ാംദിവസം ശ്രേഷ്ഠനായ പുത്രനും, ൧൧-ാംദിവസം വിരൂപയായ പുത്രിയും, ൧൨-ാം ദിവസം ശ്രീമാനായ പുത്രനും, ൧൩-ാംദിവസം പാപിഷ്ഠയായ പുത്രിയും, ൧൪-ാംദിവസം ധർമ്മിഷ്ഠനായ പുത്രനും, ൧൫-ാംദിവസം ധർമ്മിഷ്ഠയായ പുത്രിയും, ൧൬-ാംദിവസം സർവ്വജ്ഞനായ പുത്രനും ജനിക്കുന്നതാണു്.

കുജേന്ദുഹേതു പ്രതിമാസമാർത്തവം
ഗതേ തു പീഡർക്ഷമനുഷ്ണദീധിതൗ
അതോന്യഥാസ്ഥേ ശുഭപുംഗ്രഹേക്ഷിതേ
നരേണ സംയോഗമുപൈതി കാമിനീ.

സ്ത്രീ ജനിച്ച കൂറിന്റെ ജന്മലഗ്നം ൧-൪-൫-൭-൮-൯-൧൨ ഈ സ്ഥാനങ്ങളിൽ കുജനാൽ ദൃഷ്ടനായ ചന്ദ്രൻ നില്ക്കുമ്പോൾ സ്ത്രീകൾക്കു മാസംതോറുമുള്ള ആർത്തവം ഉണ്ടാകയും ആ ആർത്തവം ഗർഭപ്രദമായിരിക്കയും ചെയ്യും. പുരുഷന്റെ ജന്മചന്ദ്രരാശികളുടെ ഉപചയസ്ഥാനങ്ങളിൽ മുൻപറഞ്ഞ സ്ഥാനങ്ങളല്ലാത്ത ൩-൬-൧൦-൧൧ ഇവകളിൽ ചന്ദ്രൻ നില്ക്കയും ആ ചന്ദ്രനെ ശുഭന്മാരോ പുരുഷഗ്രഹങ്ങളോ നോക്കുകയുംചെയ്യുമ്പോൾ അപ്പോൾ സ്ത്രീകൾ പുരു

ക്ഷസംയോഗം ഉണ്ടാകുന്നു. ഇവിടെ ഇരുപിന്റെ ദൃഷ്ടി ക്കൊണ്ടു പ്രാബല്യമുള്ളതെന്നും അറിയേണ്ടതാകുന്നു.

പ്രസവത്തിൽ ഉണ്ടാകുന്ന കൊടിചുറ്റൽ അറിയുന്നതിന്.

ചതുഷ്പാദഗതേ ഭാനൗ ശേഷൈർവീര്യസമന്വിതൈഃ
ദ്വിതനുസ്ഥൈശ്ച യമളൗ ഭവതഃ കോശവേഷ്ടിതൗ.

സൂര്യൻ ചതുഷ്പാദ്രാശികളായ മേടം ഇടവം ചിങ്ങം ധനുസ്സിന്റെ അപരാർദ്ധം മകരത്തിന്റെ പൂർവാർദ്ധം ഇവയിൽ ഒന്നിൽ നില്ക്കുകയും ശേഷം ഗ്രഹങ്ങൾ ഒക്കെയും ബലത്തോടുകൂടി ഉഭയരാശികളിൽ നില്ക്കുകയും ചെയ്യുമ്പോൾ ഗർഭാശയത്തിലുള്ള വലകളെക്കൊണ്ടു മൂടിയിരിക്കുന്ന രണ്ടു കുട്ടികളുണ്ടാകുമെന്നു പറയണം.

ഛാഗസിംഹവൃഷേ ലഗ്നേ തൽസ്ഥേ സൗരേഥവാ കുജേ
രാശ്യംശസദൃശേ ഗാത്രേ ജായതേ നാളവേഷ്ടിതഃ

മേടം, ചിങ്ങം, ഇടവം ഇവയിലൊന്നു ലഗ്നമായും അവിടെ കുജനോ ശനിയോ നില്ക്കുകയും ചെയ്യുമ്പോൾ ജനിക്കുന്ന കുട്ടിക്ക് ‘കാലാംഗാദി’ എന്ന ക്രമമനുസരിച്ചു ലഗ്നം ഏതുരാശിയിൽ അംശിച്ചുവോ ആ രാശിക്കു പറഞ്ഞിട്ടുള്ള അംഗത്തിൽ പൊക്കിൾക്കൊടി ചുറ്റിയിരിക്കും.

ലഗ്നേ സപാപേ ബുദ്ധേ പാപദൃഷ്ടേ
തദ്ദൃഷ്ടാജാദ്യം സമേതേഥവാത്ര
പാപഗ്രഹാണാമുദ്ദേ വിലഗ്നേ വാ
ജാതോ നരോ നാളവിവേഷ്ടിതാംഗഃ

ലഗ്നത്തിൽ പാപന്മാർ ഉണ്ടാകയും പാപന്മാരുടെ ദൃഷ്ടിയുണ്ടാകയും ചെയ്താൽ മേൽപ്രകാരം സംഭവിക്കും. പാപക്ഷേത്രം ലഗ്നമായും അവിടെ ബുദ്ധനോ കേതുവോ നില്ക്കുകയും പാപദൃഷ്ടി ലഗ്നത്തിന്നു ഉണ്ടാവുകയും ചെയ്യുമ്പോഴും നാളവേഷ്ടിതം ഉണ്ടാകുന്നതാണ്.

കുറിപ്പ്.

൧. ചന്ദ്രൻ ലഗ്നത്തിലും ലഗ്നത്തെ നോക്കാതെയിരുന്നാൽ പിതാവ് സ്ഥലത്തില്ലാതിരുന്നപ്പോഴും ഉണ്ടായ പ്രസവമാണെന്നു പറയണം.

൨. ലഗ്നമോ ചന്ദ്രനോ വ്യാഴത്തിന്റെ വർഗ്ഗങ്ങളിൽ ചേരാതിരുന്നാൽ ജാതനായ പുത്രൻ ഔരസപുത്രനായിരിക്കും.

൩. ചന്ദ്രൻ സ്വവർഗ്ഗത്തിൽ ബലവാനായി സൂര്യനോടോ ബുധനോടോകൂടി നില്ക്കയും ഗുരുവിന്റെ ദൃഷ്ടിയില്ലാതെയും ഇരുന്നാൽ, ഭർത്താവു വ്യാധിഗ്രസ്തനായിട്ടു തന്റെ അനുവാദത്തോടുകൂടി സ്വഭാര്യയിൽ അന്യനാൽ ഉല്പാദിക്കപ്പെട്ട പുത്രനാണെന്നു പറയണം.

൪. ചന്ദ്രൻ ശനിയുടെ നവാംശകത്തിലും ശനി അഞ്ചാംഭാവത്തിലും നില്ക്കയും ആദിത്യശുക്രന്മാരുടെ ദൃഷ്ടിയുണ്ടാകയും ചെയ്താൽ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സമയം വിധവയിൽ അന്യനാൽ ഉല്പാദിക്കപ്പെട്ട പുത്രൻ എന്നു പറയണം.

൫. ചന്ദ്രദൃഷ്ടിയുള്ള ഗുളികനു ശനിയുടെ യോഗമോ ദൃഷ്ടിയോ ഉണ്ടായാൽ അപ്പോൾ ജനിക്കുന്ന കുട്ടി ജാരപുത്രനാണെന്നു പറയേണ്ടതാണ്.

> സ്വാതീദ്വിതീയാ രവിവാരയുക്താ
> സസപ്തമീ സോമജരേവതീ ച
> സദ്വാദശീ മന്ദയുതശ്രവിഷ്ഠാ
> ഏതേഷു ജാതം പരജം വദന്തി.

ഞായറാഴ്ചയും ചോതിയും ദ്വിതീയയുംകൂടിയ ദിവസവും, സപ്തമിയും രേവതിയും ബുധനാഴ്ചയും കൂടിയ ദിവസവും, ദ്വാദശിയും ശനിയാഴ്ചയും അവിട്ടവും കൂടിയദിവസവും ഉണ്ടാവുന്നവൻ ജാരപുത്രനായിരിക്കും.

പ്രസവസ്ഥലവിശേഷം പറയുന്നതിന്:—

ജീർണ്ണം സംസ്കൃതമർക്കജേ ക്ഷിതിസുതേ
ദഗ്ദ്ധം നവം ശീതഗൌ
കാഷ്ഠാഢ്യം ന ദൃഢം രവൌ ശശിസുതേ
തന്നൈകശില്പ്യുദ്ഭവം
രമ്യം ചിത്രയുതം നവഞ്ച ഭൃഗുജേ
ജീവേ ദൃഢം മന്ദിരം
ചക്രസ്ഥൈശ്ച യഥോപദേശരചനാം
സാമന്തപൂർവ്വാം വദേൽ.

പ്രസവകാലത്തിൽ ശനി ബലവാനായിരുന്നാൽ സൂതികാഗൃഹം വളരെ പഴക്കമാകയാൽ നന്നാക്കിയതാണെന്നും ചൊവ്വായായിരുന്നാൽ കുറേഭാഗം തീകത്തിയിരുന്ന ഭവനമെന്നും ചന്ദ്രനായാൽ പുത്തനാണെന്നും സൂര്യനാണെങ്കിൽ വളരെ തടികളെക്കൊണ്ടു പണിഞ്ഞതാണെന്നും ഉറപ്പ് ഇല്ലാത്തതെന്നും ബുധനാണെങ്കിൽ പലതരത്തിലുള്ള ശില്പികളാൽ നിർമ്മിതമെന്നും ശുക്രനാണെങ്കിൽ ഭംഗിയുള്ളതെന്നും ചിത്രങ്ങളുള്ളതെന്നും പുത്തൻകമ്മായപ്പണികളുള്ളതെന്നും ഗുരുവാണെങ്കിൽ വളരെ ഉറപ്പും വലിപ്പവുമുള്ളതെന്നും പറയണം.

മേഷകുളീരതുലാളിഘടൈഃ പ്രാ-
ഗുത്തരതോ ഗുരുസൌമ്യഗൃഹേഷു
പശ്ചിമതശ്ച വൃഷേണ നിവാസോ
ദക്ഷിണഭാഗകരൌ മൃഗസിംഹൌ.

മേടം, കർക്കടകം, തുലാം, വൃശ്ചികം ഇവ ലഗ്നമായാലും ഇവയിൽ ലഗ്നം അംശിച്ചാലും സൂതികാഗൃഹം കിഴക്കാണെന്നും, മിഥുനം, കന്നി, ധനുസ്സ്, മീനം ഇവ ലഗ്നമോ ലഗ്നാംശകമോ ആയാൽ വടക്കാണെന്നും, മകരമോ ചിങ്ങമോ ആയാൽ തെക്കുപുറത്താണെന്നും പറയുക.

ഉപസൂതികമാരെ അറിയുന്നതിന്:—

ചന്ദ്രലഗ്നാന്തരഗതൈർ-
ഗ്രഹൈസ്സ്യുരുപസൂതികാഃ
ബഹിരന്തശ്ച ചക്രാർദ്ധേ
ദൃശ്യാദൃശ്യേന്യഥാ പരേ.

ലഗ്നംമുതൽ ചന്ദ്രൻ നില്ക്കുന്ന രാശിയുടെ ഇടയിലായിട്ട് എത്ര ഗ്രഹങ്ങളുണ്ടോ അത്രയും വയററാട്ടികൾ ഉണ്ടായിരുന്നുവെന്നും അദൃശ്യാർദ്ധത്തിലുള്ള ഗ്രഹങ്ങളുടെ സംഖ്യയോളം സ്ത്രീകൾ സൂതികാഗൃഹത്തിനകത്തും ചന്ദ്രസ്ഥിതി സപ്തമഭാവാൽപരമെങ്കിൽ ദൃശ്യാർദ്ധത്തിലുള്ള ഗ്രഹങ്ങളെക്കൊണ്ട് വെളിയിലായിരുന്ന സ്ത്രീകളേയും പറയണം. ഗ്രഹങ്ങളുടെ പാപശുഭത്വവ്യത്യാസങ്ങൾക്കു തുല്യരായ സ്ത്രീകളുടെ സ്വഭാവസൌന്ദര്യമൊക്കെയും പറഞ്ഞുകൊൾക.

(ലഗ്നസ്ഫുടത്തിൽ ചെന്നതിയതിമുതൽ പ്രതിലോമമായി സപ്തമഭാവസ്ഫുടത്തിൽ ചെല്ലുവാനുള്ള ഭാഗങ്ങളെ ദൃശ്യാർദ്ധമെന്നും ശേഷം ഭാഗത്തെ അദൃശ്യാർദ്ധമെന്നും അറിയേണ്ടതാണ്.)

കുറിപ്പ്.

പ്രസവസമയം ഉണ്ടായിരുന്ന വിളക്കിൽ ഉള്ള എണ്ണയെ ചന്ദ്രനെക്കൊണ്ട് വിചാരിച്ചുകൊള്ളണം. ചന്ദ്രൻ രാശിയുടെ ആദ്യഭാഗത്തുനിന്നാൽ എണ്ണ നിറച്ചുണ്ടായിരുന്നു എന്നും മദ്ധ്യഭാഗത്തുനിന്നാൽ പകുതിയേ ഉള്ളൂ എന്നും രാശ്യന്ത്യത്തിലായാൽ എണ്ണ ഇല്ലായിരുന്നുവെന്നും പറയണം. സൂര്യൻ ലഗ്നത്തിന്റെ ആദിയിൽ നിന്നാൽ വിളക്ക കത്തിത്തുടങ്ങിയതേ ഉള്ളുവെന്നും, മദ്ധ്യത്തിലായാൽ തിരി പകുതിയെരിഞ്ഞെന്നും, രാശ്യന്തത്തിലായാൽ തിരി മുഴുവനും കഴിഞ്ഞുവെന്നും പറയണം. സൂര്യൻ ചരരാശിയിലെങ്കിൽ ദീപപാത്രം ഇളകിക്കൊണ്ടിരുന്നു എന്നും സ്ഥിരത്തിലായാൽ

ഉദകമില്ലാതിരുന്നു എന്നും ഉദയത്തിങ്കലായാൽ ഉദകവും ഉമിയും നിന്നിരുന്നുവെന്നും അറിയേണ്ടതാകുന്നു.

വാതൽ ലക്ഷണം പറയുന്നതിന്.

സൂതികാഗൃഹത്തിന് ഇത്ര വാതിലുണ്ടായിരുന്നു എന്ന് കേന്ദ്രത്തിൽ ഉള്ള ഗ്രഹങ്ങളുടെ സംഖ്യ കണക്കാക്കി പറഞ്ഞുകൊള്ളണം. ഏതു ഗ്രഹം കേന്ദ്രത്തിൽ ബലവാനായിരിക്കുന്നു എന്നറിഞ്ഞ് ആ ഗ്രഹത്തിന്റെ ദിക്കിലേക്ക് സൂതികാഗൃഹം അഭിമുഖമായിരിക്കുമെന്നു പറഞ്ഞുകൊൾക.

ഏതു ഗൃഹത്തിൽവെച്ചാണു ജനിച്ചതെന്നറിയുന്നതിന്:

ശനിയോ സൂര്യനോ ബലവാനായിരുന്നാൽ അച്ഛന്റെ ഗൃഹത്തിൽ പ്രസവിച്ചു എന്നും, ചന്ദ്രശുക്രന്മാരിൽ ഒന്നിന്ന് ബലം അധികമുണ്ടായാൽ മാതാവിന്റെയോ തത്സംബന്ധികളായവരുടെയോ ഭവനത്തിൽവെച്ചാണെന്നും പറഞ്ഞുകൊൾക.

നോട്ട്.

സൂര്യശനികൾ പിതൃകാരകന്മാരാണെങ്കിലും സൂര്യൻ ബലവാനായാൽ പിതൃഗൃഹത്തിലും ശനി ബലവാനായാൽ പിതൃവ്യഗൃഹത്തിലും (അച്ഛന്റെ സഹോദരൻ) അതുപോലെ ചന്ദ്രന് ബലാധിക്യമുണ്ടെങ്കിൽ മാതൃസഹോദരീഗൃഹത്തിലും, ശുക്രന് ബലാധിക്യമുണ്ടെങ്കിൽ മാതൃഗൃഹത്തിലും പ്രസവിച്ചു എന്നു പറയണം. ശുഭഗ്രഹങ്ങളൊക്കെയും നീചഗതന്മാരായാൽ വൃക്ഷച്ചുവട്ടിലോ മതിലുകളുടെ ചുവട്ടിലോ നദീതീരങ്ങളിലോ കാവ്, പർവ്വതം മുതലായ സ്ഥലങ്ങളിലോ പ്രസവിക്കും. അതുപോലെ ശുഭഗ്രഹങ്ങൾ നീചസ്ഥന്മാരായും ലഗ്നവും ചന്ദ്രനും ഒരു രാശിയിലാവുകയും അവർക്ക് ഗ്രഹദൃഷ്ടിയില്ലാതെ വരികയും ചെയ്താൽ കാടുകളിൽ പ്രസവിക്കുമെന്നും പറയേണ്ടതാകുന്നു.

അദ്ധ്യായം ൯

ഈ അദ്ധ്യായത്തിൽ പൊതുജനങ്ങൾക്കു് അത്യന്തം ഉപകാരപ്രദവും അറിഞ്ഞിരിക്കേണ്ടതും അത്യാവശ്യകങ്ങളുമായ ചില ഭാഗങ്ങളെ തെരഞ്ഞെടുത്തു പരോപകാരാർത്ഥം ചേർക്കപ്പെട്ടിരിക്കുന്നു.

പരൽസംഖ്യ.

ക	൧	ട	൧	പ	൧	ഷ	൬
ഖ	൨	ഠ	൨	ഫ	൨	സ	൭
ഗ	൩	ഡ	൩	ബ	൩	ഹ	൮
ഘ	൪	ഢ	൪	ഭ	൪	ള	൯
ങ	൫	ണ	൫	മ	൫	ക്ഷ	൬
ച	൬	ത	൬	യ	൧	ക്യവർഗ്ഗം	൧
ഛ	൭	ഥ	൭	ര	൨	ക്രവർഗ്ഗം	൨
ജ	൮	ദ	൮	ല	൩	ക്ലവർഗ്ഗം	൩
ഝ	൯	ധ	൯	വ	൪	ക്വവർഗ്ഗം	൪
ഞ	ശൂന്യം	ന	ശൂന്യം	ശ	൫		

അകാരാദി പതിനാറക്ഷരവും ശൂന്യം.

ഇനി കൊല്ലവർഷംകൊണ്ടു ശകാബ്ദാദികളെ അറിയേണ്ടും മാർഗ്ഗങ്ങളെ കുറിക്കുന്നു.

കോളംബവർഷം ഗതവത്സരാന്തേ
യുക്തേ സമാധാനയുഗാച്ഛകാബ്ദാഃ
ചരമാംഗസ്യാസ്തു കലേർഗ്ഗതാബ്ദാഃ
പ്രാജ്ഞാംശകാനാൽ പ്രഭവാദയഃ സ്യുഃ

പരിഭാഷ—സമാധാനയുതങ്ങൾ=സമാധാനത്തോടു യുതങ്ങൾ. സമാധാനം മേൽവിവരിച്ചിരിക്കുന്ന പരൽസംഖ്യപ്രകാരം സ ൭ മ ൪ ത് ധ ൭ ആതായതു് ൭൪൭ എന്നർത്ഥം.

യുതങ്ങൾ = കൂട്ടിയതുകൾ.
കോളംബവർഷങ്ങൾ = കൊല്ലവർഷങ്ങൾ.

ഗതവത്സരാന്തം —ഗതവത്സരത്തിന്റെ അന്തം
ഗതവത്സരം —കഴിഞ്ഞ സംവത്സരം
അന്തം —അവസാനം (മേടത്തിൽ സംക്രമിക്കുന്നകാലത്തുള്ളതെന്നർത്ഥം)
ശകാബ്ദഗണം —ശകവർഷങ്ങൾ
ചരമോലാഢ്യഗണം —ചരമോലംകൊണ്ട് ആഢ്യങ്ങൾ
ചരമോലം ച ൬, ര ൨, മ ൫, ല ൩=൩൫൨൬
ആഢ്യം —കൂട്ടിയത്
ഗതാബ്ദഗണം —കഴിഞ്ഞവർഷങ്ങൾ
പ്രാജ്ഞാംഗജോദ്ധൃതഗണം —പ്രാജ്ഞാംഗജംകൊണ്ട് ഉദ്ധൃതമായുള്ളവ
പ്രാജ്ഞാംഗജം —൮൦൨ പ്ര ൨, ജ്ഞ ശൂന്യം, ജ ൮
ഉദ്ധൃതം —കളയപ്പെട്ടത്
പ്രഭവാദികം —പ്രഭവം മുതലായുള്ള സംവത്സരങ്ങൾ.

ഏതു വർഷത്തെയാണ് ആഗ്രഹിക്കുന്നതോ അതു കണ്ടറിയാൻ മേടസംക്രമകാലത്തെക്കുള്ള കൊല്ലവർഷത്തെ വച്ച് ൭൪൬-കൂട്ടിയാൽ ശകാബ്ദങ്ങളായിട്ടുവരും. ആ കൊല്ലവർഷത്തിൽതന്നെ ൩൯൨൬-കൂട്ടിയാൽ കലിവർഷങ്ങൾ സാധിക്കും. ആ കൊല്ലവർഷത്തെവച്ച് അതിൽനിന്നും ൮൦൨ കളച്ച് ശിഷ്ടമുള്ളതു എത്രയെന്നാൽ പ്രഭവം മുതലായ അത്ര സംവത്സരങ്ങളെ എണ്ണിവരുന്ന സംവത്സരമെന്നും അറിയണം. ഇവ മൂന്നെണ്ണങ്ങളും വിഷുവിന് ആരംഭിക്കുന്നതാകുന്നു.

കലിവർഷംകൊണ്ട് ഇഷ്ടദിനത്തെയും
കലിദിനം വരുത്തുന്നതിന്.

കലിവർഷംവെച്ച് [illegible]-കൊണ്ട് ഗുണിച്ച് അതിൽനിന്നും [illegible] കളച്ച് [illegible]-കൊണ്ട് ഹരിച്ചു കിട്ടിയ തുകയിൽ കലിദിനങ്ങളെ എന്നു മേടംമുതലി ൧൨ മാസങ്ങൾക്കു പറഞ്ഞ വാക്യങ്ങളിൽ കഴിഞ്ഞ മാസ

വാക്യം കൂട്ടിയതിൽ കഴിഞ്ഞ തീയതികളെയും കൂട്ടിയാൽ വെള്ളിയാഴ്ച തുടങ്ങിയുള്ള ഇഷ്ടദിനത്തിങ്കലുള്ള കലിദിവസങ്ങൾ വരും. ഈ കലിദിനങ്ങളെ വേറെയായി വച്ച് ഏഴിൽ ഹരിച്ചു ശിഷ്ടമുള്ള സംഖ്യ എത്രയോ വെള്ളിയാഴ്ച തുടങ്ങി അത്ര ആഴ്ച കഴിഞ്ഞു എന്നറിഞ്ഞു ഇഷ്ടദിവസത്തെ കലിദിവസങ്ങളെ ധ്രുവമാക്കിക്കൊള്ളുക.

ഉദാഹരണം:— കൊല്ലവർഷം ൧൦൭൬ എന്നിരിക്കട്ടെ. അപ്പോൾ ൧൦൭൬-നോടുകൂടി ൩൯൨൬-നെ കൂട്ടുമ്പോൾ ൫൦൦൨ കലിയുഗാരംഭം മുതൽ കഴിഞ്ഞ വർഷം കിട്ടും.

കല്യബ്ദത്തെ [illegible] ഗുണിച്ചാൽ അതായതു ൫൦൦൨ [illegible] [illegible] വരും ഇതിന്നു [illegible] [illegible] ഇതിനെ [illegible] ഹരിച്ചാൽ കിട്ടുന്നതു [illegible] ശിഷ്ടം [illegible] വരും. ഇതു മേടമാസം [illegible] തീയതി ഉദയത്തിനുള്ളതാകയാൽ ഇതിൽ കഴിഞ്ഞ [illegible] വിധാനം എന്നുള്ള വാക്യത്തെയും [illegible] ഇതുപതും കൂട്ടിയാൽ [illegible] വരും ഇതിനെ [illegible] ഹരിച്ചാൽ ശിഷ്ടം [illegible] വരും. വെള്ളിയാഴ്ച തുടങ്ങി [illegible] ആഴ്ച കഴിഞ്ഞു ബുധനാഴ്ചയാകയാൽ [illegible] കർക്കടകമാസം [illegible] തീയതി ഉദയത്തിന്നു ഇത്ര കലിദിനങ്ങളാകുന്നു. ഇപ്രകാരംതന്നെ ഇഷ്ടമാസത്തിലെ കലിദിനം വരുത്തിക്കൊള്ളണം ഇതിൽ കൂട്ടുന്നതിനുള്ള കലിന്നാദി വാക്യങ്ങളെ പറയുന്നു.

[illegible]. കലിന, [illegible]. ഗുണജ്ഞത, [illegible]. വിധാന, [illegible]. മാതൃയാ, [illegible]. [illegible], [illegible] [illegible]. [illegible], [illegible]. [illegible], [illegible]. [illegible], [illegible]. [illegible], [illegible]. [illegible], [illegible] ഇവ നക്ഷത്രസംഖ്യകളാണെന്നും അറിയണം

നക്ഷത്രങ്ങളെക്കൊണ്ടു രാത്രിഗതനാഴികയെ കണ്ടുപിടിക്കേണ്ടുംക്രമം.

രാത്രി നട്ടുച്ചയ്ക്കു മീതെ നോക്കുമ്പോൾ യാതൊരു

നക്ഷത്രം ഉച്ചയായിരിക്കുന്നു എന്നറിഞ്ഞാൽ അതിനാൽ നാഴിക കണ്ടുപിടിക്കാവുന്നതാണ്.

നക്ഷത്രങ്ങളെ അറിയാനുള്ള എളുപ്പമാർഗ്ഗം.

നക്ഷത്രസ്വരൂപങ്ങൾ	നക്ഷത്രസംഖ്യ	രാശി	രാശിയിൽ ചെല്ലുന്ന നാഴിക
അശ്വതി കുതിരയുടെ മുഖംപോലെ	൩	കർക്കടകാദി	രണ്ടേകാൽ
ഭരണി അടുപ്പുപോലെ	൩	ടി	അഞ്ച്
കാർത്തിക ക്ഷൗരക്കത്തിപോലെ	൬	ചിങ്ങം	ഒന്ന്
രോഹിണി ചക്രാകാരമായിട്ട്	൫	ചിങ്ങം	മൂന്ന്
മകയിരം തേങ്ങാക്കണ്ണുപോലെ	൩	കന്നി	കാൽ
തിരുവാതിര തിലകംപോലെ	൧	കന്നി	ഒന്നര
പുണർതം വീടുപോലെ	൪	തുലാം	കാൽ
പൂയം ബാണംപോലെ	൩	തുലാം	രണ്ടര
ആയില്യം സർപ്പംപോലെ	൬	തുലാം	അഞ്ച്
മകം തൊട്ടിൽപോലെ	൪	വൃശ്ചികം	ഒന്നര
പൂരം കട്ടിൽക്കാൽപോലെ	൨	വൃശ്ചികം	നാല്
ഉത്രം ടി	൨	ധനു	അര
അത്തം കൈപോലെ	൫	ധനു	രണ്ടരേകാൽ
ചിത്തിര മുത്തുപോലെ	൧	ധനു	അരമുക്കാൽ
ചോതി മാണിക്യംപോലെ	൧	മകരം	ഒന്നര
വിശാഖം തോരണംപോലെ	൪	മകരം	നാലരമുക്കാലെ അരയ്ക്കാൽ
അനിഴം വിശറിപോലെ	൪	കുംഭം	അര
തൃക്കേട്ട കുന്തംപോലെ	൩	കുംഭം	ഒന്നേകാൽ
മൂലം സിംഹവാൽപോലെ	൧൧	കുംഭം	നാലേകാൽ
പൂരാടം മഞ്ചംപോലെ	൪	മീനം	ഒന്നേകാൽ
ഉത്രാടം ടി	൪	മീനം	മൂന്നേമുക്കാൽ
തിരുവോണം മുഴക്കോലുപോലെ	൩	മേടം	ഒന്ന്
അവിട്ടം കാവളത്തപോലെ	൫	മേടം	മൂന്ന്
ചതയം പൂക്കളംപോലെ	൧൦൦	ഇടവം	ഒന്ന്
പൂരുരുട്ടാതി കട്ടിൽപോലെ	൨	ഇടവം	അരയേ അരയ്ക്കാൽ
ഉത്രട്ടാതി ടി	൨	മിഥുനം	രണ്ടരമുക്കാൽ
രേവതി മൃദംഗംപോലെ	൩൨	മിഥുനം	അഞ്ച്

ഈ നക്ഷത്രങ്ങൾ ആകാശത്തിൽ പൂർവ്വപശ്ചിമരേഖയിൽനിന്നു ചിലതു സ്വല്പം തെക്കും ചിലതു അല്പം വടക്കും ചിലതു സമമായിട്ടും പശ്ചിമാഭിമുഖമായിട്ടു ഒന്നിനൊന്നു കിഴക്കാമാറായി ഉദിക്കയും ക്രമത്താൽ ഉദിക്കയും അസ്തമിക്കയും ചെയ്യുന്നു. ഇതുകളിൽ കേട്ടമുതൽ ൯ നക്ഷത്രങ്ങളെ ഉച്ചതിരിഞ്ഞതിനുമേലും രേവതിമുതൽ ൯ നക്ഷത്രങ്ങളെ ഉച്ചയാകുന്നതിനു സ്വല്പം മുമ്പും ശേഷമുള്ളവ സമമായിട്ടു ഉച്ചയാകുമ്പോളും ഉച്ചയാകുന്നതായിട്ടു ഗണിക്കണം. ഉച്ചയാകുന്ന നക്ഷത്രംകൊണ്ടു ഉദയലഗ്നത്തിൽ ചെന്ന നാഴികയെ അറിഞ്ഞുകൊള്ളണം.

അടി അളന്ന സമയം കണ്ടുപിടിക്കുന്നതിന്.

മാസംതോറുമുള്ള അടിവാക്യത്തെക്കൊണ്ടു ദിവസംപ്രതി ഉച്ചയ്ക്കു മുൻപിൽ ഇത്ര നാഴിക പുലർന്നു എന്നും, ഉച്ചതിരിഞ്ഞാൽ ഇത്രനാഴിക പകലുണ്ടെന്നും അറിവാനുള്ള വിവരം

നാഴിക	ചിങ്ങം മേടം		കന്നി മീനം		തുലാം കുംഭം		വൃശ്ചികം മകരം		ധനു		ഇടവം കർക്കടകം		മിഥുനം	
	കല	അംശം	കല	അംശം	കല	അംശം	കല	അംശം	കല	അംശം	കല	അംശം	കല	അംശം
1	64	0	63	0	64		68	0	70		67		69	0
2	32	0	31	0	32	0	34	0	35		33	0	34	0
3	21	0	20	0	23	0	22	0	23		22	0	22	0
4	15	0	15	0	15	0	16	0	17	0	16	0	16	0
5	12	0	12	0	12	0	12	0	13	0	12	0	13	0
6	9	3	9	1	9	5	10	0	11	0	9	5	10	0
7	7	4	7	3	7	7	8	6	9	1	8	0	8	2
8	6	1	6	1	6	5	7	3	7	6	6	5	6	7
9	5	0	5	0	5	4	6	3	6	7	5	3	5	5
10	4	0	4	0	4	5	5	4	5	6	4	3	4	5
11	3	1	3	1	3	7	4	7	5	3	3	4	3	7
12	2	3	2	3	3	3	4	3	5	[illegible]	2	6	3	1
13	1	5	1	6	2	7	4	1	4	5	2	1	2	4
14	0	6	1	3	2	6	4	0	4	4	1	5	2	0
15	0	3	1	1	2	5	3	7	4	3	1	2	1	6
16	0	0	0	0	0	0	0	0	0	0	1	1	1	5

ഇനി പ്രധാനമായി അറിഞ്ഞിരിക്കേണ്ട
മുഹൂർത്താദികളെ പറയുന്നു.

൧. അഷ്ടമരാശിയെന്നതു് ജനിച്ച കൂറിന്റെ എട്ടാമത്തെ രാശിയിൽ വരുന്ന നക്ഷത്രങ്ങളാണു്.

൨. ഗൃഹാരംഭപ്രവേശങ്ങൾ ഒഴിച്ചുള്ള എല്ലാ മുഹൂർത്തങ്ങൾക്കും ജനിച്ചനാൾ വർജ്ജിക്കണം. വിവാഹത്തിന്നു സ്ത്രീയുടെ ജന്മനക്ഷത്രവും വർജ്ജിക്കേണ്ടതു.

൩. വിവാഹം സ്ത്രീയുടെ ജനിച്ചകൂറിന്റെ ൭-ാംരാശിയിൽ ആദിത്യനോ ചൊവ്വായോ നില്ക്കുമ്പോൾ അരുതു്.

൪. ചോറൂണിന്നു ജനിച്ചദിവസംമുതൽ ൧൨൦ ദിവസം കഴിഞ്ഞാൽ പിന്നെ വല്ല ദിവസവും ൨൭൦-ാംദിവസത്തിന്നകവും ആവാം.

൫. പുടവയുടുക്കുന്നതിന്നും പുതുതിലുണ്ണുന്നതിന്നും ആഭരണങ്ങൾ ധരിക്കുന്നതിന്നും പുണ്യകർമ്മങ്ങൾ ചെയ്യുന്നതിന്നും ജന്മാനുജന്മങ്ങൾ ഉത്തമങ്ങളാകുന്നു.

ഇനി മുഹൂർത്തപ്രായശ്ചിത്തങ്ങൾ

പാപഗ്രഹങ്ങൾ മുഹൂർത്തരാശിയുടെ ൧, ൨, ൪, ൫, ൭, ൮, ൯, ൧൨ എന്നീ സ്ഥാനങ്ങളിലും ശുഭഗ്രഹങ്ങൾ ൬, ൮, ൧൧, ൧൨ ഈ സ്ഥാനങ്ങളിലും നില്ക്കുന്നതു ശുഭമല്ല. അങ്ങിനെ പിഴച്ചുനില്ക്കുന്നതായി കണ്ടാൽ ആദിത്യന്നു കപിലപശുവും, ചന്ദ്രന്നു ശംഖും, ചൊവ്വായ്ക്കു ചുവന്ന കാളയും, ബുധന്നു സ്വർണ്ണവും, വ്യാഴത്തിന്നു പീതാംബരവും, ശുക്രന്നു വെളുത്ത കുതിരയും, ശനിക്കു കറുത്ത പശുവും, രാഹുവിന്നു കാരിരുമ്പും, കേതുവിന്നു മുട്ടാടും പ്രായശ്ചിത്തം ചെയ്യേണ്ടതാകുന്നു.

വിഷ്ടിസമയങ്ങൾ.

പൂർവ്വപക്ഷത്തിൽ ചതുർത്ഥിയിലും ഏകാദശിയിലും ൩൦ നാഴിക കഴിഞ്ഞതിന്മേൽ ൩൦ നാഴികയും അഷ്ടമി

യിലും വാവിലും ആദി ൨൦ നാഴികയും കൃഷ്ണപക്ഷത്തിൽ തൃതീയയിലും ദശമിയിലും ൨൦ നാഴിക കഴിഞ്ഞതിന്മേൽ ൩൦ നാഴികയും സപ്തമിയിലും ചതുർദ്ദശിയിലും ആദി ൩൦ നാഴികയും വിഷ്ടിസമയമാകുന്നു. ഈ സമയത്തു ശുഭകർമ്മം ഒന്നുംതന്നെ ചെയ്യരുത്.

ഗുളികവേള.

ഞായറാഴ്ച ൨൬	നാഴികയ്ക്കുമേൽ	൩¾ നാഴികയും
തിങ്കളാഴ്ച ൨൨	ടി	ടി
ചൊവ്വാഴ്ച ൧൮	ടി	ടി
ബുധനാഴ്ച ൧൪	ടി	ടി
വ്യാഴാഴ്ച ൧൦	ടി	ടി
വെള്ളിയാഴ്ച ൬	ടി	ടി
ശനിയാഴ്ച ൨	ടി	ടി

രാത്രിയിലും മേൽപ്രകാരംതന്നെ. ഗുളികകാലം സകല ശുഭകർമ്മങ്ങൾക്കും വർജ്ജ്യം.

വാരശൂലം.

ഞായറും വെള്ളിയും ൧൫ നാഴികവരെ പടിഞ്ഞാറും
തിങ്കളും ശനിയും ൮ നാഴികവരെ കിഴക്കും
ചൊവ്വായും ബുധനും ൧൨ നാഴികവരെ വടക്കും
വ്യാഴാഴ്ച ൨൦ നാഴികവരെ തെക്കും വാരശൂലമുണ്ട്.

യാത്രാപഞ്ചകം.

യാത്ര പുറപ്പെടുന്ന സമയത്തെ ആഴ്ച, നക്ഷത്രം, തിഥി, ലഗ്നം ഇവയുടെ സംഖ്യയെ ഒന്നായി കൂട്ടി ഒൻപതുകൊണ്ടു ഹരിച്ചാൽ ഒന്നുവന്നാൽ മൃത്യുപഞ്ചകം. രണ്ടു വന്നാൽ അഗ്നിപഞ്ചകം. മൂന്നുവന്നാൽ നിഷ്പഞ്ചകം. നാലുവന്നാൽ രാജപഞ്ചകം. അഞ്ചുവന്നാൽ നിഷ്പഞ്ചകം. ആറുവന്നാൽ ചോരപഞ്ചകം. ഏഴുവന്നാൽ നിഷ്പഞ്ചകം. എട്ടുവന്നാൽ രോഗപഞ്ചകം. ഒൻപതുവന്നാൽ

വിഷ്ടബ്ധകം. ഇവയിൽ നിഷ്ടബ്ധകങ്ങൾ യാത്രയ്ക്കും മററുള്ള ശോഭനകർമ്മങ്ങൾക്കും കൊള്ളാം. വിശേഷിച്ചും വിവാഹത്തിനു മൃത്യുപഞ്ചകവും, ഉപനയനത്തിനു രോഗപഞ്ചകവും, ഗൃഹാരംഭം ഗൃഹപ്രവേശനം മുതലായതിനു അഗ്നിപഞ്ചകവും, യാത്രയ്ക്കു ചോരപഞ്ചകവും പ്രധാനമായും നിഷിദ്ധങ്ങളാണു്. മൃത്യുപഞ്ചകം ഒരിക്കലും ഒന്നിനും കൊള്ളുകയില്ല.

കണ്ണുള്ള നാളുകൾ

അശ്വതിമുതൽ അന്നത്തെ നാൾവരെ ഉള്ള സംഖ്യയും മേടരാശിമുതൽ അന്നത്തെ ലഗ്നംവരെയുള്ള സംഖ്യയും തമ്മിൽ കൂട്ടി ഒൻപതിൽ ഹരിച്ചശേഷം ൧ മുതൽ ൪ വരെ ൨ കണ്ണു്; ൫ മുതൽ ൭ വരെ ഒരു കണ്ണു് ൮-ം ൯-ം കണ്ണുകൾ ഇല്ലെന്നു അറിക.

ജന്മനക്ഷത്ര വർജ്യങ്ങൾ.

ശസ്ത്രക്രിയ, ഉപനയനം, ചൌളം, വിവാഹം, യാത്ര, സീമന്തം, പുംസവനം, ഔഷധസേവ, പിതൃകാര്യം, ക്ഷൌരം സംയോഗം, യുദ്ധം, വാദ്യങ്ങളഭ്യസിക്കുക, ആനകുതിര മുതലായവകൾ ഏറുക, അഭ്യംഗം ഇവകൾ ഒന്നും ജന്മനക്ഷത്രങ്ങളിൽ നടത്തുവാൻ പാടില്ല. എന്നാൽ കോടി ഉടുക്കുന്നതിനും, പുത്തരി ഉണ്ണുന്നതിനും, ആഭരണം അണിയുന്നതിനും, ധാന്യസംഗ്രഹണത്തിനും, കൃഷി, വ്യാപാരം, തീർത്ഥയാത്ര, ദാനം, ജപം, ഹോമം മുതലുകൾ നടത്തുന്നതിൽ വിരോധമില്ലെന്നും അറിയേണ്ടതാകുന്നു.

നാമകരണം.

ശിശു ജനിച്ച ൧൦-ാം ദിവസമോ, അല്ലെങ്കിൽ ൧൨-ാം ദിവസമോ ശുഭതിഥിയിൽവേണം നാമകരണം ചെയ്യപ്പെടേണ്ടതു്. അനിഴം, പുണർതം, മകം, ഉത്രം, ഉത്രാടം, ഉത്രട്ടാതി, ചതയം, ചോതി, അവിട്ടം, തിരുവോണം, രോഹിണി, അശ്വതി, മകയിരം, രേവതി, അത്തം, പൂയം

ഈ നക്ഷത്രങ്ങളും ഇടവം, ചിങ്ങം, വൃശ്ചികം, കുംഭം ഈ രാശികളും വെള്ളി, ബുധൻ, വ്യാഴം, തിങ്കൾ, ശനി ഈ ആഴ്ചകളും വെളുത്തവാവും, കറുത്തവാവും, നവമിയും അല്ലാത്ത തിഥികളും നല്ലതാകുന്നു. അഷ്ടമശുദ്ധിയോടുകൂടിയ ലഗ്നവും വേണ്ടതാണു്.

അന്നപ്രാശനം.

ശിശു ജനിച്ചതിന്റെ ൬-൮-൧൦-൧൨ ആയ ഒരു മാസത്തിൽ ശുക്ലപക്ഷത്തിൽ പുണർതം പൂയം അവിട്ടം മകയിരം അത്തം ചോതി അശ്വതി അനിഴം രോഹിണി തിരുവോണം ചതയം ഉത്രം ഉത്രാടം ഉത്രട്ടാതി ചിത്തിര രേവതി ഈ നക്ഷത്രങ്ങളും ഷഷ്ഠിയും നവമിയും അല്ലാത്ത ഏതെങ്കിലും ഒരു തിഥിയും മേടവും മീനവും വൃശ്ചികവും കഴിച്ചു മറ്റുള്ള ഏതെങ്കിലും ഒരു രാശിയും എട്ടാംഭാവത്തിൽ ചൊവ്വായോടും ഏഴാംഭാവത്തിൽ ശുക്രനോടും ഒമ്പതാംഭാവത്തിൽ ബുധനോടും പത്താംഭാവശുദ്ധിയോടും കൂടിയ ശുഭലഗ്നമൊത്ത ദിവസത്തിൽ അന്നപ്രാശനം നടത്തണം

വിവാഹം

സ്ത്രീപുരുഷന്മാരുടെ അനുകൂല്യം നോക്കിയതിനു ശേഷം ഉത്തരായനകാലത്തിൽ കുംഭമാസം കഴിച്ചുള്ള മാസത്തിൽ ഗുരുശുക്രന്മാർക്കു മൌഢ്യമില്ലാത്തപ്പോൾ ശുക്ലപക്ഷത്തിലെ രിക്താദികളല്ലാത്ത തിഥികളിൽ രോഹിണി ഉത്രത്രയം രേവതി മകം ചോതി അനിഴം മകയിരം അത്തം മൂലം ഇവയിൽ ഏതെങ്കിലും ഒരു നക്ഷത്രവും ചൊവ്വായും ഞായറും ശനിയും കഴിച്ചുള്ള ആഴ്ചകളിൽ ഏതെങ്കിലും ഒന്നും കൂടിയ ദിവസം തുലാം മിഥുനം കന്നി കുംഭം ധനുസ്സ് ഇടവം കർക്കടകം ചിങ്ങം ഇവയിൽ ഏതെങ്കിലും ഒരു രാശിയിലോ ബാക്കിയുള്ള നാലു രാശികളിൽ ശുഭഗ്രഹം ഇരിക്കുന്നതായും ശുഭദൃഷ്ടമായും ഉള്ള രാശി

യിലൊ വിവാഹം നടത്തണം. വിവാഹത്തിന് ൨-൭-൮ ഈ ഭാവങ്ങളിലും കേന്ദ്രഭാവങ്ങളിലും ശുഭഗ്രഹങ്ങളും ൩-൬-൧൧ ഈ ഭാവങ്ങളിൽ പാപഗ്രഹങ്ങളും കൊള്ളാം, കുജനും ശുക്രനും എട്ടാംഭാവത്തിൽ ഒരിക്കലും നില്ക്കാൻ പാടില്ല. സപ്തമശുദ്ധിയും വേണ്ടതാകുന്നു.

വസ്ത്രവിധികൾ.

അത്തം ഉത്രം ഉത്രട്ടാതി ഉത്രാടം അശ്വതി പുണർതം പൂയം അനിഴം ചിത്തിര വിശാഖം രോഹിണി ചോതി രേവതി ഈ നക്ഷത്രങ്ങളും രിക്താപക്ഷങ്ങൾ ഒഴിച്ചുള്ള തിഥികളും, മേടം വൃശ്ചികം ചിങ്ങം ധനുസ്സ് മീനം ഇവയൊഴിച്ചുള്ള രാശികളും, ശനിയും ചൊവ്വായും ഒഴിച്ചുള്ള ആഴ്ചകളും നൂതനവസ്ത്രധാരണത്തിന നല്ലതാകുന്നു.

നൂതനഭൂഷണധാരണം.

രോഹിണി അശ്വതി മകയിരം രേവതി അത്തം ചിത്തിര പൂയം അനിഴം ഈ നക്ഷത്രങ്ങളും, വ്യാഴം തിങ്കൾ വെള്ളി ശനി ഈ ആഴ്ചകളും, കന്നി ഇടവം മിഥുനം മീനം ധനുസ്സ് ഈ രാശികളും നൂതനഭൂഷണങ്ങളെ ധരിക്കുന്നതിന നല്ലതാകുന്നു.

ഗൃഹപ്രവേശം

മകരം മേടം ഇടവം ചിങ്ങം തുലാം വൃശ്ചികം ഈ മാസങ്ങളിലെ അത്തം പൂയം പുണർതം ചതയം ചോതി രോഹിണി രേവതി ഉത്രം ഉത്രാടം ഉത്രട്ടാതി തിരുവോണം മകയിരം മൂലം അവിട്ടം അശ്വതി ഈ നക്ഷത്രങ്ങളും, കന്നി കുംഭം ഇടവം വൃശ്ചികം ചിങ്ങം മിഥുനം ഈ രാശികളും, ശനി തിങ്കൾ ബുധൻ വ്യാഴം വെള്ളി ഈ ആഴ്ചകളും ജന്മലഗ്നശുദ്ധിയും ശുഭമാകുന്നു.

ഗോശാല ഉണ്ടാക്കാൻ.

വെള്ളി ബുധൻ ഈ ആഴ്ചകളിലും രോഹിണിനക്ഷത്രത്തിലും അമാവാസ്യ ചതുർദ്ദശി ഈ പക്കങ്ങളിലും വർജ്ജ്യമാകുന്നു.

കൃഷി ആരംഭിക്കുന്നതിന്.

പൂയം രേവതി പുണർതം ഉത്രം ഉത്രാടം ഉത്രട്ടാതി മൂലം അത്തം രോഹിണി ഈ ഒൻപതു നാളുകൾ ഉത്തമങ്ങൾ. രാശികളിൽ മീനം ഇടവം മിഥുനം കർക്കടകം മകരം ഉത്തമങ്ങൾ. കരണങ്ങളിൽ പുലിക്കരണവും ആനക്കരണവും പന്നിക്കരണവും ഉത്തമം. ഞായർ തിങ്കൾ ബുധൻ വ്യാഴം വെള്ളി ഉത്തമം. തിഥികളിൽ ദ്വിതീയ സപ്തമി ദ്വാദശി വർജ്ജ്യങ്ങളുമാണ്.

കലപ്പശ്ശൂലമറിവാൻ.

പഞ്ചാംഗം നോക്കി ആദിത്യൻ നില്ക്കുന്ന നാളറിയണം. ആ നാളിന്റെ ൩-൭-൮-൧൪-൧൯-൨൩-൨൪-൨൫-൨൬ ആദിത്യൻ നില്ക്കുന്ന നാളു് അതിന്റെ ഇരുപുറവുമുള്ള ഓരോ നാളുകളും ലാംഗലശ്ശൂലങ്ങളാണ്. ഈ നാളുകളെ കണക്കാക്കുന്നതു അശ്വിനിനക്ഷത്രത്തെക്കൂടി ചേർത്തു കൂട്ടുകയും വേണം. ആദിത്യൻ നില്ക്കുന്ന നാളിലും അതിന്റെ ഇരുപുറവുമുള്ള ഓരോ നാളുകളിലും കർഷണാരംഭം ചെയ്താൽ കൃഷിയും മറ്റുള്ള നാളുകളിൽ കൃഷിചെയ്യുന്നവനും നാശത്തെ ഉണ്ടാക്കുമെന്നു പറഞ്ഞിരിക്കുന്നു.

വിതയ്ക്കുന്നതിന്.

ദ്വിതീയ സപ്തമി ദ്വാദശി പ്രതിപദം ഇവയും പന്നിക്കരണങ്ങളും വേലിയിറക്കമുള്ള രാശികളും സ്ഥിരക്കരണവും വിഷ്ടിയും വർജ്ജിക്കണം.

തൃക്കേട്ട, പൂരം പൂരാടം പൂരുരുട്ടാതി, ഭരണി ചിത്തിര, ആയില്യം മകം ഈ എട്ടു നക്ഷത്രങ്ങളും വർജ്ജ്യങ്ങളാണ്. ഇതിനു മേടം വൃശ്ചികം ധനു കന്നി ഈ നാലുരാശികളും വർജ്ജ്യം. ഇതിനു കഴുതക്കരണവും നാലാമത്തേതും, പത്താമത്തേതും ചന്ദ്രനും കൊള്ളുന്നതല്ല. കർത്തൃദോഷങ്ങളും കൂടി വർജ്ജിക്കുന്നതു് ഉത്തമമാകുന്നു.

രാഹുചക്രം.

പഞ്ചാംഗംനോക്കി രാഹു ഏതു നക്ഷത്രത്തിൽ നില്ക്കുന്നുവെന്നു കണ്ടറിയണം. അതുമുതൽ ൨, ൩, ൪, ൭, ൮, ൧൧, ൧൨, ൧൩, ൧൪, ൧൬, ൧൮, ൧൯, ൨൫, ൨൬ ഇങ്ങനെയുള്ള ൧൪ നക്ഷത്രങ്ങൾ രാഹുചക്രദൃഷ്ടങ്ങളാണ്. ഇവ വിതപ്പാൻ വർജ്യങ്ങളുമാണ്. ഇതിൽ അഭിജിത്തിനെ കൂട്ടുക വേണം. ഇതിൽ വിതച്ചാൽ ഉണങ്ങിപ്പോക വെള്ളംകേറി അഴുകിപ്പോക പതിരായിപ്പോക ഈ ദോഷങ്ങൾ ഉണ്ടാകും.

അനന്തരം കിഴങ്ങു മുതലായവ നടുന്നതിന് ശനിയാഴ്ചയും എള്ളിന് ഞായർ വെള്ളി ചൊവ്വാ ഇവകളും ചേനയും ചേമ്പും നടുന്നതിന് ചൊവ്വാഴ്ചയും പയറു വിതയ്ക്കുന്നതിന് ഞായറാഴ്ചയും വർജ്യങ്ങളാണ്. കിഴങ്ങ് കാച്ചിൽ ഇവയ്ക്കു അധോമുഖരാശിയും ചേനയ്ക്കു തിര്യങ്മുഖരാശിയും ഉത്തമമാകുന്നു.

	കരണങ്ങൾ	പൂർവപക്ഷം
പ്രതിപദത്തിന്	പുഴുവ്	സിംഹം
ദ്വിതീയയ്ക്ക്	പുലി	പന്നി
തൃതീയയ്ക്ക്	കഴുത	കരി
ചതുർത്ഥിയ്ക്ക്	പശു	വിഷ്ടി
പഞ്ചമിയ്ക്ക്	സിംഹം	പുലി
ഷഷ്ഠിയ്ക്ക്	പന്നി	കഴുത
സപ്തമിയ്ക്ക്	ആന	പശു
അഷ്ടമിയ്ക്ക്	വിഷ്ടി	സിംഹം
നവമിയ്ക്ക്	പുലി	പന്നി
ദശമിയ്ക്ക്	കഴുത	കരി
ഏകാദശിയ്ക്ക്	പശു	വിഷ്ടി
ദ്വാദശിയ്ക്ക്	സിംഹം	പുലി
ത്രയോദശിയ്ക്ക്	പന്നി	കഴുത

ചതുർദ്ദശിയ്ക്കു്	കരി	പശു
പൌർണ്ണമിയ്ക്കു്	വിഷ്ടി	സിംഹം

അപരപക്ഷത്തിനു്.

൧-ൽ	പുലി	പന്നി
൨-ൽ	കഴുത	കരി
൩-ൽ	പശു	വിഷ്ടി
൪-ൽ	സിംഹം	പുലി
൫-ൽ	പന്നി	കഴുത
൬-ൽ	ആന	പശു
൭-ൽ	വിഷ്ടി	സിംഹം
൮-ൽ	പുലി	പന്നി
൯-ൽ	കഴുത	കരി
൧൦-ൽ	പശു	വിഷ്ടി
൧൧-ൽ	സിംഹം	പുലി
൧൨-ൽ	പന്നി	കഴുത
൧൩-ൽ	ആന	പശു
൧൪-ൽ	വിഷ്ടി	പക്ഷി

൧൫-ൽ അമാവാസി നാൽക്കാലികളും പാമ്പും.

൩൦-നാഴിക കഴിയുമ്പോൾ ഒരു കരണം തീൎന്നു പോകുന്നതാണു്.

പുത്തരിക്കു്.

ഉത്രൻനാളുകൾ പതിനാറും മൂലവും മകവും വിശാഖവും പുത്തരിയ്ക്കുകൊള്ളാം. മററെല്ലാം ചൊറൂണുപോലെ. പിറന്നാളും ൬-ലും ൧൨-ലും ചന്ദ്രനും വിരോധമില്ല.

കച്ചവടം തുടങ്ങുന്നതിനു്.

തിങ്കൾ ബുധൻ വ്യാഴം ഈ ആഴ്ചകളും ദ്വിതീയ തൃതീയ പഞ്ചമി ഷഷ്ഠി സപ്തമി ദശമി ഏകാദശി ദ്വാദശി ത്രയോദശി.

വിശേഷവിധി.

രോഹിണിനാളിൽ വൃക്ഷങ്ങൾ നടുകയും ആയില്യം നാളിൽ വെററിലക്കൊടിയിടുകയും ഭരണിനാളിൽ കതിരി നടുകയും ചോതിനാളിൽ നെല്ല് വാക മുതലായതു വിതക്കയും മൂലംനാളിൽ കിഴങ്ങു നടുകയും അശ്വതിനാളിൽ തെങ്ങ് കമുക് ഇവ നടുകയും ചെയ്യുന്നതു ഉത്തമമാകുന്നു.

കിണർ കുളം ഇവ വെട്ടാൻ.

അത്തം ആയില്യം ചതയം രേവതി തിരുവോണം മകം അനിഴം ഉത്രം ഉത്രാടം ഉത്രട്ടാതി രോഹിണി പൂയം മകയിരം ഈ നക്ഷത്രങ്ങളും വെള്ളി ബുധൻ വ്യാഴം ഈ വാരങ്ങളും രിക്താപക്ഷങ്ങളും ഷഷ്ഠ്യാപക്ഷങ്ങളും ഒഴിച്ചുള്ള തിഥികളും ഇടവം കർക്കടകം മകരം കുംഭം മീനം ഇവയിൽ അഷ്ടമശുദ്ധിയോടുകൂടിയ രാശിയും നല്ലതാകുന്നു.

ഗുളികകാലത്തിൽ ചെയ്യാവുന്ന സംഗതികൾ.

ധാന്യശേഖരങ്ങൾ എണ്ണതേച്ചു കൊള്ളുക കല്ലുവരം ഭൂഷണധാരണം കടംവീട്ടുക ഗൃഹപ്രവേശം ഐശ്വര്യസേവ ഗന്ധലേപനം ആഭിചാരം മഹാദാനം വേദാരംഭം ആന കുതിര മുതലായവ കെട്ടുക കാടിവയ്ക്കുക നിറയ്ക്കുക രാജ്യപ്രവേശനം ഇതുകൾക്ക ഗുളികകാലം ശുഭമാകുന്നു.

വെളിയേററവും വെളിയിറക്കവും.

ചന്ദ്രൻ നില്ക്കുന്ന രാശിമുതൽ ൩ രാശി വെളിയേററം. ൪ മുതൽ ൬ വരെ രാശികൾ വെളിയിറക്കം. ൭ മുതൽ ൯ വരെ രാശികൾ വെളിയേററം. ൧൦ മുതൽ ൧൨ വരെ രാശികൾ വെളിയിറക്കം.

അധോമുഖി—ഊർദ്ധ്വമുഖി.

സൂര്യൻ നില്ക്കുന്ന രാശിയും അതിന്റെ ൭-൧൦-൧൧ ഈ രാശികളും അധോമുഖി. സൂര്യൻ നില്ക്കുന്ന രാശിയുടെ ൪-൫-൮-൧൧-തിര്യങ്മുഖി. ൩-൬-൧൨ ഊർദ്ധ്വമുഖി.

കണ്ണില്ലാത്ത നാളുകൾ.

ആദിത്യൻ നില്ക്കുന്ന നാളും അതിന്റെ ൨-൩-൫-൭-൧൦-൧൨-ഈ നാളുകളുമാകുന്നു.

അമൃതയോഗം.

ഞായറാഴ്ചയും മൂലവും, തിങ്കളാഴ്ചയും തിരുവോണവും, വ്യാഴാഴ്ചയും പുണർതവും വെള്ളിയാഴ്ചയും പൂരവും ചൊവ്വാഴ്ചയും ഉത്തിരവും ശനിയാഴ്ചയും ചോതിയും ബുധനാഴ്ചയും കാർത്തികയുംകൂടിയ ദിവസങ്ങളാകുന്നു.

മൃത്യുയോഗം.

ഞായറാഴ്ച അനിഴം, തിങ്കളാഴ്ച ഉത്രാടം, ചൊവ്വാഴ്ച ചതയം, ബുധനാഴ്ച അശ്വതി, വ്യാഴാഴ്ച മകയിരം, വെള്ളിയാഴ്ച ആയില്യം, ശനിയാഴ്ച അത്തം ഇവകൂടിയ ദിവസങ്ങളാകുന്നു.

നിറയ്ക്കുന്നതിന്.

കാർത്തികയും തൃക്കേട്ടയും ഒഴിച്ചു ശേഷം ഇരുപത്തഞ്ചുനക്ഷത്രങ്ങളും കൊള്ളാം. ഇതിനു മേടം തുലാം മകരം ഈ മൂന്നു രാശികളും വർജ്യം. വ്യാഴാഴ്ചയെടുത്തു ശനിദൃഷ്ടി ഏററവും ഉത്തമമാകുന്നു. വെളിയേററവും വെളുത്തപക്ഷവും നന്ന്.. വിഷു സംക്രമണനാൾപ്രകാരം വിതച്ചുണ്ടായിട്ടുള്ള ധാന്യങ്ങളെക്കൊണ്ടാണ് ഗൃഹപൂരണം വിധിക്കപ്പെട്ടിരിക്കുന്നതു്. ചിങ്ങമാസത്തിൽ ഉത്രാടത്തുന്നാൾ ചിങ്ങംരാശി സമയം ഗൃഹപൂരണംചെയ്യുകാണെന്നുണ്ടു്. അന്നു മുഹൂർത്തം ചിന്തനീയവുമല്ല.

ശുഭയോഗം.

അത്തം അശ്വതി ചോതി അനിഴം ചതയം പുണർതം ഉത്രം ഉത്രാടം ഉത്രട്ടാതി രേവതി ചിത്തിര തിരുവോണം മകയിരം പൂയം അവിട്ടം രോഹിണി ഈ നക്ഷത്രങ്ങളും ഞായർ ബുധൻ വ്യാഴം വെള്ളി തിങ്കൾ ഈ ആഴ്ചകളും ഇവയുടെ ഉദയങ്ങളും ശുക്ലപക്ഷങ്ങളും സ്ഥിരം ഇവ

മാശുരുമിയോടുകൂടിയ ചരരാശികളും കന്നിരാശിയും ഉത്തമമാകുന്നു.

ചികിത്സയ്ക്കു്.

അശ്വതി രോഹിണി മകയിരം തിരുവാതിര പൂയം ചിത്തിര ചോതി തിരുവോണം ചതയം ഈ നാളുകളും ഞായർ ചൊവ്വാ ബുധൻ വ്യാഴം എന്നീ ആഴ്ചകളും മേടം മിഥുനം കർക്കടകം തുലാം വൃശ്ചികം മകരം മീനം ഈ രാശികളും ആറിലും എട്ടിലും പാപികൾ നില്ക്കാത്തതും വെളിയിറക്കമുള്ളതുമായ രാശികളും ലാഭം ഏകാർഗ്ഗളം ശുഭയോഗം എന്നിത്യാദികളും ദിവസങ്ങളും ചികിത്സകർമ്മത്തിന്നു് ശുഭങ്ങളാകുന്നു. ജന്മാനുജന്മങ്ങളും പ്രതിപദി ദശമി വാവു് എന്നീ തിഥികളും വർജ്ജിക്കണം. കണ്ണില്ലാത്ത നാളുകളും ഞായർ വെള്ളി ചൊവ്വാ ശനി എന്നീ ആഴ്ചകളും കൊള്ളരുതു്. കണ്ണുരോഗചികിത്സയ്ക്കു പാപഗ്രഹങ്ങളുടെ യോഗദൃഷ്ടികളും മൂലരോഗചികിത്സയ്ക്കു കറുത്തവാവും ശുഭങ്ങളാകുന്നു.

ഭ്രാം (പ്രാന്തം)

ദ്വിതീയ സപ്തമി ദ്വാദശി ഈ തിഥികളാണു് പുര മേയുന്നതിന്നു വർജ്ജ്യം.

പുരമേയുന്നതിന്നു്.

ഉൺനാളുകൾ വിശേഷം. തിങ്കൾ ബുധൻ വ്യാഴം വെള്ളി ഈ ആഴ്ചകൾ ഉത്തമം. ദ്വിതീയ സപ്തമി ദ്വാദശി ചതുർത്ഥി നവമി ചതുർദ്ദശി ഈ തിഥികൾ വർജ്ജ്യം.

രിക്താ.

ചതുർത്ഥി നവമി ചതുർദ്ദശി ഈ പക്കങ്ങളാണു്.

മരംമുറിപ്പാൻ.

ചോതി വിശാഖം അനിഴം തൃക്കേട്ട മൂലം ഭരണി തിരുവോണം ചതയം ഈ ഒൻപതു നാളുകളും കൊള്ളരുതു്.

ആഴ്ചകളിൽ ചൊവ്വാഴ്ചയും ശനിയാഴ്ചയും തിങ്കളാഴ്ചയും വൎജ്യം. രാശികളിൽ ഇടവം ചിങ്ങം വൃശ്ചികം കുംഭം ഇതുകളും രോഹിണിയും അത്യന്തം മുഖ്യം. ഇഷ്ടിക ചുടുന്നതിനും ഇപ്രകാരംതന്നെയാണു്.

പുരവെയ്ക്കുന്നതിനു്.

കിഴക്കും പടിഞ്ഞാറും വെയ്ക്കുന്നതിനു് മകരം കർക്കടകം ചിങ്ങം കുംഭം ഈ മാസങ്ങളും, വടക്കും തെക്കും വെയ്ക്കുന്നതിനു് ഇടവം വൃശ്ചികം മേടം തുലാം ഈ മാസങ്ങളും വേണ്ടതാണു്. മിഥുനം കന്നി ധനു മീനം ഈ മാസങ്ങളിൽ ഉൾപ്പുര, തൊഴുത്തു്, കളം ഇതുകൾ ഉണ്ടാക്കുന്നതിനുമാത്രം വിരോധമില്ലെന്നും അറിയേണ്ടതാകുന്നു.

കിണർ വെട്ടാൻ.

ചോതി ചിത്തിര അശ്വതി മകയിരം ഈ നാളുകൾ വൎജ്യം. വിശേഷാൽ പൂരാടം ഉത്തമം. മീനരാശിയിൽ കിണറു കഴിക്കുന്നതു ഉത്തമം. മേടം കുംഭം മകരം ഈ രാശികളിലും നന്നുതന്നെ. ആദ്യപാദത്തിങ്കലും അവസാനപാദത്തിങ്കലും ഇന്ദ്രപാദത്തിങ്കലും ശുഭപ്രദവും മദ്ധ്യപാദത്തിങ്കൽ സ്ത്രീനാശവും ഫലമാകുന്നു.

ഭൂകമ്പം.

ഭൂകമ്പം ഉണ്ടായാൽ ദുർഭിക്ഷവും രോഗവും രാജാക്കന്മാൎക്കു നാശവും യുദ്ധവും ഉണ്ടാകുന്നതാണു്.

മഴവില്ലു്.

മഴയില്ലാത്ത കാലത്തു് പകൽ കിഴക്കേദിക്കിൽ മഴവില്ലു കണ്ടാൽ മഴയുണ്ടാകയും മഴക്കാലത്തു്, മേൽപ്രകാരം കണ്ടാൽ മഴ മാറുകയും, എല്ലാകാലത്തും പടിഞ്ഞാറു മഴവില്ലു കണ്ടാൽ മഴയുണ്ടാകയുംചെയ്യും. രാത്രിയിൽ കിഴക്കു വില്ലിട്ടാൽ ഭൂനാശത്തെയും, തെക്കിട്ടാൽ സേനാനായകനാശ

ത്തേയും, പടിഞ്ഞാറായാൽ രാജനാശത്തേയും, വടക്കായാൽ മന്ത്രിനാശത്തേയും ചെയ്യുന്നതാണ്.

പുച്ഛനക്ഷത്രം.

പുച്ഛനക്ഷത്രമണ്ഡൂകം ശ്വേതകാകശ്ച വായസം
രാത്രാവിന്ദ്രധനുർദൃഷ്ട്വാ തദ്രാഷ്ട്രം പരിവർജ്ജയേൽ

വാൽനക്ഷത്രം വാഴമണ്ഡൂകം വെളുത്തകാക്ക രാത്രിയിൽ മഴവില്ല് ഇവ പ്രത്യക്ഷമാകുന്ന രാജ്യത്തെ ഉടനെ തന്നെ ഉപേക്ഷിക്കേണ്ടതാകുന്നു.

ഗ്രഹസംയോഗം.

ഏകരാശിയിൽ അഞ്ചു ഗ്രഹം ഒന്നിച്ചാൽ ക്ഷാമം; ആറു ഗ്രഹം ഒന്നിച്ചാൽ ശങ്കയേ; ഏഴു ഗ്രഹം ഒന്നിച്ചാൽ ജഗൽപ്രളയം ഇവ ഉണ്ടാകുന്നതാണ്.

ഗ്രഹണഫലം.

മീനം കന്നി ഈ മാസങ്ങളിൽ ചന്ദ്രഗ്രഹണമോ സൂര്യഗ്രഹണമോ ഉണ്ടായാൽ അതിവർഷവും വെള്ളപ്പൊക്കവും ഉണ്ടാകും.

കൊടുങ്കാറ്റുയോഗം.

കന്നി രാശിയിൽ ചന്ദ്രനും ശുക്രനും ചൊവ്വായും ബുധനും നില്ക്കുകയും അതിന്റെ പന്ത്രണ്ടാംരാശിയിൽ ആദിത്യനും ഏഴിൽ ശനിയും നില്ക്കയാണെങ്കിൽ കൊടുങ്കാറ്റുണ്ടാകും. ശുക്രനും ബുധനും സൂര്യനും ചന്ദ്രനുംകൂടി ധനുരാശിയിൽ നില്ക്കുമ്പോൾ വൃശ്ചികത്തിൽ ചൊവ്വാവന്നാൽ കൊടുങ്കാറ്റു ഉണ്ടാകും. കാർത്തികമാസത്തിലെ അമാവാസി ഞായർ ചൊവ്വ ശനി ഇവയിൽ ഏതെങ്കിലും ഒരാഴ്ചയിൽ വരികയും ചോതിനക്ഷത്രത്തിൽ ശുക്രനും വ്യാഴവും ബുധനും നില്ക്കുകയുംചെയ്താൽ കൊടുങ്കാറ്റുകൊണ്ടോ പേമഴവെള്ളംകൊണ്ടോ മനുഷ്യാദി സകലപ്രാണികൾക്കും മരണഭയം ഉണ്ടാകും.

വക്രലക്ഷണം.

ശനി ചൊവ്വാ വ്യാഴം ഇവരുടെ അഞ്ചിൽ ആദിത്യൻ വരുമ്പോൾ വക്രം തുടങ്ങും. ഒൻപതിൽ വരുമ്പോൾ തീരുകയുംചെയ്യും. ഒരാണ്ടിൽ വ്യാഴം മൂന്നു രാശിയിൽ ചരിക്കയാണെങ്കിൽ ഏഴുകോടി ശവം ഭൂമിയിൽ വീഴുന്നതാണ്.

അദ്ധ്യായം ൧൦

പ്രശ്നവിഷയപ്രാരംഭം

താല്ക്കാലികങ്ങളായി അവരവൎക്ക് ഉണ്ടാകാവുന്നതായ ശുഭാശുഭഫലങ്ങളെയും രോഗാദ്യനൎത്ഥങ്ങളെയും അവകൾ ഉണ്ടാകാനിടയായിട്ടുള്ള കാരണങ്ങളെയും പ്രതിവിധികളെയും മററും അവരവൎതന്നെ കണ്ടറിയാനുള്ള ഒരുപുതിയ ലഘുമാൎഗ്ഗം ഇതിനെത്തുടൎന്നു പറയപ്പെട്ടിരിക്കുന്നു.

ആദിയിൽ വേണ്ടതു പഞ്ചാംഗം നോക്കി ആവശ്യപ്പെട്ട ദിവസത്തെ നക്ഷത്രവും സമയവും ക്ലിപ്തപ്പെടുത്തണം. അതിനുശേഷം ക്രമം കണ്ടുപിടിച്ച് ചന്ദ്രലഗ്നം നിൎണ്ണയിക്കണം. മൂന്നാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതുപോലെ ലഗ്നം കണ്ടുപിടിച്ചു രാശിയിൽ എഴുതണം. ഇതിന് ഗ്രഹസ്ഫുടങ്ങൾ കണ്ടറിഞ്ഞു് അതാതു രാശികളിൽ എഴുതുകയും ആരൂഢം നിൎണ്ണയിക്കയും ചെയ്യണം. ആരൂഢംകൊണ്ടും ഉദയലഗ്നംകൊണ്ടും പൃച്ഛകന്റെ ഗുണദോഷങ്ങളെ ചിന്തിക്കണം. ജാതകചിന്തനകൾക്കു പറഞ്ഞിട്ടുള്ളവകൾതന്നെയാണ് പ്രശ്നചിന്തകൾക്കും വേണ്ടതു്. അതിനാൽ അവകളെ വഴിപോലെ ഗ്രഹിച്ചും ഈശ്വരവിശ്വാസത്തെ മുൻനിറുത്തിയുംവേണം ഫലങ്ങൾ പറയേ

ങ്ങളു്. നിങ്ങൾക്കു വരാൻപോകുന്ന ഗുണദോഷങ്ങളും ഈശ്വരപ്രേരണകൊണ്ടാണല്ലോ ഫലം അറിയേണ്ടതു്. പ്രശ്നവും ജാതകത്തോടു് സമാനമാകുന്നു. അതുകൊണ്ടു ജന്മലഗ്നംപോലെതന്നെ ആരൂഢരാശിക്കും ലഗ്നരാശിക്കും പ്രാധാന്യമുണ്ടെന്നു ഗ്രഹിക്കേണ്ടതാകുന്നു.

ജ്യോതിഷികന്റെ ദിനകൃത്യങ്ങൾ.

അതിരാവിലെ എഴുന്നേറ്റു തന്റെ ഇഷ്ടദേവതയെ പ്രാർത്ഥിക്കണം. പിന്നീടു് ശൗചസ്നാനാദികളും നിത്യാനുഷ്ഠാനങ്ങളും മന്ത്രജപാദികളുമായ ആഹ്നികകർമ്മങ്ങളുംകഴിഞ്ഞു പഞ്ചാംഗംവച്ചു ഗ്രഹങ്ങളേയും ഗണിച്ചു മനോവികാരങ്ങളുംകൂടാതെ നിശ്ചലചിത്തനായി സ്ഥിതിചെയ്യേണ്ടതാകുന്നു.

ദൈവജ്ഞൻ അറിഞ്ഞിരിക്കേണ്ട സംഗതികൾ.

പ്രശ്നം ചോദിക്കാനായി വരുന്ന ആളിന്റെ ശ്വാസം സ്പർശം സ്ഥിതി ഉപവിഷ്ടി ഉപശമനം തന്റെ ശ്വാസഗതി, പോകുന്ന വഴിക്കു കാണപ്പെടുന്ന ശകുനങ്ങൾ, ഗൃഹത്തിൽ പ്രവേശിക്കുമ്പോൾ അനുഭവപ്പെടുന്ന ലക്ഷണങ്ങൾ, പ്രശ്നകർമ്മത്തിന്റെ ഉപകരണസാധനങ്ങൾ, സപ്തസംഖ്യാദിഫലങ്ങൾ, സൂത്രം ത്രിസ്ഫുടം അഷ്ടമംഗലം ആരൂഢം ഉദയം ഗ്രഹങ്ങളുടെ സ്ഥിതിഭേദങ്ങൾ, ജാതകംകൊണ്ടു കണ്ടുപിടിക്കാവുന്ന ഫലങ്ങൾ, ആയുർവ്വിഷയം ഇവകളാണു്.

പ്രശ്നത്തിനു വർജ്ജ്യസ്ഥലങ്ങൾ.

കൊട്ടുംകാടു് ചുടുകാടു് കുന്നുംകുഴിയുമായിരിക്കുന്ന സ്ഥലം ശൂന്യമായ വീടു് ദുഃഖിതന്മാരായ ജനങ്ങളോടുകൂടിയ വീടു്, അഗ്നി ഉണങ്ങിയ മരം ഇവകളുടെ സമീപം മനസ്സിനും കണ്ണിനും പ്രീതിയില്ലാത്ത പ്രദേശം പ്രേതക്രിയകളും മുതലായ അശുഭകർമ്മങ്ങൾ ചെയ്യുന്ന സ്ഥലം ഇവ

കളാകുന്നു. ഈ സ്ഥലങ്ങളിൽവെച്ചു ചോദിച്ചാൽ സംഗതി കൾ വെളിവാകുന്നതല്ലെന്നും ധരിച്ചിരിക്കണം.

ശുഭസ്ഥലങ്ങൾ.

നല്ലവണ്ണം മിനുസപ്പെട്ട സ്ഥലം, മനഃസന്തോഷത്തെ വർദ്ധിപ്പിക്കുന്ന ഉപകരണങ്ങളോടുകൂടിയ പ്രദേശം, പുഷ്പങ്ങളും ഫലങ്ങളും ധാരാളം വൃക്ഷങ്ങളും നിറഞ്ഞ പ്രദേശം, അടിച്ചുവാരി ചാണകം മെഴുകി ശുദ്ധിപ്പെടുത്തിയ സ്ഥലം ദൈവാർച്ചനാസ്ഥലങ്ങൾ ഇവകളാകുന്നു.

ദുശ്ശകുനങ്ങൾ.

പാമ്പ് പൂച്ച ഉടുമ്പ് കീരി കുരങ്ങ് ഇവകൾ കുറുക്കെച്ചാടുക, കടുക് വിറക് കല്ല് പുല്ല് ഇവകൾ നേരിട്ടു കൊണ്ടുവരിക, പഞ്ഞി മരുന്ന് എള്ള് ഉപ്പ് വല മന്നും തീക്കനൽ ഇരുമ്പ് തോൽ സർപ്പം ദുർഗ്ഗന്ധപദാർത്ഥങ്ങൾ ഭ്രാന്തൻ ആപത്തിൽ പെട്ടവൻ തിരിച്ചറിവില്ലാത്തവൻ കണ്ണു കാണാൻ പാടില്ലാത്തവൻ കേൾക്കാൻ വയ്യാത്തവൻ നപുംസകം സന്യാസി കണ്ണിനും ചെവിക്കും മനസ്സിനും അനിഷ്ടമാണെന്നു തോന്നുന്ന മറ്റു പദാർത്ഥങ്ങൾ ഇവ വഴിയിൽ നേരിട്ടു കണ്ടാലും അനിഷ്ടഫലത്തെ കൊടുക്കുന്നതാണെന്നും അറിയേണ്ടതാണ്.

ശുഭശകുനങ്ങൾ.

പച്ചയിറച്ചി, മത്സ്യം, തേൻ, നെയ്യ്, വെള്ളമുണ്ട്, വെളുത്ത കരിക്കട്ട്, ആന, പക്ഷികൾ. ആഭരണങ്ങൾ കുതിര, രാജാവ്, ധനജനസമൃദ്ധിയോടുകൂടിയ മനുഷ്യൻ, ദേവന്മാരുടെ എഴുന്നള്ളത്ത്, വെഞ്ചാമരം, ശവം, ശുദ്ധബ്രാഹ്മണർ, കത്തുന്ന തീയ് ഇവകൾ നേരിട്ടു വരുന്നതും, പക്ഷികളും മൃഗങ്ങളും വലത്തുവശത്തുകൂടി കഴിഞ്ഞുപോകുന്നതും, കുറുക്കൻ, പട്ടി, കാക്ക, ആട്, മാൻ, ആന ഇവകൾ ഇടത്തുവശത്തുകൂടി കഴിഞ്ഞുപോകുന്നതും ശുഭമാകുന്നു.

ശകുനപരിഹാരം.

ദുശ്ശകുനം കണ്ടാൽ ഉടനെ തിരിച്ചു കാര്യത്തിനായിപ്പോകരുത്. ശകുനം പാടില്ലാത്ത സംഗതികളിൽ മടങ്ങിവന്നു ശരീരശുദ്ധി വരുത്തി പതിനൊന്നുപ്രാവശ്യം പ്രാണായാമം ചെയ്തു പുറപ്പെടുക.

പ്രശ്നം പറയിപ്പിക്കാൻ പോകുന്ന ആളുകൾ അറിഞ്ഞിരിക്കേണ്ട സംഗതികൾ.

ഭരണി കാർത്തിക തിരുവാതിര ആയില്യം മകം പൂരം വിശാഖം കേട്ട മൂലം പൂരാടം പൂരുരുട്ടാതി ഇനാളുകളും, ചതുർത്ഥി നവമി പതിന്നാലു സ്ഥിരകരണം വിഷ്ടി ചൊവ്വാ ശനി ഈ ആഴ്ചകളും ഒഴിച്ചു രാവിലെ ദൈവജ്ഞന്റെ സമീപത്തു ചെന്നു എന്തെങ്കിലും ഒരു കാഴ്ചദ്രവ്യം കൊടുത്തു അനുഗ്രഹത്തെ പ്രാർത്ഥിക്കണം. അല്ലാതെ യാദൃച്ഛികമായി കാണപ്പെടുന്ന അവസരത്തിലോ പരീക്ഷിപ്പാനായോ അവിശ്വാസമായിട്ടോ ദുർമ്മതിയോടുകൂടിയോ ചോദിക്കരുതെന്നും അറിയേണ്ടതാകുന്നു.

പ്രശ്നനിരൂപണവിഷയം.

ആരൂഢരാശി ഉദയലഗ്നരാശി നവാംശകരാശി ഛത്രരാശി സ്പൃഷ്ടാംഗരാശി പ്രശ്നകാലത്തു ചന്ദ്രൻ നില്ക്കുന്ന രാശി ഈ ആറു കാരണങ്ങളും പ്രശ്നഫലനിരൂപണത്തിനു വിഷയങ്ങളാണ്. എന്നാൽ ആരൂഢാധിപൻ ലഗ്നാധിപൻ ആദിത്യൻ ചന്ദ്രൻ ഇവർക്കു ബലമില്ലാതെ കാണുന്നതായാൽ പ്രശ്നവിചാരം യാതൊരു ഗുണവുമില്ലാത്ത അവസ്ഥയാണെന്നും അറിയേണ്ടതാണ്.

ഇനി രാശിചക്രവിവരണത്തെ പറയുന്നു.

സ്ഥിരചക്രം ചരചക്രം ഇങ്ങനെ രണ്ടു പ്രകാരം രാശിചക്രമുണ്ട്. അതായതു ജ്യോതിഷികന്റെ അടുത്തുവന്നു ചോദിക്കേണ്ടവരും നില്ക്കുന്നതോ ഇരിക്കുന്നതോ ആയ രാ-

ശി ആകുന്നു ദ്വിസ്വഭാവരാശി എന്നും അതുപോലെ ജ്യൌതി
ഷികൻ സപ്തസ്ഥം ആരെക്കൊണ്ടാണൊ രാശിയിൽ വസ്സി
ക്കുന്നതു്, അതാതാം സപ്തസ്ഥ വരുന്ന രാശി ഏതോ
അതും ആ സ്വഭാവരാശിയായിത്തന്നെ വിചാരിക്കേണ്ടതാ
ണെന്നാം അറിയേണ്ടതാണു്. ഇപ്രകാരം വരുന്ന രാശി
ആകുന്നു സപ്തരാശിചക്രമെന്നു പറയുന്നതു്. പ്രശ്ന
സമയം ഏതുരാശിയാണൊ ഉദയം ചെയ്യുന്നതു അതു രാശി
ഉദയരാശി അതിന്റെ ചരചക്രമെന്നും അറിയേണ്ടതാ
ണു്. ഈ രണ്ടു രാശികളെക്കൊണ്ടും ശുഭാശുഭഫലത്തെ
പറയാവുന്നതാകുന്നു.

ശകുനവിശേഷം പറയുന്നതിനു്.

പ്രഷ്ടാവു് (ചോദ്യകർത്താവു്) ഏതൊരു രാശിയിലാ
ണൊ സ്ഥിതിചെയ്യുന്നതു് അതുകൊണ്ടും ഉദിച്ച രാശികൊ
ണ്ടും അതിന്റെ ഏഴാംരാശികൊണ്ടും ഫലംപറയാവുന്ന
താകുന്നു.

ചോദിക്കപ്പെട്ടവൻ ആരും വന്നു ഇരിക്കുന്ന രാശിയി
ലൊ അതിന്റെ ത്രികോണ ഈ രാശികളിലൊ രാഹുവൊ ശനി
യൊ നില്ക്കുന്നു എങ്കിൽ വഴിയിൽ വച്ചു ചണ്ഡാലസ്ത്രീ
യെയാണു ആദ്യമായി കണ്ടതെന്നും മേൽപറഞ്ഞ രാശിക
ളിൽ ചൊവ്വായൊ ബുധനൊ നില്ക്കുന്നുവെങ്കിൽ ശൂദ്രവർഗ്ഗ
ത്തിലുൾപ്പെട്ടവരെയാണു് കണ്ടതെന്നും ഗുരുവും ശുക്രനും ഇ
ടങ്ങളിൽ ചൊവ്വായൊ ബുധനൊ നില്ക്കുന്നുവെങ്കിൽ ബ്രാഹ്മ
ണരെയാണു് കണ്ടതെന്നും ചന്ദ്രശുക്രന്മാരാണെങ്കിൽ സ്ത്രീക
ളെയാണു കണ്ടതെന്നും മറ്റും ആലോചിച്ചു ഫലങ്ങളെ പറ
യേണ്ടതാകുന്നു. വല്ലവരും ജനങ്ങളുടെ പ്രയോജനത്തിനു വച്ചു ചെ
യ്യുന്ന പ്രശ്നത്തിനും കയ്യിലെന്തെങ്കിലും മടക്കി പിടിച്ചു
കൊണ്ടു ഇതെന്തെന്നു ചോദിക്കുന്ന പ്രശ്നത്തിനും വാരകാ
ര്യത്തെ കുറിച്ചു ചോദിക്കുന്നതിനും രാത്രി ദിനാവസാനം ക
ർമ്മാവസാനം ഈ അവസരങ്ങളിൽ ചോദിക്കുന്നതിനും സ്ഥി

ഷചക്രംകൊണ്ടുതന്നെ ഫലം പറയേണ്ടതാണ്. യാദൃച്ഛികമായി ചോദിക്കുന്നവനോടും വഴിമദ്ധ്യെവെച്ചു ചോദിക്കുന്നവനോടും നിന്ദയോടുകൂടിയും പരീക്ഷാർത്ഥമായിട്ടും ജ്യോതിശ്ശാസ്ത്രത്തിൽ വിശ്വാസമില്ലാതെയും സംഭാവനചെയ്യുന്നതിനായി യാതൊന്നും കൊണ്ടുവരാത്തവരോടും ദൈവജ്ഞൻ യാതൊരു ഫലങ്ങളും പറയരുതെന്നും അറിഞ്ഞിരിക്കേണ്ടതാകുന്നു.

ശ്വാസഗതി അറിയുന്നതിന്.

ഇഡാ പിംഗല സുഷുമ്ന എന്നിങ്ങനെ മൂന്നു നാഡികളിൽകൂടിയാണ് ശ്വാസം ഗതിചെയ്യുന്നത്. പിന്നെ പൃഥ്വി, അപ്പ്, തേജസ്സ്, വായു, ആകാശം ഇങ്ങനെ പഞ്ചഭൂതങ്ങളായിട്ടും ഗതിചെയ്യുന്നു. ഇവയിൽ ഏതിലാണെന്നറിഞ്ഞിട്ട് അതുകൊണ്ടു തീർച്ച ആ ദിവസത്തെ ശുഭാശുഭഫലങ്ങളെല്ലാം അറിയേണ്ടതാണ്. ശ്വാസപരീക്ഷ ചെയ്യുമ്പോൾ നാസാഗ്രത്തിൽനിന്നു 16-അംഗുലംമുതൽ മേല്പട്ടു ശ്വാസം ഗമിക്കുന്നുവെങ്കിൽ അതു പൃഥ്വീഭൂതമെന്നും, 12-അംഗുലംമുതൽ മേല്പട്ടു ശ്വാസത്തിനു ദൈർഘ്യമുണ്ടെങ്കിൽ ജലം ഭൂതമാണെന്നും, 8-അംഗുലംമുതൽ മേല്പട്ടു 12-അംഗുലത്തിനു താഴെയാണെങ്കിൽ അഗ്നി ഭൂതമാണെന്നും, 6-അംഗുലത്തിനുമേൽ 8-അംഗുലത്തിനു താഴെയാണെങ്കിൽ വായു ഭൂതമാണെന്നും, 3-അംഗുലത്തിനുമേൽ 6-അംഗുലത്തിനുതാഴെയാണെങ്കിൽ ആകാശം ഭൂതമാണെന്നും അറിഞ്ഞുകൊള്ളേണ്ടതാകുന്നു. 3-അംഗുലത്തിൽ കുറഞ്ഞു ശ്വാസഗതി ഉണ്ടാകുന്നതല്ല. വാദപ്രതിവാദം, മല്ലുകളി, യുദ്ധം, കളി, ഊണ്, സ്ത്രീസേവ, വ്യാപാരം, ദാനം, കടംകൊടുക്കുക ഈ ഘട്ടങ്ങളിൽ ശ്വാസം വലത്തുഭാഗമായാൽ ശുഭമാകുന്നു. വീട്ടിൽനിന്നു പുറപ്പെടുക, ദാനംചെയ്യുക, വിവാഹംനടത്തുക, ആഭരണം ധരിക്ക, സന്ധി പറക ഈ ഘട്ടങ്ങളിൽ ഇടത്തുവശത്തുള്ള ശ്വാസം ശുഭകരമാ

കുന്നു. തിങ്കൾ ബുധൻ വ്യാഴം വെള്ളി ഈ ആഴ്ചകളിൽ ഇട
ത്തുവശത്തും ഞായർ ചൊവ്വാ ശനി ഈ ആഴ്ചകളിൽ വല
ത്തുവശത്തും സഞ്ചരിക്കുന്ന ശ്വാസം ശുഭപ്രദമാകുന്നു.
ശ്വാസം അഗ്നിയുക്തമായാൽ ശത്രുഭയം യുദ്ധങ്ങളെ
കൊണ്ടുള്ള മുറിവു ഗൃഹത്തിനും കന്നുകാലികൾക്കും അഗ്നി
ബാധ പരസ്പരം അന്യോന്യദ്വേഷം ഇവയും, വായുയുക്തമാ
ണെങ്കിൽ സ്ഥാനഭ്രംശം വാഹനങ്ങളിൽ കയറി യാത്രചെയ്യു
ക ഇതുകളും, ആകാശയുക്തമായ ശ്വാസമാണെങ്കിൽ ഉപ
ദേശങ്ങൾ സ്വീകരിക്ക വേദനാപ്രതിപത്തിക്ക ശാരീരമായ
ദുഃഖങ്ങൾ അനുഭവിക്ക മുതലായതുകൾക്കു ഇടവരുന്നതാ
ണ്. ശ്വാസം ഇടത്തെനാഡിയിൽക്കൂടി പുറപ്പെടുന്ന
സമയം കാര്യസാദ്ധ്യത്തിനെ ഉദ്ദേശിച്ചും, വലത്തെ നാ
ഡിയിൽക്കൂടി ശ്വാസം പുറപ്പെടുന്നസമയം കാര്യസാദ്ധ്യ
ത്തിൽ ഉദ്ദിഷ്ടമായ സ്ഥാനത്ത് പ്രവേശിക്കുന്നതും ശോ
ഭനമാകുന്നു. പുരുഷൻ രോഗാവസ്ഥയിൽ കിടക്കുമ്പോൾ
വേറൊരു പുരുഷൻ വലത്തുഭാഗത്തു വന്നു രോഗാവസ്ഥ
ചോദിച്ചറിയുകയാണെങ്കിൽ ശ്വാസം പരീക്ഷിക്കണം. വല
ത്തുഭാഗമാണെങ്കിൽ രോഗം ശമിച്ചു പെട്ടെന്നു സുഖംകി
ട്ടും. സ്ത്രീ രോഗാവസ്ഥയിൽ കിടക്കുമ്പോൾ മറ്റൊരു
സ്ത്രീ ഇടത്തുഭാഗത്തുനിന്നു ചോദിക്കയും ശ്വാസം ഇടത്തെ
യിരിക്കുകയും ചെയ്താൽ രോഗിണിയുടെ രോഗം ശമിച്ചു
പെട്ടെന്നു സുഖംകിട്ടുമെന്നും അറിയേണ്ടതാകുന്നു. ചോ
ദിച്ചറിയുന്നതിനായി വന്നിട്ടുള്ള ആൾ ചോദ്യത്തിനുശേ
ഷം ശ്വാസഗതിയുള്ളഭാഗത്തുമാറി സ്ഥിതനായിരുന്നാൽ
രോഗത്തിൽപ്പെട്ടിരിക്കുന്ന ആൾ നിശ്ചയമായും മരിക്കുന്ന
തല്ല. ഗർഭിണികളെ കാണുന്നസമയം ശ്വാസപരീക്ഷ
നടത്തിയാൽ വലത്തുവശമാണെങ്കിൽ പുരുഷപ്രജയും ഇട
ത്തുവശമാണെങ്കിൽ സ്ത്രീപ്രജയുമായി ഭവിക്കുമെന്നും അറി
യേണ്ടതാണ്. നേരെമറിച്ചു ഗർഭിണി ചോദിക്കയാണെ
ങ്കിൽ ശ്വാസസഞ്ചാരമുള്ള ഭാഗത്തുനിന്നു ചോദിച്ചു

ൾ എങ്കിൽ ഗൎഭത്തിലുള്ള പ്രജ പുരുഷനാണെന്നും ശ്വാ സമില്ലാത്തഭാഗത്തു നില്ക്കയാണെങ്കിൽ സ്ത്രീയാണെന്നും രണ്ടുകക്ഷിയുംനിന്നു ശ്വാസഗതി തുല്യമായി പുറപ്പെടുകയു ണെങ്കിൽ ഗൎഭത്തിൽ രണ്ടുപ്രജയുണ്ടെന്നും അതു ഒന്നു പു രുഷനും ഒന്നു സ്ത്രീയുമായി ജനിക്കുമെന്നും പറയേണ്ടതാകു ന്നു. നാഡികളുടെ ഗതിഭേദങ്ങൾ യോഗികൾക്കുമാത്രമെ നല്ലവണ്ണം അറിവാൻ കഴികയുള്ളു എന്നും അറിഞ്ഞിരി ക്കേണ്ടതാണു്.

ഗൎഭത്തിൽകിടക്കുന്ന ശിശു ആണോ പെണ്ണോ എന്നറിയുന്നതിനു്.

ഗൎഭിണിയുടെ നാമധേയത്തിന്റെ അക്ഷരങ്ങൾ എണ്ണി അതിനോടുകൂടി ൨൦ കൂട്ടി അതിനോടു തിഥിയും കൂട്ടി ഒൻപതുകൊണ്ടു ഹരിച്ചാൽ ഒററവന്നാൽ ആണും ഇരട്ടവന്നാൽ പെണ്ണുമായിരിക്കും.

പ്രശ്നസമയത്തിൽ ദൂതൻ ഇരിക്കുന്ന രാശികൊണ്ടു കണ്ടുപിടിക്കേണ്ടവ.

ദൂതന്റെ ചുററും എവിടെയെല്ലാം ജനങ്ങൾ ഇരിക്കു ന്നുവോ ആ ദിക്കുകളിൽ ഇരിക്കുന്നവരുടെ ജാതിക്കാർ പാ ൎക്കുന്ന ഭവനങ്ങളുണ്ടെന്നു പറയണം. ആ സമയം വല്ലവ ഴിച്ചുകൊണ്ടു ആരെങ്കിലും വരികയാണെങ്കിൽ അവർ ഏതൊരു ദിക്കിൽനിന്നു വരുന്നുവോ ആ ദിക്കിൽ ശാസ്താ വിന്റെ ക്ഷേത്രമുണ്ടെന്നു പറയണം. വിരൂപന്മാരായ കുട്ടി കൾ വന്നാൽ ആ ദിക്കിൽ പിശാചുക്കളുടെ വാസമുണ്ടെ ന്നുപറയണം. ബ്രാഹ്മണൻ വന്നാൽ ആ ദിക്കിൽ ബ്രഹ്മ രക്ഷസ്സിന്റെ വാസമുണ്ടെന്നു പറയണം. ഇതുവക ലക്ഷ ണങ്ങൾ ഒക്കെ ദൈവജ്ഞൻ കാണുന്നതിനു ദൂതൻ വന്നു ഇരിക്കുന്ന ഘട്ടത്തിലും ദൂതൻ സപ്രശ്നംവച്ചതിനുശേഷം പോയിരിക്കുന്ന ഘട്ടത്തിലും വിചാരിച്ചു പറയേണ്ടതാണെ ന്നും അറിഞ്ഞുകൊള്ളേണ്ടതാകുന്നു.

പ്രശ്നാംഗലക്ഷണങ്ങൾ.

ഉദയം മദ്ധ്യാഹ്നം ഈ സമയത്തോടു ഏററവും അടുക്കാത്ത ഉള്ള സമയം ആദിത്യൻ നല്ലപോലെ പ്രകാശിച്ചിരിക്കുമ്പോൾ വേണം പ്രശ്നകർമ്മം ആരംഭിക്കേണ്ടതു്.

പ്രശ്നത്തിനുള്ള സാമഗ്രികളിൽ ശ്രേഷ്ഠതയാണ് ആദ്യമായി കൊണ്ടുവരുന്നു എങ്കിൽ രോഗി മരിക്കുമെന്നും ദീപമാണു കൊണ്ടുവരുന്ന എങ്കിൽ ആയുരാരോഗ്യാദിശുഭത്തെ ഉണ്ടാക്കുന്നതാണെന്നും അറിഞ്ഞിരിക്കണം.

ദീപലക്ഷണം.

പ്രശ്നാരംഭസമയം ജ്വലിക്കുന്ന വിളക്കിന്റെ സകല അവസ്ഥയും നോക്കി ഫലങ്ങളെ പറയേണ്ടതാകുന്നു.

വാമാവർത്തോ മലിനകിരണഃ സസ്ഫുലിംഗോല്പമൂർത്തിഃ
ക്ഷിപ്രം നാശം വ്രജതി വിമലസ്സ്നേഹവർത്ത്യന്വിതോപി
ദീപഃ പാപം കഥയതി ഫലം ശബ്ദവാൻ വേപനശ്ച
വ്യാകീർണ്ണാർച്ചിർവ്വിധുരശിഖോ യശ്ച നാശം പ്രയാതി.

ദീപത്തിന്റെ ഇടവലങ്ങളെ ചുഴിച്ചിൽ അശുഭസൂചകമാകുന്നു. അതിന്റെ മലിനതയും, പൊരിച്ചിലും അല്പതയും ആയുസ്സിനെ സംബന്ധിച്ച ചില ദോഷഫലങ്ങളെ സൂചിപ്പിക്കുന്നു. എണ്ണയും തിരിയും ശുദ്ധവും സമ്പൂർണ്ണവുമായിരിക്കെ വിളക്കു അണഞ്ഞുപോകുന്നു എങ്കിൽ അതും അശുഭലക്ഷണമാകുന്നു. ഒരിക്കൽ ശബ്ദത്തോടുകൂടി കത്തുന്നതും ജ്വാലയ്ക്കുമിളക്കമുള്ളതും പലപ്രാവശ്യം കത്തിച്ചിട്ടും വീണ്ടും വീണ്ടും അണയുന്നതും കഷ്ടതരങ്ങളാകുന്നു.

ദീപഃ സംഹതമൂർത്തിരായതതനുർന്നിർവേപഥുർദ്ദീപ്തിമാൻ
നിശ്ശബ്ദോ രുചിരഃ പ്രദക്ഷിണഗതിർവ്വൈഡൂര്യഹേമദ്യുതിഃ
ലക്ഷ്മീം ക്ഷിപ്രമഭിവ്യനക്തി രുചിരോ യശ്ചോച്ഛ്രിതം ദീപ്യതേ
ശേഷം ലക്ഷണമഗ്നിലക്ഷണസമം യോജ്യം യഥായുക്തിതഃ

ചിതറാതെ ശോഭിച്ചു നീണ്ട വിറയലും ശബ്ദവുമില്ലാതെ ദ്രുതഗതിയായി വലത്തുവശം ചുഴിഞ്ഞു വൈഡൂര്യത്തിന്റെയോ സ്വർണ്ണത്തിന്റെയോ ദ്യുതിക്കു സമാനമായ നിറത്തോടുകൂടി മനോഹരമായി ജ്വലിക്കുന്ന ദീപം പ്രഷ്ടാവിനു മഹൈശ്വര്യമായ കാലം ഏറ്റവും സമീപിച്ചിരിക്കുന്നു എന്നു കാണിക്കുന്നു. ചിതറാതെ ഉൽസാഹത്തോടുകൂടി മനോഹരമായി പ്രകാശിക്കുന്ന ദീപവും ശുഭപ്രദമാകുന്നു.

മൂന്നാം രാശിയിൽ സ്വർണ്ണം വച്ചാൽ പറയേണ്ടുന്നവ.

പുഷ്പാക്ഷതോപരി സ്വർണ്ണമുത്താനം പൃഷ്ടുകായമഹോ
ത്സ്വർണ്ണം പൃഷ്ടുകരം ശുഭം സ്യാൽ ബാധാഗമാവഹം.

സ്വർണ്ണം പുഷ്പാക്ഷതാദികളുടെ മേൽഭാഗത്തു മലർന്നിരിക്കുമാണെങ്കിൽ പ്രഷ്ടാവിനു ആയുർവിഷയമായ ശുഭത്തെ പറയണം. ശുഭയിൽ മറിഞ്ഞു വീണാൽ മരണം ഫലമാകുന്നു. അതുപോലെ ക്രിയയിൽതന്നെ കമിഴ്ന്നുവീണാൽ ഭാഗ്യാധിക്യത്തെയും സൌഭാഗ്യപുഷ്ടിയേയും പറയണം.

ഉത്ഥം പുഷ്പാക്ഷതാനാം നിഹിതമിഹ യദാ
സ്വർണ്ണമുത്താനമേതൽ
തൽകാലേ ലബ്ധം സ്യാദനന്യസുഖമതുലം
പൃഷ്ടുരന്യോർദ്ധ്വപൃഷ്ഠം
തത്രസ്ഥോ മുഖം ചേൽ ക്ഷയമുപചയതഃ
കിന്ത്വഭാഗ്യം ധ്രുവം
ദൌർഭാഗ്യം ചേദധസ്ഥൽ ക്ഷയത ഉപചയാ-
ദ്ദൃശ്യതേ തത്ര വാച്യം.

സ്വർണ്ണം പുഷ്പാക്ഷതങ്ങളുടെ മേൽഭാഗത്തു മലർന്നിരിക്കുമാണെങ്കിൽ പ്രഷ്ടാവിനു അപ്പോൾ ധനം സുഖം കീർത്തി ഇവകൾ ഉണ്ടാകുമെന്നും, ആ സ്വർണ്ണം പുഷ്പാക്ഷതങ്ങളുടെ

ളുകളിൽത്തന്നെകഴിഞ്ഞിരിക്കയാണെങ്കിൽ ആ കാലം പ്രഷ്ടാ
വിന്നു ധനം മുതലായവയെക്കൊണ്ടു അഭിവൃദ്ധിയുണ്ടായിരു
ന്നു് ഇപ്പോൾ ക്രമേണ നാശം ആരംഭിച്ചിരിക്കുന്നു എന്നും
പൃഷ്ഠാക്ഷരങ്ങളുടെ ഇടയിൽ സ്പൃഷ്ടം കലർന്നിരിക്കയാണെ
ങ്കിൽ ഈ കാലംവരെ പ്രഷ്ടാവു ദ്രവ്യനാശം മുതലായ ദുരി
തങ്ങൾ അനുഭവിച്ചിരുന്നു എങ്കിലും ഇപ്പോൾ ആ ദുരിതഫ
ലം മിക്കവാറും വിട്ടു് അഭിവൃദ്ധി ആരംഭിച്ചിരിക്കുന്നു എന്നും
പറയണം. പൃഷ്ഠാക്ഷരങ്ങളിൽ കലർന്നിരുന്നാൽ അഭിവൃ
ദ്ധിയും കഴിഞ്ഞിരുന്നാൽ ക്ഷയവും പറയേണ്ടതാകുന്നു.

ലഗ്നാദിഫലങ്ങൾ.

മാന്ദീന്ദുലഗ്നനവാംശാ മൃത്യുദേഹാസവഃ ക്രമാത്
ആയുരാരോഗ്യദാസ്തേ ചരേ രോഗൈർദൈർഘ്യപ്രദാഃ സ്ഥിരേ
ഉഭയഗാഃ സംയുതാശ്ചൈതേ ത്രയഃ പ്രഷ്ടുർമൃതിപ്രദാഃ
മോഹദാഃ സ്യുർമിഥോ ദൃഷ്ട്യാ ത്രികോണസ്ഥാ മഹാരുജേ.

ഗുളികസ്ഫുടത്തെ ഒൻപതിൽപെരുക്കുമ്പോൾ ഗുളി
കന്റെ നവാംശസ്ഫുടമാകും. ഇതു മൃത്യുസ്ഫുടവുമാകുന്നു.
ചന്ദ്രസ്ഫുടത്തെ ഒൻപതിൽ പെരുക്കുമ്പോൾ ചന്ദ്രന്റെ
നവാംശകസ്ഫുടമാകും. ഇതു ദേഹസ്ഫുടമാകുന്നു. ല
ഗ്നത്തെ ഒൻപതിൽപെരുക്കുമ്പോൾ ലഗ്നത്തിന്റെ നവാം
ശകസ്ഫുടമാകും. ഇതു പ്രാണസ്ഫുടമാണു്. ഇങ്ങനെ
കാണപ്പെടുന്ന പ്രാണ-ദേഹ-മൃത്യുക്കൾ ചരരാശിയിൽ വ
ന്നാൽ പ്രഷ്ടാവിനു് ദീർഘായുസ്സും, ആരോഗ്യവും സിദ്ധി
ക്കും. ഇതുകൾ മൂന്നും സ്ഥിരരാശിയിലായാൽ രോഗശയ്യ
യിൽ വളരെക്കാലം കിടന്നു കഷ്ടപ്പെടുന്നതിനു് ഇടയാകും.
ഇവ മൂന്നും ഉഭയരാശിയിൽ വരികയും ചേർന്നിരിക്കുകയോ
ഉണ്ടായാൽ പ്രഷ്ടാവിന്റെ മരണത്തെ പറയണം. ഈ മൂന്നു
സ്ഫുടങ്ങൾക്കും അന്യോന്യം ദൃഷ്ടിയുണ്ടായാൽ പ്രഷ്ടാവി
ന്നു മോഹാലസ്യമുണ്ടാകും. അന്യോന്യം ത്രികോണങ്ങളിൽ
നിന്നാൽ പ്രഷ്ടാവിന്നു മഹാരോഗത്തെ പറയേണ്ടതാണു്.

നിരൂപണവിശേഷം

ഗ്രഹവീക്ഷണാന്യമാത്രം രാശേർഭാവേന വർത്തതേ ഗ്രഹശ്ച
ഗ്രഹവീക്ഷായുതനാഥൈർന്ന രാശിസ്സ്വകം ഭാവമാശ്രയതി

ഗ്രഹങ്ങളുടെ സ്ഥിതിയോ ദൃഷ്ടിയോ ഉണ്ടായിരുന്നാൽ ആ ഗ്രഹത്തിന്റെ ഫലത്തെയാണ് പ്രധാനമായി പറയേണ്ടത്. അവിടെ രാശിഫലം വക്തവ്യമല്ല. ഗ്രഹത്തിന്റെ യോഗമോ ദൃഷ്ടിയോ ഇല്ലാതെയിരുന്നാൽ എല്ലാ രാശിയും തന്റെ തന്റെ ഫലത്തെത്തന്നെ ചെയ്യുകയും ചെയ്യും. ഇത് നഷ്ടപ്രശ്നം ലാഭപ്രശ്നം മുഷ്ടിപ്രശ്നം മുതലായ വിഷയങ്ങളിൽ അധികവും സ്വീകാര്യങ്ങളാണ്.

യാത്രാപ്രശ്നം

ലഗ്നം ചരരാശിയായോ ചരരാശ്യംശകമായോ ചരരാശിദ്രേക്കാണമായോ വരികയും ലഗ്നാധിപനായ ഗ്രഹം ഒൻപതാമെടത്തോ അഷ്ടമത്തിലോ നിൽക്കുകയും ചെയ്യുന്ന പക്ഷം യാത്ര വിദേശവിഷയമാണെന്നു പറയണം.

യാത്രാസ്ഥിതി.

നിധനപ്രവാസപ്രവാസഃ ശുഭഗ്രഹൈർവാച്യമിതാർത്ഥസിദ്ധികൾ
ഋതേഷു പാപി ക്ലേശഃ പാപൈഃ പാതമെഷസ്ഥിതൈർവ്വാപി.

ശുഭഗ്രഹങ്ങൾ ലഗ്നത്തിലോ ഒൻപതാമെടത്തോ അഷ്ടമത്തിലോ ഏഴിലോ നിന്നാൽ യാത്രപോയ പുരുഷന് സുഖവും ഇഷ്ടസാദ്ധ്യവുമുണ്ടാകുമെന്നു പറയണം. പാപഗ്രഹങ്ങൾ ഈ പറഞ്ഞ സ്ഥാനങ്ങളിൽ നിന്നാൽ ആയാസവും ഭയവും പാപപ്രകാരേണ ക്ലേശവും അനർത്ഥം ഭവിക്കും എന്നു പറയണം. ഇവിടെ ഒൻപതാമെടത്തു ശുഭഗ്രഹം നിന്നാൽ പുറപ്പെട്ട കാലത്തിലും അഷ്ടമത്തിൽ ശുഭഗ്രഹം നിന്നാൽ നിശ്ചിതസ്ഥലത്തെത്തിയശേഷവും ഏഴാമെടത്തു ശുഭഗ്രഹം നിന്നാൽ മടങ്ങിപ്പോരുന്ന സമയത്തിലും ശുഭപ്രാപ്തിയുണ്ടാകുന്നതാണ്. ആദിത്യൻ അഷ്ടമത്തിൽ നിന്നാൽ രാജഭയ

രാജപുരുഷന്മാരോ തടുക്കുകനിമിത്തം വഴിക്കു താമസിക്കുന്ന
തിനിടയാകും. ചൊവ്വാ ഒൻപതിൽ നിന്നാൽ വാണിജ്യ
വ്യവഹാരിയും അഷ്ടമത്തിൽ നിന്നാൽ വഴിയിൽ ദുർമ്മ
രണവും ലഗ്നസപ്തമങ്ങളിൽനിന്നാൽ രോഗപീഡകളും സം
ഭവിക്കും. ഈ വകഫലങ്ങളെല്ലാം ഉദയലഗ്നംകൊണ്ടു പ
റയേണ്ടതാണ്.

നിവൃത്തിലക്ഷണം

പ്രാരബ്ധ ഗ്രഹസ്ഥരാശിം യദി പൃച്ഛൻ പ്രോഷിതാഗമേ
കണ്ടകേഷുജീവചന്ദ്രയോരേവ പ്രോഷിതവിനിവൃത്തിരാദേശ്യം

ഉദയലഗ്നാധിപനായ ഗ്രഹം ഏഴാമേടത്തു നി
ന്നാൽ പ്രോഷിതനായ പുരുഷനോ സ്ത്രീയോ ഉടനെ മടങ്ങി
എത്തുന്നതാണെന്നും ഉച്ചം മൂലത്രികോണം സ്വക്ഷേത്രം ഇവക
ളിൽ ഏതെങ്കിലും ഒരു ഗ്രഹം ഏഴാമേടത്തു നിന്നാലും മട
ങ്ങി എത്തുമെന്നും പറയാം. ബലവാനായ വ്യാഴം, ലഗ്നം
നാല് ഏഴ് പത്ത് എന്നീ കേന്ദ്രങ്ങളിൽ നിന്നാലും പ്രോ
ഷിതൻ മടങ്ങി എത്തുന്നതാണ്.

സാദ്ധ്യാസാദ്ധ്യങ്ങൾ.

൧. ലഗ്നത്തിന്റെ ആറാമേടത്തും എട്ടാമേടത്തും പാ
പഗ്രഹങ്ങൾ നോക്കുകയും നില്ക്കുകയും ചെയ്താൽ പ്രഷ്ടാവു
രോഗത്തിൽനിന്നു മോചിക്കുവാൻ പ്രയാസമായിരിക്കും.

൨. ഷഷ്ഠാഷ്ടമഭാവങ്ങളിൽ ഒരിടത്തു ശുഭഗ്രഹവും
മറ്റൊരിടത്തു പാപഗ്രഹവും നില്ക്കയും നോക്കുകയും ചെ
യ്താലും രോഗം അസാദ്ധ്യമാണെന്നു പറയണം.

൩. ലഗ്നാധിപനും രന്ധ്രാംശകവും ശേഷഗ്ര
ഹിതമായാൽ രോഗശമനം വരുവാനും പ്രയാസമായിരിക്കും.
അതുപോലെ ലഗ്നം സ്ഥിരരാശിയായാലും രോഗത്തിനു ശ
മനം ലഭിക്കയില്ല.

൮. ചരരാശിയായാൽ രോഗശാന്തിയും സുഖവും ലഭിക്കും.

൯. ആറാമേടത്തും എട്ടാമേടത്തും ശുഭഗ്രഹങ്ങളുടെ യോഗദൃഷ്ടികൾ ഉണ്ടായിരുന്നാൽ പ്രഷ്ടാവു മിക്കവാറും രോഗഹീനനായിരിക്കുകയും ചെയ്യും.

ത്രിദോഷലക്ഷണം.

ലഗ്നത്തിലോ ആരൂഢത്തിലോ നില്ക്കുകയോ നോക്കുകയോ ചെയ്യുന്ന ഗ്രഹത്തെക്കൊണ്ടു പ്രഷ്ടാവിന്റെ രോഗത്തെ ചിന്തിക്കണം. ചൊവ്വെക്കു പിത്തം, ബുധനു വാതം, ശനിക്കു വാതം, ആദിത്യനു പിത്തം, ചന്ദ്രനു കഫം, വ്യാഴത്തിനു വാതം, ശുക്രനു കഫം, രാഹുവിനു വാതം എന്നീ ക്രമത്തിനു പറഞ്ഞിട്ടുള്ള ത്രിദോഷവികാരങ്ങളിൽനിന്നുണ്ടായ രോഗത്തെയാണു നിർദ്ദേശിക്കേണ്ടതു്. ലഗ്നാരൂഢങ്ങളിൽ ഗ്രഹയോഗദൃഷ്ടികളില്ലെങ്കിൽ രാശ്യധിപനായ ഗ്രഹത്തെക്കൊണ്ടു വാതാദിവികാരങ്ങളായ രോഗങ്ങളെ നിരൂപിക്കേണ്ടതാകുന്നു.

സ്ത്രീചിന്താവിഷയം.

ഒരുവൻ തന്റെ ഭാര്യ തന്നിൽ അനുരക്തയോ വിരക്തയോ എന്നുള്ള ജിജ്ഞാസയോടുകൂടി പ്രശ്നം ചെയ്താൽ ദൈവജ്ഞൻ താല്ക്കാലികലഗ്നംകൊണ്ടു നിരൂപിച്ചുകൊള്ളണം.

പ്രമാണം.

ക്രൂരേഷു പതിം ത്യജതി പ്രസഭം നന്ദയതി പതിമപാപേഷു
ചന്ദ്രേ പാപസമേതേ പുരുഷോ ഭുങ്ക്തേ ബലാദ്യുവതീം.

ലഗ്നം പാപഗ്രഹദൃഷ്ടമായാൽ ഭാര്യ വിരക്തയും(തന്നിൽ അനുരാഗമില്ലാത്തവൾ) ശുഭദൃഷ്ടമായാൽ സുരക്തയും (തന്നിൽ അനുരാഗമുള്ളവൾ) എന്നും പറയണം. അതുപോലെതന്നെ ചന്ദ്രൻ പാപയുതദൃഷ്ടനായാൽ ഭാര്യ വിരക്തയെന്നും ശുഭയുതദൃഷ്ടനായാൽ അനുരക്ത എന്നും പറ

യെന്നുമാണു്. ശുക്രനെക്കൊണ്ടും മേല്പ്രകാരം ചിന്തിക്കാവുന്നതാണു്. ചന്ദ്രൻ ആദിത്യന്റെ ദൃഷ്ടിയോഗങ്ങളുണ്ടായാൽ പുരുഷൻ സ്ത്രീയെ ബലാൽ ഗ്രഹിച്ചു എന്നും ആദിത്യൻ പാപയോഗദൃഷ്ടികളുണ്ടായാൽ സ്ത്രീ പുരുഷനെ ബലാൽ ഗ്രഹിച്ചു എന്നും അറിയേണ്ടതാണു്. ലഗ്നത്തിൽ ചന്ദ്രശുക്രന്മാരുടെ ദൃഷ്ടിയില്ലാതെയും പാപഗ്രഹങ്ങളുടെ യോഗദൃഷ്ടികൾ സംഭവിച്ചും വന്നാൽ സമാഗമമുണ്ടായില്ലന്നു പറയണം. ശുഭഗ്രഹങ്ങളുടേയോ സൂര്യന്റേയോ യോഗദൃഷ്ടികൾ ഉള്ള ചന്ദ്രശുക്രന്മാർ ലഗ്നത്തെ നോക്കിയാൽ സ്ത്രീക്കു തന്നിൽ അനുരാഗമുണ്ടായിരുന്നു എന്നും കേന്ദ്രരാശികളുടെ യോഗദൃഷ്ടികളുള്ള ചന്ദ്രശുക്രന്മാർ ലഗ്നത്തെ ദൃഷ്ടിചെയ്താൽ സ്ത്രീക്കു തന്നിൽ അനുരാഗമില്ലായിരുന്നു എന്നും പറയണം.

പ്രശ്നഫലവിശേഷം.

൧. ചൊവ്വായെക്കൊണ്ടു ചോരവിഷയമെന്നും ൨. ശനിയെക്കൊണ്ടു നഷ്ടവിഷയമെന്നും ൩. വ്യാഴത്തെക്കൊണ്ടു ധനവിഷയമെന്നും ൪. ശുക്രനെക്കൊണ്ടു കലഹവിഷയമെന്നും ൫. ബുധനെക്കൊണ്ടു രോഗവിഷയമെന്നും ൬. ചന്ദ്രനെക്കൊണ്ടു ഭയവിഷയമെന്നും ൭. സൂര്യനെക്കൊണ്ടു ചതുഷ്പദവിഷയമെന്നും പറഞ്ഞുകൊള്ളണം. ഗ്രഹങ്ങളെ ആദിത്യൻ നില്ക്കുന്ന രാശിയുടെ മുൻപിലോ പിൻപിലോ എത്രാമത്തിലാകുന്നു എന്നറിഞ്ഞു് അതുകൊണ്ടുവേണം ഫലങ്ങൾ ചിന്തിക്കാൻ.

മരണകാലം.

ശനി നീചത്തിലോ ശത്രുക്ഷേത്രത്തിലോ ശുഭഗ്രഹദൃഷ്ടിയില്ലാതെയും പാപഗ്രഹദൃഷ്ടിയോടുകൂടിയും ധൂമയോഗകർത്താവായി വരുന്നസമയം പ്രഷ്ടാവിനു ഉടനെ മൃതി സംഭവിക്കുമെന്നു പറയണം.

ജലലക്ഷണം.

ജലരാശിയിൽ ജലഗ്രഹം നിന്നാൽ ഭൂമിയുടെ അധോഭാഗത്തിൽ ജലം കൂപാദികം—ഉണ്ടെന്നു പറയണം. സ്ഥലരാശിയിൽ ജലഗ്രഹം നിന്നാൽ ഭൂമിയുടെ ഉപരിഭാഗത്തിലെ ജലസ്ഥിതിയെ പറയാം. ജലരാശിയിൽ ജലഗ്രഹം നിന്നാൽ വളരെ വെള്ളമുണ്ടെന്നു പറയണം.

സ്വസ്ഥനോ അസ്വസ്ഥനോ എന്നറിവാൻ.

ലഗ്നേശോ യദി കേന്ദ്രഗഃ ബലയുതശ്ചേ
രാശൗ ചരേ ചാംശകേ
പ്രഷ്ടുഃ സ്വസ്ഥഗതോഥ ദിക്പതിപുരേ
ലഗ്നാധിപാംശേ സ്ഥിരേ
നിർവ്വീര്യശ്ച മഹാഗതോത്തവിഷയം
പൃഷ്ടുഃ ഫലമിത്ഥം സ ചേ–
ത്തോയർക്ഷേക്ഷയവാന്വിധുഃ പ്രശമനം
വ്യാധിശ്ച വാച്യം തഥാ.

ലഗ്നാധിപൻ ചരരാശിയിൽ ചരാംശകത്തിൽ കേന്ദ്രഭാവങ്ങളിൽ ബലവാനായി നിന്നാൽ പ്രഷ്ടാവിനു ദേഹവിഷയമായ യാതൊരു സുഖക്കേടും ഇല്ലെന്നു പറയണം. ലഗ്നാധിപൻ സ്ഥിരരാശിയിൽ സ്ഥിരനവാംശകത്തിൽ നൂഫ– ഈ ഭാവങ്ങളിൽ ദുർബലനായി നിന്നാൽ പ്രഷ്ടാവ് അതികഠിനമായ വ്യാധിയിൽപെട്ടു കിടക്കുന്നു എന്നു പറയണം. മേല്പറഞ്ഞ ലക്ഷണങ്ങളും ഇടകലർന്നു കണ്ടാൽ വേലിയേറ്റവും വേലിയിറക്കവും സമുദ്രത്തിൽ കാണുന്നതുപോലെ രോഗം വർദ്ധിച്ചും ക്ഷയിച്ചും ഇരിക്കുന്നു എന്നും അറിഞ്ഞുകൊള്ളണം.

അദ്ധ്യായം ൧൧

രോഗമോ ബാധയോ എന്നറിയുന്നതിന്

ആരൂഢേ പ്രബലേ വദന്തി സുധിയോ
രോഗം നതദ്ബാധയാ
പ്രാഗ്ലഗ്നേ പ്രബലേ സഗാമയഗണാ
വാതപ്രസൂതിദോഷോത്ഭവാ
തത്ര ഷഷ്ഠപതൌ ബലിന്യപി ഗതേ
ബാധോദ്ഭവം നിർദ്ദിശേ-
ദ്രന്ധ്രേശേ ബലിനി ത്രിദോഷജനിതം
രോഗാന്തരം ചാ‌ദ്യയാ.

ആരൂഢലഗ്നങ്ങളിൽ വച്ച് ആരൂഢത്തിനാണ് ബലമെങ്കിൽ പ്രഷ്ടാവിന്റെ രോഗം ബാധാദികൾനിമിത്തം ഉണ്ടായിട്ടുള്ളതാണെന്നു പറയണം. അതല്ല ലഗ്നത്തിനാണ് ബലമധികമെങ്കിൽ വാതാദികളായ ദോഷങ്ങളുടെ കോപം നിമിത്തമായിട്ടുതന്നെ ഉണ്ടായതാണ് രോഗം എന്നു പറയണം. ഷഷ്ഠാഷ്ടമന്മാരിൽവച്ച് ഷഷ്ഠാധിപൻ ബലിയായിരുന്നാൽ രോഗകാരണം ബാധയെന്നും അഷ്ടമാധിപൻ ബലിയായിരുന്നാൽ ത്രിദോഷകോപംകൊണ്ടാണെന്നും അറിയണം

വ്യാധീനാമീശ്വരൌ ജ്ഞേയൌ ഷഷ്ഠപോ രന്ധ്രപസ്തഥാ
ബാധയാ സബലേ ഷഷ്ഠേശേ രന്ധ്രേശേ തു ത്രിദോഷതഃ

ആറാംഭാവാധിപനും അഷ്ടമാധിപനും രോഗകർത്താക്കന്മാരാണ്. ആറാംഭാവംകൊണ്ടും അഷ്ടമംകൊണ്ടും രോഗത്തെ വിധിച്ചിട്ടുണ്ടല്ലോ. അവരിൽ ആറാംഭാവാധിപന്റെ ബലം അധികമുണ്ടെങ്കിൽ ബാധോപദ്രവംകൊണ്ടാണ് രോഗം ഉണ്ടായതെന്നും അഷ്ടമാധിപന്റെ ബലമ

ധികമുണ്ടെങ്കിൽ വാതപിത്തകഫാദികളായ ത്രിദോഷങ്ങളുടെ കോപംകൊണ്ടാണ് രോഗമുണ്ടായതെന്നും പറയണം.

ബാധാചിന്തനം.

ആരൂഢരാശൗ ചര ആയരാശൗ
സ്ഥിരേ തു ബാധാ നവമേ വിചിന്ത്യാ
തത്രോഭയേ കാമഗൃഹേ തു ബാധാം
കേന്ദ്രേഷു ബാധാമിതി കേചിദൂചുഃ

മേടം കർക്കടകം തുലാം മകരം ഈ രാശികളിൽ ഏതെങ്കിലും ഒന്ന് ആരൂഢമായി വന്നാൽ അതിന്റെ പതിനൊന്നാമത്തെ രാശി ബാധകസ്ഥാനമാണ്. ഇടവം ചിങ്ങം വൃശ്ചികം കുംഭം ഈ സ്ഥിരരാശികളിൽ ഏതെങ്കിലും ഒന്ന് ആരൂഢമായ്‌വന്നാൽ അതിന്റെ ഒൻപതാംരാശി ബാധകസ്ഥാനമാണ്. മിഥുനം കന്നി ധനു മീനം ഈ ഉഭയരാശികളിൽ ഒന്ന് ആരൂഢമായാൽ അതിന്റെ ഏഴാമത്തെ രാശി ബാധകസ്ഥാനമാണ്. ഈ ബാധകസ്ഥാനങ്ങളുടെ കേന്ദ്രരാശികളും ബാധകസ്ഥാനങ്ങളാണെന്നും ചിലർ അഭിപ്രായപ്പെടുന്നു.

കുംഭശ്ചരാണാമളിചാപസിംഹ-
സ്ത്രീണാമളിർഗോർവൃഷഭസ്യ നക്രഃ
കുംഭസ്യ കർക്കി മിഥുനസ്യ ധന്വീ
മീനസ്യ ചാപം ഖലു ബാധകം സ്യാത്.

മേടം മുതലായ ചരരാശികളിൽ ഒന്ന് ആരൂഢമായാൽ കുംഭം ബാധാരാശിയാണ്. വൃശ്ചികം ധനുസ്സ് ചിങ്ങം കന്നി ഈ രാശികളിൽ ഒന്ന് ആരൂഢമായാൽ വൃശ്ചികം ബാധാരാശിയാണ്. ഇടവംരാശി ആരൂഢമായാൽ മകരം ബാധാരാശിയാണ്. കുംഭംരാശി ആരൂഢമായാൽ കർക്കടകം ബാധാരാശിയാണ്. മിഥുനം ആരൂഢമായാൽ

ധനുരാശി ബാധകസ്ഥാനമാണ്. മീനംരാശി ആയുർഭാവമാ യാലും ബാധകസ്ഥാനം ധനുരാശിതന്നെയാണ്. ഇപ്ര കാരം മറ്റൊക്കെ പറയാം.

ബാധകം ഇന്നതാണെന്ന് അറിവാൻ

ബാധകാധിപതി ലഗ്നരാശിയേയോ ലഗ്നാധിപനെ യോ നോക്കുന്നുവെങ്കിൽ ദൃഷ്ടിബാധയുണ്ടെന്നു പറയണം. ഒന്നാംഭാവാധിപനു ബാധകാധിപതിയുടെ യോഗമോ ദൃഷ്ടിയോ ഉണ്ടെങ്കിൽ നാഗൻദോഷംകൊണ്ടാണ് രോഗം ഉണ്ടായതെന്നു പറയണം.

ഗുളികനോ ലഗ്നഭാവാധിപനോ ൪ ൮ ൧ വ്യ-ഈ ഭാവങ്ങ ളിൽ ഏതിലെങ്കിലും ഒരു ഭാവത്തിൽനിന്നാൽ കൈവിഷം ഏറ്റിട്ടുണ്ടെന്നു പറയണം.

മേൽപറഞ്ഞ ൪-൮-൧-വ്യ-ഈ ഭാവങ്ങളിൽ ഏതി ലെങ്കിലും ആറാംഭാവാധിപൻ്റെ സ്ഥിതികൂടി ഉണ്ടെ ങ്കിൽ ശത്രുക്കൾ വിഷംകൊടുത്തിട്ടുള്ളതാണെന്നു പറയണം. അല്ലെങ്കിൽ ദൈവയോഗത്താൽ സംഭവിച്ചിട്ടുള്ളതാണെ ന്നും പറയേണ്ടതാണ്.

ബാധകാധിപൻ നാലാംഭാവത്തിൽ നിന്നാലും നാ ലാംഭാവാധിപൻ ബാധകരാശിയിൽ നിന്നാലും ബാധകാധി പൻ നാലാംഭാവാധിപൻ്റെ ക്ഷേത്രത്തിൽ നിന്നാലും ധർമ്മദൈവകോപമുണ്ടെന്നു പറയണം. വ്യാഴം ബാധകാ ധിപനായി ന്ദ വ്യ-ഫ ഈ ഭാവങ്ങളിൽ നില്ക്കുകയും ആ വ്യാഴത്തിൻ്റെ കേന്ദ്രത്തിൽ രാഹു വരികയും ചെയ്താൽ ഉത്തമസർപ്പങ്ങളുടെ കോപമുണ്ടെന്നു പറയണം. വ്യാഴം ബാധകാധിപനായി ഗുളികൻ്റെ കേന്ദ്രങ്ങളിൽ മേൽ പറഞ്ഞവണ്ണം ന്ദ-വ്യ-ഫ ഈ ഭാവങ്ങളിൽ നിന്നാൽ അധമങ്ങളായ സർപ്പങ്ങളുടെ കോപമുണ്ടെന്നും പറയേ ണ്ടതാണ്.

ഇനി സൂര്യൻ മുതലായ ഓരോ ഗ്രഹത്തെക്കൊണ്ടു ശിവൻ മുതലിയ ഓരോ ദേവന്റെയും ഇഷ്ടാനിഷ്ടങ്ങളെ അറിയേണ്ടുംവിധങ്ങളെ പറയുന്നു:—

ആദിത്യസ്യ ശിവോ ദേവോ ദുർഗ്ഗാ ചന്ദ്രസ്യ ദേവതാ
ഷൺമുഖോ ഭൂമിപുത്രസ്യ വിഷ്ണുർദേവോ ബുധസ്യ തു
ഗുരോർബ്രഹ്മാ ദേവതാ സ്യാൽ ലക്ഷ്മീഃ ശുക്രസ്യ ദേവതാ
മന്ദസ്യ ദൈവതം ശാസ്താ തമോഃ സർപ്പദേവതാഃ സ്മൃതാഃ
കേതോശ്ച സർപ്പമയമാം രുദ്രം സൂര്യാദിദേവതാ
ഭക്തന്ന ദൈവത ധൂമ്രൻ നാഗവും കഴിച്ചതവും
ചന്ദ്രന്ദുർഗ്ഗയും യക്ഷി ജലദേവതയും പുനഃ
കുജൻപിശാചപശ്വാദം സർപ്പദേവതയും വദേൽ
ബുധന്ന കാളികാദേവി ചാമുണ്ഡി രക്തമോഹിനി
ഭൈരവാദികളും യക്ഷി മൂലദൈവവുമെന്നിവ
ഷഡാനനൻ വീരഭദ്രൻ ഉഗ്രദേവകളും വദേൽ
ബുധേ ഗന്ധർവ്വരാം ചൊല്ലാം ബാലശാസ്താവുമങ്ങനെ
മോഹിനി മാംസരക്ഷി ച വദേൽ ബാലഗ്രഹാദിയും
ഇഷ്ടസാത്വപമായുള്ളാഭിശാപാദികളും വദേൽ
ഗുരോർബ്രാഹ്മണശാപഞ്ച ഗുരുശാപാദിയും തഥാ
ദൈവഭൂതങ്ങളും ചൊല്ലാം രക്തകണ്ടകനാം തഥാ
ശുക്രനാം യക്ഷിയും പിന്നെ ധാത്രദൈവസ്യ കോപവും
ശയനേ പീഡചെയ്യുന്ന ദേവതാദികളും വദേൽ
മഹായക്ഷികളും ചൊല്ലാം ബ്രഹ്മരക്ഷസപീഡയും
മന്ദേ ച ഭൂതനാഥനാം സഹസ്രായുധധാരിയും
ശാസ്താവുംമാടനുംമാവൻ ഉടയോൻ കാലഭൂതവും
രാഹോസ്സർപ്പപിശാചം ദേവതാ കാലപാശവും
ചണ്ഡാലബാധയുംചൊല്ലാം നാവിൻദോഷാദിയുംവദേൽ
ക്ഷുദ്രദോഷങ്ങളുംചൊല്ലാം നാഗരാജനെയും തഥാ

കേതോരന്ത്യാധിപാവാസാ ച ഭസ്മാസ്ഥ്യാദികളും വദേൽ
ക്രിമ്യാദികളും മൂർത്തൗ നീചമേവ തഥാ പുനഃ
ഗുളികസ്യ വിഷം മൂർത്തൗ ശത്രുപീഡാസു നിർദ്ദിശേൽ
അരിചാരജബാധാശ്ച നീചമൂർത്തികളും പുനഃ

ഏവം ബാധാവിശേഷങ്ങൾ മറ്റുമിത്യാദിയാകയും
കാരണങ്ങൾ നാനാമായ വസ്തുക്കളെല്ലാമെയും
അറിഞ്ഞിട്ടു പറഞ്ഞീടും ദേശംപോലെ ബുദ്ധിമാൻ.

ഇനി പ്രേതബാധാനിരൂപണത്തെ പറയുന്നു:—

ഗുളികൻ ബാധകസ്ഥാനത്തോ അനിഷ്ടരാശികളായ സ്ഥി, വൃ, കും-ലോ നിന്നാൽ പ്രേതകോപമുണ്ടെന്നു പറയണം. ഗുളികൻ ബാധാരാശിയിലോ അനിഷ്ടഭാവങ്ങളിലോ ദുഃസ്ഥാനാധിപനോടുകൂടി നിന്നാൽ പ്രേതം പാമ്പു കടിച്ചു മരിച്ചതാണെന്നും ഗുളികൻ പാപനോടുകൂടി അനിഷ്ടരാശിയിലോ ബാധാരാശിയിലോ നില്ക്കയും നില്ക്കുന്ന രാശി ജലരാശിയായ കർക്കടകം, വൃശ്ചികം, മീനം ഇതിലൊന്നിലായിരിക്കയും ചെയ്യുമ്പോൾ ജലാശയത്തിൽ വീണു മരിച്ച പ്രേതമാണെന്നും ഗുളികനു പാപഗ്രഹദൃഷ്ടിയോഗങ്ങളുണ്ടെങ്കിൽ മർദ്ദനയിൽപ്പെട്ടതാണെന്നും രാശിഭേദം അനുസരിച്ച് സ്ത്രീപുരുഷഭേദങ്ങളെയും പറയേണ്ടതാണ്. ഗുളികൻ മൂന്നാംഭാവത്തിൽ നില്ക്കയോ ഭാവാധിപനോടുകൂടുകയോ ചെവ്വായുടെയോ യോഗദൃഷ്ടികളുണ്ടാകയോ ചെയ്താൽ സഹോദരപ്രേതമാണെന്നും ഗുളികൻ നാലാമേടത്തു നില്ക്കയോ നാലാംഭാവാധിപനോടോ മാതൃകാരകനായ ചന്ദ്രനോടോ, യോഗമോ ദൃഷ്ടിയോ സംഭവിക്കയോ ചെയ്താൽ പ്രേതം, അമ്മ അമ്മാവൻ ഇവരാണെന്നും, നാലാംഭാവസ്ഥിതിയോ യോഗദൃഷ്ട്യാദികളോ ഗുളികനുണ്ടെങ്കിൽ ഗൃഹസംബന്ധമുള്ളതാണെന്നും പറയേണ്ടതാകുന്നു.

കൈവിഷം അറിയുന്നതിന്.

ഗുളികനൊ രാഹുവൊ ൪, ൭, ൧, ൰ ഈ ഭാവങ്ങളിൽ ഏതെങ്കിലും ഒരു ഭാവത്തിൽ നിന്നാൽ കൈവിഷം ഏററിട്ടുണ്ടെന്ന പറയണം. മേല്പറഞ്ഞ ഭാവങ്ങളിൽ ഏതിലെങ്കിലും ആറാംഭാവാധിപന്റെ സ്ഥിതികൂടിയുണ്ടെങ്കിൽ ശത്രുക്കൾ വിഷം കൊടുത്തിട്ടുള്ളതാണെന്നും അല്ലെങ്കിൽ വിഷം ദൈവഗത്യാ സംഭവിച്ചതാണെന്നും അറിയേണ്ടതാണ്.

ഉള്ളിൽ കടന്നതു് ഏതുപ്രകാരമെന്നറിയുന്നതിന്.

ആരൂഢം ചരമാണെങ്കിൽ വെററില മുതലായ എരിവുള്ള സാധനങ്ങളിൽ കൂടിയാണെന്നും മേടമോ വൃശ്ചികമോ ആയാൽ നെയ്യിലാണെന്നും ഇടവമോ തുലാമോ ആയാൽ തൈരിലൊ മോരിലൊ ആണെന്നും ധനുവൊ മീനമൊ ആയാൽ പാലിലൊ പഴത്തിലൊ ആണെന്നും മകരമൊ കുംഭമൊ ആയാൽ അപ്പം മുതലായ സാധനങ്ങളിലാണെന്നും കർക്കടകമായാൽ ഉപ്പുരസമുള്ള പദാർത്ഥത്തിലാണെന്നും പറയണം.

വശീകരിക്കുന്നതിനാണൊ എന്നറിയുന്നതിന്.

ലഗ്നാധിപനും ആറാംഭാവാധിപനും തമ്മിൽ യോഗം ദൃഷ്ടി മുതലായ ബന്ധങ്ങളിൽ ഏതെങ്കിലും ഉണ്ടെങ്കിൽ കൈവിഷം കൊടുത്തതു് ഹിംസിക്കാനാണെന്നും ലഗ്നാധിപനും ഏഴാംഭാവാധിപനും തമ്മിൽ ദൃഷ്ടിയോഗങ്ങളുണ്ടെങ്കിൽ വശീകരിക്കാനാണെന്നും പറയണം.

ആഭിചാരകം അറിയുന്നതിന്.

ബാധകാധിപൻ ആറാംഭാവത്തിൽ നില്ക്കുക, അല്ലെങ്കിൽ നോക്കുക; ആറാംഭാവാധിപൻ ബാധകസ്ഥാനത്തു നില്ക്കുക, നോക്കുക; ആറാംഭാവാധിപൻ ബാധകാധിപന്റെ ബാധാരാശി ഒഴിച്ചുള്ള രാശിയിലും ബാധകാധിപൻ ആറാംഭാവാധിപന്റെ മറെറാരു ക്ഷേത്രത്തിൽ വരികയൊ ഒ

മിച്ചു നില്ക്കയോ പരസ്പരം ദൃഷ്ടിക്കുകയോ ചെയ്താലും ശത്രുക്കൾ ആഭിചാരകം ചെയ്യിട്ടുണ്ടായ രോഗമാണെന്നും പറഞ്ഞുകൊൾക.

ജാതിനിൎണ്ണയം.

ചരരാശിലഗ്നമായാൽ ശത്രുക്കളും അവർ സ്വജാതിക്കാരുമാണെന്നും സ്ഥിരരാശിയായാൽ വിവാഹാദിസംബന്ധമൂലം ബന്ധപ്പെട്ടവരാണെന്നും ഉഭയരാശി ലഗ്നമായാൽ അന്യന്മാരാണെന്നും പറയണം.

കാരണമറിവാൻ.

ആറാംഭാവാധിപൻെറ സ്ഥിതി ചൊവ്വാക്ഷേത്രമാണെങ്കിൽ ഭൂമിനിമിത്തമാണെന്നും ബുധക്ഷേത്രമാണെങ്കിൽ ധനം സ്വൎണ്ണം ഇവനിമിത്തമാണെന്നും വ്യാഴക്ഷേത്രമാണെങ്കിൽ പണമൊ ഫലങ്ങളൊ നിമിത്തമാണെന്നും ശുക്രക്ഷേത്രമാണെങ്കിൽ സ്ത്രീയൊ നാല്ക്കാലികളൊ നാണയമൊ വസ്ത്രമൊ നിമിത്തമാണെന്നും, ശനിക്ഷേത്രമായാൽ ദാസന്മാർ നീചന്മാരുമായുള്ള വിരോധം ഇവകൾനിമിത്തമാണെന്നും, ചന്ദ്രക്ഷേത്രമായാൽ പാത്രങ്ങൾ മാതാവ് ഇവകൾനിമിത്തമാണെന്നും, രവിക്ഷേത്രമായാൽ പിതാവ് മൂലദ്രവ്യങ്ങൾ ഇവകൾ നിമിത്തമാണെന്നും ഊഹിച്ചു ഫലങ്ങൾ പറയേണ്ടതാകുന്നു.

കൎമ്മങ്ങൾക്കു ഒഴിവുകാണേണ്ട വഴി.

വ്യാഴന്റെ ഇഷ്ടസ്ഥിതിയും, ലഗ്നത്തിന്റെ ഉച്ചബലവും വെളിയേററവും, പത്താംഭാവത്തിന്റെ ശുഭയോഗദൃഷ്ടിയും ഉണ്ടായിരുന്നാൽ കൎമ്മിചെയ്ത കൎമ്മങ്ങൾ ഫലിച്ചുഎന്നു പറയണം.

ക്ഷുദ്രം വച്ചിരിക്കുന്നതറിയാൻ.

ഗുളികന്റെയൊ ശനിയുടെയൊ കേന്ദ്രങ്ങളിൽ എവിടെയെങ്കിലും ആദിത്യൻ നിന്നാൽ ക്ഷുദ്രം സ്ഥാപിച്ചിരിക്കുന്നതു വൃക്ഷത്തിന്റെ മുകളിലാണെന്നു പറയണം. അതുപോ-

ല്ല അവരുടെ കേന്ദ്രരാശികളിൽ ചൊവ്വാ നിന്നാൽ ക്ഷുദ്രം
വച്ചിരിക്കുന്നതു നെൽകൃഷിസ്ഥലത്താണെന്നും, വ്യാഴം അ
വരുടെ കേന്ദ്രരാശികളിൽ നിന്നാൽ ക്ഷുദ്രം വച്ചിരിക്കുന്നതു
പ്രധാനപ്പെട്ട ഗൃഹത്തിലാണെന്നും, ഗുളികന്റെ കേന്ദ്രരാശി
കളിൽ ശനി നിൽക്കുന്നു എങ്കിൽ മലമൂത്രവിസർജ്ജനത്തി
നു ഉപയോഗപ്പെടുത്താവുന്ന പ്രദേശത്താണെന്നും,ഗുളികൻ
ഇടവം കന്നി മകരം ഈ രാശികളിൽ നിൽക്കയോ അം
ശിക്കുകയോ ചെയ്താൽ ക്ഷുദ്രം കളത്തിലാക്കി സ്ഥാപിച്ചിരി
ക്കുന്നു എന്നും. ഗുളികൻ മേടം ചിങ്ങം ധനു ഈ രാശിക
ളിൽ ഒന്നിൽ നില്ക്കുകയോ അംശിക്കുകയോ ചെയ്താൽ വ്യാഘ്ര
ത്തിന്റെയോ പൂച്ചയുടെയോ തലയോട്ടിയിലാണു ക്ഷുദ്രം
ചെയ്തു സ്ഥാപിച്ചിട്ടുള്ളതെന്നും, മിഥുനം തുലാം കുംഭം ഈ
രാശികളിൽ ഗുളികൻവന്നാൽ മുളകൊണ്ടുള്ള കുഴലിലാക്കി
യാണു ക്ഷുദ്രം സ്ഥാപിച്ചിട്ടുള്ളതെന്നും പറയേണ്ടതാകുന്നു.

പരിഹാരം.

അഥവാ ശത്രുഭവനരാശിനാ തൽഗതേന വാ
തദ്ദൃഷ്ടാ വാ വിധാതവ്യാ വിധിയന്ത്രാദികാഃ ക്രിയാഃ

മറ്റൊരു വിധത്തിൽ ആഭിചാരത്തിന്റെ പ്രതിശാന്തി
ചെയ്യാനുള്ള രീതി പറയുന്നു. ശത്രുസ്ഥാനത്തിന്റെ പത്താം
ഭാവംകൊണ്ടോ പത്താംഭാവത്തിൽ നിൽക്കുന്ന ഗ്രഹത്തെ
ക്കൊണ്ടോ അല്ലെങ്കിൽ അവിടെ നോക്കുന്നഗ്രഹത്തെക്കൊ
ണ്ടോ മേൽ പറഞ്ഞവണ്ണം പരിഹാരക്രിയ നിശ്ചയിച്ചു
കൊള്ളണം. പത്താം ഭാവം ആദിത്യക്ഷേത്രമാവുകയോ ആ
ദിത്യൻ നില്ക്കുകയോ നോക്കുകയോ ചെയ്താൽ അഘോരബ
ലിയെ വിധിക്കണം ഇങ്ങനെ തന്നെ ചന്ദ്രാദികളെക്കൊണ്ടും
കപാലഹോമാദികളെ നിശ്ചയിച്ചുകൊള്ളണം. ഏതെങ്കി
ലും ഒരുഗ്രഹത്തിന്റെദൃഷ്ടിയുണ്ടെങ്കിൽ ആ ഗ്രഹത്തെക്കൊ
ണ്ടുവേണം പറയേണ്ടതു". ആരുടെയും ദൃഷ്ടിയില്ലെങ്കിൽ
അവിടെ നില്ക്കുന്ന ഗ്രഹത്തെക്കൊണ്ടു പറയണം. ദൃഷ്ടിയും

യോഗവുമില്ലെങ്കിൽ ഭാവംകൊണ്ടുതന്നെ പറയേണ്ടതാകുന്നു.

അടയാളം പറയുന്നതിന്.

ആദിത്യനും ചൊവ്വായും ദേഹത്തിൽ വ്രണമുള്ളവരാണ്. വ്യാഴത്തിന്റെ കണ്ണ്, കാമമെന്ന വ്യാധിവന്നതാണ്. ശനിക്ക ഇടത്തെകൈയിൽ വ്രണമുണ്ട്. ശുക്രന്റെ പാർശ്വഭാഗത്തു കാക്കപ്പുള്ളിയുണ്ട്. ചന്ദ്രന്റെ ദേഹത്ത് അരിമ്പാറയുണ്ട് (കാക്കപ്പുള്ളി) ബുധന്റെ ദേഹത്ത് എല്ലായിടവും ഞരമ്പു തടിച്ചിരിക്കും.

യാത്രപുറപ്പെടുന്ന ഉദയരാശിയുടെ അല്ലെങ്കിൽ അതിന്റെ ൧-൪-൭-൧൦-ഈ രാശികളിൽ ബലവാന്മാരായ ഗ്രഹങ്ങൾ നില്ക്കുന്നുണ്ടെങ്കിൽ ആ ഗ്രഹങ്ങൾക്കു പറഞ്ഞിട്ടുള്ള ജാതിയിൽ ആ ഗ്രഹത്തിനു പറഞ്ഞിട്ടുള്ള വസ്ത്രവും ധരിച്ചു പുരുഷനോ സ്ത്രീയോ യാത്രപുറപ്പെട്ടാൽ വഴിയിൽ വച്ചു നേരിട്ടുവരുമെന്നും ആ ഗ്രഹം പുരുഷഗ്രഹമാണെങ്കിൽ പുരുഷനെന്നും സ്ത്രീഗ്രഹമാണെങ്കിൽ സ്ത്രീയെന്നും പറയണം.

കൂപപ്രശ്നം

കൂപപ്രശ്നത്തിൽ പൃച്ഛകന്റെ പ്രവൃത്തികളെയും ചന്ദ്രന്റെ ചാരവശേനയുള്ള സ്ഥിതിയേയും അറിഞ്ഞിട്ടു വെള്ളത്തിന്റെ നില്പിനേയും പ്രത്യേകസ്ഥലത്തെയും അളവിനേയും പറയണം. വടക്കേദിക്കിൽ കിഴക്കായി കിണറുകുഴിക്കുന്നതു ഈശാനകോണിൽ മദ്ധ്യമമാണ്. വടക്കേദിക്കിൽ പടിഞ്ഞാറായി അധമമാണ്. കന്നിരാശിയിൽ കിണറുകുഴിപ്പിച്ചാൽ മരണം സംഭവിക്കുമെന്നും അറിഞ്ഞിരിക്കണം.

വിവരണം.

ലഗ്നത്തിൽ ആദിത്യൻനിന്നാൽ വെള്ളം വളരെ ആഴത്തിലായിരിക്കും. ചൊവ്വാനിന്നാൽ പാറകളുടെ ഇടയിൽകൂടി ഉറവുവരും. ശനിയും രാഹുവും ലഗ്നത്തിലായാൽ

വെള്ളമുണ്ടാകുന്നതല്ല. ചന്ദ്രനും ശുക്രനും ലഗ്നത്തിൽ നിന്നാൽ ധാരാളം വെള്ളമുണ്ടാകും. ശുക്രൻ ലഗ്നത്തിൽ നിന്നാൽ വളരെ വിശേഷമായ വെള്ളമുണ്ടാകും. ശനി നിന്നാൽ ഉപ്പുരസമുണ്ടായിരിക്കും രാഹു നിന്നാൽ വെള്ളം അശുദ്ധമായിട്ടുകൂടി ഇരിക്കുമെന്നും പറയേണ്ടതാകുന്നു.

അദ്ധ്യായം ൧൩.

നഷ്ടപ്രശ്നം

ലഗ്നം, ആരൂഢം, ചന്ദ്രൻ ഈ മൂന്നുസ്ഥാനങ്ങളിൽ കേന്ദ്രങ്ങളായ ൧-൪-൭-൧൦-ഈ സ്ഥാനങ്ങളിലോ, ആറാമെടത്തോ ഒരു ഗ്രഹം കർക്കടകം, വൃശ്ചികം, മീനം, എന്നീ രാശികളിലോ നവാംശകത്തോടുകൂടി നിന്നാൽ കാണാതെപോയ മുതൽ കള്ളൻ കവർന്നതാണെന്നു പറയണം. അതുപോലെതന്നെ ലഗ്നാരൂഢചന്ദ്രന്മാരുടെ പത്താമെടത്തുനില്ക്കുന്ന ക്രൂരഗ്രഹവും ചോരാപഹൃതദ്രവ്യസൂചകമാകുന്നു.

ലഗ്നം ശുക്രാംശകമോ, ശുക്രക്ഷേത്രമോ ആയിരിക്കുകയും സൂര്യന്റെ ദൃഷ്ടിവരികയും ചെയ്താൽ മാല, താലിമുതലായ കണ്ഠാഭരണമെന്നും, അവിടെ ശുക്രന്റെ യോഗമോ, ദൃഷ്ടിയോ വന്നാൽ വള കപ്പു് മുതലായ വസ്തു ഉണ്ടെന്നും, അതുപോലെതന്നെ ചന്ദ്രന്റെ യോഗമോ ദൃഷ്ടിയോ ഉണ്ടായാൽ ഓട്ടുപാത്രമെന്നും ബുധന്റെയോ ചൊവ്വായുടെയോ യോഗമോ ദൃഷ്ടിയോ ഉണ്ടായാൽ ദ്രവ്യം നാണയവിശേഷങ്ങളാണെന്നും പറഞ്ഞുകൊൾക. എന്നാൽ ലഗ്നനവാംശകംകൊണ്ടു ദ്രവ്യത്തെയും ലഗ്നദ്രേക്കാണംകൊണ്ടു കള്ളനേയും

ലഗ്നരാശികൊണ്ടു ദിക്കിനേയും ദേശത്തേയും കാലത്തേയും ലഗ്നാധിപനെക്കൊണ്ടു വയസ്സിനേയും ജാതിയേയും പറയണം. ആരൂഢം ദിവാരാശിയായിരുന്നാൽ പകലാണെന്നും രാത്രിരാശിയായാൽ കളവുണ്ടായതു രാത്രിയാണെന്നും പറയണം.

നഷ്ടദ്രവ്യലാഭം.

പാപക്ഷേത്രമായ ലഗ്നത്തിൽ നില്ക്കുന്ന പാപഗ്രഹത്തെ വേറൊരു പാപഗ്രഹം നോക്കുന്നതായാൽ നഷ്ടദ്രവ്യം തിരികെ കിട്ടുകയില്ലെന്നു പറയണം. ലഗ്നം ശുഭക്ഷേത്രമായും ശുഭഗ്രഹയുക്തമായും ശുഭദൃഷ്ടമായുമിരുന്നാൽ നഷ്ടമായ ദ്രവ്യം ഉടനെ തിരികെ കിട്ടും. ക്രൂരരാശിലഗ്നത്തിൽ ക്രൂരദൃഷ്ടനായി നില്ക്കുന്ന ക്രൂരഗ്രഹത്തെ ശുഭഗ്രഹങ്ങൾകൂടി നോക്കുന്നുണ്ടെങ്കിൽ വളരെക്കാലംകൊണ്ടു നഷ്ടത്തിന്റെ ഏതാനുമംശമോ അഥവാ പകരം ദ്രവ്യമോ ലഭിച്ചു എന്നുവരാം. ലഗ്നത്തിൽ ശുഭഗ്രഹം നില്ക്കുകയും ലഗ്നം ശുഭരാശിയായിരിക്കയും വേറൊരു പാപഗ്രഹത്തിന്റെ ദൃഷ്ടിവരികയും ചെയ്താൽ കളവുപോയ മുതൽ കാണ്മാനോ അറിവാനോ ഇടവരുമെന്നും തിരികെ കിട്ടുകയില്ലെന്നും പറഞ്ഞുകൊള്ളണം.

ദ്രവ്യസ്ഥിതി

ലഗ്നം ചരരാശിയായാൽ നഷ്ടദ്രവ്യം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്നും സ്ഥിരരാശിയായാൽ അവിടെയോ മറ്റൊരേടത്തോ സ്ഥിരമായിരിക്കുന്നു എന്നും ഉഭയരാശിയായാൽ പുറത്തു് അടുത്ത ഒരു ഗൃഹത്തിലോ ഗ്രാമത്തിലോ സ്ഥിതി ചെയ്യുന്നു എന്നും പറഞ്ഞുകൊള്ളണം. ലഗ്നത്തിനു ബലമുണ്ടെങ്കിൽ ലഗ്നരാശിക്കു പറഞ്ഞദിക്കിൽ ആണു് ദ്രവ്യത്തിന്റെ സ്ഥിതിയെന്നും ലഗ്നം ബലരഹിതമാണെങ്കിൽ ലഗ്നദ്രഷ്ടാവായ ഗ്രഹത്തിന്റെ ദിക്കിലാണു ദ്രവ്യമിരിക്കുന്നതെന്നും പറയാം.

ചോരഭേദം.

പത്താമെടത്തു ബലവാനായ പാപഗ്രഹം നിന്നാൽ ചോരൻ ഭൃത്യനോ വേലക്കാരനോ ആണെന്നും ആ ഗ്രഹം തന്നെ നീചരാശിയിൽ നിന്നാൽ ചോരൻ നീചജാതിക്കുടിയാണെന്നും പറയാം.

പത്താംഭാവത്തിൽ നില്ക്കുന്ന ഗ്രഹം ശുഭനാണെങ്കിൽ ചോരൻ ധനത്തിന്റെ ഒരു ചില്ലു ഭാഗത്തെയോ ഉള്ളവനാണെന്നും ചോരഗ്രഹം പതിനൊന്നാമെടത്തുനിന്നാൽ ധനം വ്യയംചെയ്തിട്ടില്ലെന്നും പന്ത്രണ്ടാമെടത്തുനിന്നാൽ നഷ്ടദ്രവ്യം നശിച്ചുപോയിരിക്കുന്നു എന്നും പറയണം.

സ്വജനാന്യത്വം.

ലഗ്നാദികളായ ഏതു ഭാവങ്ങളിലാണ് ചോരഗ്രഹം ബലവാനായിനില്ക്കുന്നതു് ആ ഭാവമാണ് ചോരനെന്നു പറയണം. ബലവാനായ ചോരഗ്രഹം ലഗ്നഭാവത്തിൽ സ്വവർഗ്ഗസ്ഥനായി നിന്നാൽ താൻതന്നെ ചോരനെന്നും രണ്ടാമെടത്തു നിന്നാൽ കുടുംബജനമെന്നും മൂന്നാമെടത്തുനിന്നാൽ സഹോദരനെന്നും ചോരഗ്രഹം ആറിലൊ എട്ടിലൊ നിന്നാൽ ചോരൻ പ്രഷ്ടാവിന്റെ ശത്രുക്കളാണെന്നും ഏഴാമെടത്തു സ്വവർഗ്ഗത്തിൽ നിന്നാൽ ചോരൻ ഭാര്യയാണെന്നും അവിടെ അന്യവർഗ്ഗത്തിൽ നിന്നാൽ ഭാര്യയുടെ ബന്ധുക്കളെന്നും ഒൻപതാമെടത്തു നിന്നാൽ പിതാവാണെന്നും പറയേണ്ടതാകുന്നു.

നാമാക്ഷരം പറയുന്നതിനു്.

ലഗ്നത്തിലേക്കു ഗ്രഹങ്ങളുടെ ദൃഷ്ടിയോ യോഗമോ ഉണ്ടെങ്കിൽ ആ നോക്കുന്ന ഗ്രഹത്തിന്റെയോ നില്ക്കുന്ന ഗ്രഹത്തിന്റെയോ അങ്ങനെ അധികം ഗ്രഹങ്ങളുണ്ടെങ്കിൽ അതിൽവച്ചു് ബലവാനായ ഗ്രഹത്തിന്റെയോ അക്ഷരമാകുന്നു ആദ്യക്ഷരമെന്നു പറയണം. ലഗ്നത്തിനു ഗ്രഹയോഗദൃഷ്ടികളില്ലെങ്കിൽ ൧. ആരൂഢം ൨. ആരൂഢാധിപൻ ൩. ആ

ദ്രേക്കാണാധിപൻ നില്ക്കുന്ന രാശി ൪ ൧ നവാംശകാധിപൻ ൯ ൨ ദ്വാദശാംശകാധിപൻ ൩ ത്രിംശാംശകാധിപൻ. ഇവരിൽവച്ചു് ഏതിന്നു ബലാധിക്യം ഉണ്ടോ അതിന്റെ അക്ഷരത്തെ പറയണം.

ദ്രവ്യസംഖ്യ.

ലഗ്നസ്ഫുടത്തിൽ വന്ന നക്ഷത്രത്തിന്റെസംഖ്യ എത്രയോ അത്ര സംഖ്യ ദ്രവ്യം നഷ്ടമായിട്ടുണ്ടെന്നു പറയണം. പ്രശ്നകാലലഗ്നത്തിൽ എത്ര ഗ്രഹങ്ങളുടെ ദൃഷ്ടിയുണ്ടോ അത്ര സംഖ്യ ദ്രവ്യമെന്നു പറയാം. എങ്ങിനെയെന്നാൽ അശ്വതി ൧ ഭരണി ൨ കാർത്തിക ൩ രോഹിണി ൪ മകയിരം ൫ തിരുവാതിര ൬ പുണർതം ൭ പൂയം ൮ ആയില്യം ൯ മകം ൧൦ പൂരം ൧൧ ഉത്രം ൧൨ അത്തം ൧൩ ചിത്തിര ൧൪ ചോതി ൧൫ വിശാഖം ൧൬ അനിഴം ൧൭ തൃക്കേട്ട ൧൮ മൂലം ൧൯ പൂരാടം ൨൦ ഉത്രാടം ൨൧ തിരുവോണം ൨൨ അവിട്ടം ൨൩ ചതയം ൨൪ പൂരുരുട്ടാതി ൨൫ ഉത്രട്ടാതി ൨൬ രേവതി ൨൭ ഇപ്രകാരമാകുന്നു.

ഭാവചിന്തനം.

തനോ രൂപഞ്ച ജ്ഞാനഞ്ച വർണ്ണഞ്ചൈവ ബലാബലം
ശീലം ചൈവ പ്രകൃതിശ്ചാപി തനുസ്ഥാനാന്നിരീക്ഷയേൽ.

ശരീരത്തിന്റെ രൂപഭേദങ്ങളും ജ്ഞാനവും നിറം ബലാബലം ശീലം ത്രിദോഷസംബന്ധമായ പ്രകൃതി ഇവയെല്ലാം ലഗ്നംകൊണ്ടു വിചാരിക്കേണ്ടതാണു്.

ധനസ്യാപി കുടുംബസ്യ ഭൃത്യജാലമതഃപരം
ധാതുരത്നാദികം സർവ്വം ധനസ്ഥാനാന്നിരീക്ഷയേൽ.

ധനത്തിന്റെയും കുടുംബത്തിന്റെയും ശുഭം അശുഭം, പൂർണ്ണത അപൂർണ്ണത മാരകഹേതുകങ്ങളായ സംഗതികൾ ഭൃത്യ സമ്പൂർണ്ണവിദ്യാദികൾ ധന വിശേഷങ്ങൾ മുതലായവയെ രണ്ടാംഭാവംകൊണ്ടു ചിന്തിക്കേണ്ടതാകുന്നു.

വിക്രമം ഭ്രാതൃഭ്രാതാദി ചോപദേശപ്രയാണകം
പിത്രോർവൈ മരണം വിദ്യാൽ ദുശ്ചിക്യാന്നിരീക്ഷയേൽ

പരാക്രമവും ഭ്രാതൃൻ സഹോദരീസഹോദരന്മാർ ഉപദേശം യാത്ര പിതാക്കന്മാരുടെ മരണം ഇവയെല്ലാം മൂന്നാംഭാവംകൊണ്ടു വിചാരിക്കണം.

വാഹനാന്യഥ ബന്ധൂംശ്ച മാതൃസൗഖ്യാദികാന്യപി
നിധിക്ഷേത്രഗൃഹം ചാപി ഹർമ്മ്യാന്ദോളികാന്യപി
ധർമ്മസ്യ വാമലം സ്ഥാനം പാതാളാന്നിരീക്ഷയേൽ

വാഹനത്തിന്റെയും ബന്ധുക്കളുടെയും സുഖാസുഖങ്ങളും മാതാവിന്റെ സൗഖ്യസ്ഥലങ്ങളും നിധി ക്ഷേത്രഭൂമി വീട് ഹർമ്മ്യം മാളിക പല്ലക്ക് ധർമ്മത്തിന്റെ അവസ്ഥ സ്ഥാനത്തിന്റെ ഗുണദോഷങ്ങൾ ഇവയെല്ലാം നാലാംഭാവംകൊണ്ടു ചിന്തിക്കേണ്ടതാകുന്നു.

യന്ത്രമന്ത്രൗ തഥാ വിദ്യാം ബുദ്ധേശ്ചൈവ പ്രബന്ധകം
പുത്രരാജ്യാപഭ്രംശാദീൻ പശ്യേൽ പുത്രാലയാൽ ബുധഃ

യന്ത്രം മന്ത്രം വിദ്യ ബുദ്ധിയുടെ സ്ഥിതി പുത്രൻ രാജ്യഭ്രംശം മുതലായവ അഞ്ചാംഭാവംകൊണ്ടു വിചാരിക്കണം.

മാതുലാന്തകശങ്കാനാം ശത്രൂംശ്ചൈവ വ്രണാദികാൻ
സപത്നമാതരം ചാപി ഷഷ്ഠസ്ഥാനാന്നിരീക്ഷയേൽ

അമ്മാവൻ നാശം സംശയം ശത്രു വ്രണം സപത്നികളായ പാപികളുടെ മാതാക്കന്മാർ ഇവരെ ആറാംഭാവംകൊണ്ടു വിചാരിക്കണം.

ജായാമദ്ധ്യപ്രയാണഞ്ച വാണിജ്യം നഷ്ടവീക്ഷണം
മരണഞ്ച സ്വദേഹസ്യ ജായാഭാവാന്നിരീക്ഷയേൽ

ഭാര്യ കാര്യനിവൃത്തി ഗമനം ചെലവ് മാത്രി തന്റെ മരണം ഇവയെല്ലാം ഏഴാംഭാവംകൊണ്ടു വിചാരിച്ചുകൊള്ളണം.

ഋണദാനഗ്രഹണയോർന്നാശ ദൈവാംശകാരയോഃ
ഗത്യന്തരാദയസ്സർവ്വം ചിന്ത്യരന്ധ്രാദിമഷ്ടമാൽ

കടം കൊടുക്കുക വാങ്ങിക്കുക ഇതിനാൽ ഉണ്ടാകുന്ന ദോഷങ്ങളും പൂർവ്വജന്മത്തിലെയും ഭാവിജന്മത്തിന്റെയും സ്ഥിതി ഇതു വകയുടെ ഗുണദോഷങ്ങളും ഇവകളെ അഷ്ടമം കൊണ്ടു ചിന്തിക്കേണ്ടതാകുന്നു.

ഭാഗ്യധർമ്മതപഃപുണ്യതപസ്തീർത്ഥസുതാത്മജാഃ
ദാനോപാസനസൗശീല്യാ ഗുരവോ നവമേക്ഷിതാഃ.

ഭാഗ്യം ധർമ്മം തപ പുണ്യം തപസ്സ് തീർത്ഥസ്നാനം പിതാവ് മക്കളുടെ മക്കൾ ദാനം ദേവോപാസനം സുശീലവന്മാരായ ഗുരുക്കന്മാർ ഇവകളെല്ലാം ഒൻപതാംഭാവംകൊണ്ടു ചിന്തിക്കേണ്ടതാകുന്നു.

രാജ്യവ്യാപാരവൃത്തിശ്ച മാനം ച പിതുസ്സ്വദഃ
പ്രവാസസ്യ ഋണസ്യാപി വ്യോമസ്ഥാനാന്നിരീക്ഷണം.

രാജ്യം, വ്യാപാരം, പ്രവൃത്തി, അഭിമാനം, പിതൃധനം, അന്യദേശഗമനം, കടം ഇവ പത്താംഭാവംകൊണ്ടു വിചാരിക്കണം.

നാനാവസ്തുഭവസ്യാപി പുത്രജായാദികസ്യ ച
രിപൂണാം രിപവശ്ചൈവ ലാഭസ്ഥാനാന്നിരീക്ഷണം.

പലവിധേനയുള്ള ദ്രവ്യങ്ങളുടെലാഭം, പുത്രന്റെ മിത്ര ശത്രുക്കളുടെ ശത്രുക്കളും ഇവയെല്ലാം പതിനൊന്നാംഭാവം കൊണ്ടു വിചാരിക്കണം.

വ്യയഞ്ച വൈരിവൃത്താന്തം രിപ്ഫാന്ത്യാദികം തഥാ
ഏവം ഭാവഫലം സമ്യക് തത്തൽസംജ്ഞാനപൂർവ്വകം.

ചെലവ്, ശത്രുക്കളുടെ ചരിത്രം, ദുരിതം, മന്ത്രി മുതലായവയെ പന്ത്രണ്ടാംഭാവംകൊണ്ടു ചിന്തിക്കണം. ഏതെല്ലാം ഫലങ്ങളെ വിചാരിക്കണമെന്നു പറഞ്ഞിരിക്കുന്ന

ഭാവം അതാതു സംജ്ഞകൾകൂടി ആ ഭാവങ്ങൾക്കു കല്പിക്കേണ്ടതാണു്.

വിവരണം.

ഏതൊരു ഭാവത്തിന്നു ശുഭഗ്രഹങ്ങളുടെ ദൃഷ്ടി, ശുഭയോഗം, ഭാവാധിപദൃഷ്ടി, ഭാവാധിപയോഗം ഇവ വരുന്നുവോ ആ ഭാവം ശുഭരൂപമായ അനുഭവത്തെ ചെയ്യും. നാശസ്ഥാനഗതനായും മൌഢ്യമുള്ളവനായും നീചശത്രുക്ഷേത്രം ഇവയെ പ്രാപിച്ചവനായും ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയോ യോഗമോ ഇല്ലാത്തവനായും ഭവിക്കുന്നുവോ ആ ഭാവത്തിന്നു ഹാനിയെ ചെയ്യും.

ലഗ്നം തുടങ്ങിയ ഓരോ ഭാവങ്ങളിലും ശുഭഗ്രഹങ്ങളോ പാപഗ്രഹങ്ങളോ നിന്നാൽ പറയേണ്ടും ഫലങ്ങൾ:—

സൂക്ഷ്മതത്വം

പാപേ ലഗ്നഗതേ പരാജയശിരോ-
രുഗ്ദുഃഖദൃഷ്ടിക്ഷതിഃ
സ്ഥാനഭ്രംശധനക്ഷയാവവയവേ-
ഽസ്വാസ്ഥ്യഭാവാന്വിതാഃ
സൌമ്യേ ലഗ്നഗതേ സുഖസ്ഥിതിജയാ-
ഽരോഗ്യാർത്ഥസമ്പത്തയഃ
കീർത്തിസ്ഥാനവിശേഷലബ്ധിരിതി വി-
ജ്ഞേയം ഫലം പുഷ്ടതാം.

ലഗ്നരാശിയിൽ പാപഗ്രഹങ്ങൾ നിന്നാൽ കാര്യങ്ങളിൽ പരാജയവും ശിരോരോഗവും ദുഃഖവും ദൃഷ്ടിക്ഷതിയും സ്ഥാനഭ്രംശവും ദ്രവ്യനാശവും അവയവങ്ങൾക്കു അസ്വാസ്ഥ്യവും പലവിധത്തിലുള്ള സുഖക്കേടും പറയേണ്ടതാണു്. ശുഭൻ നിന്നാൽ സുഖാവസ്ഥയും ജയവും ശരീരത്തിനാരോഗ്യവും സമ്പത്തും കീർത്തിയും ബഹുമാനസൂചകമായ സ്ഥാനലബ്ധിയും പറയേണ്ടതാകുന്നു.

പാപേ വിത്തഗതേ സ്വപൂർവ്വനിചിത-
ദ്രവ്യക്ഷയോ വാക്ക്ഷത-
ശ്ചോരവ്യാമയദക്ഷിണാംബകഗദോ
ദുശ്ശ്ലോകതിപാത്രക്ഷതിഃ
സൌമ്യേ വിത്തഗതേ പുരാർജ്ജിതധനാ-
നാമേവ വൃദ്ധ്യൈശ്ചവഃ
പാത്രാപ്തിർമ്മണീയകേജനസുഖം
പ്രശസ്തിരിയായാൽ ഫലം.

രണ്ടാംഭാവത്തിൽ പാപഗ്രഹം നിന്നാൽ പൂർവ്വന്മാർ സമ്പാദിച്ചിട്ടുള്ള ധനങ്ങൾക്കു നാശവും മുഖരോഗവും കട്ടം ബന്ധനങ്ങൾക്കും വലതു കണ്ണിനു വ്യാധിയും നിന്ദ്യമായ വചനവും പാത്രനാശവും ഫലം. ശുഭഗ്രഹങ്ങൾ രണ്ടിൽ നിന്നാൽ പൂർവ്വന്മാർ സമ്പാദിച്ച ധനത്തെക്കൂടി വർദ്ധിപ്പിക്കയും പാത്രലാഭവും കുടുംബജനസന്തോഷവും ഉണ്ടാകും.

പാപേ ഭ്രാതൃഗതേ സഹായവിഗമഃ
ശോകാർത്തിരോഗാദികം
വക്ഷഃകന്ധരകർണ്ണരുഗ്ണതാ ദുർ-
ധീർന്നഷ്ടപ്രധൈര്യതാ
സൌമ്യേ ഭ്രാതൃഗതേ സഹോദരസുഖം
യോഗോപ്യലാഭാദികം
സദ്ബുദ്ധ്യുദയശ്ച ധൈര്യമിതി-
ത്യേതത് ഫലം പ്രസ്തുതം.

മൂന്നാംഭാവത്തിൽ പാപൻ നിന്നാൽ സഹായമില്ലാതെവരിക, സഹോദരന്മാർക്ക് രോഗം മുതലായ ആപത്തു വരിക, മാറിലും കഴുത്തിലും വലത്തെ ചെവിയിലും രോഗമുണ്ടാവുക, ദുർബുദ്ധി വർദ്ധിക്കുക, ധൈര്യമില്ലാതാവുക, ഈ ഫലങ്ങളും; ശുഭഗ്രഹം മൂന്നാംഭാവത്തിൽനിന്നാൽ ബുദ്ധിക്കു നന്മയുണ്ടാവുക, ധൈര്യമുണ്ടാകുക, സഹോദരന്മാർക്കു സു

ഷ്ടവരിക, സഹായഗുണം, ആരോഗ്യലാഭം ഇൗ ഫലങ്ങളും പറയേണ്ടതാകുന്നു.

മാതൃൎമ്മാതുലഭാഗിനേയസുഹൃദാം
　　ഗോമേഷ്വശ്വാസന-
ക്ഷേത്രാണാമപി വാഹനസ്യ ച വിപ-
　　ദ്ദൃഗ്വശേതൽ പാന്ഥവം
കൂപാദ്യംബുവിദൂഷണം സുഖഗതേ
　　പാപേ ശുഭേ വാഹനം
ക്ഷേത്രം ഗോശയനാസനാദി സുഖമി-
　　ത്യേഷാം ഹി ലാഭോ ഭവേൽ.

നാലാംഭാവത്തിൽ പാപഗ്രഹംനിന്നാൽ മാതാവ് മാതുലൻ മരുമകൻ ബന്ധുജനങ്ങൾ പശുക്കൾ ഗൃഹങ്ങൾ ശയനാസനങ്ങൾ കൃഷിഭൂമി വാഹനങ്ങൾ ഇവയുടെ നാശവും, ഹൃദയത്തിന് രോഗവും, ദുഃഖവും, കിണറു മുതലായ ജലാശയങ്ങളിലെ ജലത്തിന് ദൂഷണവും ഇവയും പറഞ്ഞു കൊള്ളണം. ശുഭഗ്രഹങ്ങൾ നിന്നാൽ വാഹനം ക്ഷേത്രം പശുക്കൾ ശയനാസനങ്ങൾ ആസനങ്ങൾ ഇവകളുടെ ലാഭത്തെയും സുഖത്തെയും പറയണം.

പാപേ പഞ്ചമഗേസ്യ മോഷവശതോ
　　മൌഢ്യാദിനാ ഭ്രംശകൃതി-
ർമ്മാ പത്യസ്യ പുരാണപുണ്യവിലയോ
　　വൈത്യം മനഃകമ്പനം
ക്രൂധാമാതൃശഗാദികം തഥാ ശുഭേ
　　പുത്രസ്യ ലാഭോ ഭവാ-
ദ്ദോഗ്യം ധീപ്രതിഭാഭയശ്ച മനസഃ
　　സ്വസ്ഥിശ്ച പുണ്യോദയഃ

അഞ്ചാമേടത്തു പാപഗ്രഹം നിന്നാൽ പുത്രമരണവും പുത്രന്മാർക്ക് രോഗവും പറയാം. ആ പാപന്റെ മൌഢ്യം

നീചസ്ഥിതി മുതലായ അനിഷ്ടങ്ങളുണ്ടെങ്കിൽ മരണത്തെയും അല്ലെങ്കിൽ രോഗത്തെയും പറഞ്ഞുകൊള്ളണം. കൂടാതെ പൂർവപുണ്യത്തിന്റെ നാശം മനസ്സിനു മന്ദത കോപം മന്ത്രിമാർ മുതലായവർക്കു രോഗം ഇവകളും, ശുഭൻ നിന്നാൽ പുത്രലാഭവും പുത്രന്മാർക്ക് ആരോഗ്യവും ബുദ്ധിഗുണവും സമയോചിതവും ബുദ്ധിക്കു ചൈതന്യവും മനസ്സന്തോഷവും പുണ്യവൃദ്ധിയും പറയണമതാകുന്നു.

പാപേ ഷഷ്ഠഗതേ തു ഷഷ്ഠഭവനോ-
ത്ഥാംശേ വ്രണസ്യോദ്ഭവഃ
ചോരാരിവ്യസനാദി നാഭികടിതു-
ഗ്വിഗ്ദോഷഃ ക്ഷതിഃ കർമ്മസു
പാപസ്യാസ്യ ച രോഗസംഭവഗണഃ
സൗമ്യേ ച ശത്രുക്ഷയോ
രോഗാണാമപി വാ സതാം തു ശമനം
പ്രാഹുസ്സമാവിഷ്കൃതം

ആറാംഭാവത്തിൽ പാപൻ നിന്നാൽ ആറാംഭാവംകൊണ്ടു കല്പിക്കപ്പെടുന്ന അവയവത്തിനു വ്രണരോഗവും കള്ളന്മാർ ശത്രുക്കൾ ഇവരിൽനിന്നു വേദനയും, നാഭി അരക്കെട്ട് ഈ സ്ഥലങ്ങളിൽ രോഗവും കർമ്മങ്ങൾക്കു തടവും വ്യാധികളും ശുഭന്മാർ നിന്നാൽ ശത്രുനാശം രോഗശമനം ഇവയും ഉണ്ടാകുന്നതാകുന്നു.

പാപേ സപ്തമഗേ കളത്രമരണം
രോഗോ വിയോഗോഽസ്യ വാ
മൃത്യുർവ്വാ ഗമനാന്തരായ ഉദിതാൽ
സ്യുർമ്മൂത്രകൃച്ഛ്രാദയഃ
സൌമ്യേ സപ്തമഗേ വിവാഹഘടനാ
നഷ്ടാർത്ഥലാഭഃ സുഖ-
ശ്ശോഭാവാപ്തിവിശേഷയാനസുഖമ-
പ്യാനന്ദികം സ്യാൽ ഫലം.

ഏഴാംഭാവത്തിൽ പാപഗ്രഹങ്ങൾ നിന്നാൽ അവ
ക്കു ദൌർബ്ബല്യം മുതലായ ദോഷാധിക്യത്തിനനുസരിച്ച് ഭാര്യ
യ്ക്കു രോഗമോ വിയോഗമോ മരണമോ ഉണ്ടാകുമെന്നു പറയ
ണം. വിശേഷാൽ കാര്യാദികൾക്കൊക്കെ നഷ്ടവും മൂത്രകൃച്ഛ്രം മു
തലായ വസ്തിരോഗങ്ങളും ഗുഹ്യസ്ഥാനത്തിന് അസുഖബാധ
മുതലായ ആപത്തുകളും പറയണം. ശുക്രൻ നിന്നാൽ വ്യവ
ഹാരവും നഷ്ടപ്പെട്ടുപോയ ദ്രവ്യത്തിന്റെ പിന്നിട്ടുള്ള
ലാഭവും ഐശ്വര്യവതികളായ സ്ത്രീകളിൽനിന്ന് സ്വന്തസു
ഖവും ദൂരദേശങ്ങളിൽ പോയിട്ടുള്ള ബന്ധുക്കളുടെ ചേർച്ചയും
വിട്ടു പണിചെയ്യിക്കയും ചെയ്യുന്നതിന് ഇടവരുന്നതാണ്.

പാപേ രന്ധ്രഗതേ തു രോഗജനകഃ
പ്രസ്പഷ്ടദൌർഭാഗ്യദോ
ലോകൈർവിഗ്രഹണം ധനാദിഹരണം
ചോരൈർന്നൃപൈശ്ചാരിഭിഃ
രോഗാദ്യാവിലപൂർവ്വകഃ സ്യുരപി ച
സ്യൂഷ്മാകതീയാ മൃതിഃ
സൌമ്യേ രന്ധ്രഗതേ തു രോഗവിരഹോ
ദൈർഘ്യം തഥാ ചായുഷഃ

പാപൻ എട്ടാമേടത്തുനിന്നാൽ ദുസ്സഹമായ രോഗവും
കാര്യങ്ങളിലെല്ലാം വിഘ്നവും ലിംഗം യോനി മുതലായ സ്ഥാ
നങ്ങളിൽ രോഗവും ജനങ്ങളോടു കലഹവും കള്ളന്മാരിൽ
നിന്നും ചോരണാദികൾകൊണ്ടു ധനനാശവും രാജകോപം
കൊണ്ടും ശത്രുക്കളുടെ ഉപദ്രവംകൊണ്ടുമൊക്കെ ധനനഷ്ടവും
അരോചകം തുടങ്ങിയുള്ള രോഗങ്ങളും മരണതുല്യമാ
യ രോഗവും പറയണം.

പാപേ ധർമ്മഗതേ സ്യാദ്ഗുരുജനപിതൃപുത്ര-
ത്രാദിതഃ ഭാഗ്യഹാനി-
ർവ്വ്യാഃ ധർമ്മകാനുഗ്രഹസുകൃതശോ-
ഭാനാശോ നിഷ്ഫലതാം

സൌമ്യേ ധർമ്മസ്ഥിതേ സ്യാൽ ഗുരുപിതൃമനസാം-
ശ്രേയോഭാഗ്യാനാം പ്രസാദോ
വൃദ്ധിർഭാഗ്യസ്യ ധർമ്മസ്യ ച ഗുരുതപസാം-
മാർഗ്ഗതാ പൌത്രസൌഖ്യം.

ഒൻപതാംഭാവത്തിൽ പാപൻ നിന്നാൽ ഗുരുജനങ്ങൾക്കും പിതാവിനും മക്കളുടെമക്കൾക്കും മറ്റും രോഗവും ഭാഗ്യമില്ലാതാവുകയും ധർമ്മകർമ്മങ്ങൾക്കും ഈശ്വരാനുഗ്രഹങ്ങൾക്കും ഹാനിവരികയും പുണ്യങ്ങൾക്കും വ്രതാദികളായ നിത്യകർമ്മങ്ങൾക്കും ദോഷം സംഭവിക്കയും കൃപയില്ലാതാവുകയും ചെയ്യുന്നതാണ്. ശുഭഗ്രഹം നിന്നാൽ ഗുരുപ്രീതി പിതൃസന്തോഷം മനസ്സന്തുഷ്ടി ദൈവാനുകൂല്യം ഭാഗ്യങ്ങളും വളരെ ധർമ്മകൃത്യങ്ങൾ പുണ്യാഭിവൃദ്ധി വ്രതാദികളായ സൽകർമ്മാനുഷ്ഠാനം മനസ്സിനു വളരെ ദയ പൌത്രന്മാർക്കാണെങ്കിൽ സുഖവും തന്നിമിത്തം അവർക്ക് സൌഖ്യവും ഫലമാകുന്നു.

പാപേ കർമ്മഗതേ തു കർമ്മവിഹതിർ-
ദുഷ്കീർത്തിരജ്ഞാനതാ
മാതാലംബനതാവിനാശനമപി
സ്യാജ്ജന്തോരതിപ്രേഷണം
സൌമ്യേ പദവീമന്ത്രിപാദഭ്യുദയാ-
ല്ലുല്ലാസനം കർമ്മണാ-
മാജ്ഞാബന്ധനതാധനാദിഭിരപി രാ-
ന്ധാപ്തികീർത്ത്യാദയഃ

പത്താംഭാവത്തിൽ പാപൻനിന്നാൽ തുടങ്ങുന്ന കർമ്മങ്ങൾക്ക വിഘാതവും അപമാനവും അജ്ഞാനവും ദുഷ്കീർത്തിയും ആശ്രയമായിട്ടുള്ളവർക്കും നാശവും മാതാവിന്നു രോഗവും പരദേശഗമനത്തിനിടയാകയും ചെയ്യും. ശുഭൻ നിന്നാൽ വഴിയമ്പലം ദേവാലയം ഇവകൾ പണിചെയ്യിക്കുകയും, പ്രവർത്തിക്കുന്ന പ്രവൃത്തികൾ സഫലമായിത്തീരു

കയും, അനുജന്മാൎക്കു ശക്തിയും ആശ്രയജനങ്ങൾക്കു് അ
ഭിവൃദ്ധിയും, മാസലാഭവും സൽക്കീർത്തിയും ഫലങ്ങളാകുന്നു.

പാപേ ലാഭേ സ്ഥിതവതി സുതജ്യേഷ്ഠയോരാമയാപ്തിം
ജംഘാവാമശ്രവണയുഗമൃത്യാക്ഷതാംശ്ചാദി നാശഃ
സൌമ്യേ ദുഃഖപ്രശമനസമസ്തേപ്സിതാപ്തിഃ പ്രതിഷ്ഠാഃ
സംജ്ഞാതോദ്ധ്യായമിശ്രേ തുല്യ തസ്യാപി നാശോഗമാപ്ത്യം

പതിനൊന്നാമത്തേതു പാപഗ്രഹം നിന്നാൽ പുത്രൻ ജ്യേഷ്ഠൻ ഇവർക്കും മുഴങ്കാലിനും ഇടത്തെ ചെവിക്കും രോഗവും ധനനാശവും ശുഭൻ നിന്നാൽ ദുഃഖങ്ങൾക്കു ശമനവും ആഗ്രഹസിദ്ധിയും ദ്രവ്യലാഭവും ഉണ്ടാകുന്നതാണു്.

പാപേ വ്യയഗേ ദൃഗ്വ്യയപാദ-
ഭംഗോ ദാരിദ്ര്യമാക്ഷിതഃ
പാതാൽ പാപമതിപ്രവൃദ്ധിരിതി വ-
ക്തവ്യം ഫലം പുഷ്കരം
സൌമ്യേ വ്യയഗേ വ്യയോ വിതരണ-
പ്രായോ ന ദുർവ്യയഃ
പാപാനാം ക്ഷയമുത്തമോപശമനം
ചൈത്യാദികം സ്യാൽ ഫലം.

പന്ത്രണ്ടാംഭാവത്തിൽ പാപഗ്രഹങ്ങൾ നിന്നാൽ ദുഷ്കൃത്യങ്ങളിൽ മുടിച്ചു ധനനാശവും സ്ഥാനത്തിൽനിന്നു ചലനവും പാദത്തിലും ഇടത്തെ കണ്ണിനും രോഗവും വീഴ്ചകളും പാപകർമ്മത്തിനു ശക്തിയും ഉണ്ടാകും. ശുഭൻ നിന്നാൽ ദാനം ധർമ്മം മുതലായ സൽക്കാര്യങ്ങളിൽ ധനം ചെലവുചെയ്യുന്നതുമാം. പുറമേ പാപശാന്തിയും രോഗശമനവും മറ്റും ഉണ്ടാകുന്നതുമാകുന്നു.

ഛത്രരാശി അറിവാൻ

ആദിത്യൻ ഇടവം, മിഥുനം, കർക്കടകം, ചിങ്ങം ഈ രാശികളിൽ നില്ക്കുമ്പോൾ മേടം വീഥിരാശിയാകുന്നു. വൃ

വൃശ്ചികം, ധനുസ്സ്, മകരം, കുംഭം ഈ രാശികളിൽ ആദിത്യൻ നില്ക്കുമ്പോൾ മിഥുനംരാശിയും, കന്നി തുലാം മീനം മേടം ഈ രാശികളിൽ ആദിത്യൻ നില്ക്കുമ്പോൾ ഇടവവും വീഥിരാശിയാകുന്നു. ആരൂഢരാശിമുതൽ ഉദയലഗ്നം എത്രാമത്തെ രാശിയാണോ, മുൻ പറഞ്ഞ വീഥിരാശിമുതൽ അത്രാമത്തെ രാശി ഛത്രരാശിയാകുന്നു. ഉദയലഗ്നം പ്രധാനമായി വിചാരിക്കുന്ന ഘട്ടങ്ങളിൽ ലഗ്നത്തിന്റെ അംശകരാശിതന്നെ ഛത്രരാശി ഈ രണ്ടു രാശികളും ആരൂഢലഗ്നങ്ങളുടെ പ്രാമാണ്യമനുസരിച്ചു യോജിപ്പിച്ചു ചിന്തിച്ചുകൊള്ളേണ്ടതാണ്.

സൂത്രനിരൂപണം

ആരൂഢംകൊണ്ടും ഉദയലഗ്നംകൊണ്ടും വിചാരിക്കപ്പെടുന്നതു സാമാന്യവും ആരൂഢത്തിന്റേയും ലഗ്നത്തിന്റേയും അധിപന്മാരെക്കൊണ്ടു ചിന്തിക്കുന്നതു് അധിപതിസൂത്രവുമാകുന്നു. ആരൂഢവും ഉദയലഗ്നവും ചരരാശിയാണെങ്കിലും അല്ലെങ്കിൽ ഒന്നു് ഉഭയരാശിയും മറ്റൊന്നു് സ്ഥിരരാശിയും ആയിവന്നാലും അതു ജീവസൂത്രമാകുന്നു. ആരൂഢവും ഉദയവും സ്ഥിരരാശിയായാലും ഒന്നു ചരരാശിയും മറ്റേതു ഉഭയരാശിയായിവന്നാലും ഇങ്ങനെ മൃതിസൂത്രവും രണ്ടുവിധമാകുന്നു. ആരൂഢരാശിയുടേയും ഉദയരാശിയുടേയും അധിപൻ ഒരാളായിവന്നാലും അവർതമ്മിൽ ബന്ധുക്കളായാലും ജീവസൂത്രമാകുന്നു. അവർതമ്മിൽ സമന്മാരായിരുന്നാൽ രോഗസൂത്രമാകുന്നു. അവർ പരസ്പരം ശത്രുക്കളായി വന്നാൽ മരണസൂത്രവുമാകുന്നു. ഇങ്ങനെ അധിപസൂത്രത്തിന്റെ ജീവ,രോഗ,മരണസൂത്രങ്ങളുടെ ഭേദം അറിഞ്ഞുകൊള്ളണം.

ദീർഘായുർയോഗങ്ങൾ

൧. ലഗ്നത്തിനും ചന്ദ്രനും ബലമുണ്ടായിരിക്കുക, ശുഭയോഗം വരുക, ശുഭദൃഷ്ടി വരിക.

വൃശ്ചികം, ധനുസ്സ്, മകരം, കുംഭം ഈ രാശികളിൽ ആദിത്യൻ നില്ക്കുമ്പോൾ മിഥുനരാശിയും, കന്നി തുലാം മീനം മേടം ഈ രാശികളിൽ ആദിത്യൻ നില്ക്കുമ്പോൾ ഇടവവും വീഥിരാശിയാകുന്നു. ആരൂഢരാശിമുതൽ ഉദയലഗ്നം എത്രാമത്തെ രാശിയാണോ, മുൻപറഞ്ഞ വീഥിരാശിമുതൽ അത്രാമത്തെ രാശി ഛത്രരാശിയാകുന്നു. ഉദയലഗ്നം പ്രധാനമായി വിചാരിക്കുന്ന ഘട്ടങ്ങളിൽ ലഗ്നത്തിന്റെ അംശകരാശിതന്നെ ഛത്രരാശി ഈ രണ്ടു രാശികളും ആരൂഢലഗ്നങ്ങളുടെ പ്രാമാണ്യമനുസരിച്ചു യോജിപ്പിച്ചു ചിന്തിച്ചു കൊള്ളേണ്ടതാണു്.

സൂത്രനിരൂപണം

ആരൂഢംകൊണ്ടും ഉദയലഗ്നംകൊണ്ടും വിചാരിക്കപ്പെടുന്നതു സാമാന്യവും ആരൂഢത്തിന്റെയും ലഗ്നത്തിന്റെയും അധിപന്മാരെക്കൊണ്ടു ചിന്തിക്കുന്നതു് അധിപതിസൂത്രവുമാകുന്നു. ആരൂഢവും ഉദയലഗ്നവും ചരരാശിയാണെങ്കിലും അല്ലെങ്കിൽ ഒന്നു് ഉഭയരാശിയും മറ്റേതു് സ്ഥിരരാശിയും ആയിവന്നാലും അതു ജീവസൂത്രമാകുന്നു. ആരൂഢവും ഉദയവും സ്ഥിരരാശിയായാലും ഒന്നു ചരരാശിയും മറ്റേതു ഉഭയരാശിയായിവന്നാലും ഇങ്ങനെ മൃതിസൂത്രവും രണ്ടുവിധമാകുന്നു. ആരൂഢരാശിയുടെയും ഉദയരാശിയുടെയും അധിപൻ ഒരാളായിവന്നാലും അവർതമ്മിൽ ബന്ധുക്കളായാലും ജീവസൂത്രമാകുന്നു. അവർതമ്മിൽ സമന്മാരായിരുന്നാൽ രോഗസൂത്രമാകുന്നു. അവർ പരസ്പരം ശത്രുക്കളായി വന്നാൽ മരണസൂത്രവുമാകുന്നു. ഇങ്ങനെ അധിപസൂത്രത്തിന്റെ ജീവ,രോഗ,മരണസൂത്രങ്ങളുടെ ഭേദങ്ങൾ അറിഞ്ഞുകൊള്ളണം.

ദീർഘായുർയോഗങ്ങൾ

൧. ലഗ്നത്തിനും ചന്ദ്രനും ബലമുണ്ടായിരിക്കുക, ശുഭയോഗം വരിക, ശുഭദൃഷ്ടി വരിക.

ഇഷ്ടസാദ്ധ്യം.

പ്രശ്നരാശിയുടെയോ, ജാതകലഗ്നത്തിന്റെയോ ഒൻപതാമത്തെ ബലവാനായ ശുഭഗ്രഹം നില്ക്കുന്നതെങ്കിൽ വിചാരിച്ച കാൎയ്യം നിഷ്പ്രയാസം സാദ്ധ്യമാണെന്നു പറയാം. ഒൻപതാമത്തെ പാപഗ്രഹം നില്ക്കുക, ഒൻപതാംഭാവാധിപനും, ലഗ്നാധിപനും അനിഷ്ടഭാവത്തിൽ ബലഹീനന്മാരായി വരിക, ഇങ്ങനെയുള്ള ദോഷലക്ഷണങ്ങൾ കണ്ടാൽ ഇഷ്ടകാൎയ്യസാദ്ധ്യമുണ്ടാവുകയില്ലെന്നു പറയേണ്ടതാകുന്നു.

ജീവദ്രവ്യചിന്ത.

യുഗ്മരാശികൾ (സൌമ്യഗ്രഹങ്ങളുടെ ക്ഷേത്രങ്ങൾ) ശുഭഗ്രഹങ്ങളുടെ യോഗദൃഷ്ടികൾ എന്നിവയുണ്ടായിരുന്നാൽ പ്രശ്നം ജീവചിന്താവിഷയമാണെന്നു പറയേണ്ടതാണ്.

മനുഷ്യചിന്ത.

ദ്വിപാദ്രേക്കാണം ഉദിക്കുകയും മനുഷ്യരാശി ലഗ്നമായിരിക്കുകയും ഗുരുശുക്രന്മാർ ദൃഷ്ടിചെയ്യുകയും ചെയ്താൽ പ്രശ്നം മനുഷ്യചിന്താവിഷയമായിരിക്കും.

പുരുഷചിന്താ.

മൂന്ന്, ഏഴ്, പതിനൊന്ന് ഈ ഭാവങ്ങളിൽ പുരുഷഗ്രഹങ്ങൾ നില്ക്കുകയും ലഗ്നം, ഓജരാശിയായി വരികയും ചെയ്താൽ പുരുഷവിഷയമായിരിക്കും. യുഗ്മരാശി ലഗ്നമായിരിക്കുകയും, ചന്ദ്രശുക്രന്മാർ മൂന്ന്, ഏഴ്, പത്ത് ഈ ഭാവങ്ങളിൽ നില്ക്കുകയും ചെയ്താൽ പ്രശ്നം സ്ത്രീചിന്താസൂചകമാകുന്നു.

സ്ത്രീചിന്ത.

ലഗ്നം യുഗ്മരാശിയും, യുഗ്മദ്രേക്കാണവും, യുഗ്മനവാംശകവും ആയിരിക്കുക എന്നല്ലെങ്കിൽ ചന്ദ്രശുക്രന്മാർ

യുഗ്മരാശിദ്രേക്കാണനവാംശകങ്ങളിൽ നില്ക്കുക, പൂർവ്വോക്തലഗ്നാദിദ്രേക്കാണനവാംശങ്ങളിൽ നോക്കുകയോ, നില്ക്കുകയോ ചെയ്ക എന്നാൽ പ്രശ്നം സ്ത്രീചിന്താവിഷയമാകുന്നു എന്നു പറയണം.

ഫലവിശേഷം.

ചന്ദ്രലഗ്നത്തിന്നു ബലമുണ്ടെങ്കിൽ മേൽപറഞ്ഞിട്ടുള്ള എല്ലാ ഫലങ്ങളും ചന്ദ്രനെക്കൊണ്ടും അവിടെ നോക്കുകയും, നില്ക്കുകയും ചെയ്യുന്ന ഗ്രഹങ്ങളെക്കൊണ്ടും നിരൂപിക്കാവുന്നതാണ്. ലഗ്നത്തിന്നും, ചന്ദ്രനും ബലമില്ലെങ്കിൽ ഛത്രരാശിയെക്കൊണ്ട് ഈ ഫലങ്ങളെ പറഞ്ഞുകൊള്ളണം. ബലമുള്ള ചന്ദ്രലഗ്നംകൊണ്ട് വർത്തമാനഫലത്തെയും, ഛത്രരാശികൊണ്ട് ഭാവിഫലത്തെയും, ആരൂഢംകൊണ്ട് ഭൂതഫലത്തെയും നിരൂപിക്കേണ്ടതാണ്. ആരൂഢോദയങ്ങൾ ഒരു രാശിയായും, സമസപ്തമമായും വരുന്നത് ഏററവും ഉത്തമമാകുന്നു. എന്നാൽ ആരൂഢത്തിൽ നിന്ന് ഷഷ്ഠാഷ്ടമവ്യയസ്ഥാനങ്ങളിൽ ചന്ദ്രലഗ്നമോ ഛത്രരാശിയോ വന്നാൽ അശുഭവും ആകുന്നു.

കർമ്മവിപാകം.

കുഷ്ഠരോഗത്തിന്നു വിപ്രന്റെ ഹിംസയും ഗുരുവിന്റെ ഭാര്യാഗമനവും, വിശ്വസ്തനായ ആൾക്ക് വിഷംകൊടുക്കുകയും, ദുശ്ചികിത്സചെയ്യുകയും കാരണമാകുന്നു.

പരിഹാരം.

സൗരസൂക്തവും, ആയുഷ്യസൂക്തവും, സ്വർണ്ണംകൊണ്ടു സൂര്യപ്രതിമ ഉണ്ടാക്കി ദാനംചെയ്യുകയും, ത്ര്യംബകമന്ത്രങ്ങളെക്കൊണ്ടുള്ള ഹോമവും വേണ്ടതാകുന്നു.

രാജയക്ഷ്മാ.

രാജയക്ഷ്മാവെന്ന വ്യാധിക്കുള്ള കാരണം ബ്രഹ്മഹത്യയും, ഗുരുജനങ്ങളെ ദ്വേഷിക്കയും ഗ്രഹണം മുതലായ പുണ്യസമയങ്ങളിൽ സ്ത്രീസംഗംചെയ്യുകയുമാകുന്നു

പരിഹാരം.

സഹസ്രനാമവും അഗ്നിസൂക്തംകൊണ്ടും ഐന്ദ്രാഗ്നിസൂക്തംകൊണ്ടും ഹോമംചെയ്കയും വേണം.

വിസൎപ്പം.

വിസൎപ്പവ്യാധിക്കുള്ള കാരണം സൎപ്പത്തിനെ ഹിംസിക്കുന്നതും സൎപ്പത്തിനെക്കൊണ്ടു് അന്യനെ ഹിംസിപ്പിക്കുന്നതുമാകുന്നു.

പരിഹാരം.

സൎപ്പദാനംചെയ്യണം. സൎപ്പദാനവിധി സ്മൃതികളിൽ പറയപ്പെട്ടിട്ടുണ്ടു്.

പാണ്ഡുരോഗം.

ദേവന്മാരുടേയും ബ്രാഹ്മണരുടേയും ധനാപഹരണവും അഭക്ഷ്യഭക്ഷണവും കാരണങ്ങളാകുന്നു.

പരിഹാരം.

കൂശ്മാണ്ഡഹോമവും കനകവിതരണവും വേണ്ടതാകുന്നു.

അതിസാരത്തിനു്.

കുളം കിണറു് മുതലായതു നശിപ്പിക്കുകകാരണമാകുന്നു. അതിന്നു പ്രായശ്ചിത്തമായി കറുത്ത പശുവിനെയും സൂൎയ്യപ്രതിമയെയും ദാനംചെയ്യേണ്ടതാകുന്നു.

മുഖരോഗങ്ങൾ.

അന്യന്മാരുടെ ചുണ്ടുകളെ മുറിക്കുക പല്ലുകളെ കെടുവരുത്തുക നാവു് അറുക്കുക അസത്യംപറക കള്ളസ്സാക്ഷിപറക ഇവകളാകുന്നു. അതിന്നു പ്രായശ്ചിത്തമായി കൂശ്മാണ്ഡമന്ത്രങ്ങളെക്കൊണ്ടു ഹോമവും ഗായത്രീജപവും ധാന്യങ്ങളെയും സ്വൎണ്ണത്തെയും ദാനംചെയ്കയും വേണ്ടതാകുന്നു.

അപസ്മാരരോഗത്തിന്.

ദേവന്മാരുടേയും ബ്രാഹ്മണരുടേയും മുതൽ അപഹരിക്കുകയും അന്നത്തെ അപഹരിക്കുകയും പശുക്കളെ കൊല്ലുകയും കാരണമാകുന്നു.

പരിഹാരം.

സ്വർണ്ണംകൊണ്ടു പശുപ്രതിമ ഉണ്ടാക്കി ദാനംചെയ്യുകയും അന്നദാനം നക്ഷത്രകൃച്ഛ്രം ചെയ്യേണ്ടതാകുന്നു.

നേത്രരോഗം.

ഉപകാരംചെയ്യുവന് പ്രത്യുപകാരംചെയ്യാതിരിക്കുകയും വ്യാജംകൊണ്ട് അന്യസ്ത്രീകളെ വശത്താക്കുകയും അന്യന്റെ കണ്ണുകളെ നശിപ്പിക്കയും കാരണമാകുന്നു.

പരിഹാരം.

ചെറുപയറുചേർത്ത അന്നവും (പരിപ്പുപ്രഥമനും) പഞ്ചസാരപ്പായസവും സ്വർണ്ണവും നെയ്യും സ്വർണ്ണംകൊണ്ടുണ്ടാക്കിയ ഗരുഡപ്രതിമയും ദാനംചെയ്യേണ്ടതാകുന്നു.

ജിഹ്വാദോഷത്തിന്.

ഗുരുക്കന്മാരെ നിന്ദിക്കയും അസത്യം പറഞ്ഞ് അന്യന്മാരെ ദ്വേഷിപ്പിക്കയും അന്യന്മാരുടെ നാക്ക് അറുക്കുകയും കാരണമാകുന്നു.

പരിഹാരം.

ധാന്യങ്ങളേയും ഔഷധങ്ങളേയും ദാനംചെയ്യുകയും യജുർവ്വേദവിഹിതങ്ങളായ കൂശ്മാണ്ഡമന്ത്രങ്ങളെക്കൊണ്ടു ഹോമംചെയ്യുകയും ഗ്രഹശാന്തിക്ക് ഉപയോഗിക്കുന്ന രാഹുവിന്റെ മന്ത്രം ഏതു സൂക്തത്തിന്റെ ആദിയാകുന്നു ആ സൂക്തത്തേയും ജപിപ്പിക്കേണ്ടതാകുന്നു.

വാതത്തിന്.

അച്ഛൻ അമ്മ, ഗുരു ഇവരെ നിന്ദിക്കുക അന്നത്തെ അപഹരിക്ക ഇവകളാണ്.

പരിഹാരം.

ചെമ്പുകൊണ്ടുണ്ടാക്കിയ മൃഗപ്രതിമയേയും വസ്ത്രത്തേയും അന്നത്തേയും സ്വൎണ്ണത്തേയും ദാനംചെയ്യുകയും വായുസൂക്തത്തേയും വായുവിനെ ശമിപ്പിക്കുന്ന ഋക്കിനേയും ജപിക്കയും വേണം.

ശൂലരോഗത്തിന്.

ശൂലരോഗമുണ്ടാവാൻ കന്യകാഗമനവും പശുഗമനവും വിധവാഗമനവും മാതൃഗമനവും ഭ്രൂണപാതകവും വിശ്വസ്തന്ന വിഷംകൊടുക്കുകയും ശൂലംകൊണ്ട് അന്യനെ ഹിംസിക്കയും കാരണമാകുന്നു.

പരിഹാരം.

ശക്തിക്കുതക്കവണ്ണം സ്വൎണ്ണമോ വെള്ളിയോ ഇരുമ്പോകൊണ്ട് ശൂലമുണ്ടാക്കി ദാനംചെയ്ക. തിലദാനംചെയ്ക താമരപ്പൂവുണ്ടാക്കി ദാനംചെയ്കയും വേണ്ടതാകുന്നു.

ഗുന്മന്.

ഗുരുവിനെ ദ്വേഷിക്കുകയും അന്യനിലുള്ള അസൂയയും അന്യന്റെ മുതൽ അപഹരിക്കയും ചെയ്യുന്നതുകൊണ്ടാകുന്നു.

പരിഹാരം.

അഷ്ടാക്ഷരം പഞ്ചാക്ഷരം ശ്രീരാമമന്ത്രം ഗായത്രി ഇവകൾ ജപിപ്പിക്കയും സ്വൎണ്ണംകൊണ്ട് ഗണപതിയുടെ പ്രതിമയുണ്ടാക്കി ദാനംചെയ്കയും വേണ്ടതാകുന്നു.

ചില വിശിഷ്ടതത്വങ്ങൾ

ജാതകാലങ്കാരം.

൧. ഒൻപതാംഭാവാധിപൻ ബലവാനായിട്ടിരിക്കുകയും ആ രാശീനാഥൻ കേന്ദ്രസ്ഥാനത്തിരിക്കയുംചെയ്താൽ പിതാവിനെക്കാൾ പുത്രൻ ഭാഗ്യവാനായുംകീൎത്തിമാനായും

രാജപ്രീതിമാനായും വാഹനലാഭമുള്ളവനായും ഭവിക്കുന്നതാണ്. ൩. ഒൻപതാംഭാവാധിപതി ആദിത്യനോടുകൂടി ആറാം ഭാവത്തിരിക്കയാണെന്നുവരികിൽ പിതാവു പുത്രന്റെ ആജ്ഞാനുസരണം നടക്കാനിടവരുന്നതാണ്. ൪. ഒൻപതാംഭാവാധിപനും അഞ്ചാം ഭാവാധിപനും പരസ്പരം ദൃഷ്ടി ചെയ്താലും ഏതു രാശിയിലെങ്കിലും ഒരുമിച്ചുനിന്നാലും രാജമന്ത്രിയാകും. ൫. നാലാംഭാവാധിപനെ വ്യാഴം നോക്കുകയും കാരകനോടു വ്യാഴം കൂടുകയും അഞ്ചാം ഭാവാധിപനു നാലാംഭാവാധിപന്റെ യോഗമോ ദൃഷ്ടിയോ സംഭവിക്കുന്നതായാലും രാജാവിനോടുകൂടി സഞ്ചരിക്കുന്നതിനിടവരുന്നതാണ്. ൬. അഞ്ചാംഭാവാധിപനും ഒൻപതാംഭാവാധിപനും കൂടി ലഗ്നത്തിലോ അതിന്റെ ദൃഷ്ടിയിലോ ഒൻപതിലോ നിന്നാൽ മഹാഭാഗ്യവാനായിത്തീരുന്നതാണ്. ൭. പതിനൊന്നാംഭാവാധിപൻ പാപന്മാരുടെ ദൃഷ്ടിയില്ലാതെ പതിനൊന്നാംഭാവത്തിൽ നില്ക്കുകയും കാരകഗ്രഹത്തിനു ശുഭയോഗം വരികയും ചെയ്യുന്നതായാൽ രാജസന്നിധിയിൽ ജോലികിട്ടി കീർത്തിമാനായിത്തീരും. ൮. അഞ്ചാംഭാവം ശനിക്ഷേത്രമായും അവിടെ ശനിനില്ക്കയും പതിനൊന്നിൽ ചൊവ്വാ നില്ക്കുകയും ചെയ്യുന്നതായാൽ ഐശ്വര്യം സമ്പാദിക്കപ്പെടും. ൯. ലഗ്നാധിപൻ പാപഗ്രഹങ്ങളോടുകൂടി ൬-൮-൧൨ ഈ രാശികളിൽ നില്ക്കയും ശുഭഗ്രഹത്തിന്റെ യോഗമോ ദൃഷ്ടിയോ സംഭവിക്കയും ചെയ്യുന്നതായാൽ വളരെ ദരിദ്രനായ്ഭവിക്കും. ൧൦. ലഗ്നത്തിനും ചന്ദ്രനും കേതുവിന്റെ യോഗം സംഭവിക്കയും ലഗ്നാധിപൻ അഷ്ടമത്തിൽ നില്ക്കുകയും മാരകഗ്രഹത്തിന്റെ യോഗമോ ദൃഷ്ടിയോ സംഭവിക്കയും ചെയ്യുന്നതായാൽ ദരിദ്രനായിഭവിക്കും. ൧൧. വ്യാഴം ശുക്രനെ നോക്കിയാലും ഏതെങ്കിലും ഒരുഗ്രഹം ഉച്ചത്തിൽ ഇരിക്കുകയും അതിനു മിത്രയോഗവും മിത്രദൃഷ്ടിയും ഉണ്ടാവുകയും ചെയ്താലും വ്യാഴവും ചന്ദ്രനും കേന്ദ്രത്തിൽ ഇരിക്കയും അവരെ ശുക്രൻ നോക്കുകയും ചെയ്താലും രാജയോഗം സിദ്ധിക്കു

ന്നതാകുന്നു. ൧൧. രണ്ടാംഭാവാധിപനും ബുധനുംദുർബ്ബലന്മാ യിരിക്കയും ജന്മലഗ്നത്തിൽ ഗുരുവും ശനി എട്ടാമെടത്തിലും ഇരുന്നാൽ വലിയ ശനിദശാസ്വപ്നാധിനായിത്തിന്റ പ്ര ശസ്തിയുണ്ടാം. ൧൨. നാലാംഭാവാധിപൻ ഒൻപതാംഭാവ ത്തിൽ ഇരിക്കയും ഒൻപതാംഭാവാധിപൻ കേന്ദ്രത്തിലിരി ക്കയും ചെയ്താലും ലഗ്നാധിപതി നാലാമെടത്തിൽ ഇരിക്ക യും നാലാംഭാവാധിപന്റെ ദൃഷ്ടി സംഭവിക്കയുംചെയ്താലും വാഹനലാഭം ഉണ്ടാകും.

൧൩. ക്ഷേത്രം — ലഗ്നത്തിന്റെയോ അഥവാ ഒരു ഗ്രഹത്തിന്റെയോ മറ്റോ വർഗ്ഗങ്ങളെ ചിന്തിക്കുമ്പോൾ അവ ഏതേതു ഗ്രഹത്തിന്റെ രാശിയിൽ നില്ക്കുന്നുവോ വർഗ്ഗചിന്തനയിൽ ആ ഗ്രഹമാകുന്നു ഇവയുടെ ക്ഷേത്രനാ ഥൻ എന്നറിയണം.

൧൪. ഹോര — രാശിയുടെ പകുതിഭാഗത്തിനു ഹോ രയെന്നു പറയപ്പെടുന്നു. ഗ്രഹമോ ലഗ്നമോ ഓജരാശി യിൽ ആദ്യത്തെ ഹോര സൂര്യന്റെയും രണ്ടാമത്തേതു ചന്ദ്ര ന്റേതുമാണു്. യുഗ്മരാശിയിൽ നില്ക്കുന്നു എങ്കിൽ ആദ്യ ത്തെ ഹോര ചന്ദ്രന്റെയും രണ്ടാമത്തേതു സൂര്യന്റേതുമാ കുന്നു. ചന്ദ്രഹോരയുടെ അധിപന്മാർ പിതൃക്കളും സൂര്യ ഹോരയുടെ അധിപന്മാർ ദേവന്മാരുമാകുന്നു.

൧൫. ദ്രേക്കാണം — രാശിയുടെ മൂന്നിലൊരുഭാഗത്തെ യാണു് ദ്രേക്കാണമെന്നു പറയുന്നതു്. ൧൦ ഡിഗ്രിവരെ ഒന്നാംദ്രേക്കാണവും ഇരുപതുഭാഗംവരെ രണ്ടാംദ്രേക്കാണവും മുപ്പതുവരെ മൂന്നാംദ്രേക്കാണവുമാണു്. ഗ്രഹത്തിന്റെ യോ ലഗ്നത്തിന്റെയോ സ്ഥിതി ഒന്നാമത്തെ ദ്രേക്കാ ണത്തിലായാൽ ആ രാശിയുടെ അധിപൻതന്നെ ദ്രേ ക്കാണനാഥനാണു്. രണ്ടാമത്തെ ദ്രേക്കാണത്തിലാ ണെങ്കിൽ അതിന്റെ അഞ്ചാംരാശിയുടെ അധിപനും

മൂന്നാമത്തേതാണെങ്കിൽ ഒൻപതാംരാശിയുടെ അധിപനും ക്രമേണ നാഥന്മാരാണ്.

൫൩. ചതുർത്ഥാംശകം — രാശിയുടെ മുപ്പതുഭാഗങ്ങളെ നാലായി ഭാഗിക്കുമ്പോൾ ഒരു ഭാഗത്തിന് ഏഴുഭാഗവും മുപ്പതു കലയും ഉണ്ടാകും. ഇങ്ങനെയാകുന്ന നാലംശങ്ങൾ. ഒന്നാമത്തെ അംശകാധിപൻ ഏതൊരു രാശിയെ ആസ്പദമാക്കി വിചാരിക്കുന്നുവോ ആ രാശിനാഥനും രണ്ടാമത്തെ അംശകാധിപൻ അതിന്റെ നാലാമത്തെ രാശിനാഥനും മൂന്നാമത്തെ അംശകാധിപൻ ഏഴാമത്തെ രാശിനാഥനും നാലാമത്തെ അംശകാധിപൻ പത്താമത്തെ രാശിനാഥനുമാകുന്നു.

൫൪. സപ്തമാംശകം — രാശിയെ ഏഴായി ഭാഗിക്കുമ്പോൾ ഒരു ഭാഗത്തിന് നാലുഭാഗവും പതിനേഴുകലയും വരും. ഇതിനെയാണ് സപ്തമാംശകം എന്നു പറയുന്നത്. ഓജരാശി ആസ്പദമായി വിചാരിക്കുമ്പോൾ ആ രാശിതുടങ്ങിയാണ് അംശകം കണക്കാക്കി അംശകനാഥന്മാരെ അറിയേണ്ടത്. യുഗ്മരാശിയായാൽ അതിന്റെ ഏഴാമത്തെ രാശിമുതൽ അംശകഗണനംചെയ്ത് അംശകാധിപന്മാരെ അറിയണം. ലഗ്ന സപ്തമാധിശന്മാരിൽനിന്നാണ് അംശകഗണനം ചെയ്യേണ്ടത് എന്ന പക്ഷം കാണുന്നു.

൫൫. നവാംശകം — ഒരു രാശിയുടെ ഒൻപതിലൊന്നു ഭാഗമായ മൂന്നുഭാഗവും ഇരുപത് കലയുമാകുന്നു നവാംശകമെന്നു പറയുന്നത്. ഏതൊരു രാശിയെ ആസ്പദമാക്കി വിചാരിക്കുന്നുവോ അത് ചരരാശിയാണെങ്കിൽ ആ രാശി തുടങ്ങിയും സ്ഥിരരാശിയാണെങ്കിൽ അതിന്റെ ഒൻപതാം രാശിതുടങ്ങിയും ഉഭയരാശിയാണെങ്കിൽ അതിന്റെ അഞ്ചാമത്തെ രാശിതുടങ്ങിയുമാണ് അംശകഗണനം ചെയ്യേണ്ടത്.

ഇങ്ങനെ അംശകഗണനം ചെയ്യുമ്പോൾ ഏതൊരു രാശിയിൽ അംശകം അവസാനിക്കുന്നുവോ ആ രാശിനാഥൻ അംശകനാഥനാകുന്നു.

൯. ദശമാംശകം — രാശിയുടെ പത്തിലൊരുഭാഗമായ മൂന്നുഭാഗത്തെയാണു് ദശമാംശകമെന്നു പറയുന്നതു്. ഓജരാശിയാണെങ്കിൽ ആ രാശിമുതല്ക്കും യുഗ്മരാശിയാണെങ്കിൽ അതിന്റെ ഒൻപതാമത്തെ രാശിമുതല്ക്കുമാണു് അംശകം കണക്കാക്കേണ്ടതു്.

൧൦. ദ്വാദശാംശകം — രാശിയെ പന്ത്രണ്ടായി ഭാഗിക്കുന്നതിനെയാണു് ദ്വാദശാംശകം എന്നു പറയുന്നതു്. ഇതു് ഓജയുഗ്മാദിഭേദം കൂടാതെ അതാതു സ്ഥാനങ്ങളിൽനിന്നുതന്നെയാണു് ക്രമേണ എണ്ണുന്നതു്.

ഗ്രഹങ്ങളുടെ കാരകം.

ആദിത്യൻ ആത്മാവും ചന്ദ്രൻ മനസ്സും ചൊവ്വാ ധൈര്യവും ബുധൻ വാക്കും വ്യാഴം അറിവും ശനി ദുഃഖവും ആകുന്നു.

ഗ്രഹങ്ങളുടെ നിറം.

ആദിത്യനു് ചുകപ്പു കറുപ്പു ചന്ദ്രനു് വെളുപ്പും ചൊവ്വായ്ക്കു ചുകപ്പും ബുധനു് കറുകനാമ്പിന്റെ നിറംപോലെ കറുപ്പും ഗുരുവിന്റെ നിറം വെളുപ്പും ശുക്രന്റെ നിറം ശ്യാമവർണ്ണവും ശനിയുടെ നിറം കരിവർണ്ണവുമാണു്.

ദേവതകൾ.

ആദിത്യനു് അഗ്നിയും ചന്ദ്രനു് ജലവും ചൊവ്വായ്ക്കു സുബ്രഹ്മണ്യനും ബുധനു വിഷ്ണുവും വ്യാഴത്തിനു് ഇന്ദ്രനും ശുക്രനു ഇന്ദ്രാണിയും ശനിക്കു് ബ്രഹ്മാവുമാകുന്നു.

ജാതി.

വ്യാഴനും ശുക്രനും ബ്രാഹ്മണനും, ചൊവ്വായും ആദിത്യനും ക്ഷത്രിയനും, ചന്ദ്രനും ബുധനും വൈശ്യനും ശനി

ശുഭഗ്രഹവുമാകുന്നു. അതാതു് ഗ്രഹങ്ങളെക്കൊണ്ടു് അ
താതു വസ്തുക്കളെ ചിന്തിച്ചുകൊള്ളേണം.

രസചിന്തനം.

ആദിത്യന് എരിവും, ചന്ദ്രന് ഉപ്പുരസവും, ചൊവ്വാ
യ്ക്കു് കയ്പും, ബുധന് മിശ്രരസവും വ്യാഴത്തെക്കൊണ്ടു
മധുരവും, ശുക്രനെക്കൊണ്ടു് പുളിയും, ശനിയെക്കൊണ്ടു്
ചവർപ്പും ചിന്തിച്ചുകൊള്ളേണം.

വസ്ത്രചിന്തനം.

വ്യാഴന് മഞ്ഞപ്പട്ടും ശുക്രന് മഞ്ഞവസ്ത്രവും, ആദി
ത്യന് ചുവന്ന പട്ടും, ചന്ദ്രന് വെള്ളപ്പട്ടും, ബുധന് കറു
ത്തപട്ടും, ചൊവ്വയ്ക്കു ചിത്രത്തോടുകൂടിയ കറുത്തപട്ടും, ശ
നിയെക്കൊണ്ടു നാനാവർണ്ണത്തോടുകൂടിയ വസ്ത്രത്തെയും
സാധാരണ പട്ടുവസ്ത്രത്തെയും ചിന്തിക്കേണ്ടതാണു്.

ഗ്രഹകാരകത്വം.

ചൊവ്വായ്ക്കു് പത്താംഭാവത്തിൽ വച്ചു് അഗ്നിയുടെയും
ബുധന് ഭൂമിയുടെയും വ്യാഴത്തിനു് ആകാശത്തിന്റെയും
ശുക്രനു് വെള്ളത്തിന്റെയും ശനിക്കു വായുവിന്റെയും കാ
രകത്വമുള്ളതിനാൽ നാശകനായിട്ടു് പറയപ്പെട്ടിരിക്കുന്നു.
വ്യാഴം നില്ക്കുന്നിടത്തു പിംഗളവർണ്ണമായ ശരീരത്തെയും
കണ്ണുകളും കഫപ്രകൃതിയും എല്ലാ ശാസ്ത്രങ്ങളിലും നൈ
പുണ്യവും ഉണ്ടാവുന്നതാകുന്നു.

പ്രഥമ ഋതുഫലം

അത്തം ചിത്തിര ചോതി വിശാഖം അനിഴം ഉത്രം
ഉത്രാടം ഉത്രട്ടാതി മൂലം രേവതി തിരുവോണം അവിട്ടം ച
തയം അശ്വതി പൂയം രോഹിണി മകയിരം ഇത്ര ന
ക്ഷത്രങ്ങളിലും ഋതുവായാൽ ഏറ്റവും നല്ലതു്.

വാരഫലം.

ഞായറാഴ്ച വ്യാധിയും തിങ്കളാഴ്ച പാതിവ്രത്യവും ചൊവ്വാഴ്ച ദുഃഖവും ബുധനാഴ്ച സ്ത്രീസന്താനവും വ്യാഴാഴ്ച ഭോഗവും വെള്ളിയാഴ്ച പുത്രലാഭവും ശനിയാഴ്ച ദാരിദ്ര്യവും കലഹവും ഉണ്ടാകും.

തിഥിദോഷം.

വാവുകൾ രണ്ടും രിക്താ അഷ്ടമി ഷഷ്ഠി ചതുർദ്ദശി പ്രതിപദം വ്യതീപാതം വൈധൃതി സന്ധ്യാകാലം ഗ്രഹണം ഇതുകൾ അശുഭങ്ങളാണ്.

ലഗ്നഫലം.

മേടമായാൽ വ്യഭിചാരിണി ഇടവത്തിൽ പതിവ്രത മിഥുനത്തിൽ അർത്ഥലാഭം കർക്കടകത്തിൽ ദുഷ്ടചാരിണി ചിങ്ങത്തിൽ പുത്രലാഭം കന്നിയിൽ ഐശ്വര്യവതി തുലാത്തിൽ അധികാരോഗ്യം വൃശ്ചികത്തിൽ പരവശ്യ ധനുവിൽ ശ്രേഷ്ഠ മകരത്തിൽ മാനഹീനത കുംഭത്തിൽ ധനവതി മീനത്തിൽ ഭർത്തൃസുഖം.

കാലഫലം.

പ്രാതഃകാലം ശോഭനം, പൂർവ്വാഹ്നം ധനധാന്യസമൃദ്ധി അപരാഹ്നത്തിൽ വ്യഭിചാരിണി, സായാഹ്നത്തിൽ സാധ്വീശീല, രണ്ടു സന്ധികളിലും വേശ്യ, രാത്രിയായാൽ വിധവ, പൂർവ്വരാത്രിയായാൽ വളരെക്കാലത്തേക്കു വന്ധ്യ അപരരാത്രിയിൽ ദുർഗ്ഗയായും തീരുന്നതാണ്.

വസ്ത്രഫലം.

ഋതുകാലത്തിലെ വസ്ത്രം കോടിയോ വെള്ളയോ ആയിരുന്നാൽ സുഭഗ, ചുവന്നതായിരുന്നാൽ വ്യാധിപീഡിത, കറുത്തതായിരുന്നാൽ വിധവ, പീതവസ്ത്രമായിരുന്നാൽ ഭോഗവതി, ശ്യാമവസ്ത്രമായിരുന്നാൽ പാതിവ്രത, ജീർണ്ണവസ്ത്രമായിരുന്നാൽ ഭാഗ്യഹീനയായും ഭവിക്കുന്നതാണ്.

സ്വപ്നഫലം.

ക്ഷേത്രം ജലം തൊഴുന്നതിൽ അന്യദേവനാം ഇവകളിൽ അത്ഭുതവും, വഴിമദ്ധ്യമായാൽ ചണ്ഡാളഗ്രാമിനിയായും ഭവിക്കുന്നതാകുന്നു.

ദർശനഫലം.

തന്നെത്താൻ ഭസ്മ കണ്ടാൽ ദുഃഖവും, സുമംഗലി ഭസ്മ കണ്ടാൽ മംഗല്യവൃദ്ധിവർദ്ധനവും, വിധവ കണ്ടാൽ വൈധവ്യവും, ദാസി കണ്ടാൽ സമ്പത്തും, കന്യകകണ്ടാൽ ഭോഗഭാഗ്യസമൃദ്ധിയും, പുരുഷൻ കണ്ടാൽ ദാരിദ്ര്യവും ഫലമാകുന്നു.

ഉദ്ദലക്ഷണം.

ചോദിപ്പുറിയാനായി വരുന്ന ആൾ കിഴക്കേദിക്കിൽ നിന്നു ചോദിച്ചാൽ ഉദ്യോഗവാൻമാർ അഞ്ചു പുത്രന്മാർ ഉണ്ടാകുമെന്നും ഉടുത്തിരുന്ന വസ്ത്രം വെള്ളയായിരുന്നു എന്നും പറയേണ്ടതാണ്. അഗ്നികോണിൽ നിന്നുകൊണ്ടു ചോദിച്ചാൽ ഒരു പുത്രനേ ഉണ്ടാകയുള്ളൂ എന്നും ഉടുത്തിരുന്ന പുടവ കറുപ്പായിരുന്നുഎന്നും പറയണം. തെക്കുനിന്നു ചോദിച്ചാൽ എട്ടു പുത്രന്മാർ ഉണ്ടാകുമെന്നും പുടവ കോടിയായിരുന്നു എന്നും, നിരൃതികോണിൽ നിന്നുകൊണ്ടു ചോദിച്ചാൽ മലടിയായിരിക്കുമെന്നും ഉടുത്തിരുന്നതു അഴുക്കുപുടവയായിരുന്നു എന്നും, പടിഞ്ഞാറെ ദിക്കിൽ നിന്നുകൊണ്ടു ചോദിച്ചാൽ ആറു പുത്രന്മാർ ഉണ്ടാകുമെന്നും പുടവ വെള്ളയായിരുന്നുഎന്നും സ്ത്രീ പതിവ്രതയാണെന്നും വായുകോണിൽ നിന്നുകൊണ്ടു ചോദിച്ചാൽ പുടവ വെള്ളയാണെന്നും, വടക്കേദിക്കിൽനിന്നു ചോദിച്ചാൽ പത്തു പുത്രന്മാർ ഉണ്ടാകുമെന്നും പുടവ പഴയതായിരുന്നു എന്നും, ഈശാനകോണിൽ നിന്നുകൊണ്ടുചോദിച്ചാൽ വസ്ത്രം കീറിയതായിരുന്നുഎന്നും പുത്രസമ്പത്തുണ്ടെന്നും പറയേണ്ടതാകുന്നു.

വാസ്തുപുരുഷലക്ഷണം.

ഐന്ദ്രേശിരോഭാദ്രപദത്രിമാസേ
യാമ്യേ ശിരോമാർഗ്ഗശിരത്രിമാസേ
ഫല്ഗുന്യമാസത്രയ പശ്ചിമേ സ്യാൽ
ജ്യേഷ്ഠാദി മാസത്രയ ഉത്തരേ സ്യാൽ.

കന്നി തുലാം വൃശ്ചികം ഈ മൂന്നുമാസങ്ങളിലും കിഴക്കോട്ടു തലവച്ചും, ധനുസ്സ് മകരം കുംഭം ഈ മൂന്നുമാസങ്ങളിലും തെക്കോട്ടു തലവച്ചും, മീനം മേടം ഇടവം ഈ മൂന്നുമാസങ്ങളിലും പടിഞ്ഞാറോട്ടു തലവച്ചും, മിഥുനം കർക്കടകം ചിങ്ങം ഈ മൂന്നുമാസങ്ങളിലും വടക്കോട്ടു തലവച്ചും വാസ്തുപുരുഷൻ ശയിക്കുന്നു.

കുറിപ്പ്.

അടിസ്ഥാനംകെട്ടുമ്പോൾ വാസ്തുപുരുഷന്റെ തലയിൽ വെട്ടിയാൽ മൃത്യുഭയം, പാദത്തിൽ വെട്ടിയാൽ സ്ത്രീപുത്രനാശവും, കൈ മുതുക് ഇവയിൽ ആയിരുന്നാൽ ചോരപീഡയും, നട്ടാംതറയിൽ ആയിരുന്നാൽ ധനധാന്യപുത്രാദിസുഖവും ഫലം. അടിസ്ഥാനം തോണ്ടുമ്പോൾ വെള്ളം തവള തേൾ പാമ്പ് എല്ല് കരി മുതലായതു കണ്ടാൽ അവിടെ ഭവനം മുതലായതു അശുഭങ്ങളാകുന്നു. വാതിൽ വയ്ക്കുന്നതു കെട്ടാൻപോകുന്ന ഗൃഹത്തിന്റെ നീളം അളന്ന് അതിനെ ഒൻപതായി ഭാഗിച്ച് വലത്തുപുറത്തിൽ അഞ്ചുഭാഗം ഇടത്തുപുറത്തിൽ മൂന്നുഭാഗംതള്ളി ഇടയ്ക്കു വാതിൽ ഇടേണ്ടതാകുന്നു.

അദ്ധ്യായം ൧൩

തച്ചുശാസ്ത്രം

പൊതുനിയമങ്ങൾ

ഘനകീർത്തിയേറുന്ന ഗൃഹനിർമ്മാതാക്കടെ
ധനവച്ച തൽപുരിശി പ്രധാനമാം
പലവകളുമൊരയമെന്നിട്ടും ശിവം
പലസങ്കടങ്ങളൊഴിപ്പാൻ വിചിന്തയേൽ.

ഭൂലക്ഷണം

പശുക്കളും നല്ല മനുഷ്യർ പൂമരം
ഫലദ്രുമം പാൽമരമുള്ള ഭൂമിയും
കിഴക്കുയർന്നിട്ടു നിരന്ന മാർഗ്ഗവും
മുഴക്കവും നീർവഹമായ ഭൂമിയും.
ബീജങ്ങളുത്താത്ത മുളയ്ക്കുമേടവും
ഖാതമാ നിറച്ചീടുകിലധികമുള്ളതും
ശീതോഷ്ണയോരാത്ത കരത്തലേശവും
വേനൽക്കു നീരുള്ളതു നല്ല ഭൂമിയാം.

കിഴക്ക താഴ്ന്ന പടിഞ്ഞാറുയന്നാൽ ഐശ്വൎയ്യവും, തെക്ക താഴ്ന്ന വടക്കയന്നാൽ മൃത്യുവും, പടിഞ്ഞാറു താഴ്ന്ന കിഴക്കയന്നാൽ പുത്രരഹിതവും, വടക്ക താഴ്ന്ന തെക്കയന്നാൽ ധനലാഭവും സംഭവിക്കുന്നതാകുന്നു.

കോണോന്നതിഫലങ്ങൾ

അഗ്നികോണു താഴ്ന്ന വായുകോണുയന്നാൽ അഗ്നിഭയത്തെയും, നിരൃതികോണു താഴ്ന്ന ഈശകോണുയന്നാൽ ധനഹാനിയേയും, ഈശകോണു താഴ്ന്ന നിരൃതികോണുയന്നാൽ വിദ്യാലാഭാദി സൽഗുണപ്രാപ്തിയും ഫലമാകുന്നു.

കിഴക്ക്

ഈശാനം

അഗ്നി

വടക്ക്

ഭൂമി

തെക്ക്

വായു

നിരൃതി

പടിഞ്ഞാറ്

കൊള്ളരുതാത്ത സ്ഥലങ്ങൾ

ഭസ്മം കരിക്കട്ടയുമെല്ലു കേശവും
മദ്ധ്യേ നതാം പുറവുമിപ്പൊത്തുമുള്ളതും
കോണോന്നതാം ഗർത്തയുതാം ച മേദിനീം
ദുർഗ്ഗന്ധിനീം കൊള്ളരുതാത്തതെന്നുമേ.

വിശേഷവിധി.

മദ്ധ്യം കിളർന്നുള്ളൊരു ഭൂമിയിങ്കൽ
ഗൃഹം ചമച്ചാലൊരു പത്തുവർഷം
കിഴക്കുയർന്നാകിലുമപ്രകാരം
വടക്കു ച തെക്കും പുനരാറു വർഷം
സഹസ്രമാം നൈരൃതമെങ്ങു പിന്നെ
തങ്ങൾമാം പശ്ചിമമുന്നതം ചേൽ

ഇത്യാദ്യായതു പുനരുത്തരത്തിൽ
എട്ടും തദ്ഭേദങ്ങളൊരാറു വർഷം
വരൊളുതിക്കുന്ന ദിക്കു കടന്നാൽ
ഭോഗമീയൊട്ടുകണക്കെന്നുള്ളൂ വ.

ദിക്പരിജ്ഞാനം

അത്യുന്നതമിപതിക്കയാ സമതലേ വൃത്തം വരച്ചാലതു-
ന്മധ്യേ ശങ്കുനിവൃത്തി വൃത്തമതിലച്ഛായാഗ്രവും തട്ടിയാൽ
അങ്കം ചെയ്തു പര മതിക്കേപി ച തഥാ കൃത്വാ കിഴക്കഗ്രമാ-
യങ്കം രണ്ടിലുമായുള്ളിക്ക ചരടു പൂർവ്വാപരം നേർവ്വഴി
പിടിക്കസൂത്രം പതിച്ചുമദ്ധ്യേ കിഴക്കു നോക്കീട്ടു തെക്കുവടക്കും
അളന്നു മദ്ധ്യേ [illegible] പിടിക്ക സിദ്ധ്യേത നാലു-
സൂത്രം.

ഗൃഹാരംഭം


അത്ഭുതത്വമതും നാലുപക്ഷങ്ങളേട്ടും പുത്രൻ-
പുത്രപൌത്രപുനർഭേദം
ദക്ഷിണാപരസ്യാപി ഗൃഹം പശ്ചിമമതേ-
വ ഭവനം സമതേഷു നിത്യം.

സൂത്രം അറിവാൻ

സൂത്രം പൂർവ്വാപരാശം വിനിഹിതമുദിതം
ബ്രഹ്മസൂത്രം യമാഖ്യം
യാമ്യോദഗ്ഗാമികൈപവ്യതിഷു [illegible] നിതലേ
ബന്ധിതസ്യാം ചതുർത്ഥ
സൌമ്യേ [illegible] ഗ്രൂഢ ധ-
[illegible] മനോഭാവ്യം
[illegible] നൈരൃതം [illegible] ച
ഗൃഹം കല്പയേൽ മാനവാനാം.

പറമ്പിന്റെ നടുവെ കിഴക്കു പടിഞ്ഞാറുള്ള സൂത്രം ബ്രഹ്മസൂത്രം. തെക്കുവടക്കുള്ള സൂത്രം യമസൂത്രം. ഇങ്ങനെ

സൂത്രങ്ങൾ രണ്ടുകൊണ്ട് പകുത്ത് നാലുഖണ്ഡമാക്കിയാൽ ഈശകോണിലെ ഖണ്ഡം എല്ലാവർക്കും പാർപ്പാൻ നന്ന്. സമ്പത്തിനെ വർദ്ധിപ്പിക്കും. (മനുഷ്യഖണ്ഡമെന്നു പേർ) നിരൃതികോണിലെ ഖണ്ഡവും ഗൃഹം ചമപ്പാൻ കൊള്ളാം. അതിന്ന് ദേവഖണ്ഡമെന്നു പേർ.



മാസങ്ങൾ.

മകരം, കർക്കടകം, ചിങ്ങം, കുംഭം ഈ മാസങ്ങളിൽ കിഴക്കോട്ടും പടിഞ്ഞാറോട്ടും വയ്ക്കുന്നതിന്നും; ഇടവം, വൃശ്ചികം, മേടം, തുലാം ഈ മാസങ്ങളിൽ വടക്കോട്ടും തെക്കോട്ടും വയ്ക്കുന്നതിന്നും വിധിയുണ്ട്. ഇതിന്നു വിപരീതമായി പുര വയ്ക്കുന്നതായാൽ ആ ഗൃഹത്തിൽ താമസിക്കുന്നവർക്ക് പലവിധമായ രോഗാദ്യനർത്ഥങ്ങളേയും ദാരിദ്ര്യത്തെയും മറ്റും കൊടുക്കുന്നതാണ്. പുറമേ മീനം, മിഥുനം, കന്നി, ധനു ഈ മാസങ്ങളിൽ മേൽ വിവരിക്കപ്പെട്ട ഗൃഹങ്ങൾ ഉണ്ടാക്കുവാൻ പാടില്ല. ഉറപ്പുര കളിപ്പുര, തൊഴുത്ത് ഇവകൾ ഉണ്ടാക്കുന്നതിൽ വിരോധമില്ലെന്നും കാണു

പ്പെടുന്നതു്. മോട്ടുവാക്കില്ലാത്ത മാസങ്ങളിൽ പുരവയ്ക്കേണ്ട അത്യാവശ്യം നേരിടുന്നതായാൽ വാസ്തുദിവസം അറിഞ്ഞു് ശരിയായ സമയനിശ്ചയം ഗണിച്ചുവരുത്തി ഏതുകാലസമയത്തിൽ പുരവെച്ചുകൊള്ളുന്നതിന്നു് വിരോധമില്ല.

വാസ്തുവിന്റെ വിവരണം.

പാർശ്വേ കിടപ്പുണ്ടൊരു മാനവൻ ക്ഷിതൌ
പേർവാസ്തുപാദസ്യ കിടപ്പുമിങ്ങനെ
ഈശാനകോണേ തല, കാലു നൈരൃതേ
ജാനുകരം വായ്വഗ്നിയിൽ ഹസ്തപാദയോഃ
അമ്പത്തിമൂന്നസുരവർഗ്ഗവുമേൽ നിത്യം
നിൽപ്പുണ്ടവർക്കവനും ബലിപൂജയെല്ലാം
വേണം ഗൃഹം പണിയിക്കുന്നൊരാളതന്യേ
മദ്ധ്യേച ദൈവഗൃഹസ്യ ന ചൈതനാർഹം
ഏവം കൃതാ മണ്ഡലേ പൂജിതാ
സ്തത്തന്നാമ്നാ ദേവതാഭ്യോ ബലിം ച
ദദ്യാന്മന്ത്രീ സർവ്വകാര്യാർത്ഥസിദ്ധ്യൈ
ഗേഹാരംഭേ വാ സമാപ്തൌ സ്വധായാ.

വിവരണം.

വാസ്തുപുരുഷൻ സൂര്യൻ നില്ക്കുന്ന രാശിയിൽ കാലും അസ്തമനരാശിയിൽ തലയുംവച്ചു് ഇടത്തോട്ടു ചരിഞ്ഞിളകി നാലുദിക്കിലും തിരിഞ്ഞുകൊണ്ടിരിക്കും. വാസ്തുപുരുഷന്റെ കാലിന്മേൽ പ്രഥമസ്തംഭം നാട്ടിയാൽ അർത്ഥനാശവും, തലയിലായാൽ മരണവും പുറത്തായാൽ ആപത്തും, നെഞ്ചത്തോ ഇടുപ്പിലോ ആയാൽ നാശവും, വയറ്റിന്മേൽ ആയാൽ ശുഭഫലവും സംഭവിക്കുന്നതാകുന്നു. വാസ്തുവിന്റെ കിടപ്പനുസരിച്ചാണു് മോട്ടുവാക്കില്ലാത്ത മാസങ്ങളിൽ വാസ്തുദിവസം കൊള്ളിച്ചിട്ടുള്ളതെന്നും അറിയേണ്ടതാണു്.

മാസഫലം.

ഗൃഹസംസ്ഥാപനം സൂര്യേ മേഷസ്ഥേ ശുഭദം ഭവേൽ
വൃഷസ്ഥേ ധനവൃദ്ധിസ്സ്യാൽ മിഥുനേ മരണം ധ്രുവം
കർക്കടേ ശുഭദം പ്രോക്തം സിംഹേ ഭൃത്യവിനാശനം
കന്യാ രോഗം തുലാ സൗഖ്യം വൃശ്ചികേ ധനവർദ്ധനം
കാർമുകേ ച മഹാഹാനിർമ്മകരേ സ്യാദ്ധനാഗമഃ
കുംഭേ ച രത്നലാഭഃ സ്യാന്മീനേ രോഗഭയം ഭവേൽ.

വാസ്തുദിവസം.

മേടമാസം	൧൦-ാംതീയതി	൫ നാഴിക
ഇടവമാസം	൨൧-ാംതീയതി	൮ ടി
കർക്കടകമാസം	൧൧-ാംതീയതി	൨ ടി
തുലാമാസം	൧൧-ാംതീയതി	൨ ടി
ചിങ്ങമാസം	൬-ാംതീയതി	൨൧ ടി
വൃശ്ചികമാസം	൮-ാംതീയതി	൧൦ ടി
മകരമാസം	൧൨-ാംതീയതി	൮ ടി
കുംഭമാസം	൨൦-ാംതീയതി	൮ ടി

ഈ മാസം തീയതിനാഴികകളിൽ വാസ്തു എഴുന്നേല്ക്കുന്നതാണെന്നും അതുമുതൽ കുളി ൩, ജപം ൩, ഊണ് ൩, ഏകാന്തം ൩, മയക്കം ൩ നാഴികവീതമാണെന്നും അതിൽ ഏകാന്തസമയമാണ പുരസ്സ വേണ്ടതെന്നും കാണുന്നു. എന്നാൽ ഇതിനെപ്പറ്റി എത്രനാഴിക കൂട്ടിയാലോ കുറച്ചാലോ വാക്യം ശരിപ്പെടുമെന്നുനോക്കി ആ തീയതിക്കുള്ള സൂര്യസ്ഫുടം ശരിപ്പെടുത്തണം. അപ്പോഴും സമയം സൂക്ഷ്മംകിട്ടുന്നതുമാകുന്നു. എന്നാൽ ദീർഘകാലം പുത്രമിത്രാദികളോടും ധനൈശ്വര്യാദികളോടും കൂടി ആ ഗൃഹം ശോഭനീയമായി ഭവിക്കുന്നതും ആകുന്നു.

വിശേഷക്കുറിപ്പുകൾ.

വൻ കോൽപ്പുറവ് എന്നു പറഞ്ഞാൽ നാലു ഉത്തരത്തിന്റെയും ഉള്ളളവ് എന്നു അറിയേണ്ടതാണ്. കെട്ടിട

വിസ്താരം നിശ്ചയിക്കുന്നതിന്ന് ഏതുയിൽ അംശകം എന്ന
നിശ്ചയിക്കുക അതിന്ന് ചുററിന്റെ പകുതിയെടുക്കണം.
എടുക്കുമ്പോൾ ഒരു നേരിയതിന്റേയും കുറിയതിന്റേയും
ഉൾപ്പെട്ടും. നടുക്ക് കണ്ണുകുറന്തുവിളമ്പോൾ വിതി
ക്കും. ൨ർ കോലിന്റെ പകുതി ൧ർ കോലേ മൃ. അ
തിനെ മൃ കൊണ്ട് ഗുണിച്ചു വരുന്ന ഗുണനഫലത്തെ നാലു
കൊണ്ട് പെരുക്കിയാൽ കിട്ടുന്നതു് വിസ്താരവും അംശകം
എടുത്തതിൽ നാലു അംശകം വിസ്താരവും ശേഷം നീളവു
മാകുന്നു. അംശത്തിൽ ശിഷ്ടാംഗുലമാവുന്നാൽ ഔചിത്യം
പോലെ വിസ്താരത്തിലും ദീർഘത്തിലും കൂട്ടിക്കൊള്ളാവുന്ന
തും ആകുന്നു. ൩൧, ൨൨, ൭൭, ൧൯, ൧൬ ഇവകൾ പാദ
കസംഖ്യകളാകയാൽ അംശിക്കാനായി എടുക്കരുതു്. എടു
ത്താൽ നാശത്തെ ചെയ്യുന്നതാണു്.

തൊഴുത്തു്.

നേർകിഴക്കോ തഥാ തെക്കോ ഇളമാൽ പശ്ചിമത്തിലോ
പൂഷാവിതഥകന്മാർതൻപദമദ്ധ്യത്തിലോ തഥാ
വായുകോണിന്നുള്ളിൽ തെക്ക മൂന്നാംപദത്തിലോ
നിരൃത്യാദ്യുത്തരേ മൂന്നാമത്തെ സുഗ്രീവനെല്ലാ
പദത്തിലതിലോ കൊള്ളാം തൊഴുത്തുകളശേഷവും
നാലു തെക്കുപോൽകൊള്ളാം വൃഷമാഹിഷയോസ്തഥാ
വാസ്തുമർമ്മാദിദുഷ്ടങ്ങളുവയൽ കൊള്ളുമെങ്കിലോ
വിശേഷാൽ ക്ഷയകൃത്താകുന്നതിനാലൊഴിക്കണം.

കൂപതടാകങ്ങൾ.

അഗ്ന്യന്തരാംശം മേശം കൊള്ളാം കൂപതടാകയോഃ
വിശേഷിച്ചുകിണററിന്ന ബാഹ്യാന്തർഗമായിട്ടും
സോമന്റെ പദവുംനേരേ പടിഞ്ഞാറു മീനവും
മേടവും ഖനനം ചെയ്യാം തടാകങ്ങൾക്കമുത്തമം.
നളിയെല്ലാസ്ഥലത്തും വന്നൊഴുകുന്നുള്ള സന്തതേ
ഏകത്ര തോയമെന്നാകിൽ അതത്ര ഫലമല്ലപോൽ

നരീക്രൂപതടാകാലി ജന്മമെങ്ങും വഹിക്കുകിൽ
എത്രയുമന്നു നിരൃതികോണിൽ ക്രൂപം വിധിക്കൊലാ
നൈരൃത്യം ക്രൂപമെന്നാകിൽ ബാഹ്യകീർത്തികളപ്പെട്ടം
പൂർവ്വേശൂന്നതിന്മുമ്പേ ഉറങ്ങുകിൻ ദോഷമില്ലിതു
അഗ്നികോണിൽ കുഴിക്കൊല്ലാ ക്രൂപമതാത്മകാലവും
തത്രക്രൂപം പുരാശ്ശ നമെന്നാപും തളയേണമേ
തന്മൈത്രവ കൂടവും നിശ്ശമവ വഹ്നിമെപ്പ്രാം
ക്ഷേമിണ്യാപി തഥാ ക്രൂപതടാകഫലവും തഥാ.

മർമ്മസന്ധി അറിവാൻ.

ദീർഘേഷ്വ ന്യസ്ത്രത്രയവേദഭാഗം
വൃത്തേഷു മേമെതേ ഉപസന്ധിരത്ര
സന്ദത്രയാംശൈപതമംശമദ്ധ്യേ
വർജ്ജ്യം സമസ്തം സകലേഷു മർമ്മം.

ഗൃഹദീർഘത്തിന്റെ ൭-ൽ-ഇരു സന്ധിരേഖകളും വിസ്താരത്തിന്റെ ൪-ൽ-ഇരു സന്ധിരേഖകളും വിസ്താരത്തിന്റെ പകുതിവീതം ദീർഘത്തിൽ വരുന്ന കൂടമർമ്മസന്ധികളും ൭-അംശത്തിൽ ൨-ൻ അംശത്തിൽ ൩-വരുന്നതിന്റെ മദ്ധ്യമാകുന്ന സൂത്രമർമ്മസന്ധികളും ഇങ്ങനെ ഗൃഹമർമ്മസന്ധികൾ ഉത്ഭവിക്കുന്നു. ഈ സന്ധികളിൽ കമ്പ് ആണിപ്പ് കാലുകൾ ഉപോത്തരങ്ങൾ യാതൊന്നും വരരുതെന്നാണ് നിർബന്ധം. ഇപ്രകാരം സർവ്വത്ര ആചരിച്ചുവരുന്നു.

നാൾ തിഥി യോനി മുതലായതറിവാൻ.

ചുറ്റെട്ടുറയിരട്ടിക്ക മുപ്പതിലുടൻ മൂന്നുമ്പതൊരരെഴിലും
പേന്ത്രണ്ടാലഥ ശേഷമേവ തിഥിയും നാളും ഭൂവും ലാഭവും
മൂന്നേറ്റീട്ടഥ യോനിമെട്ടിലഴിവാരേഴിൽ കഴിച്ചാൽ വരും
നാളിന്നുത്ഭവിച്ചുപോയിയവപോൽബാല്യാദിയങ്ങോരളും

ധ്വജം ധൂമം തഥാ സിംഹം കുക്കുരം വൃഷഭം ഖരം
ഗജം വായസമെന്നെട്ടു യോനി പൂൎവ്വാദ്യഷ്ടദിക്കിലും
ബാല്യം കൗമാരകം പിന്നെ യൌവനം വാൎദ്ധകം മൃതി
വയോയോഗമിതഞ്ചുള്ള മരണം കൊള്ളുകില്ലിതിൽ.

ഏകയോനിമുതൽ പഞ്ചമാന്തനാം
സിംഹയോനി പരമുത്തമോന്നതാം
പ്രാങ്മുഖം തന്നെ പഞ്ചയോനിയാം
ഉദങ്മുഖം ച ഗജയോനി നല്ലതാം.

വിവരണം.

൧. ആയാദികൾക്കുള്ള ചുറ്റളവിനെ ൩ കൊണ്ടു പെരുക്കി ൮ കൊണ്ടു ഹരിച്ചാൽ ശേഷിക്കുന്ന സംഖ്യ യോനി.

൨. അതു പെരുക്കാതെ ൧൪ കൊണ്ടു ഹരിച്ചാൽ ശിഷ്ടം വ്യയം.

൩. ആ ചുറ്റളവിനെ ൮ കൊണ്ടു പെരുക്കി ൧൨ കൊണ്ടു ഹരിച്ചാൽ ശിഷ്ടം ആയം.

൪. അതു പെരുക്കാതെ ൨൭ കൊണ്ടു ഹരിച്ചാൽ ശിഷ്ടം നക്ഷത്രം.

൫. അതു പെരുക്കാതെ ൨൭ കൊണ്ടു ഹരിച്ചാൽ എത്ര പ്രാവശ്യം പോയോ അതു സംഖ്യ വയസ്സ്.

൬. അതു പെരുക്കാതെ ൩൦ കൊണ്ടു ഹരിച്ചാൽ ശേഷിക്കുന്ന സംഖ്യ ശുക്ലകൃഷ്ണപക്ഷങ്ങളിലെ തിഥി.

൭. അതു പെരുക്കാതെ ൭ കൊണ്ടു ഹരിച്ചാൽ ശിഷ്ടം വാരങ്ങളു് ആഴ്ച.

൮. ആകെക്കൂററിനെ ൯ കൊണ്ടു പെരുക്കി ൧൦ കൊണ്ടു ഹരിച്ചാൽ ശേഷിക്കുന്ന സംഖ്യ വ്യയവുമാകുന്നു എന്നു വൈകല്പികപക്ഷം.

൯. ആകെക്കൂററിനെ ൩ കൊണ്ടു പെരുക്കി ൮ കൊണ്ടു ഹരിച്ചാൽ ശിഷ്ടം ധ്വജാദിയോനി.

൧൦. ആകെക്കൂററിനെ ൯ കൊണ്ടു പെരുക്കി ൮ കൊണ്ടു ഹരിച്ചാൽ ശിഷ്ടം ധ്വജാദി ആയം.

൧൧. ൮ കൊണ്ടുപെരുക്കി ൨൭ കൊണ്ടു ഹരിച്ചാൽ ശിഷ്ടം നക്ഷത്രം.

൧൨. ൮ കൊണ്ടു പെരുക്കി ൧൫ കൊണ്ടു ഹരിച്ചാൽ ശിഷ്ടം പക്കം.

൧൩. ൪ കൊണ്ടു പെരുക്കി ൨൭ കൊണ്ടു ഹരിച്ചാൽ ശിഷ്ടം യോഗം.

൧൪. ൮ കൊണ്ടു പെരുക്കി ൧൨൦ കൊണ്ടു ഹരിച്ചാൽ ശിഷ്ടം ആയുസ്സാകുന്നു.

വിസ്താരം.

നാലുനാല്യംശമുടക്കി ഗൃഹപരിവൃതകം-
കണ്ടുപ്പെത്തിരണ്ടും-
ളതൊന്നാംശിച്ചു കൊള്ളാമിവകളിലവിടെ-
പ്പ്രാക് പാദമൊന്നമൊക്കെ
ന്മ്മണ്ണം മറെറല്ലാം ഗുണകളുണ്ടാകാം-
ശങ്ങളാണെന്നുമേതിട
ടേണം തച്ചിസ്ഥിതിക്കായതിലുഗൃഹവിധി-
പ്രോക്തമാർഗ്ഗേഷു ധീമാൻ

കിഴക്കിനി ധ്വജയോനി (വൃകയോനി)

പടികൾ	ചുറ്റ് കോൽ	ചുറ്റ് വിരൽ	ആയം കോൽ	ആയം വിരൽ	വ്യയം	വയസ്സ്	നക്ഷത്രം	നക്ഷത്ര ദേവത	ഗുണദോഷം
5	13	16	1	8	13	വാർദ്ധക്യം	ഭരണി	യമൻ	അധമം
6	16	8	10	16	7	ടി	അവിട്ടം	വസു	മധ്യമം
7	19	0	8	0	0	മരണം	അനിഴം	മിത്രൻ	മരണം
8	21	16	5	0	9	ബാല്യം	ഉത്രം	ഭഗൻ	അധമം
9	24	8	2	0	3	കൗമാരം	തിരുവാതിര	ശിവൻ	അധമം
10	27	0	പൂ	ജ്യം	11	യൗവനം	രേവതി	പൂഷാവ്	അധമം
11	29	16	9	8	5	യൗവനം	കാർത്തിക	വഹ്നി	ഉത്തമം
15	40	8	10	16	9	ബാല്യം	ഉത്രട്ടാതി	അഹിർബുധ്നി	ഉത്തമം

പടിഞ്ഞാറ്റിനി വൃഷയോനി (പണയോനി)

പടികൾ	ചുറ്റ് കോൽ	ചുറ്റ് വിരൽ	ആയം കോൽ	ആയം വിരൽ	വ്യയം	വയസ്സ്	നക്ഷത്രം	നക്ഷത്ര ദേവത	ഗുണദോഷം
7	20	8	6	16	5	ബാല്യം	അശ്വതി	അശ്വിനിദേവ-	ഉത്തമം
8	23	0	4	0	13	ബാല്യം	ഓണം	വിഷ്ണു (കൾ)	അധമം
9	25	16	1	8	7	കൗമാരം	അനിഴം	മിത്രൻ	അധമം
10	28	8	10	16	9	യൗവനം	പൂരം	ആര്യമാ	ഉത്തമം
11	31	0	8	0	9	വാർദ്ധക്യം	മകയിരം	ചന്ദ്രൻ	അധമം
12	33	16	5	8	3	ടി	രേവതി	പൂഷാവ്	മധ്യമം
13	36	8	2	16	11	മരണം	ഉത്രാടം	വിശ്വദേവകൾ	അധമം
14	39	0	പൂ	ജ്യം	5	ബാല്യം	ചോതി	വായു	ഉത്തമം
16	44	8	6	16	7	യൗവനം	രോഹിണി	ബ്രഹ്മൻ	അധമം

തെക്കിനി സിംഹയോനി

പദം	ചുറ്റ് കോൽ	ചുറ്റ് വിരൽ	ആയം കോൽ	ആയം വിരൽ	വ്യയം	വയസ്സ്	നക്ഷത്രം	നക്ഷത്ര ദേവത	ഗുണദോഷ ഫലം
4	11	16	9	8	7	യൗവനം	അത്തം	ആദിത്യൻ	ഉത്തമം
5	14	8	6	16	1	വാർദ്ധക്യം	പുണർതം	അദിതി	മധ്യമം
6	17	0	4	0	9	മരണം	അശ്വിനി	അശ്വിനിദേവ	അധമം (മൃ)
7	19	1	1	8	3	ടി	ചോതി	വായു (കാറ്റ്)	അധമം (മൃ)
8	22	8	10	16	11	ബാല്യം	അനിഴം	മിത്രൻ	അധമം
9	25	0	8	0	5	കൗമാരം	പൂരം	അര്യമാ	സർവ്വഗുണം
10	27	16	5	8	18	യൗവനം	തിരുവാതിര	ശിവൻ	അധമം മൃ
14	38	8	6	16	3	ബാല്യം	മകം (പി	തൃക്കൾ)	സർവ്വ ഉത്തമം

വടക്കിനി ഗജയോനി (സപ്തയോനി)

പദം	ചുറ്റ് കോൽ	ചുറ്റ് വിരൽ	ആയം കോൽ	ആയം വിരൽ	വ്യയം	വയസ്സ്	നക്ഷത്രം	നക്ഷത്ര ദേവത	ഗുണദോഷ ഫലം
7	21	0	പൂർണ്ണം		7	ബാല്യം	തിരുവാതിര	ശിവൻ	അധമം
8	23	16	9	8	1	കൗമാരം	ഭരണി	[illegible]	ഉത്തമം
9	26	8	6	16	9	ടി	ഓണം	വിഷ്ണു	അധമം
10	29	0	4	0	3	യൗവനം	വിശാഖം	ഇന്ദ്രാഗ്നികൾ	ഉത്തമം
11	31	16	1	8	11	വാർദ്ധക്യം	പൂരം	അര്യമ	അധമം
12	34	8	10	16	5	മരണം	മകയിരം	ചന്ദ്രൻ	അധമം
13	37	0	8	0	13	ടി	ഉത്രട്ടാതി	അഹിർബുധ്ന്യൻ	അധമം
14	39	16	5	8	7	ബാല്യം	ഉത്രാടം	വിശ്വദേവകൾ	അധമം
15	42	8	2	16	1	കൗമാരം	ചോതി	വായു	മധ്യമം


വൃക്ഷനില

കിഴക്കിലഞ്ഞിയും പേരാൽ തെക്കഞ്ഞൊത്ത്യുമത്തിയും
പശ്ചിമേ പാലയും പിന്നെ അരയാലും തഥൈവ ച
ഉത്തരേ നാഗതരുവുമിത്തിയും ശുഭമേവ ഹി
പനസം ക്രമുകം കേരം ചൂതമെന്നിവയൊക്കെയും
പൂർവ്വാദിദിക്കനാലിനും ക്രമാൽ ശോഭനമാസ്തുതാം
ഏവം തരുക്കൾനില്പ്പൂണ്ടസ്ഥാനത്തിനുവെളിക്കിലായ്
നിന്നീടുമവയാലഗ്നിഭയവും ബഹുധാ ഭയം
പോരാഞ്ഞരികളെ ശസ്ത്രപാതവും പുനരങ്ങനെ
ആർത്തികളസന്താപമതും വന്നുഭവിച്ചിടും

പ്ലാശാശോകകടുക്കാവുളകരിങ്ങാലിക്കുമിഴ് ചന്ദനം
വേങ്ങാമണപ്പിസ്യകൊന്നചമ്പകമതും പുന്നാഗമേവാഘവും
പിന്നെ വാഴയുടങ്ങിയുള്ളവകളും ജാതീകതകമെത്തിമു-
ല്ലായെന്നുള്ളവയും ഗൃഹത്തിനടപുറം നില്ക്കിലേറെശ്ശുഭം.

വിധിബോധനം

ചക്രം.



വാസ്തു (പദ) കർമ്മനിരൂപണം

ചക്രം.

സൂത്ര

൩	൩	൩	൯	൩	൩	൯	൩	൩	൩
൩	൬	൬	൪	൬	൬	൪	൬	൬	൩
൩	൬	൬	൪	൬	൬	൪	൬	൬	൩
൯	൪	൪	൮	൪	൪	൮	൪	൪	൯
൩	൬	൬	൪	൬	൬	൪	൬	൬	൩
൩	൬	൬	൪	൬	൬	൪	൬	൬	൩
൯	൪	൪	൮	൪	൪	൮	൪	൪	൯
൩	൬	൬	൪	൬	൬	൪	൬	൬	൩
൩	൬	൬	൪	൬	൬	൪	൬	൬	൩
൩	൩	൩	൯	൩	൩	൯	൩	൩	൩

സൂത്ര

൮–ൽ ൪, ൬–ൽ ൩൬, ൯–ൽ ൮,
൪–ൽ ൨൪, ൩–ൽ ൨൮, ആകെ ൧൦൦ കർമ്മങ്ങളും.

ജനനമരണചക്രം.

ജനനം		മരണം	
കോൽ	അംഗുലം	കോൽ	അംഗുലം
3	9	16	21
20	6	33	18
37	3	50	15
54	0	67	12
70	21	84	9
87	18	101	6
;04	15	118	3
121	12	135	0

ഇത്യാദി കാണണം

മുക്കോലൊരു നവാംഗുലങ്ങളുള്ളവായപ്പോൾ ജനിച്ചായതിൽ
പന്ത്രണ്ടംഗുലസംയുതത്തൊരു പതിനൊന്നുകോലെത്തിയാൽ
മൃത്യുപ്രാപ്തതിലെജ്ജനനമാം മുക്കോലിനോടൊൻപതും
ചേർത്താലുത്തവമായിരുന്നിതുവിധം മേലും ക്രമാൽ ചേർത്തിടും.

[illegible]

ചരകി				[illegible]				വിദാരി
	ഈശാനൻ	[illegible]	ജയന്തൻ	ഇന്ദ്രൻ	[illegible]	[illegible]	ഭൃശൻ	[illegible]
	ദിതി	[illegible]		ബ്രഹ്മാ[illegible]		[illegible]	[illegible]	[illegible]
	അദിതി	[illegible]						[illegible]
	[illegible]	[illegible]		[illegible]		[illegible]		[illegible]
പിലി പിഞ്ജകൻ	സോമൻ (കുബേരൻ)							[illegible]
	[illegible]							[illegible]
	[illegible]	[illegible]	[illegible]	[illegible]		[illegible]		[illegible]
	[illegible]					[illegible]		[illegible]
	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
പാപ രാക്ഷസി				[illegible]				[illegible]

നക്ഷത്രം	നാമാക്ഷരങ്ങൾ	മൃഗം	വൃക്ഷം	പക്ഷി	ഭൂതം	ഗണം	ദേവത
അശ്വതി	ചു-ചേ-ചോ-ലാ	കുതിര	കാഞ്ഞിരം	പുള്ള്	ഭൂമി	ദൈവം	അശ്വിനീദേവ-
ഭരണി	ലി-ലു-ലേ-ലോ	ആന	നെല്ലി	പുള്ള്	ഭൂമി	മാനുഷം	യമൻ (കുമാ
കാർത്തിക	അ-ഇ-ഉ-ഏ	ആട്	അത്തി	പുള്ള്	ഭൂമി	ആസുരം	അഗ്നി
രോഹിണി	ഒ-വ-വി-വു	നല്പാമ്പ്	ഞാവൽ	പുള്ള്	ഭൂമി	മാനുഷം	ബ്രഹ്മാവ്
മകയിരം	വേ-വോ-ക-കി	പാമ്പ്	കരിങ്ങാലി	പുള്ള്	ഭൂമി	ദൈവം	ചന്ദ്രൻ
തിരുവാതിര	കു-ഘ-ങ-ഛ	ശ്വാവ്	കരിമരം	ചകോരം	ജലം	മാനുഷം	ശിവൻ
പുണർതം	കേ-കോ-ഹ-ഹി	പൂച്ച	മുള	ചകോരം	ജലം	ദൈവം	അദിതി
പൂയം	ഹു-ഹേ-ഹോ-ഡ	ആട്	അരയാൽ	ചകോരം	ജലം	ദൈവം	ബൃഹസ്പതി
ആയില്യം	ഡി-ഡു-ഡേ-ഡോ	കരിമ്പൂച്ച	നാകം	ചകോരം	ജലം	ആസുരം	സർപ്പങ്ങൾ
മകം	മ-മി-മു-മേ	എലി	പേരാൽ	ചകോരം	ജലം	ആസുരം	പിതൃക്കൾ
പൂരം	മോ-ട-ടി-ടു	ചുണ്ടെലി	പ്ലാശ്	ചകോരം	ജലം	മാനുഷം	ആര്യമാ
ഉത്രം	ടേ-ടോ-പ-പി	ഒട്ടകം	ഇത്തി	കാക്ക	അഗ്നി	മാനുഷം	ഭഗൻ
അത്തം	പു-ഷ-ണ-ഠ	പോത്ത്	അമ്പഴം	കാക്ക	അഗ്നി	ദൈവം	ആദിത്യൻ
ചിത്തിര	പേ-പോ-ര-രി	ആൺപുലി	കൂവളം	കാക്ക	അഗ്നി	ആസുരം	ത്വഷ്ടാവ്
ചോതി	രു-രേ-രോ-ത	മഹിഷം	നീർമരുത്	കാക്ക	അഗ്നി	ദൈവം	വായു
വിശാഖം	തി-തു-തേ-തോ	സിംഹം	വയ്യങ്കത	കാക്ക	അഗ്നി	ആസുരം	ഇന്ദ്രാഗ്നി
അനിഴം	ന-നി-നു-നേ	മാൻ	ഇലഞ്ഞി	കാക്ക	അഗ്നി	ദൈവം	മിത്രൻ
തൃക്കേട്ട	നോ-യ-യി-യു	കേഴമാൻ	വെട്ടി	കോഴി	വായു	ആസുരം	ഇന്ദ്രൻ
മൂലം	യേ-യോ-ബ-ബി	ശ്വാവ്	പയിൻ	കോഴി	വായു	ആസുരം	നിരൃതി
പൂരാടം	ബു-ധ-ഭ-ഢ	കപി	വഞ്ചി	കോഴി	വായു	മാനുഷം	ജലം
ഉത്രാടം	ബേ-ബോ-ജ-ജി	കാള	പിലാവ്	കോഴി	വായു	മാനുഷം	വിശ്വേദേവകൾ
തിരുവോണം	ജു-ജേ-ജോ-ഖ	വാനരൻ	എരിക്ക്	കോഴി	വായു	ദൈവം	വിഷ്ണു
അവിട്ടം	ഗ-ഗി-ഗു-ഗേ	സിംഹം	വഹ്നി	മയിൽ	ആകാശം	ആസുരം	വസുക്കൾ
ചതയം	ഗോ-സ-സി-സു	കുതിര	കടമ്പ്	മയിൽ	ആകാശം	ആസുരം	വരുണൻ
പൂരുരുട്ടാതി	സേ-സോ-ദ-ദി	നരൻ	തേന്മാവ്	മയിൽ	ആകാശം	മാനുഷം	അജൈകപാത്ത്
ഉത്രട്ടാതി	ദു-ഥ-ഝ-ഞ	പശു	കരിമ്പന	മയിൽ	ആകാശം	മാനുഷം	അഹിർബുധ്നി
രേവതി	ദേ-ദോ-ച-ചി	ആന	ഇലിപ്പ	മയിൽ	ആകാശം	ദൈവം	പൂഷാവ്

ശാർക്കരേശേ മഹാമന്ത്രസ്സൽകാരുണ്യപ്രദേ ശിവേ
ഉദ്ധൃതങ്ങളേകാതെ നോക്കുകെൻമാനസേ സദാ

ജഗദംബികായൈ ശ്രീ ശർക്കരായൈ നമഃ
ശിവം ഭൂയാത്.



ജ്യോതിഷഗ്രന്ഥങ്ങൾ

	രൂ.	ണ.
ബൃഹൽസംഹിത അഥവാ വാരാഹസംഹിത (വ്യാ)	4	14
ജ്യോതിഷബ്രഹ്മരഹസ്യം (സവ്യാഖ്യാനം)	1	8
ഹോരാഫലരത്നാവലി (ഭാഷാവ്യാഖ്യാനം)	0	12
ഹോരാശാസ്ത്രം (പാക്കറ്റുബുക്ക്)	0	4½
ജാതകാദേശം (സവ്യാഖ്യാനം)	0	15
മനുഷ്യാലയവിധി (സവ്യാഖ്യാനം)	0	12
കേരളീയപ്രശ്നരത്നം (സവ്യാഖ്യാനം)	0	9
[illegible]ശാസ്ത്രം (സഹദേവവിരചിതം)	0	3
ജാതകപാരിജാതം (സവ്യാഖ്യാനം)	2	0
പ്രശ്നജ്ഞാനദീപിക (സവ്യാഖ്യാനം)	0	15
നഷ്ടപ്രശ്നദീപിക (സവ്യാഖ്യാനം)	0	12
മുഹൂർത്തപദവി (സവ്യാഖ്യാനം)	0	15
ജ്യോതിഷമാർഗ്ഗദീപിക (സവ്യാഖ്യാനം)	0	8
[illegible]പ്രശ്നം	0	12
[illegible]പ്രകൃതിപാഠകം (സവ്യാഖ്യാനം)	0	12
മഹാമനുഷ്യാലയചന്ദ്രിക (സവ്യാഖ്യാനം)	0	9
സപ്നശാസ്ത്രം	0	4½
അഞ്ജനശാസ്ത്രം	0	2

ഇതുകൂടാതെ അനവധി മലയാളപുസ്തകങ്ങളും, ഇപ്പോൾ പ്രചാരത്തിലുള്ള ഹിന്ദിപുസ്തകങ്ങളും, എല്ലാവിധ അക്കൌണ്ടുബുക്കുകളും, സ്റ്റേഷനറിസാധനങ്ങളും മൊത്തമായും ചില്ലറയായും ഇവിടെ കിട്ടുന്നതാണ്.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

ബ്രാഞ്ചുകൾ: തിരുവനന്തപുരം, ആലപ്പുഴ